# വയനാടിന്റെ
# ഹരിത വഴികൾ

## പരിസ്ഥിതി പുനസ്ഥാപനത്തിന്റെ പത്തുവർഷം

**വയനാട് ജില്ല**

ചീഫ് എഡിറ്റർ
**ഡോ. ടി.എൻ. സീമ**
കോർഡിനേറ്റർ, നവകേരളം കർമപദ്ധതി-2
വൈസ് ചെയർപേഴ്സൺ, ഹരിതകേരളം മിഷൻ

എഡിറ്റർ
**ഇ. സുരേഷ് ബാബു**
ജില്ലാ കോർഡിനേറ്റർ

സമാഹരണം, ഏകോപനം
**ഹരിതകേരളം മിഷൻ ടീം**

പ്രസിദ്ധീകരണം
**ഹരിതകേരളം മിഷൻ**
ഫെബ്രുവരി 2026

ഹരിത കേരളം മിഷൻ
മൂന്നാം നില, ബി.എസ്.എൻ.എൽ. ഭവൻ
ഉപ്പളം റോഡ്, സ്റ്റാച്യു, തിരുവനന്തപുരം-695001
ഫോൺ : 0471-2449939
Email: navakeralamgok@gmail.com
www.haritham.kerala.gov.in



കേരള സർക്കാർ

പിണറായി വിജയൻ

മുഖ്യമന്ത്രി

# സന്ദേശം

കേരളത്തിന്റെ വികസന ചരിത്രത്തിൽ പരിസ്ഥിതി സൗഹൃദമായ ഒരു നവകേരള നിർമ്മിതിക്ക് അടിത്തറയിട്ട ദൗത്യമാണ് ഹരിതകേരളം മിഷൻ. ശുചിത്വവും ജലസമൃദ്ധിയും സുരക്ഷിത ഭക്ഷ്യവസ്തുക്കളുടെ ഉൽപാദനവും ലക്ഷ്യമിട്ടുള്ള ഹരിതകേരളം മിഷൻ, ഒരു സർക്കാർ ദൗത്യം എന്നതിലുപരി ഒരു ജനകീയ സംസ്കാരമായി മാറിയിരിക്കുന്നു. കാലാവസ്ഥാ വ്യതിയാനത്തിന്റെ ആഗോള വെല്ലുവിളികളെ നേരിടാൻ ഹരിതകേരളം മിഷൻ നടത്തുന്ന പ്രാദേശിക ഇടപെടലുകൾ നാടിന്റെ പാരിസ്ഥിതിക സുസ്ഥിതി ഉറപ്പാക്കുന്നതിൽ മുഖ്യ പങ്കുവഹിക്കുക യാണ്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വിവിധ വകുപ്പുകളെയും ഏജൻസികളെയും ഏകോപിപ്പിച്ചുകൊണ്ട് നടത്തിയ ഈ പ്രവർത്തനങ്ങൾ രാജ്യത്തിനുതന്നെ മാതൃകയാണ്. ജില്ലയുടെ സവിശേഷ പാരിസ്ഥിതിക സാഹചര്യവും മിഷന്റെ നേതൃത്വത്തിൽ നടന്ന ഒരു ദശാബ്ദക്കാലത്തെ പ്രവർത്തനങ്ങളും നേട്ടങ്ങളും ഭാവിയിലേ ക്കുള്ള ദിശാ സൂചനകളും ഉൾക്കൊള്ളുന്ന ഈ പുസ്തകം പരിസ്ഥിതി പ്രവർത്തകർക്കും ജനപ്രതിനിധികൾക്കും പൊതുജനങ്ങൾക്കും ഒരു പോലെ ഉപകാരപ്പെടുമെന്ന് പ്രത്യാശിക്കുന്നു. എല്ലാവിധ ആശംസകളും നേരുന്നു.

പിണറായി വിജയൻ



# അവതാരിക

സംസ്ഥാനത്തിന്റെ പാരിസ്ഥിതിക വീണ്ടെടുപ്പിന് പുത്തൻ ദിശാബോധമാണ് ഹരിതകേരളം മിഷൻ നൽകിയത്. കേവലം ഒരു സർക്കാർ ദൗത്യം എന്നതിലുപരി തദ്ദേശഭരണ സ്ഥാപനങ്ങളുടെ മുൻകൈയിൽ ജനകീയ പങ്കാളിത്തത്തോടെയുള്ള പ്രായോഗിക പ്രവർത്തനങ്ങളിലൂടെ പരിസ്ഥിതി പുനഃസ്ഥാപന പ്രവർത്തനങ്ങളിൽ നേതൃപരമായ പങ്കുവഹിക്കാൻ ഹരിതകേരളം മിഷന് കഴിഞ്ഞിട്ടുണ്ട്. കേരളം നേരിട്ടുകൊണ്ടിരിക്കുന്ന രൂക്ഷമായ പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് ശാസ്ത്രീയ പരിഹാര മാർഗ്ഗങ്ങളാണ് ഹരിതകേരളം മിഷൻ ആവിഷ്കരിച്ചതും നടപ്പാക്കിയതും. ഏകോപനവും സംയോജനവും ഉറപ്പാക്കിക്കൊണ്ടുള്ള ആസൂത്രണത്തിലും പദ്ധതികൾ ജനകീയ പങ്കാളിത്തത്തോടെ കർമപഥത്തിലെത്തിച്ചതിലും കാട്ടിയ മികവ് ഈ മിഷനെ ദേശീയ ശ്രദ്ധയാകർഷിച്ച ഒരു ബദൽ വികസന മാതൃകയാക്കിമാറ്റി.

കേരളം പ്രകൃതി സൗന്ദര്യത്തിലും ജൈവവൈവിധ്യത്തിലും സമ്പന്നമായ നാടാണ്. പച്ചപ്പിന്റെ പാരമ്പര്യവും ജലസമ്പത്തിന്റെ സമൃദ്ധിയും ഗ്രാമീണ കാർഷിക സംസ്കാരവും ചേർന്നതാണ് കേരളത്തിന്റെ സത്ത. എന്നാൽ കാലാവസ്ഥാ മാറ്റം, അതിവേഗത്തിലുള്ള നഗരവൽക്കരണം, മാലിന്യപ്രശ്നങ്ങൾ, ജലസ്രോതസ്സുകളുടെ ക്ഷയം, കൃഷിഭൂമികൾ തരിശാവുന്നത് തുടങ്ങിയ വെല്ലുവിളികൾ പരിസ്ഥിതി സന്തുലിതാവസ്ഥയെ ബാധിച്ചു. ഈ പശ്ചാത്തലത്തിലാണ് 2016ൽ ഹരിതകേരളം മിഷൻ രൂപീകൃതമാവുന്നത്. ഒരു ദശാബ്ദക്കാലത്തെ പ്രവർത്തനം കൊണ്ട് പരിസ്ഥിതി മേഖലയിൽ ശ്രദ്ധേയങ്ങളായ മാറ്റങ്ങൾ കൊണ്ടുവരാൻ ഹരിതകേരളം മിഷന് കഴിഞ്ഞിട്ടുണ്ട്. സുസ്ഥിര വികസനമെന്നത് കേവലം വാക്കുകളല്ല മറിച്ച് പ്രായോഗികമായ പ്രവർത്തനങ്ങളാണെന്ന് ഈ മിഷൻ തെളിയിച്ചു. പദ്ധതി പ്രവർത്തനങ്ങളിലെ ജനപങ്കാളിത്തം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടെ നേതൃത്വം, മറ്റ് വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും ഏജൻസികളുടെയും സന്നദ്ധസംഘടനകളുടെയും സഹകരണം മിഷൻ പ്രവർത്തനങ്ങൾക്ക് ഊർജമായി.

സംസ്ഥാനമൊട്ടാകെ നടപ്പാക്കിയവയാണ് മിക്ക പദ്ധതികളും ക്യാമ്പയിനുകളും. അതോടൊപ്പം ജില്ലകളുടെ സവിശേഷ ഇടപെടലുകളുടെ ഭാഗമായുള്ള പ്രവർത്തനങ്ങളും നടന്നു. ശുചിത്വവും മാലിന്യസംസ്കരണവും, ജലസംരക്ഷണവും, ജലസ്രോതസ്സുകളുടെ പുനരുജ്ജീവനവും, കൃഷി വ്യാപനവും ജൈവവൈവിധ്യ സംരക്ഷണവും തുടങ്ങി വിവിധ മേഖലകൾ കേന്ദ്രീകരിച്ച് നടപ്പാക്കിയ പദ്ധതികളും ക്യാമ്പയിനുകളും വിജയം കണ്ടു. ബോധവൽക്കരണ പ്രവർത്തനങ്ങളെല്ലാം ശക്തമായ ജനകീയ വിദ്യാഭ്യാസമായി മാറി. സംസ്ഥാനമൊട്ടാകെ നടന്ന പ്രവർത്തനങ്ങൾ ജില്ലാടിസ്ഥാനത്തിൽ വിലയിരുത്തുകയാണ് ഈ പുസ്തകത്തിലൂടെ. വയനാട് ജില്ലയുടെ പ്രവർത്തനങ്ങളാണ് ഈ റിപ്പോർട്ടിലുള്ളത്.

കാലാവസ്ഥാ വ്യതിയാനത്തിന്റെ ഭീഷണി നേരിടുന്ന കേരളത്തിന്റെ പരിസ്ഥിതി നിലനില്പിന് ഈ പ്രവർത്തനങ്ങളുടെ തുടർച്ച അനിവാര്യമാണ്. പ്രകൃതിയോട് ചേർന്നുള്ള വികസനം സാധ്യമാക്കി, പരിസ്ഥിതി സംരക്ഷണത്തെ ജീവിത ശൈലിയായി മാറ്റി ഹരിതസമൃദ്ധ നവകേരളം യാഥാർത്ഥ്യമാക്കാനാവും.

**ഡോ. ടി.എൻ. സീമ**
കോർഡിനേറ്റർ, നവകേരളം കർമപദ്ധതി-2
വൈസ് ചെയർപേഴ്സൺ, ഹരിതകേരളം മിഷൻ

# ഉള്ളടക്കം


ആമുഖം ........ 7
ജില്ലയുടെ പാരിസ്ഥിതിക സവിശേഷതകളും വെല്ലുവിളികളും ........ 9
വയനാടിന്റെ പാരിസ്ഥിതിക പ്രശ്നങ്ങളും ഇടപെടൽ സാധ്യതകളും ........ 28
ഹരിതകേരളം മിഷൻ നടത്തിയ ഇടപെടലുകളും നേട്ടങ്ങളും ........ 37
സൃഷ്ടിക്കപ്പെട്ട മാതൃകകൾ ........ 71
മിഷൻ നേട്ടങ്ങളുടെപ്രവർത്തന വഴികൾ ........ 96
ഹരിതകേരളം മിഷനിലൂടെ സാധ്യമായ തദ്ദേശ സ്വയംഭരണ സ്ഥാപന ശാക്തീകരണം ........ 126
സുസ്ഥിര പരിസ്ഥിതിക്കായുള്ള ഭാവി പ്രവർത്തനങ്ങൾ ........ 135

# ആമുഖം

വികസനമോ? പരിസ്ഥിതിയോ? വളരെ പഴയ ചോദ്യമാണിതെങ്കിലും ഏകാഭിപ്രായ സ്വഭാവമുള്ള ഉത്തരം ഇപ്പോഴുമില്ല. ഭരണഘടനയുടെ ആർട്ടിക്കിൾ 21 പ്രകാരം ശുദ്ധമായ പരിസ്ഥിതി, ശുചിത്വം, മലിനീകരണ രഹിത വായു, വെള്ളം എന്നിവയ്ക്കുള്ള അവകാശം മൗലികാവകാശങ്ങളാണെന്ന് സുപ്രീം കോടതി പലതവണ അംഗീകരിച്ചിട്ടുണ്ട്.

ചരിത്ര പ്രസിദ്ധമായ ഡൂൺവാലി കേസിൽ നാൽപ്പത് വർഷങ്ങൾക്കു മുമ്പ് ബഹു.സുപ്രീം കോടതി ആർട്ടിക്കിൾ 21 നെ വ്യാഖ്യാനിച്ചതിൽ തുടങ്ങി സുപ്രധാനമായ വിധികൾ ഈ മേഖലയിലുണ്ടായിട്ടുണ്ടെങ്കിലും മികച്ച പരിസ്ഥിതിയിൽ ജീവിക്കാനുള്ള പൗരന്മാരുടെ അവകാശം ഭരണ സംവിധാനങ്ങളുടെ പരിഗണനയിൽ മുഖ്യ പ്രാധാന്യത്തോടെ ഇന്നും കടന്നു വന്നിട്ടില്ല എന്നതാണ് പൊതു സ്ഥിതി.

ഇൻഡോറിലേതുപോലെ നഗര കേന്ദ്രീകൃതമായ ചില മാലിന്യ സംസ്കരണ സംവിധാനങ്ങൾ, തെലുങ്കാനയിലെ ഹരിതഹാരം പോലെ ചില വൃക്ഷവത്ക്കരണ പ്രവർത്തനങ്ങൾ, രാലിഗാൻ സിദ്ദി ഗ്രാമത്തിലേതുപോലെ ചില ജലസംരക്ഷണ ഇടപെടലുകൾ എന്നിങ്ങനെ പ്രാദേശികമായി നടപ്പാക്കിയ കുറേ മാതൃകകൾക്കപ്പുറം സംസ്ഥാനാടിസ്ഥാനത്തിൽ നടപ്പാക്കപ്പെട്ട പരിസ്ഥിതി ഇടപെടലുകൾ രാജ്യത്തെവിടെയും ഇല്ല എന്നതായിരുന്നു സ്ഥിതി.

2016 ൽ കേരളത്തിൽ അധികാരത്തിൽ വന്ന സർക്കാർ ആർട്ടിക്കിൾ 21 അതിന്റെ വിപുലമായ അർത്ഥത്തിൽ നടപ്പാക്കാനായി പുതിയൊരു കർമപദ്ധതിക്ക് തുടക്കം കുറിച്ചത് രാജ്യത്തു തന്നെ സമാനതകൾ ചൂണ്ടിക്കാണിക്കാനില്ലാത്ത ലക്ഷ്യങ്ങളോടെയായിരുന്നു. ജീവിക്കാനുള്ള അവകാശത്തിന്റെ വിപുലമായ വ്യാഖ്യാനം വിദ്യാഭ്യാസം, ഉപജീവനമാർഗ്ഗം, പാർപ്പിടം, ആരോഗ്യം പരിസ്ഥിതി എന്നിവയിലെല്ലാമൂന്നുന്ന ഒരു പുതിയ സാമൂഹിക-സാമ്പത്തിക വ്യവസ്ഥിതിയെ അനിവാര്യമാക്കുന്നു എന്ന് തിരിച്ചറിഞ്ഞാണ് ഇവയുമായി ബന്ധപ്പെട്ട 4 മിഷനുകളുമായി നവകേരളം കർമ്മ പദ്ധതിക്ക് 2016 ൽ തുടക്കം കുറിച്ചത്.

നവകേരളം കർമ്മപദ്ധതിയുടേയും അതിലുൾച്ചേർന്ന മിഷനുകളുടേയും പ്രവർത്തന പരിധിയായി ഏതെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളേയോ പ്രദേശങ്ങളേയോ നിശ്ചയിക്കുകയല്ല ചെയ്തത് എന്നതാണ് ഈ പ്രവർത്തനത്തെ അതുല്യമാക്കി മാറ്റിയത്. സംസ്ഥാനത്തെ മുഴുവൻ തദ്ദേശസ്വയംഭരണ സ്ഥാപന പ്രദേശത്തും ഗ്രാമ - നഗര വ്യത്യാസമില്ലാതെ നടപ്പാക്കാനായാണ് ആർദ്രം, ലൈഫ്, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം, ഹരിതകേരളം എന്നീ നാലു മിഷനുകളും വിഭാവനം ചെയ്യപ്പെട്ടത്.

തുടക്കത്തിൽ ഉന്നയിച്ച ചോദ്യത്തിന് ഒരു സംസ്ഥാന സർക്കാർ മുന്നോട്ടു വച്ച ഏറ്റവും ശക്തമായ മറുപടിയായിരുന്നു ഹരിതകേരളം മിഷൻ. 'വികസനമോ പരിസ്ഥിതിയോ' എന്ന ചോദ്യത്തിന് 'വികസനവും പരിസ്ഥിതിയും' എന്ന ആ മറുപടി അത്ര ലളിതമായി നടപ്പാക്കാൻ സാധിക്കുന്നതായിരുന്നില്ല. ഉയർന്ന പർവ്വതപ്രദേശങ്ങളും, കായലും കടലുമെല്ലാം ചേർന്ന തീര പ്രദേശവും, ആയിരക്കണക്കിന് ചെറുനീർച്ചാലുകളുടെ സാന്നിദ്ധ്യവും, ഉയർന്ന ജനസാന്ദ്രതയുമെല്ലാം ചേർന്ന കേരളത്തിന്റെ സവിശേഷ സ്ഥിതി, പരിസ്ഥിതി സംബന്ധമായ ഏത് ഇടപെടലിനേയും സങ്കീർണമാക്കുന്നതായിരുന്നു. ഗോത്രവർഗ ഗ്രാമങ്ങൾ മുതൽ മെട്രോ നഗരങ്ങൾ വരെയുള്ള വൈജാത്യവും വെല്ലുവിളിയായി നിന്നിരുന്നു. ഈ സങ്കീർണതകൾക്കിടയിലും സംസ്ഥാനത്തെ

മുഴുവൻ പ്രദേശങ്ങളിലും പരിസ്ഥിതി പുനസ്ഥാപനത്തിന്റെ പുതിയ അദ്ധ്യായം കുറിച്ചു എന്നതാണ് ഹരിതകേരളം മിഷനെ രാജ്യത്തിന്റെ തന്നെ ശ്രദ്ധയിലേയ്ക്കുയർത്തുന്നത്.

"വെള്ളം, വൃത്തി, വിളവ് " എന്ന പരിസ്ഥിതി മുദ്രാവാക്യം ഹരിതകേരളം മിഷൻ കേരളീയ ജനമനസുകളിലേയ്ക്ക് കടത്തിവിട്ടു. പ്രാദേശിക സർക്കാരുകളും ജനങ്ങളും അതേറ്റെടുത്തപ്പോൾ മാലിന്യക്കൂനകൾ മാഞ്ഞു , മാലിന്യ ശേഖരണസംസ്കരണ സംവിധാനങ്ങൾ ഉണ്ടായി വന്നു, നീർച്ചാലുകൾ വീണ്ടെടുക്കപ്പെട്ടു, തരിശു നിലങ്ങളിൽ കൃഷി തിരിച്ചെത്തി, ഹരിത പെരുമാറ്റച്ചട്ടവും ഹരിത ടൂറിസവും ഹരിതവിദ്യാലയവും ഹരിത കലാലയവുമെല്ലാം ചേരുന്ന ഹരിത ജീവിത രീതിയുടെ മാതൃകയായി കേരളം മാറാൻ തുടങ്ങി.

ജലസംരക്ഷണം, മാലിന്യ സംസ്കരണം, കൃഷി - പരിസ്ഥിതി പുനസ്ഥാപനം എന്നീ സുപ്രധാനമായ മൂന്ന് പരിസ്ഥിതി മേഖലകളിലെയും പ്രശ്നങ്ങൾക്ക് ശാസ്ത്രീയവും സുസ്ഥിരവുമായ പരിഹാരമാർഗങ്ങളാണ് ഹരിതകേരളം മിഷൻ മുന്നോട്ടു വച്ചത്. അവ നടപ്പാക്കുന്നതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ശാക്തീകരിക്കുന്നതായിരുന്നു മിഷന്റെ പ്രവർത്തന സമീപനം. പരിസ്ഥിതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ജനങ്ങളുടെ ശീലവത്ക്കരണം സുപ്രധാന ഘടകമായതിനാൽ ജനകീയതയെയാണ് ഈ പ്രവർത്തനങ്ങളിലെ മുഖ്യ മൂലധനമായി പ്രയോജനപ്പെടുത്തിയത്. നേട്ടങ്ങളിലെ സുസ്ഥിരത ഉറപ്പുവരുത്താനും ജനകീയതയുടെ പിൻബലമാണ് പ്രയോജനപ്പെടുത്തിയത്. ഈ ജനകീയതയിലും പ്രാദേശിക സർക്കാരുകളുടെ ശാക്തീകരണത്തിലും കഴിഞ്ഞ പത്തു വർഷക്കാലം നടന്ന ക്യാമ്പയിനുകളും അവയിലൂടെ സൃഷ്ടിച്ച മാറ്റങ്ങളും വരും തലമുറകൾക്ക് പ്രചോദനമായും പഠനവിഷയമായും മാറാനായി രേഖപ്പെടുത്തി വയ്ക്കേണ്ടതുണ്ടെന്ന ചിന്തയിലാണ് ഈ പുസ്തകം തയ്യാറാക്കിയിരിക്കുന്നത്.

വയനാട് ജില്ലയിൽ കഴിഞ്ഞ പത്ത് വർഷക്കാലം ഹരിതകേരളം മിഷന്റെ നേരിട്ടും അല്ലാതെയുമുള്ള ഇടപെടലിൽ നടന്ന പരിസ്ഥിതി സംരക്ഷണ-പരിസ്ഥിതി പുനസ്ഥാപന പ്രവർത്തനങ്ങൾ മുഴുവൻ ഈ പുസ്തകത്തിൽ സംഗ്രഹിക്കുക സുസാധ്യമല്ല. അതിനാൽ ഏറ്റവും മാതൃകാപരമായവയ്ക്ക് മുൻഗണന നൽകുക എന്ന സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്.

വയനാട് ജില്ലയുടെ ഈ ഹരിതപുസ്തകം കൂടുതൽ പാരിസ്ഥിതിക സുസ്ഥിരതയുള്ള നവകേരളത്തിലേയ്ക്ക് വഴിതെളിക്കുമെന്ന് പ്രത്യാശിക്കുന്നു.

# ജില്ലയുടെ പാരിസ്ഥിതിക സവിശേഷതകളും വെല്ലുവിളികളും

പശ്ചിമഘട്ട മലനിരകൾക്കിടയിൽ സ്ഥിതി ചെയ്യുന്ന വയനാട് കുന്നുകളും, താഴ്‌വാരങ്ങളും, വെള്ളച്ചാട്ടങ്ങളും, വനമേഖലകളും നിറഞ്ഞ പ്രകൃതി രമണീയമായ ഒരു ജില്ലയാണ്. ഇടതൂർന്ന വനങ്ങളാലും ആഴമേറിയ താഴ്‌വാരങ്ങളാലും അതിമനോഹരമാണ് ജില്ലയിലെ പല പ്രദേശങ്ങളും.

വയനാട് പ്രധാനമായും മലനാട് ഭൂപ്രകൃതിയാണ്. പശ്ചിമഘട്ടത്തിലെ 700 മുതൽ 2100 മീറ്റർ വരെ ഉയരമുള്ള ഒരു പീഠഭൂമിയാണ് വയനാട്. എന്നാൽ ഈ പ്രദേശത്തിന്റെ കിഴക്ക് ഭാഗം ചരിഞ്ഞ് കുറഞ്ഞ ഉയരത്തിലേക്ക് പോകുമ്പോൾ നെൽവയലുകൾ നിറഞ്ഞ ഇടനാടിന്റെയും ചില സവിശേഷതകൾ കാണിക്കുന്നു.

ലോക വിനോദസഞ്ചാര ഭൂപടത്തിൽ കണ്ടിരിക്കേണ്ട സ്ഥലങ്ങളിൽ മികച്ച സ്ഥാനമാണ് പ്രകൃതിരമണീയതകൊണ്ട് അനുഗ്രഹീതമായ വയനാട് ജില്ലയ്ക്കുള്ളത്. വന്യജീവിസങ്കേതങ്ങളായ മുത്തങ്ങ, തോൽപ്പെട്ടി എന്നിവയും



പൂക്കോട്, കർളാട് തടാകങ്ങളും, ലക്കിടി ചുരം വ്യൂ, ചെമ്പ്ര മല, ബ്രഹ്മഗിരി തുടങ്ങിയ മലനിരകളും, അണക്കെട്ടുകളായ ബാണാസുര സാഗർ, കാരാപ്പുഴ എന്നിവയും മീൻമുട്ടി, സൂചിപ്പാറ, കാന്തൻപാറ, തുടങ്ങിയ വെള്ളച്ചാട്ടങ്ങളും ഹരിതാഭയാർന്ന താഴ്വാരങ്ങളും എടക്കൽ ഗുഹ പോലെയുള്ള ചരിത്ര സ്മാരകങ്ങളും തിരുനെല്ലി ക്ഷേത്രവും മറ്റ് ജൈന ക്ഷേത്രങ്ങളും അടങ്ങിയ തീർഥാടനകേന്ദ്രങ്ങളുമെല്ലാം വിനോദസഞ്ചാരികളെ ജില്ലയിലേക്ക് ആകർഷിക്കുന്നു.

സഹ്യാദ്രിയുടെ മടിത്തട്ടിൽ സ്ഥിതി ചെയ്യുന്ന പ്രകൃതി രമണീയമായ ഭൂപ്രദേശമാണ് വയനാട്. 1980 നവംബർ 1-ന് കേരളത്തിലെ പന്ത്രണ്ടാമത്തെ ജില്ലയായി വയനാട് രൂപീകൃതമായി. വടക്ക് കർണാടക സംസ്ഥാനത്തിലെ കുടക് ജില്ലയുമായും കിഴക്ക് തമിഴ്നാട്ടിലെ നീലഗിരി ജില്ലയുമായും തെക്ക് മലപ്പുറം ജില്ലയുമായും പടിഞ്ഞാറ് കോഴിക്കോട് - കണ്ണൂർ ജില്ലകളുമായും വയനാട് അതിർത്തി പങ്കിടുന്നു.




കേരളത്തിൽ ഏറ്റവും കൂടുതൽ വിനോദസഞ്ചാരികളെ ആകർഷിക്കുന്ന ജില്ലയാണ് വയനാട്. പശ്ചിമഘട്ടത്തിൽ സ്ഥിതി ചെയ്യുന്ന വയനാടിന്റെ ഭൂപ്രകൃതി തന്നെയാണ് സഞ്ചാരികളെ ഇവിടേയ്ക്ക് ആകർഷിക്കുന്നതിനുള്ള കാരണം. ആർദ്രോഷ്ണ മേഖലയിൽ ഉൾപ്പെടുന്ന വയനാട്ടിൽ ജൂൺ മുതൽ സെപ്റ്റംബർ വരെ തെക്കുപടിഞ്ഞാറൻ മൺസൂണും, ഒക്ടോബർ, നവംബർ മാസങ്ങളിൽ തുലാവർഷവും തുടർന്ന് വേനൽ മഴയും ലഭിക്കുന്നു. മധ്യ സഹ്യാദ്രി നിരകളിലെ ചെറു പാറകളിൽ നിന്നും പൊടിഞ്ഞുണ്ടായ മണ്ണാണ് വയനാട്ടിലേത്. കളിമണ്ണ്, എക്കൽ മണ്ണ്, ചെമ്മണ്ണ്, കരിമണ്ണ്, വനമണ്ണ് എന്നിവയാണ് പ്രധാന മണ്ണിനങ്ങൾ.

ഡെക്കാൻ പീഠഭൂമിയുടെ തെക്കേ അറ്റം എന്ന് കരുതപ്പെടുന്ന വയനാട്ടിലെ പ്രദേശങ്ങൾ പശ്ചിമഘട്ടത്തിന്റെ മലനിരകളാൽ സമ്പന്നമാണ്. ജില്ല മുഴുവനും മലനിരകളും, താഴ്വാരങ്ങളും,

കുന്നുകളും, വനങ്ങളും വ്യാപിച്ചു കിടക്കുന്നു. ജില്ലയിലെ മൊത്തം വിസ്തൃതി 2131 ച.കിലോമീറ്ററാണ്. ഇതിൽ 55% ഭൂമിയും കൃഷിക്കായ് ഉപയോഗിച്ചിരിക്കുന്നു. 37% ഭൂപ്രദേശം വനഭൂമിയാണ്. ആകെ കാർഷിക മേഖലയുടെ 75 ശതമാനവും തോട്ടഭൂമിയാണ്. കാപ്പി, കുരുമുളക്, തേയില, ഏലം, നെല്ല്, ഇഞ്ചി, മഞ്ഞൾ, അടക്ക, വാഴ എന്നിവയാണ് ജില്ലയിലെ പ്രധാന വിളകൾ.

സമുദ്ര നിരപ്പിൽ നിന്ന് 100 മീറ്റർ മുതൽ 2145 മീറ്ററിലധികം വരെ ഉയരമുള്ള വയനാടിന്റെ ഭൂപ്രകൃതി വൈവിധ്യമാർന്നതാണ്. താഴ്ന്ന പ്രദേശങ്ങളായ കിഴക്കൻ സമതലങ്ങളിൽ നിന്നും പശ്ചിമഘട്ടത്തിലെ കുത്തനെയുള്ള ഉയർന്ന പ്രദേശങ്ങളിലേക്കുള്ള പരിവർത്തനങ്ങൾ വയനാടിന്റെ ഭൂപ്രകൃതിയിലെ ഉയർച്ച പ്രതിഫലിപ്പിക്കുന്നു. മധ്യപീഠഭൂമിയിലുൾപ്പെട്ട കല്പറ്റ, സുൽത്താൻ ബത്തേരി, മാനന്തവാടി തുടങ്ങിയ പ്രധാന ടൗണുകൾ 300 മുതൽ 700 മീറ്റർ വരെയുള്ള ഉയർച്ചയിലും വൈത്തിരി, മേപ്പാടി, തിരുനെല്ലി ഗ്രാമപഞ്ചായത്തിലെ ചില ഭാഗങ്ങൾ എന്നിവ 1500 മീറ്ററിന് മുകളിലും കാണപ്പെടുന്നു.

### ജില്ലയിലെ ശരാശരി മഴ ലഭ്യതയിലെ വ്യതിയാനം

മറ്റേതൊരു പ്രദേശത്തെപ്പോലെയും വയനാടിന്റെ കാർഷിക മേഖലയെയും സംസ്കാരത്തെയും ജൈവവിഭവങ്ങളുടെ നിലനിൽപ്പിനെയും സ്വാധീനിക്കുന്ന പ്രധാനപ്പെട്ട പാരിസ്ഥിതിക ഘടകങ്ങളിലൊന്ന് വയനാട്ടിലെ മഴ തന്നെയാണ്. മഴയുടെ അടിസ്ഥാന സ്വഭാവങ്ങളിൽ വന്നിരിക്കുന്ന മാറ്റം വിശേഷിച്ച് മഴയുടെ സമയ ദൈർഘ്യം കുറഞ്ഞ് തീവ്രതയിലുണ്ടായ വർധനവും, മഴയുടെ അളവിൽ ഉണ്ടാകുന്ന കുറവും, മഴ ദിനങ്ങളിൽ ഉണ്ടാകുന്ന മാറ്റവും, കാലം തെറ്റി പെയ്യുന്ന മഴയും ജില്ലയുടെ കാർഷിക മേഖലയെ നിർണ്ണായകമായി സ്വാധീനിക്കുന്ന പ്രശ്നങ്ങളായി കാണുന്നു. കൂടാതെ ഊഷ്മാവിലും വെയിൽ ദിനങ്ങളുടെ എണ്ണത്തിലും ഉണ്ടാകുന്ന വർധനവും പ്രതിസന്ധി രൂക്ഷമാക്കുന്നു. സമീപ കാലത്തായി കണ്ടുവരുന്ന തുടർച്ചയായ വർഷങ്ങളിലുണ്ടാകുന്ന വരൾച്ച, വെള്ളപ്പൊക്കം, കാർഷികോൽപ്പാദന കുറവ്, ഉൽപ്പാദന ക്ഷമതയിലുണ്ടായ ശോഷണം, കാർഷികാനുബന്ധ മേഖലകളുടെ തകർച്ച എന്നിവയ്ക്കെല്ലാം കാലാവസ്ഥയിലുണ്ടായ ഈ വ്യതിയാനങ്ങൾ കാരണമായിട്ടുണ്ട്.




പടിഞ്ഞാറൻ മലനിരകൾ കടന്നു വരുന്ന മഴമേഘങ്ങളെ തടഞ്ഞ് നിർത്തി മഴ പെയ്യിക്കുന്നതിന് അന്തരീക്ഷത്തിൽ തണുപ്പ് ആവശ്യമാണ്. വയനാട്ടിൽ ഈ കാലാവസ്ഥയിലെ ഏറ്റക്കുറച്ചിലുകൾ മഴ പെയ്യിക്കാനുള്ള വയനാടിന്റെ ശേഷി കുറയ്ക്കുന്ന അവസ്ഥ നിലനിൽക്കുന്നു. വയനാടിന്റെ മലത്തലപ്പുകളൊക്കെ ഒരുപാട് മഴയെ സ്വീകരിക്കാൻ ശേഷിയുള്ളതായിരുന്നു. പക്ഷേ ഇന്ന് മലത്തലപ്പുകൾക്കും കുന്നുകൾക്കും ഈ സംഭരണശേഷി കുറഞ്ഞിട്ടുണ്ട്.

ഹ്യൂം സെന്റർ ഫോർ ഇക്കോളജി ആന്റ് വൈൽഡ് ലൈഫ് ബയോളജിയുടെ 2020 ഡിസംബറിൽ പുറത്തിറക്കിയ ഉരുൾപൊട്ടൽ സാധ്യതാ പഠന റിപ്പോർട്ട് പ്രകാരം വയനാട് ജില്ലയിൽ മഴ ലഭ്യതയിൽ മുൻ വർഷങ്ങളെ അപേക്ഷിച്ച് അപ്രതീക്ഷിതമായ മാറ്റമാണുള്ളത്. മൺസൂൺ കാലങ്ങളിൽ മാത്രം മിതമായ രീതിയിൽ മഴ ലഭിച്ചുകൊണ്ടിരുന്ന മുൻ വർഷങ്ങളെ അപേക്ഷിച്ച് 2018 മുതൽ 2025 വരെ കുറഞ്ഞ സമയത്തിനുള്ളിൽ ഉയർന്ന തീവ്രതയിലുള്ള മഴയാണ് പെയ്യുന്നത്. മൺസൂൺ സ്ഥിരതയിലെ കുറവ്, ക്രമരഹിതമായ മഴയുടെ വിതരണം, ഹ്രസ്വകാല കൊടുങ്കാറ്റുകളുടെ തീവ്രത എന്നിവയാൽ അടയാളപ്പെടുത്തിയ ഈ മാറ്റം ആഗോള കാലാവസ്ഥാ വ്യതിയാനത്തിന്റെ വ്യക്തമായ സൂചകമാണ്.

ഹ്യൂം സെന്റർ ഫോർ ഇക്കോളജി ആന്റ് വൈൽഡ് ലൈഫ് ബയോളജി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ജില്ലയിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലെയും ദീർഘകാല മഴയുടെ ഡാറ്റ വിശകലനം ചെയ്തുകൊണ്ട് ആകെ വാർഷിക മഴയുടെ അടിസ്ഥാനത്തിൽ ജില്ലയെ നാലു മഴ മേഖലകളായി തരംതിരിച്ചുകൊണ്ടു വയനാട്ടിലെ മഴ മേഖല ഭൂപടം വികസിപ്പിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ വളരെ ഉയർന്ന മഴ (3500 മില്ലിമീറ്ററോ അതിൽ കൂടുതലോ) ലഭിക്കുന്ന ഗ്രാമപഞ്ചായത്തുകളാണ് തിരുനെല്ലി, തവിഞ്ഞാൽ, പടിഞ്ഞാറത്തറ, വൈത്തിരി, മേപ്പാടി, പൊഴുതന എന്നിവ. പശ്ചിമഘട്ടത്തിന്റെ ഉയരവും




സാമീപ്യവും ഉയർന്ന മഴ ലഭ്യതയ്ക്ക് കാരണമാവുന്നു. വയനാടിന്റെ മധ്യഭാഗത്ത് സ്ഥിതിചെയ്യുന്ന പനമരം ഗ്രാമപഞ്ചായത്ത്, കൽപ്പറ്റ മുനിസിപ്പാലിറ്റി, പൊഴുതന ഗ്രാമപഞ്ചായത്തിലെ ചില ഭാഗങ്ങൾ എന്നിവിടങ്ങളിൽ ഉയർന്ന മഴ (2400 – 3500 മില്ലിമീറ്റർ) ലഭിക്കുന്നു. കിഴക്കൻ വയനാടിന്റെ ഭാഗങ്ങളായ അമ്പലവയൽ, മീനങ്ങാടി, മുള്ളൻകൊല്ലി ഉൾപ്പെടെയുള്ള ഗ്രാമപഞ്ചായത്തുകളിൽ മിതമായ മഴ (1500 – 2400 മി. മീ.) ലഭിക്കുന്നു. കർണാടകവുമായി അതിർത്തി പങ്കിടുന്ന നൂൽപ്പുഴ ഗ്രാമപഞ്ചായത്തിൽ കുറഞ്ഞ മഴയാണ് (500-1500 മി. മീ.) ലഭിക്കുന്നത്.

### കൃഷി

കാർഷിക സംസ്കാരത്തിന്റെ ഈറ്റില്ലമാണ് മലയോര ജില്ലയായ വയനാട്. വയൽനാട് എന്ന പേര് ലോപിച്ച് വയനാടായി എന്നാണ് ഭാഷ്യം. ഫലഭൂയിഷ്ഠമായ മണ്ണ്, മികച്ച കാലാവസ്ഥ, അധ്വാനശീലരായ ജനങ്ങൾ എന്നിങ്ങനെ കൃഷിക്ക് വേണ്ട എല്ലാമിവിടെയുണ്ടായിരുന്നു. വയനാട്ടിലെ ആദിവാസി വിഭാഗങ്ങളായ കുറിച്യരും കുറുമരും പ്രധാനമായും കൃഷി ചെയ്തിരുന്നത് നെല്ലും മുത്താറിയുമായിരുന്നു. പിന്നീട് കർണ്ണാടകത്തിൽ നിന്ന് എത്തിയ ജൈനന്മാരുടെ വരവോടെ കാർഷിക രീതിയിൽ മാറ്റം വന്നു. സുസ്ഥിരമായ കൃഷിക്കാവശ്യമായ ധാരാളം കുളങ്ങളും ചിറകളും അവർ നിർമ്മിച്ചു. എന്നാൽ മറ്റ് സ്ഥലങ്ങളിൽ നിന്നുള്ള കുടിയേറ്റം ആരംഭിച്ചതോടെ വയനാട്ടിലെ കൃഷി തോട്ടവിളകളിലേയ്ക്ക് തിരിഞ്ഞു. പിന്നീട് വിപണി വിലനിലവാരങ്ങൾക്ക് അനുസൃതമായ കൃഷിയാണ് വയനാട്ടുകാർ ചെയ്തുവരുന്നത്. നിലവിൽ 2291 ഹെക്ടർ ജൈവകൃഷിയാണ് വയനാട്ടിലുള്ളത്. ജനങ്ങളിൽ വർധിച്ചുവരുന്ന ആരോഗ്യ അവബോധവും ജൈവ ഉൽപ്പന്നങ്ങൾക്കുള്ള ഉയർന്ന വിപണന സാധ്യതയും ജൈവ മേഖലയ്ക്ക് അനുകൂല ഘടകങ്ങളാണ്. ആരോഗ്യമുള്ള മണ്ണും നീരൊഴുക്കുള്ള ചെറുപുഴകളും അന്തരീക്ഷ ഊഷ്മാവും കാർഷിക വിളകളുടെ ഉൽപ്പാദനവും ഇവിടെ പരസ്പരം ഇഴചേർന്നു കിടക്കുന്ന കണ്ണികളാണ്. വാണിജ്യ കൃഷിയിലേക്കുള്ള ചുവടുമാറ്റവും രാസവളങ്ങളുടെ വിവേചനരഹിതമായ ഉപയോഗവും വയനാടിന്റെ മണ്ണും ജലവും മലിനമാകുന്നതിന് കാരണമായി.

കുന്നുകളിൽ വൃക്ഷങ്ങളോടുകൂടിയ സമ്മിശ്ര കൃഷി തുടരുന്നു. ഭൗമഘടനയിലും സസ്യാവരണത്തിലും വലിയ മാറ്റങ്ങളുണ്ടാക്കാത്ത ഭൂമിയുടെ തുണ്ടുവൽക്കരണം താരതമ്യേന കുറഞ്ഞ തൊണ്ടർനാട് പോലുള്ള പ്രദേശങ്ങളിലെ ചരിവുകളിൽ കാലാവസ്ഥാ വ്യതിയാനം മൂലമുള്ളആഘാതം കുറവായി കാണുന്നു.

വയനാട്ടിലെ കാർഷിക മേഖല കാലാവസ്ഥ വ്യതിയാനം, വരൾച്ച, കൃഷി രീതികളിലെ മാറ്റങ്ങൾ എന്നിവ കാരണം വലിയ വെല്ലുവിളി നേരിടുന്നു. ജലസേചന സൗകര്യങ്ങളുടെ അഭാവം, മണ്ണ് സംരക്ഷണ പ്രശ്നങ്ങൾ, കീടരോഗ ബാധകൾ എന്നിവ കർഷകരെ ബാധിക്കുന്നു. ഇത് കൃഷി നാശത്തിനും



കാരണമാകുന്നു . കൂടാതെ കാടിന്റെ സ്വാഭാവികത മാറുന്നത് ജലസ്രോതസ്സുകളെയും ബാധിക്കുന്നുണ്ട്. ഇത് വരൾച്ചയ്ക്ക് കാരണമാകുകയും കാർഷിക മേഖലയെ സാരമായി ബാധിക്കുകയും ചെയ്യുന്നു.

അന്തരീക്ഷ താപനിലയിലെ ചെറിയ വർധനവ് പോലും നമ്മുടെ പ്രധാന കാർഷിക വിളകളെ വളരെ പ്രതികൂലമായി ബാധിക്കും. കാപ്പി, കുരുമുളക്, ഏലം തുടങ്ങിയ വിളകൾക്ക് എല്ലാം തന്നെ ഉൽപ്പാദനം കൂടിയ ഒരു കാലഘട്ടം ജില്ലയിൽ ഉണ്ടായിരുന്നു. പക്ഷേ ഇന്ന് കാലാവസ്ഥാ വ്യതിയാനം സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ ഇത്തരം കാർഷിക ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം കുറയ്ക്കുന്നതായി കാണുന്നു.

പ്രളയാനന്തരം വയനാടിന്റെ കാർഷിക ആവാസവ്യവസ്ഥയിൽ പ്രകടമായ വ്യതിയാനം സംഭവിച്ചിട്ടുണ്ട്. ഓരോ പ്രദേശത്തിന്റെയും ഘടനയ്ക്കനുസരിച്ച് വിളകളെ ആ മാറ്റം സാരമായി ബാധിച്ചു. ഇത്തരം പ്രകൃതി ദുരന്തങ്ങളെക്കൂടി അതിജീവിക്കുന്ന തരത്തിലുള്ള കൃഷി രീതികളും വിളകളും വയനാടിനെ പോലെ പാരിസ്ഥിതിക പ്രത്യേകതകൾ ഉള്ള ജില്ലയ്ക്ക് അനിവാര്യമാണ്. തണ്ണീർത്തടങ്ങളിൽ വെള്ളം നിലനിർത്തേണ്ടതും നെൽകൃഷി കൂടുതൽ വ്യാപിപ്പിക്കേണ്ടതും അത്യന്താപേക്ഷിതമാണ്. ഏത് വിളകൾ ആണെങ്കിലും പ്രതിരോധശേഷി കൂടിയ ഇനങ്ങളെ കൂടുതൽ ജനകീയമാക്കണം.

മണ്ണിന്റെ വളക്കൂർ വീണ്ടെടുത്തും ജൈവവൈവിധ്യത്തിന് ഊന്നൽ നൽകിയും കാർഷിക വിളകളുടെ വിപണന സാധ്യത മെച്ചപ്പെടുത്തിയും വയനാടിന്റെ കാർഷിക സമൃദ്ധിയും സുസ്ഥിരതയും വീണ്ടെടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കേണ്ട ആവശ്യകതയിലേക്കാണ് ജില്ലയിലെ കാർഷിക സ്ഥിതി വിരൽ ചൂണ്ടുന്നത്.

## തരിശുഭൂമി

ഒരുകാലത്ത് നെൽവയലുകൾ പൂർണമായും നെൽകൃഷിയ്ക്ക് മാത്രം ഉപയോഗിച്ചിരുന്ന വയനാടിന്റെ കാർഷിക സംസ്കാരം പാടെ മാറി. പല കാരണങ്ങൾ കൊണ്ട് നെൽവയലുകൾ മറ്റ് വാണിജ്യ വിളകളുടെ കൃഷിയിലേയ്ക്ക് മാറി. അതിലേറെ ഗൗരവമായ കാര്യം നെൽവയലുകളും കരഭൂമിയുമടക്കം ഏക്കർ കണക്കിന് ഭൂമി തരിശായി മാറി എന്നുള്ളതാണ്. തരിശു ഭൂമിയിൽ കൃഷി ചെയ്യുന്നത്


നെന്മേനി തരിശുരഹിത ഗ്രാമം
മാധ്യമം 28/11/22

പ്രോത്സാഹിപ്പിക്കാൻ ക്യാമ്പയിനുകളും പദ്ധതികളും നിലവിലുണ്ടെങ്കിലും തരിശിടങ്ങളിലെ കൃഷി പൂർണമായും വിജയത്തിലെത്തിയിട്ടില്ല. വന്യമൃഗ ശല്യം കാരണവും കൃഷിഭൂമി തരിശായി നിലനിൽക്കുന്നുണ്ട്. കാർഷിക കർഷക ക്ഷേമ വകുപ്പിന്റെ കണക്കനുസരിച്ച് കഴിഞ്ഞ നാലു വർഷങ്ങളിലായി ജില്ലയിലെ 165.9485 ഹെക്ടർ തരിശുഭൂമി നെൽകൃഷി യോഗ്യമാക്കിയിട്ടുണ്ട്.

## ജില്ലയിലെ ജലസ്രോതസ്സുകളിലെ പ്രശ്നങ്ങൾ

പശ്ചിമഘട്ട ജില്ലയായ വയനാട്ടിലെ നീർച്ചാലുകളുടെ സ്വാഭാവിക ഒഴുക്കിനെ തടസ്സപ്പെടുത്തുന്ന നിരവധി ഘടകങ്ങളുണ്ട്. നെൽവയലുകളും തണ്ണീർത്തടങ്ങളും വയനാടിന്റെ പരിസ്ഥിതി സുസ്ഥിരത നിലനിർത്തുന്നതിൽ മുഖ്യ പങ്കുവഹിക്കുന്നു. എന്നാൽ വീട് നിർമ്മാണങ്ങൾക്കും മറ്റ്



വാണിജ്യാവശ്യങ്ങൾക്കും നിലം നികത്തുന്നത് നീർച്ചാലുകളുടെ സ്വാഭാവിക ഒഴുക്കിനെ തടസ്സപ്പെടുത്തുന്നു. തോടുകളുടെ ഇരുവശവും കൈയ്യേറി കൃഷിസ്ഥലമാക്കുന്നത് തോടുകളുടെ യഥാർത്ഥ വിസ്തീർണ്ണത്തെ കുറയ്ക്കുന്നു. ഇത്തരം അനധികൃത കയ്യേറ്റം മൂലം ചില തോടുകൾ പൂർണമായോ ഭാഗികമായോ ഇല്ലാതാവുന്നു. അതുപോലെ തന്നെ നീർച്ചാലുകളും തോടുകളും കാടുമൂടി കിടക്കുന്നതും ഒഴുക്കിനെ തടസ്സപ്പെടുത്തുന്ന ഒരു പ്രധാന പ്രശ്നമാണ്. മലിനമായ ജലസ്രോതസ്സുകൾ ജില്ലയിൽ പൊതുവേ കുറവാണെങ്കിലും നഗരപ്രദേശങ്ങളിലൂടെ കടന്നുപോകുന്ന കബനിയുടെ ചില കൈവഴികളിൽ വലിച്ചെറിയപ്പെടുന്ന മാലിന്യത്തിന്റെ സാന്നിധ്യം ഉണ്ടാകാറുണ്ട്. ഹരിതകേരളം മിഷന്റെ ഇനി ഞാൻ ഒഴുകട്ടെ, സുരക്ഷിതമാക്കാം പശ്ചിമഘട്ടം, കബനിക്കായ് വയനാട് തുടങ്ങിയ ക്യാമ്പയിനുകളിലൂടെ ഇത്തരം പ്രശ്നങ്ങൾ ഒരു പരിധിവരെ പരിഹരിച്ച് വരുന്നുണ്ടെങ്കിലും പരിഹരിക്കപ്പെടാതെയുള്ള പ്രശ്നങ്ങൾ ഇനിയും അവശേഷിക്കുന്നുണ്ട്.

### പുഴകൾ

വയനാട് ജില്ലയുടെ പ്രധാന പുഴകൾ പടിഞ്ഞാറൻ മലയോരത്തിൽ നിന്ന് ആരംഭിച്ച് കിഴക്കോട്ട് ഒഴുകുന്നവയാണ്. മാനന്തവാടി, നൂൽപ്പുഴ, പനമരം എന്നീ പുഴകൾ കിഴക്കോട്ടൊഴുകി കബനി നദിയായി കർണാടകത്തിൽ പ്രവേശിച്ച് കാവേരി നദിയുമായി സംയോജിച്ച് തമിഴ്നാടിലൂടെ ഒഴുകി ബംഗാൾ ഉൾക്കടലിൽ പതിക്കുന്നു. കടമാൻ തോട്, വെണ്ണിയോട് പുഴ, കാരാപ്പുഴ, നരസിപ്പുഴ എന്നിവയാണ് മാനന്തവാടി പുഴയുടെ കൈവഴികൾ. കർണാടക അതിർത്തിയിൽ വെച്ച് ബാവലിപ്പുഴ കബനി നദിയുമായി ചേരുന്നു. മീൻമുട്ടി വെള്ളച്ചാട്ടവും സൂചിപ്പാറ വെള്ളച്ചാട്ടവും ചേർന്ന് ചാലിയാറിലേക്ക് ഒഴുകുന്ന ചോലാടിപ്പുഴയും, പടിഞ്ഞാറത്തറ മലയിൽ നിന്നു പുറപ്പെട്ട് കുറ്റ്യാടിക്ക് ഒഴുകുന്ന മയ്യഴിപ്പുഴയും കേരളത്തിന്റെ ഇതര ജില്ലകൾക്ക് വയനാട് നൽകുന്ന ജലസ്രോതസ്സുകളാണ്. ഈ ജലസ്രോതസ്സുകളിലൊന്നും തന്നെ ജില്ലയിലൂടെ ഒഴുകുന്ന ഭാഗങ്ങളിൽ നിലവിൽ മാലിന്യ പ്രശ്നങ്ങളോ മാലിന്യ നിക്ഷേപങ്ങളോ ഇല്ല.

ജില്ലയിലെ പ്രധാന നദിയായ കബനി പശ്ചിമഘട്ട മലനിരകളിൽ നിന്നാണ് ഉത്ഭവിക്കുന്നത്.

കേരളത്തിൽ വയനാട് ജില്ലയിലൂടെ മാത്രമാണ് കബനി നദി ഒഴുകുന്നത്. പനമരം പുഴയും മാനന്തവാടി പുഴയും രണ്ടായി ഒഴുകി പിന്നീട് സംഗമിക്കുന്ന ഇടമാണ് കൂടൽക്കടവ്. അവിടെ നിന്ന് കബനി നദിയായി കുറുവ ദ്വീപിനെ ചുറ്റി ബാവലിയിൽ ചെന്നു വീണ്ടും ഒന്നായി കാവേരി നദിയിലേക്കൊഴുകുന്നു. കബനി നദിയിലെ 950 ഏക്കർ വിസ്തൃതിയിൽ വ്യാപിച്ചു കിടക്കുന്ന ഒരു സംരക്ഷിത നദീതീര ദ്വീപ് സമൂഹമാണ് കുറുവ ദ്വീപ്. 150 ഓളം ചെറു ദ്വീപുകൾ ഇതിൽ ഉൾപ്പെടുന്നു. ജില്ലയിലെ പ്രധാന ഇടതൂർന്ന നിത്യഹരിത വനങ്ങളാലും സസ്യജാലങ്ങളാലും പക്ഷികളാലും സമ്പന്നമാണ് ഇവിടം. അപൂർവ്വ ഇനം ഓർക്കിഡുകൾ, ദേശാടന പക്ഷികൾ, ചിത്ര ശലഭങ്ങൾ എന്നിവ ഇവിടെ കാണാം.

വേനൽക്കാലത്തെ ചൂടും വരൾച്ചയും മൂലം കബനി നദി വറ്റിവരളുമ്പോൾ അത് പ്രത്യക്ഷമായി



ജില്ലയിലെ തിരുനെല്ലി, മുള്ളൻകൊല്ലി, പുൽപ്പള്ളി എന്നീ ഗ്രാമപഞ്ചായത്തുകളിലെ കാർഷിക വിളകളെ പ്രതികൂലമായി ബാധിക്കുന്നു. പുൽപ്പള്ളി, മുള്ളൻകൊല്ലി ഭാഗങ്ങളിൽ കുടിവെള്ളക്ഷാമവും ഈ വരൾച്ചയുടെ ഭാഗമായി അനുഭവപ്പെടുന്നു. കബനിയിലെ ജലം കർണാടകയിലെ അണക്കെട്ടുകളിലേക്ക് ഒഴുകിപ്പോകുന്ന സാഹചര്യത്തിലാണ് ജില്ലയിൽ വരൾച്ച രൂക്ഷമാകുന്നത്.

കബനി നദി കടന്നുപോകുന്ന പ്രദേശങ്ങളിലെ ജലസ്രോതസ്സുകളുടെ ക്ഷയം വരൾച്ചയുടെ ഭാഗമായി ഉണ്ടാകുന്നു. പലപ്പോഴും ടാങ്കറുകൾ വഴി കുടിവെള്ളം വിതരണം ചെയ്യേണ്ട സാഹചര്യം നിലനിൽക്കുന്നു. നദീതീരങ്ങളിലെ പരിസ്ഥിതി സന്തുലനം തകരുന്നതും പാരിസ്ഥിതിക പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്നുണ്ട്.

കബനിയെ മാത്രം ആശ്രയിച്ചാണ് വയനാട്ടിലെ 1.63 ലക്ഷം ഹെക്ടർ സ്ഥലത്തെ കൃഷിഭൂമി ഉള്ളത്. ഇതിൽ 15220 ഹെക്ടർ വരുന്ന പുൽപ്പള്ളി, മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്തുകളിലെയും പൂതാടി ഗ്രാമപഞ്ചായത്തിലെ ചില പ്രദേശങ്ങളിലെയും കർഷകർ രൂക്ഷമായ വരൾച്ചാക്കെടുതി അനുഭവിക്കുന്നുണ്ട്.

വയനാടിന്റെ നെല്ലറയെന്ന് വിശേഷിപ്പിക്കുന്ന ചേകാടിയിൽ പുഞ്ചകൃഷി ചെയ്യുന്നവരുടെ എണ്ണത്തിൽ കുറവ് വരുന്നതായി കാണുന്നു. പലപ്പോഴും ഉണ്ടാകുന്ന ജലക്ഷാമം മറ്റ് കൃഷി മേഖലയേയും കൂടി ബാധിക്കുന്നു.

പുഴകളെ കൂടുതൽ ജലസമൃദ്ധമാക്കിയും പുഴയിലെ ജലം കൂടുതൽ പ്രയോജനപ്പെടുത്താൻ

കഴിയുന്ന പദ്ധതികൾ ആവിഷ്കരിച്ചുമുള്ള ഇടപെടലുകളുടെ ആവശ്യകതയിലേയ്ക്കാണ് ഇവയെല്ലാം വിരൽചൂണ്ടുന്നത്.

## ഡാമുകൾ

രാജ്യത്തെ മണ്ണുകൊണ്ടുള്ള അണക്കെട്ടുകളിൽ ഒന്നാണ് കാരാപ്പുഴ അണക്കെട്ട്. ഏകദേശം 63 കിലോമീറ്റർ ചുറ്റളവാണ് ഇതിന്റെ വൃഷ്ടി പ്രദേശം. വിശാലമായ പ്രദേശത്ത് ചിതറി കിടക്കുന്ന നിരവധി ചെറിയ ദ്വീപുകൾ ഈ ജലസംഭരണിയിൽ ഉൾപ്പെടുന്നു. കബനിയുടെ പോഷക നദിയായ കാരാപ്പുഴ നദിക്കടുത്താണ് അണക്കെട്ട് സ്ഥിതി ചെയ്യുന്നത്. പ്രധാനമായും ജലസേചനത്തിനായുള്ള ഒരു അണക്കെട്ടാണിത്. ജില്ലയിലെ 5221 ഹെക്ടർ കൃഷി ഭൂമിക്കു ജലസേചന സൗകര്യം ഉറപ്പാക്കുവാൻ ഉദ്ദേശിച്ച് നടപ്പിലാക്കിയ പദ്ധതിയാണ് കാരാപ്പുഴ ജലസേചന പദ്ധതി. കബനി നദീതടത്തിൽ



ഏറ്റെടുത്ത ആദ്യ പദ്ധതികൂടിയാണിത്. ജില്ലയിലെ പ്രധാന ടൂറിസം കേന്ദ്രം കൂടിയാണ് കാരാപ്പുഴ.

ഇന്ത്യയിലെ ഏറ്റവും വലുതും ഏഷ്യയിലെ രണ്ടാമത്തേതുമായ എർത്ത് ഡാമാണ് ബാണാസുര സാഗർ ഡാം. കബനി നദിയുടെ കൈവഴിയായ കരമനത്തോട് പുഴയ്ക്ക് കുറുകെയാണ് ഇത് നിർമ്മിച്ചിരിക്കുന്നത്. കല്ലുകളും മണ്ണും ഉപയോഗിച്ച് നിർമ്മിച്ചതാണ് ഇതിന്റെ ഘടന. കാർഷിക പുരോഗതി, ജലസേചനം, കുടിവെള്ളം എന്നിവ ലക്ഷ്യമിട്ട് നിർമിച്ചതാണ് ഈ അണക്കെട്ട്. മനോഹരമായ ദ്വീപുകളും, ബാണാസുര കുന്നുകളുടെ പശ്ചാത്തല കാഴ്ചയും ഈ പ്രദേശത്തെ ഒരു ടൂറിസ്റ്റ് ഹബ്ബ് ആയി മാറ്റിയിട്ടുണ്ട്.

## തടാകങ്ങൾ

പൂക്കോട് തടാകം : സമുദ്രനിരപ്പിൽ നിന്ന് 2100 അടി ഉയരത്തിലായി സ്ഥിതി ചെയ്യുന്ന തടാകമാണ് വൈത്തിരി ഗ്രാമപഞ്ചായത്തിലെ പൂക്കോട് തടാകം. ജില്ലയിലെ പ്രധാന വിനോദസഞ്ചാര ആകർഷണമാണ് ഈ തടാകം. 13 ഏക്കറിലായി ഈ ജലസംഭരണി വ്യാപിച്ചു കിടക്കുന്നു. കേരളത്തിലെ ഏറ്റവും വലിയ രണ്ടാമത്തെ ശുദ്ധജല തടാകം കൂടിയാണ് പൂക്കോട്. ഈ തടാകത്തിൽ മാത്രം കാണപ്പെടുന്ന മത്സ്യമാണ് പൂക്കോടൻ പരൽ. ഈ തടാകം ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിന്റെ നിയന്ത്രണത്തിൽ ഉള്ളതാണ്.

കർളാട് തടാകം. : 1924 ലെ പ്രളയ കാലത്ത് കുന്നുകൾക്കിടയിൽ രൂപപ്പെട്ട ജലാശയമാണ് ഇന്ന് കാണുന്ന കർളാട് തടാകം. ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ നിയന്ത്രണത്തിലുള്ള ഒരു പ്രധാന ടൂറിസം കേന്ദ്രമാണ് തരിയോട് ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന ഈ തടാകം.

ജില്ലയിലെ പ്രധാന തടാകങ്ങളായ പൂക്കോട്, കർളാട് തടാകങ്ങളിൽ ധാരാളം വിനോദസഞ്ചാരികൾ



ദിനംപ്രതി വരുന്നുണ്ട്. വലിച്ചെറിയപ്പെടുന്ന മാലിന്യങ്ങൾ തടാകത്തെയും പരിസര പ്രദേശങ്ങളെയും മലിനമാക്കിയിരുന്ന ഘട്ടത്തിൽ ഹരിതകേരളം മിഷന്റെ ഇടപെടലിലൂടെ ഹരിത വിനോദസഞ്ചാര കേന്ദ്രങ്ങളാക്കി മാറ്റാൻ സാധിച്ചു. നിലവിൽ രണ്ടു തടാകങ്ങളിലും മാലിന്യ പ്രശ്നങ്ങൾ ഒരുപരിധി വരെ കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്.

### ഭൂജലം

2020 ൽ കേന്ദ്ര ഭൂഗർഭജല ബോർഡും സംസ്ഥാന ഭൂഗർഭജല വകുപ്പും സംയുക്തമായി സംസ്ഥാനതല കമ്മിറ്റിയുടെ മാർഗ്ഗനിർദ്ദേശപ്രകാരം നടത്തിയ ഭൂഗർഭജല സ്രോതസ്സുകളുടെ വിലയിരുത്തലിൽ വയനാട്ടിൽ 21% ഭൂഗർഭജലം മാത്രമാണ് ഉപയോഗിക്കുന്നത് എന്ന് കണ്ടെത്തിയിട്ടുണ്ട്. വാർഷിക ഭൂഗർഭജല റീചാർജ്, വാർഷിക ഭൂഗർഭജല ശേഖരണം, വാർഷിക ഭൂഗർഭജല ശേഖരണവുമായി ബന്ധപ്പെട്ട ഉപയോഗത്തിന്റെ ശതമാനം എന്നിവ വിലയിരുത്തിയാണ് ഈ കണ്ടെത്തലിൽ എത്തിയിട്ടുള്ളത്. ഇതിൻപ്രകാരം വയനാട് പ്രദേശം ഭൂഗർഭജല ശേഖരണത്തിൽ സുരക്ഷിത വിഭാഗത്തിൽപ്പെടുന്നു.



കേണി - പരമ്പരാഗത ജലസ്രോതസ്സ്

ഓരോ മാസവും ജില്ലാ ഭൂഗർഭജല വകുപ്പിന്റെ നേതൃത്വത്തിൽ ഗ്രാമപഞ്ചായത്ത് അടിസ്ഥാനത്തിൽ ഭൂഗർഭജലത്തിന്റെ തോത് രേഖപ്പെടുത്തുകയും അതിൽ കുറവ് വരുന്ന ഗ്രാമപഞ്ചായത്തുകളെ രേഖപ്പെടുത്തുകയും ചെയ്യുന്നു. കർണാടകയുമായി അതിർത്തി പങ്കിടുന്ന പുൽപ്പള്ളി, മുള്ളൻകൊല്ലി എന്നീ ഗ്രാമപഞ്ചായത്തുകളിൽ താരതമ്യേന മറ്റ് ഗ്രാമപഞ്ചായത്തുകളെ അപേക്ഷിച്ച് ഭൂജലത്തിന്റെ അളവിൽ കുറവ് വരുന്നുണ്ട്.

2024-25ലെ ഭൂഗർഭജല പഠന പ്രകാരം മാനന്തവാടി ബ്ലോക്കിൽ 23.26%, കല്പറ്റ ബ്ലോക്കിൽ 21.7%, പനമരം ബ്ലോക്കിൽ 30.45%, സുൽത്താൻ

ബത്തേരി ബ്ലോക്കിൽ 24.63% എന്നിങ്ങനെ ഭൂഗർഭജലം ഉപയോഗിക്കുന്നുണ്ട്.

## നിർമ്മാണ മേഖല

അശാസ്ത്രീയമായ നിർമ്മാണ പ്രവർത്തനങ്ങൾ വയനാട് ജില്ലയുടെ പാരിസ്ഥിതിക ആഘാതങ്ങൾക്ക് കാരണമാകുന്നുവെന്ന് 2020 ഡിസംബറിൽ ഹ്യൂം സെന്റർ ഫോർ ഇക്കോളജി ആന്റ് വൈൽഡ് ലൈഫ് ബയോളജിയുടെ ഉരുൾപൊട്ടൽ സാധ്യതാ പഠന റിപ്പോർട്ട് സൂചിപ്പിക്കുന്നു. വർഷങ്ങളായി തുടർന്ന് വരുന്ന വനനശീകരണവും ഏകവിള തോട്ടങ്ങളും ചരിവ് കൂടിയ പ്രദേശങ്ങളിൽ നിർമ്മിക്കുന്ന മഴക്കുഴികളും മറ്റ് നിർമാണങ്ങളുമെല്ലാം മലഞ്ചെരിവുകളെ കൂടുതൽ ദുർബലമാക്കി കൂടുതൽ ഭൂപ്രദേശങ്ങളെ ഉരുൾപൊട്ടൽ സാധ്യതാ പ്രദേശങ്ങളാക്കി മാറ്റിയിട്ടുണ്ട്. ചരിവുകളെ അശാസ്ത്രീയമായി നിരത്തിക്കൊണ്ടും നീർച്ചാലുകളെ ഇല്ലാതാക്കിക്കൊണ്ടും വെള്ളത്തിന്റെ സ്വാഭാവിക വഴികളെ തടസപ്പെടുത്തിയുമുള്ള വീട് നിർമ്മാണവും റോഡ് നിർമ്മാണവും മണ്ണിടിച്ചിലുകൾക്ക് കാരണമാവുന്നുണ്ട്. മണ്ണിടിച്ചിലുകൾ തൊണ്ണൂറുശതമാനവും ഏതെങ്കിലും നിർമ്മാണങ്ങൾക്ക് സമീപമാണ് സംഭവിച്ചിട്ടുള്ളത്. ഇതിൽ പ്രധാനം മേൽ സൂചിപ്പിച്ച റോഡ് നിർമ്മാണം, വീട് നിർമ്മാണം, മറ്റ് വാണിജ്യ കെട്ടിടങ്ങളുടെ നിർമ്മാണം എന്നിവയാണ്. റോഡുകൾ വിപുലീകരിക്കുന്നതിന്റെ ഭാഗമായി കഴിഞ്ഞ രണ്ടു ദശകങ്ങളിൽ വലിയ തോതിൽ കുന്നുകൾ ഇടിച്ച് നിരത്തിയിട്ടുണ്ട്.

ചരിവുകളേയും കുന്നുകളെയും നിരപ്പാക്കി പ്ലോട്ടുകളായി തിരിച്ചു നടത്തുന്ന വീടുകളുടെ നിർമ്മാണ പ്രവൃത്തി ആ വീടുകൾക്കും പരിസര പ്രദേശങ്ങൾക്കും ഭീഷണിയായി മാറുന്നു. ജില്ലയുടെ ഏതാണ്ട് എല്ലാ പ്രദേശങ്ങളിലും അപകടകരമായ വിധം മണ്ണിടിച്ചിൽ ഉണ്ടായ ഇടങ്ങൾ ഇത്തരത്തിൽ അശാസ്ത്രീയമായ നിർമ്മാണങ്ങൾ നടന്ന സ്ഥലങ്ങളാണ് എന്ന് 2020 ഡിസംബറിൽ ഹ്യൂം സെന്റർ ഫോർ ഇക്കോളജി ആന്റ് വൈൽഡ് ലൈഫ് ബയോളജിയുടെ ഉരുൾപൊട്ടൽ സാധ്യതാ പഠന റിപ്പോർട്ടിൽ പറയുന്നു. ഷോപ്പിങ് കോംപ്ലെക്സുകൾ, ഫ്ലാറ്റുകൾ, റിസ്സോർട്ടുകൾ, എന്നിവയുടെ അശാസ്ത്രീയമായ നിർമ്മാണം പാരിസ്ഥിതിക അസന്തുലിതാവസ്ഥ സൃഷ്ടിക്കുന്നുണ്ട്. കൂടാതെ നീർത്തടങ്ങൾക്കും വിനാശം സംഭവിക്കുന്നു. പാരിസ്ഥിതിക ദുർബല പ്രദേശങ്ങളിലെ പല നിർമ്മിതികളിലും ആ പ്രദേശത്തിന്റെ സ്വാഭാവികത നശിപ്പിച്ചും, ജലാശയങ്ങൾ മൂടിയുമാണ് കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുള്ളത്.

## ഖനനം

അതീവ പരിസ്ഥിതി ദുർബല പ്രദേശമായ വയനാട്ടിൽ 150 ഓളം ക്വാറികൾ പ്രവർത്തിച്ചിരുന്നു. നിലവിൽ ജില്ലയിൽ 10 ക്വാറികളാണ് പ്രവർത്തിക്കുന്നത്. 1980 മുതലുള്ള പാറ ഖനനം വയനാടിന്റെ കാലാവസ്ഥയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

സുപ്രീം കോടതി മാനദണ്ഡങ്ങൾ പ്രകാരവും ജില്ലാ ദുരന്തനിവാരണ അതോറിറ്റിയുടെ റിപ്പോർട്ടുകളുടെയും അടിസ്ഥാനത്തിൽ ജില്ലയുടെ പാരിസ്ഥിതിക പ്രത്യാഘാതങ്ങൾ പരിഗണിച്ചും പ്രകൃതി ദുരന്തത്തിനുള്ള സാധ്യതകൾ മുൻനിർത്തിയും നിലവിൽ ക്വാറികളുടെ എണ്ണത്തിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

## പ്രകൃതി ദുരന്തങ്ങൾ

വയനാട് ജില്ലയ്ക്ക് പ്രകൃതി ദുരന്തങ്ങൾ പുതിയതല്ല. പ്രളയം, ഉരുൾപൊട്ടൽ, സോയിൽ പൈപ്പിങ് (ഭൂഗർഭ മണ്ണൊലിപ്പ്) എന്നിവ പലപ്പോഴും ജില്ലയിൽ പ്രശ്നങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ഏറ്റവും ഉരുൾപൊട്ടൽ ഭീഷണിയുള്ള പ്രദേശങ്ങളിൽ ഒന്നായി വയനാട് – കോഴിക്കോട് അതിർത്തിയെ തിരിച്ചറിഞ്ഞിട്ടുണ്ട്. മുണ്ടക്കൈ, കാപ്പിക്കളം, വാളംതോട് എന്നിവിടങ്ങളിൽ വർഷങ്ങൾക്ക് മുൻപുതന്നെ ഉരുൾപൊട്ടലുകൾ ഉണ്ടായിട്ടുണ്ട്. 1984 ൽ നടന്ന മുണ്ടക്കൈ ഉരുൾപൊട്ടലിൽ 14 പേർ മരിക്കുകയും വിലപ്പെട്ട കൃഷിയിടങ്ങൾ നശിക്കുകയും ചെയ്തു. പടിഞ്ഞാറത്തറക്ക് സമീപമുള്ള കാപ്പിക്കളത്ത് 1992 ൽ സംഭവിച്ച ഉരുൾപൊട്ടലിൽ 11 പേരുടെ ജീവൻ നഷ്ടമായി. 2007 ൽ വാളംതോട് ഗ്രാമത്തിൽ സംഭവിച്ച ഉരുൾപൊട്ടലിൽ 4 മനുഷ്യജീവൻ നഷ്ടമായി.

2024 ലെ ചൂരൽമല – മുണ്ടക്കൈ ഉരുൾപൊട്ടൽ സംസ്ഥാനത്ത് തന്നെ ഏറ്റവും വിനാശകരമായ നാശനഷ്ടങ്ങളാണ് സൃഷ്ടിച്ചത്. 2300 മി. മീ. മൺസൂൺ മഴ ലഭിച്ചത് കൂടാതെ ഒരു ഭൂപ്രദേശത്ത് വെറും 48 മണിക്കൂറിനുള്ളിൽ 572 മി.മീ. മഴ പെയ്തതാണ് ഇതിന് പ്രധാനമായും കാരണമായത്.

രണ്ടു ഘട്ടങ്ങളിലായി വെള്ളരിമലയിൽ നിന്ന് പൊട്ടിയ ഉരുൾ 8 കിലോമീറ്ററോളം ദൂരം സഞ്ചരിച്ചു പുന്നപ്പുഴയുടെ സ്വാഭാവിക ഒഴുക്കും ഗതിയും മാറ്റുന്നതിനിടയായി. 199.21 ഹെക്ടർ കൃഷിയിടങ്ങൾ (പ്ലാന്റേഷനുകൾ), 2 വാർഡുകൾ മുഴുവനായും 2 വാർഡുകൾ ഭാഗികമായും നശിച്ചു. 298 ജീവനുകൾ നഷ്ടപ്പെടുകയും ചെയ്തു. നിരവധി പേരെ കാണാതായി. ചൂരൽമലയിലും മുണ്ടക്കൈയിലുമായുള്ള 2 സ്കൂളുകൾ പൂർണ്ണമായും നശിച്ചു. പുഞ്ചിരിമട്ടം, മുണ്ടക്കൈ ഭാഗങ്ങളാണ് മുഴുവനായും നശിച്ചത്. കള്ളാടിപ്പുഴക്ക് കുറുകെ മുണ്ടക്കൈയും ചൂരൽമലയും തമ്മിൽ ബന്ധിപ്പിക്കുന്ന പാലം ഒലിച്ചുപോയി. അതോടെ അട്ടമല, മുണ്ടക്കൈ എന്നീ പ്രദേശങ്ങൾ ഒറ്റപ്പെടുകയും ചെയ്തു. 86000 ച. മീ. വിസ്തൃതിയിൽ ഉരുൾപൊട്ടൽ ഉണ്ടായി. സമുദ്രനിരപ്പിൽ നിന്നും 1550 മീറ്റർ ഉയരത്തിലാണ് ഉരുൾപൊട്ടൽ ഉണ്ടായ സ്ഥലം സ്ഥിതി ചെയ്യുന്നത്.



2018 ലും 2019 ലും പെയ്ത മഴയിൽ പനമരം, മാനന്തവാടി, ബാവലി പുഴകളുടെ എല്ലാ കൈവഴികളിലും വെള്ളം കയറുകയും ഇവയുടെ വൃഷ്ടി പ്രദേശങ്ങളിൽ ഉരുൾപൊട്ടൽ പോലുള്ള അപകടങ്ങൾ സംഭവിക്കുകയും ചെയ്തു. വൈത്തിരി, പൊഴുതന, തിരുനെല്ലി, മേപ്പാടി ഗ്രാമപഞ്ചായത്തുകളിലാണ് ഉരുൾപൊട്ടലുമായി ബന്ധപ്പെട്ട നാശനഷ്ടങ്ങൾ ഏറെ ഉണ്ടായതെങ്കിലും ജില്ലയിലെ 17 ഗ്രാമപഞ്ചായത്തുകൾ ദുരന്തം നേരിട്ടനുഭവിച്ചു. 426 വീടുകൾ പൂർണ്ണമായും നശിച്ചു. 2018 ലും 2019 ലും മേൽമുറിയിൽ ശക്തമായ ഉരുൾപൊട്ടൽ ഉണ്ടായി. 2019 ൽ പുത്തുമലയിലും ഉരുൾപൊട്ടൽ ഉണ്ടായി. പ്രധാന പുഴകളായ മാനന്തവാടി, ബാവലി, പനമരം പുഴകൾ കരകവിഞ്ഞൊഴുകി വലിയ രീതിയിലുള്ള ആഘാതങ്ങൾ പുഴത്തടങ്ങളിൽ ഉണ്ടായി. തീർത്തും കാർഷിക ജില്ലയായ വയനാട്ടിൽ കൃഷി നാശം ജനസംഖ്യയുടെ പകുതിയിലധികം ആളുകളെ ബാധിച്ചു. കൃഷി വകുപ്പിന്റെ വിവരങ്ങൾ അനുസരിച്ച് 2018 ൽ മാത്രം 2393 ഹെക്ടർ നെല്ല്, 1028 ഹെക്ടർ വാഴ, 53 ഹെക്ടർ കാപ്പി, 40 ഹെക്ടർ പച്ചക്കറി, 65 ഹെക്ടർ ഇഞ്ചി, 13 ഹെക്ടർ കുരുമുളക്, 8 ഹെക്ടർ അടക്ക, 2 ഹെക്ടർ തെങ്ങ് എന്നീ വിളകൾ പൂർണ്ണമായി നശിച്ചു. 2019 ൽ ഏതാണ്ടിങ്ങനെ തന്നെ ഇത് ആവർത്തിക്കുകയും ചെയ്തു. 2018 ൽ 10 ഉം 2019 ൽ 17 ഉം മനുഷ്യ ജീവനുകൾ നഷ്ടപ്പെട്ടു. 2018 ൽ മാത്രം ആകെ 625 കോടി രൂപയാണ് നഷ്ടം കണക്കാക്കിയിട്ടുള്ളത്. ഈ രണ്ടു വർഷങ്ങളിലും ഉണ്ടായ അതിവർഷത്തിൽ വയനാട്ടിൽ ഉരുൾപൊട്ടലുകളെക്കാൾ അധികം മണ്ണിടിച്ചിലുകൾ ഉണ്ടായി. മണ്ണിടിച്ചിലുകളാണ് ജില്ലയിൽ ഉരുൾപൊട്ടലുകളെക്കാളധികം നാശനഷ്ടങ്ങൾ ഉണ്ടാക്കിയിട്ടുള്ളതെന്ന് പഠനങ്ങൾ സൂചിപ്പിക്കുന്നു. കൃഷി ആവശ്യങ്ങൾക്കുവേണ്ടി

ജെ സി ബി ഉപയോഗിച്ച് ഏക്കറുകളോളം ഭൂമി ഇളക്കുകയും കുഴികൾ ഉണ്ടാക്കുകയും ചെയ്യതത് നീർച്ചാലുകളുടെ സ്വാഭാവിക ഒഴുക്കിന് മാറ്റം വരുത്തുകയും തടസ്സപ്പെടുത്തുകയും ചെയ്യതതാണ് പുത്തുമലയിലെ ഉരുൾപൊട്ടലിന് കാരണമായതെന്ന് ഹ്യൂം സെന്റർ ഫോർ ഇക്കോളജി ആന്റ് വൈൽഡ് ലൈഫ് ബയോളജിയുടെ 2020 ഡിസംബറിലെ ഉരുൾപൊട്ടൽ സാധ്യതാ പഠന റിപ്പോർട്ടിൽ പറയുന്നു. നീർച്ചാലുകളെ കണ്ടെത്തി അവയുടെ സ്വാഭാവിക ഒഴുക്ക് വീണ്ടെടുക്കുന്നതുൾപ്പെടെയുള്ള പ്രവർത്തനങ്ങളുടെ അനിവാര്യതയാണ് ഇതിലൂടെ വെളിപ്പെടുന്നത്.

## ഉരുൾപൊട്ടൽ സാധ്യതാ പഠനം

മഴയുടെ തീവ്രത, ഉയരം, ചെരിവ്, ഭൂവിനിയോഗം, ജനവാസ കേന്ദ്രങ്ങൾ എന്നിവയുടെ സംയോജിത വിശകലനത്തിലൂടെ ഹ്യൂം സെന്റർ ഫോർ ഇക്കോളജി ആന്റ് വൈൽഡ് ലൈഫ് ബയോളജി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഉരുൾപൊട്ടൽ സാധ്യത മാപ്പ് വികസിപ്പിച്ചെടുത്തു . ഇതിന്റെ ഫലമായി ജില്ലയിലുടനീളം ഉയർന്ന, ഇടത്തരം, താഴ്ന്ന മേഖലകളായി പ്രദേശങ്ങളെ തരം തിരിച്ചു. ഇതിൽ തിരുനെല്ലി, തവിഞ്ഞാൽ, തൊണ്ടർനാട്, വൈത്തിരി, മേപ്പാടി, പൊഴുതന, പടിഞ്ഞാറത്തറ തുടങ്ങിയ ഗ്രാമപഞ്ചായത്തുകളുൾപ്പെടെ കുത്തനെയുള്ള പടിഞ്ഞാറൻ - തെക്കൻ ഉയർന്ന പ്രദേശങ്ങളിലാണ് ഉയർന്ന ഉരുൾപൊട്ടൽ സാധ്യതയുള്ളത്. കനത്ത മഴയും പരുക്കൻ ഭൂപ്രകൃതിയും വർധിച്ചുവരുന്ന ഭൂപരിഷ്കരണവും ഇതിന് കാരണമാകുന്നു. ഇടത്തരം സാധ്യത മേഖലകളിൽ മിതമായ അസ്ഥിരതാ അപകട സാധ്യതകൾ അനുഭവിക്കുന്ന പരിവർത്തന ചരിവുകളുള്ള പ്രദേശങ്ങളും അതേസമയം താഴ്ന്ന സാധ്യതാമേഖലയിൽ കിഴക്കൻ പീഠഭൂമിയിലും താഴ്‌വരയിലുള്ള പ്രദേശങ്ങളും ഉൾപ്പെടുന്നു.

## വെള്ളപ്പൊക്കം

ആവർത്തിച്ചുള്ള ഉരുൾപൊട്ടലുകൾക്ക് പുറമെ ഇടയ്ക്കിടെ ഉള്ളതും തീവ്രവുമായ വെള്ളപ്പൊക്കവും



ജില്ലയെ കൂടുതലായി ബാധിക്കുന്നു. പ്രത്യേകിച്ച് താഴ്ന്ന പ്രദേശങ്ങളും നദികളെ ആശ്രയിക്കുന്നതുമായ ഗ്രാമപഞ്ചായത്തുകളായ പനമരം, കോട്ടത്തറ, നൂൽപ്പുഴ കൂടാതെ മാനന്തവാടി, സുൽത്താൻ ബത്തേരി , കല്പറ്റ എന്നിവയുൾപ്പെടെയുള്ള പ്രദേശങ്ങളിൽ വെള്ളപ്പൊക്കം പലപ്പോഴും കൃഷിയിടങ്ങൾ മുക്കികളയുകയും, വീടുകൾക്ക് കേടുപാടുകൾ വരുത്തുകയും, ജലസ്രോതസ്സുകളെ മലിനമാക്കുകയും, ഗതാഗതത്തെയും ദൈനംദിന ജീവിതത്തെ തടസ്സപ്പെടുത്തുകയും, കർഷകർക്കും വ്യാപാരികൾക്കും നഷ്ടങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്നു. സമീപ വർഷങ്ങളിൽ കാണുന്ന വർധിച്ചുവരുന്ന വെള്ളപ്പൊക്ക ആവൃത്തിയും നീണ്ടു നിൽക്കുന്ന വെള്ളക്കെട്ടും മാറിക്കൊണ്ടിരിക്കുന്ന മഴയുടെ രീതികളും വയനാട്ടിലെ കൃഷിയെയും പ്രാദേശിക സമ്പദ് വ്യവസ്ഥയെയും ജനങ്ങളുടെ മൊത്തത്തിലുള്ള ജീവിത സാഹചര്യങ്ങളെയും മോശമായി ബാധിക്കുന്നുണ്ട്.

### വരൾച്ച

കേരളത്തിലെ ഏറ്റവും കൂടുതൽ മഴ ലഭിക്കുന്ന ജില്ലകളിൽ ഒന്നായി വയനാട് അറിയപ്പെടുന്നുണ്ടെങ്കിലും



മുള്ളൻകൊല്ലി, പുൽപ്പള്ളി, നൂൽപ്പുഴ, തിരുനെല്ലി തുടങ്ങിയ ഗ്രാമപഞ്ചായത്തുകളിൽ ഉയർന്ന പ്രദേശങ്ങളെ അപേക്ഷിച്ച് വാർഷിക മഴ വളരെ കുറവാണ്. ലക്കിടി പോലുള്ള ഉയർന്ന പ്രദേശങ്ങളിൽ പ്രതിവർഷം 6000 മില്ലി മീറ്ററിൽ കൂടുതൽ മഴ ലഭിക്കുമ്പോൾ സസ്യജാലങ്ങളിൽ വന്ന മാറ്റം, ഭൂവിനിയോഗ മാറ്റങ്ങൾ എന്നിവ സൂക്ഷ്മ കാലാവസ്ഥയിലും മാറ്റം വരുത്തി. മേൽപ്പറഞ്ഞ മുള്ളൻകൊല്ലി, പുൽപ്പള്ളി, നൂൽപ്പുഴ, തിരുനെല്ലി ഗ്രാമപഞ്ചായത്തുകളിൽ പ്രതിവർഷം 1000 മില്ലി മീറ്ററിൽ താഴെ മാത്രമേ മഴ രേഖപ്പെടുത്തുന്നുള്ളൂ. തൽഫലമായി വേനൽക്കാലത്ത് ഈ പ്രദേശങ്ങൾ കൂടുതൽ ജലക്ഷാമവും വിളനാശവും നേരിടുന്നു. ജില്ലയുടെ വ്യത്യസ്തമായ ഭൂമിശാസ്ത്രവും വേഗത്തിൽ മാറിക്കൊണ്ടിരിക്കുന്ന കാലാവസ്ഥാ രീതികളും കാരണം മണ്ണിടിച്ചിലും വെള്ളപ്പൊക്കവും ഉണ്ടാകുന്നു.

ജലസമൃദ്ധിക്ക് പേര് കേട്ടിരുന്ന വയനാട്ടിലും വരൾച്ച അനുഭവപ്പെട്ടു തുടങ്ങിയിട്ടുണ്ട്. കേരളത്തിലെ ഏറ്റവും കൂടുതൽ മഴ ലഭിച്ചിരുന്ന ജില്ലകളിൽ ഒന്നായിരുന്നു വയനാട്. പ്രതിവർഷം 3000 മില്ലീമീറ്ററിനും 5000 മില്ലീമീറ്ററിനും ഇടയിലാണ് വയനാടിന്റെ മഴയളവ് എന്ന് 2020 ഡിസംബറിൽ ഹ്യൂം സെന്റർ ഫോർ ഇക്കോളജി ആന്റ് വൈൽഡ് ലൈഫ് ബയോളജിയുടെ ഉരുൾപൊട്ടൽ സാധ്യതാ പഠന റിപ്പോർട്ട് സൂചിപ്പിക്കുന്നു. എന്നാൽ വയനാടിന്റെ വടക്കൻ പ്രദേശങ്ങളായ പുൽപ്പള്ളി, മുള്ളൻകൊല്ലി, പൂതാടി എന്നീ ഗ്രാമപഞ്ചായത്തുകളിൽ വരൾച്ച അനുഭവപ്പെടുന്നുണ്ട്. ഇവിടങ്ങളിലെ വാർഷിക മഴയളവ്

1000 മില്ലീമീറ്ററിന് താഴെയാണ്. ഇത് രൂക്ഷമായ ജലക്ഷാമവും വിളനാശവും ഉണ്ടാക്കുന്നു. ഡെക്കാൻ പീഠഭൂമിയുടെ ഉഷ്ണക്കാറ്റിന്റെ കടന്നുകയറ്റവും ഈ പ്രദേശങ്ങളിലെ വരൾച്ചയ്ക്ക് ആക്കം കൂട്ടുന്നുണ്ട്. പ്രധാന പുഴയായ കബനിയിലെ നീരൊഴുക്കിലുണ്ടാകുന്ന കുറവും വരൾച്ചയ്ക്ക് കാരണമാകുന്നു. അമ്പലവയൽ, നൂൽപ്പുഴ, തിരുനെല്ലി, തവിഞ്ഞാൽ തുടങ്ങിയ ഗ്രാമപഞ്ചായത്തുകളിലും കാർഷിക മേഖലയെ വരൾച്ച ബാധിക്കുന്നുണ്ട്.

നെൽകൃഷിയ്ക്ക് പേര് കേട്ടിരുന്ന വയനാട് ജില്ലയിൽ ഇന്ന് പരമ്പരാഗത നെൽകൃഷിക്കാരൊഴിച്ചാൽ നെൽകൃഷി ചെയ്യുന്നവരുടെ എണ്ണം കുറവാണ്. നെൽവയലുകൾ നികത്തപ്പെടുന്നത് വരൾച്ചയ്ക്ക് കാരണമാവുന്നുണ്ട്. കർഷകർക്ക് കൂടുതൽ വരുമാനദായകമായ കൃഷികളിലേക്കുള്ള മാറ്റം ഇവിടെ പ്രകടമാണ്. കാപ്പി, കുരുമുളക്, നെല്ല്, വാഴ, പച്ചക്കറി, ഏലം തുടങ്ങിയ പ്രധാന വിളകൾക്ക് വലിയ നാശനഷ്ടങ്ങൾ കഴിഞ്ഞ കുറച്ചു വർഷങ്ങളായി ജില്ലയിൽ സംഭവിക്കുന്നുണ്ട്. കൃത്യസമയത്ത് മഴ ലഭിക്കാത്തതും വരണ്ട കാലാവസ്ഥയും ഇതിന്റെ പ്രധാന കാരണങ്ങളാണ്.

**വരൾച്ചമൂലം ഉണ്ടായ വിളനാശം**

| ക്രമ നം | വർഷം | വിള | നശിക്കപ്പെട്ടതിന്റെ അളവ് (എണ്ണം) | നഷ്ടപ്പെട്ട ഏരിയ (ഹെക്ടർ) | ബാധിച്ച കർഷകരുടെ എണ്ണം | കണക്കാക്കിയ നഷ്ടം (ലക്ഷം) |
|---|---|---|---|---|---|---|
| 1 | 2021-2022 | വാഴ (Bunched) | 550 | 0.22 | 1 | 3.30 |
| 2 | 2022-2023 | വാഴ (Non Bunched) | 825 | 0.33 | 3 | 3.30 |
| 3 | | വാഴ (Bunched) | 3500 | 1.40 | 5 | 21.00 |
| 4 | 2023-2024 | നെല്ല് (Mainfield) | 0.200 (ഹെക്ടർ) | 0.20 | 1 | 0.30 |
| 5 | | കുരുമുളക് (Bearing) | 50 | 0.04 | 2 | 0.38 |
| 6 | | ഏലം | 0.200 (ഹെക്ടർ) | 0.20 | 2 | 0.14 |
| 7 | | ജാതിക്ക (Bearing) | 25 | 0.16 | 2 | 0.88 |
| 8 | | ഗ്രാമ്പൂ (Bearing) | 5 | 0.02 | 2 | 0.07 |
| 9 | | വാഴ (Non Bunched) | 3750 | 1.50 | 15 | 15.00 |
| 10 | | വാഴ (Bunched) | 47225 | 18.89 | 168 | 283.35 |
| 11 | 2024-2025 | വാഴ (Bunched) | 84550 | 33.82 | 488 | 507.30 |
| 12 | | വാഴ (Non Bunched) | 7250 | 2.90 | 35 | 29.00 |
| 13 | | നെല്ല് (Mainfield) | 21.566 (ഹെക്ടർ) | 21.57 | 52 | 32.35 |

(അവലംബം : കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്)

## കുടിവെള്ള ക്ഷാമം

വയനാട് ജില്ലയിലെ പുൽപ്പള്ളി, മുള്ളൻകൊല്ലി, മേപ്പാടി, മീനങ്ങാടി, മുട്ടിൽ എന്നീ തദ്ദേശസ്ഥാപനങ്ങളിൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നുണ്ട്. മുൻപ് ജലസമ്പന്നമായിരുന്ന വയനാടൻ പ്രദേശങ്ങളിലും കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നുണ്ട്. മഴപ്പെയ്ത്തിലുണ്ടായിട്ടുള്ള വ്യതിയാനം കിണറുകളിലെ ജലനിരപ്പിനെ സാരമായി ബാധിച്ചിട്ടുണ്ട്. മഴവെള്ളത്തെ ശാസ്ത്രീയമായി സംഭരിക്കുന്നതിനുള്ള പദ്ധതികളുടെ അഭാവം, ചതുപ്പ് നികത്തൽ, നെൽകൃഷിയിലെ വ്യതിയാനം എന്നിവയെല്ലാം കുടിവെള്ള ക്ഷാമത്തിന് കാരണമാകുന്നുണ്ട്. പ്രകൃതി ദുരന്തങ്ങളും കുടിവെള്ള ക്ഷാമത്തിന് കാരണമാകുന്നുണ്ട്. ജില്ലയിലെ ഏതാണ്ട് എല്ലാ തദ്ദേശസ്ഥാപന പരിധിയിലും ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിൽ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നുണ്ട്. കഴിഞ്ഞ ചില വർഷങ്ങളിൽ വേനൽ മഴയിലുണ്ടായ വ്യതിയാനവും ജില്ലയിൽ കുടിവെള്ളക്ഷാമത്തിന് കാരണമായിട്ടുണ്ട്.

പുൽപ്പള്ളി, മുള്ളൻകൊല്ലി, മേപ്പാടി, മീനങ്ങാടി, മുട്ടിൽ എന്നീ ഗ്രാമപഞ്ചായത്തുകളിൽ ചില വാർഡുകളിലാണ് വേനൽകാലങ്ങളിൽ ടാങ്കർ ലോറികളിൽ വെള്ളം കൊണ്ടുവരേണ്ട അവസ്ഥയുള്ളത്. എല്ലാ വർഷവും സ്ഥിരമായി ടാങ്കർ ലോറിയിൽ വെള്ളം കൊണ്ടുവരുന്ന വാർഡുകൾ ജില്ലയിലെവിടെയും ഇല്ല. വ്യത്യസ്ത വാർഡുകളിലാണ് ഓരോ വർഷവും ടാങ്കർ ലോറിയിൽ വെള്ളമെത്തിക്കുന്നത്. ജില്ലയിൽ ടാങ്കർ ലോറിയിൽ വെള്ളമെത്തിക്കുന്നതിന്റെ കാരണം പൂർണ്ണമായും വരൾച്ച മൂലമല്ല. കുടിവെള്ള പദ്ധതിയുടെ ഭാഗമായി താൽകാലികമായി ജലവിതരണ ലഭ്യത തടസ്സപ്പെടുന്ന പ്രദേശങ്ങളിലും ടാങ്കർ ലോറിയിൽ വെള്ളമെത്തിക്കാറുണ്ട്. മുട്ടിൽ ഗ്രാമപഞ്ചായത്തിൽ 14 വാർഡുകളിൽ 2025 വർഷത്തിൽ കുടിവെള്ളത്തിനായി 1,31,250/- രൂപയാണ് വകയിരുത്തിയിട്ടുള്ളത്.

**കടിവെള്ള വിതരണത്തിന്റെ ചെലവ്**

| | |
|---|---|
| പൂതാടി ഗ്രാമപഞ്ചായത്ത് | |
| 2022 – 2023 | 5,82,323 രൂപ |
| 2023 – 2024 | 18 ലക്ഷം |
| 2024 – 2025 | 18 ലക്ഷം |
| മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്ത് | |
| 2024 | 4,24,196 |
| തിരുനെല്ലി ഗ്രാമപഞ്ചായത്ത് 4 വാർഡുകളിൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നുണ്ട് | |
| 2024 | 18 ലക്ഷം |
| 2025 | 1,13,000 |
| തവിഞ്ഞാൽ ഗ്രാമപഞ്ചായത്ത് 12 വാർഡുകളിൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നുണ്ട് | |
| 2024-2025 | 5 ലക്ഷം |
| എടവക ഗ്രാമപഞ്ചായത്ത് 13 വാർഡുകളിൽ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നുണ്ട്. | |
| 2024 | 3,01,500 രൂപ |
| വൈത്തിരി ഗ്രാമപഞ്ചായത്ത് 28 പ്രദേശങ്ങൾ | |
| 2024 | 70,000 രൂപ |

## അധിനിവേശ സസ്യങ്ങൾ

വയനാട് ജില്ല അഭിമുഖീകരിക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ് അധിനിവേശസസ്യങ്ങളുടെ വ്യാപനം. അധിനിവേശ സസ്യങ്ങളായ സെന്ന, മൂടില്ലാതാളി, ധൃതരാഷ്ട്രപച്ച, ആനതൊട്ടാവാടി, തുടങ്ങിയവയുടെ കടന്നുകയറ്റം പല പാരിസ്ഥിതിക പ്രശ്നങ്ങൾക്കും കാരണമായി. വളരെ വേഗത്തിൽ വളരുന്ന സസ്യങ്ങൾ തദ്ദേശീയ സസ്യങ്ങളുടെ വളർച്ചയെ ദോഷകരമായി ബാധിക്കുകയും ആവാസവ്യവസ്ഥയുടെ സ്വാഭാവിക ധർമങ്ങളെ മാറ്റിമറിക്കുകയും ചെയ്യുന്നു.

സാമൂഹിക വനവൽക്കരണത്തിന്റെ ഭാഗമായി ജില്ലയിൽ വളർത്തിയ അധിനിവേശ സസ്യമായ സെന്നയുടെ വ്യാപനം വനനശീകരണത്തിനും സ്വാഭാവിക ആവാസവ്യവസ്ഥയുടെ തകർച്ചയ്ക്കും അത് വഴി ജനവാസ മേഖലയിലെ വന്യമൃഗശല്യങ്ങൾക്കും കാരണമായി. ഇന്ന് വയനാട് വന്യജീവി സങ്കേതത്തിന്റെ സുൽത്താൻ ബത്തേരി, മുത്തങ്ങ, തോൽപ്പെട്ടി റേഞ്ചുകളിൽ ഇവ വ്യാപകമായി തഴച്ച് വളർന്ന് പല പാരിസ്ഥിതിക പ്രശ്നങ്ങൾക്കും കാരണമാകുന്നു. വന്യജീവി ആവാസവ്യവസ്ഥയെ ദോഷകരമായി ബാധിക്കുന്ന ഈ കടന്നുകയറ്റം ഒരു പ്രദേശത്തെ സസ്യ-വൃക്ഷ വിഭാഗങ്ങളെ പ്രകൃതിയിൽ നിന്നും തുടച്ചുമാറ്റാനും നിലനിൽപ്പിന് ഭീഷണി നേരിടുന്നവയെ പൂർണ്ണമായും ഇല്ലാതാക്കാനും കാരണമാകുന്നു. ഒരു പ്രദേശത്തിന്റെ സസ്യ-ജന്തു വൈവിധ്യത്തെ ഇല്ലാതാക്കി, ആ പ്രദേശത്തെ ഏകസസ്യ ഭൂമിയാക്കി മാറ്റാനും ഇത് കാരണമാകുന്നു.

### മലിനീകരണ പ്രശ്നങ്ങൾ

പത്ത് വർഷം മുമ്പ് വരെ ജൈവ-അജൈവ, ദ്രവമാലിന്യ സംസ്കരണ മേഖലയിൽ ജില്ല വളരെ മോശം അവസ്ഥയിലായിരുന്നു. ഹരിതകേരളം മിഷന്റെ വരവോടെ മാലിന്യ സംസ്കരണ മേഖലയിൽ നിരവധി മാറ്റങ്ങൾ വന്നു. ജില്ലയിലെ 26 തദ്ദേശസ്ഥാപനങ്ങളിലും എം സി എഫുകൾ നിലവിൽ വന്നു. കൂടാതെ ജില്ലയിലെ തദ്ദേശസ്ഥാപനങ്ങളിലെ എല്ലാ വാർഡുകളിലും മിനി എം സി എഫുകളും ഉണ്ടായി. എന്നാൽ ജില്ലയിലെ ആകെയുള്ള നാല് ബ്ലോക്കുകളിലും ആർ ആർ എഫ് ഇല്ലാത്തത് നിലവിലൊരു പ്രശ്നമായി നിൽക്കുന്നു. ടൂറിസത്തിന് ഏറെ പ്രാധാന്യം ഉള്ള ജില്ലയിലെ ടൂറിസം കേന്ദ്രങ്ങൾ ഒരുകാലത്ത് മാലിന്യം വലിച്ചെറിയപ്പെടുന്ന കേന്ദ്രങ്ങളായിരുന്നു. എന്നാൽ മാലിന്യ മുക്തം നവകേരളം ജനകീയ ക്യാമ്പയിനിന്റെ ഭാഗമായി ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ജില്ലയിലെ ടൂറിസം കേന്ദ്രങ്ങളെ ഹരിത ടൂറിസം കേന്ദ്രങ്ങളായി പ്രഖ്യാപിച്ചത് നേട്ടമായി. എങ്കിലും ടൂറിസ്റ്റുകൾ വഴിയോരങ്ങളിൽ ഭക്ഷണം കഴിക്കുന്നതും പ്ലാസ്റ്റിക്ക് ഉൾപ്പെടെയുള്ള അവശിഷ്ടങ്ങൾ പാതയരികിൽ നിക്ഷേപിക്കുന്നതും ഇപ്പോഴും ഒരു പ്രശ്നമായി നിൽക്കുന്നു. ഇത് പരിഹരിക്കുന്നതിനുള്ള ഒരു തുടക്കം എന്നനിലയ്ക്ക് വൈത്തിരി ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ എൻ എച്ച് 766 -ൽ നിന്ന് പൂക്കോട് തടാകത്തിലേയ്ക്കു പോകുന്ന പാതക്കരുകിൽ ടൂറിസ്റ്റുകൾക്ക് ഇരുന്ന് ഭക്ഷണം കഴിക്കുന്നതിന് ഒരു വഴിയോരകേന്ദ്രം സജ്ജീകരിച്ചിട്ടുണ്ട്.

കോഴിക്കോട് - കൊല്ലഗൽ ദേശീയ പാതയോരത്ത് കൽപ്പറ്റ മുനിസിപ്പാലിറ്റിയിൽ ഉൾപ്പെടുന്ന വെള്ളാരംകുന്ന് ഒരുകാലത്ത് ജില്ലയിലെതന്നെ ഏറ്റവും വലിയ മാലിന്യക്കൂമ്പാരമായിരുന്നു. എന്നാൽ പ്രസ്തുത മാലിന്യക്കൂമ്പാരം മുഴുവൻ നീക്കംചെയ്ത് ഇന്ന് മുനിസിപ്പാലിറ്റിയുടെ നേതൃത്വത്തിൽ കേരളത്തിലെ തന്നെ ഏറ്റവും വലിയ ഒരു മാലിന്യ സംസ്കരണകേന്ദ്രം സ്ഥാപിച്ച് പ്രവർത്തനം നല്ലരീതിയിൽ നടന്നുവരുന്നുണ്ട്. ഒരു ബയോപാർക്ക് മാതൃകയിൽ പ്രവർത്തിക്കുന്ന മാലിന്യ സംസ്കരണ കേന്ദ്രത്തിൽ അജൈവ-ജൈവ മാലിന്യസംസ്കരണ സംവിധാനം, എഫ് എസ് ടി പി, എസ് ടി പി, വിൻഡ്രോ കമ്പോസ്റ്റ് തുടങ്ങിയവ നല്ലരീതിയിൽ പ്രവർത്തിക്കുന്നു.

2017 - 2018 വർഷത്തെ ശുചിത്വ മിഷന്റെ മാലിന്യ സംസ്കരണ അവസ്ഥാ വിശേഷണ റിപ്പോർട്ട് പ്രകാരം ജില്ലയിലെ തദ്ദേശസ്ഥാപനങ്ങളിൽ അക്കാലത്ത് ജൈവ മാലിന്യ സംസ്കരണത്തിനും അജൈവ മാലിന്യ സംസ്കരണത്തിനും, ഇ-മാലിന്യ ശേഖരണത്തിനും സംവിധാനങ്ങൾ ഇല്ലായിരുന്നു. എന്നാൽ ഈ സ്ഥിതിയിൽ ഏറെ മാറ്റം വന്നു. ജില്ലയിലെ എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും അജൈവ മാലിന്യ സംസ്കരണത്തിന് എം സി എഫുകൾ നിലവിൽ വരികയും തദ്ദേശ സ്ഥാപനങ്ങൾ ഉറവിട ജൈവ മാലിന്യ സംസ്കരണത്തിന് ഏറെ പ്രാധാന്യം നൽകുന്ന സ്ഥിതിയിലേക്ക് മാറുകയും ചെയ്തു. ഇ-മാലിന്യ ശേഖരണം ക്ലീൻ കേരള കമ്പനിയുടെ നേതൃത്വത്തിൽ നടന്നുവരുന്നു. കൂടാതെ ദ്രവമാലിന്യ, കക്കൂസ് മാലിന്യസംസ്കരണത്തിനും സംവിധാനങ്ങൾ ഒരുക്കുന്നതിൽ ജില്ല ഏറെ മുന്നോട്ട് പോയിട്ടുണ്ട്.

അഴുകുന്ന മാലിന്യത്തിൽപ്പെടുന്നതാണെങ്കിലും പ്രത്യേകം കൈകാര്യം ചെയ്യേണ്ട വസ്തുക്കളാണ് അറവുമാലിന്യവും കോഴിമാലിന്യവും. പൊതു ഇടങ്ങളിലും ജലസ്രോതസ്സുകളിലും ഇത്തരം മാലിന്യങ്ങൾ

നിക്ഷേപിക്കുന്നത് ഗുരുതര ആരോഗ്യ പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് വഴി തെളിക്കുന്നു.

ജില്ലയിൽ മുട്ടിൽ ഗ്രാമപഞ്ചായത്തിലെ 6-ആം വാർഡ് കൊളവയൽ എന്ന സ്ഥലത്ത് കോഴി മാലിന്യ സംസ്കരണത്തിനായി സ്ലയിസ് അപ് എന്ന റെൻഡെറിങ് പ്ലാന്റ് പ്രവർത്തിച്ചിരുന്നു. പ്രതിദിനം 12 ടൺ ആണ് ഇതിന്റെ കപ്പാസിറ്റി . എന്നാൽ പ്രാദേശിക എതിർപ്പുകൾ മൂലം ഈ പ്ലാന്റ് അടച്ചുപൂട്ടേണ്ടിവന്നത് അറവ് മാലിന്യ സംസ്കരണ രംഗത്ത് ഒരു പ്രതിസന്ധിയായി നിലനിൽക്കുന്നു. ഇപ്പോൾ ജില്ലയിൽ ഉല്പാദിപ്പിക്കപ്പെടുന്ന അറവ് മാലിന്യങ്ങൾ ജില്ലയ്ക്ക് പുറത്താണ് സംസ്കാരണത്തിന് കൊണ്ടുപോകുന്നത്.

ബാർബർഷോപ്പുകൾ, സലൂണുകൾ, ബ്യൂട്ടിപാർലറുകൾ എന്നിവയുൾപ്പെടെയുള്ള സ്ഥാപനങ്ങളിൽ നിന്നും ഉല്പാദിപ്പിക്കപ്പെടുന്ന മനുഷ്യമുടി മാലിന്യം നിലവിൽ സ്വകാര്യ ഏജൻസി വഴി സംസ്കരിക്കുന്നതിന് വേണ്ടി ജില്ലയ്ക്ക് പുറത്തേക്ക് കൊണ്ടുപോകുന്നു.

തദ്ദേശസ്ഥാപനങ്ങളുടെ നേതൃത്വത്തിൽ മാലിന്യ സംസ്കരണ മേഖലയിൽ മികച്ച മുന്നേറ്റമുണ്ടാക്കാൻ കഴിഞ്ഞു എങ്കിലും ഇപ്പോഴും ചില മാലിന്യപ്രശ്നങ്ങളെ ജില്ല അഭിമുഖീകരിക്കുന്നുണ്ട്. അറവ് മാലിന്യം, മുടി മാലിന്യം, സാനിട്ടറി മാലിന്യം എന്നിവയുടെ എല്ലാം ശാസ്ത്രീയ സംസ്കരണത്തിന് ഒരു കേന്ദ്രീകൃത സ്വഭാവം ഇല്ലാത്തത് ജില്ലയ്ക്ക് വെല്ലുവിളി ഉയർത്തുന്നു. ജില്ലയിലെ ഓഫീസുകൾ, ആശുപത്രികൾ, ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, കല്ല്യാണ മണ്ഡപങ്ങൾ, ഷോപ്പിങ് മാളുകൾ തുടങ്ങിയ ബൾക്ക് വേസ്റ്റ് ജനറേറ്റേഴ്സ് ആയിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും ഉത്പാദിപ്പിക്കപ്പെടുന്ന ജൈവ-അജൈവ മാലിന്യങ്ങളുടെ തോത് കൂടുതലാണ്. ഇത് മാലിന്യ സംസ്കരണ മേഖലയിലെ ഒരു പ്രധാന പ്രശ്നമായി നിലനിൽക്കുന്നു.

## കാർബൺ ന്യൂട്രലും വയനാടും

അതീവ പരിസ്ഥിതിലോല ജില്ലയായ വയനാടിനെ കാലാവസ്ഥ മാറ്റങ്ങളുടെ ആഘാതത്തിൽ നിന്നു സംരക്ഷിക്കുന്നതിനായി കാർബൺ ന്യൂട്രൽ ലക്ഷ്യങ്ങൾ കൈവരിക്കേണ്ടതുണ്ട്. വയനാട് കാലാവസ്ഥ വ്യതിയാനത്തിന്റെ ഹോട്ട് സ്പോട്ട് ആണ്. കൂടാതെ കാർഷിക മേഖലയെ കൂടുതലായി ആശ്രയിക്കുന്ന ഒരു ജനവിഭാഗവും ജില്ലയുടെ പ്രത്യേകതയാണ്. ആയതിനാൽ തന്നെ ഈ പ്രദേശത്തെ ഇത്തരം പാരിസ്ഥിതിക ആഘാതങ്ങളിൽ നിന്നു സംരക്ഷിക്കേണ്ടത് ഒരു അനിവാര്യതയാണ്. കാർബൺ ആഗിരണം കൂട്ടുകയും, കാലാവസ്ഥ വ്യതിയാനത്തിന്റെ ദോഷകരമായ ഫലങ്ങളെ ചെറുക്കുകയും സുസ്ഥിരമായ ജീവിത രീതികളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ വയനാടിന്റെ സുരക്ഷിത ഭാവിക്ക് വേണ്ടി ഏറ്റെടുക്കേണ്ടതുണ്ട്.

കാലാവസ്ഥ വ്യതിയാനത്തിന്റെ ഭവിഷ്യത്തുകൾ ഏറ്റവും കൂടുതൽ അനുഭവപ്പെടുന്ന ജില്ലകളിലൊന്നാണ് വയനാട്. കാർഷിക ജില്ലയായ വയനാടിന്റെ ആകെ ജനസംഖ്യയുടെ 90 ശതമാനത്തിലധികവും വരുമാനത്തിനായി കൃഷിയെ നേരിട്ട് ആശ്രയിക്കുന്നു. അതുകൊണ്ടു തന്നെ കാലാവസ്ഥ വ്യതിയാനം ഉണ്ടാക്കുന്ന ദുരന്തങ്ങൾ വയനാട്ടിലെ ഭൂരിഭാഗം ജനങ്ങളെയും നേരിട്ട് ബാധിക്കും. ഏകദേശം 30 വർഷങ്ങൾക്ക് മുൻപ് വരെ വയനാടിന്റെ പല പ്രദേശങ്ങളിലും വ്യാപകമായ മരം മുറിക്കൽ നടന്നിട്ടുണ്ട്. ഇത്തരം അനധികൃത മരം മുറിക്കലുകളിലൂടെ ഭൂമിയുടെ പച്ചപ്പും ഹരിതാഭയും വലിയ തോതിൽ നഷ്ടപ്പെട്ടിട്ടുണ്ട്. ജില്ലയിലെ വൻകിട തോട്ടങ്ങളിൽ മരം മുറിക്കലും ഭൂമി തരംമാറ്റലും വ്യാപകമായി നടന്നിരുന്നു. നിലവിൽ ഈ പ്രവർത്തനത്തിന്റെ തീവ്രത ജില്ലയിൽ കുറഞ്ഞിട്ടുണ്ട് എങ്കിലും അന്നത്തെ മരംമുറി സൃഷ്ടിച്ച പാരിസ്ഥിതിക പ്രത്യാഘാതങ്ങൾ പരിഹരിക്കപ്പെടേണ്ടതിന്റെ ആവശ്യകത നിലനിൽക്കുന്നു. ഈ സാഹചര്യത്തിൽ കാർബൺ ന്യൂട്രൽ എന്ന ആശയത്തിന് വയനാട് ജില്ലയിൽ കൂടുതൽ ജനകീയത കൊണ്ടുവരേണ്ടതുണ്ട്.

അന്തരീക്ഷ താപനില വർധിക്കുന്നതിനും വരൾച്ച പോലുള്ള പ്രകൃതി ദുരന്തങ്ങൾ ആവർത്തിക്കുന്നതിനും ജീവജാലങ്ങളുടെ ആവാസ വ്യവസ്ഥ നശിക്കുന്നതിനും ശ്വാസകോശ രോഗങ്ങൾ പോലുള്ള ആരോഗ്യ പ്രശ്നങ്ങൾ കൂട്ടുന്നതിനും വർധിച്ച കാർബൺ ബഹിർഗമനത്തിന്റെ തോത് കാരണമാകുന്നുണ്ട്. ജില്ലയിൽ ഊർജ്ജ മേഖലയിൽ നിന്നാണ് ഏറ്റവും അധികം ഹരിതഗൃഹ വാതകങ്ങൾ പുറന്തള്ളുന്നത്

എന്ന് വയനാട് ജില്ല പഞ്ചായത്ത് നടത്തിയ ' കാർബൺ തുലിത വയനാട് ' റിപ്പോർട്ടിൽ പറയുന്നു.

### മനുഷ്യ- വന്യജീവി സംഘർഷം

വയനാട് ജില്ല അഭിമുഖീകരിക്കുന്ന ഒരു പ്രധാന പ്രശ്നമാണ് മനുഷ്യനും വന്യജീവികളും തമ്മിലുള്ള സംഘർഷം. സമീപകാലത്തായി വയനാട് ജില്ലയിൽ വന്യമൃഗ-മനുഷ്യ സംഘർഷം വർധിച്ചു വരുന്നു. കാട്ടാന, കടുവ പോലുള്ള വന്യമൃഗങ്ങളുടെ ആക്രമണം മൂലം നിരവധി പേർ കൊല്ലപ്പെടുകയും കൃഷികൾ നശിപ്പിക്കപ്പെടുകയും ചെയ്യുന്നു. വന്യമൃഗങ്ങളുടെ ശല്യം ജീവിതത്തെയും കാർഷിക മേഖലയേയും സാരമായി ബാധിക്കുന്നുണ്ട്. വനമേഖലയോട് ചേർന്ന് കിടക്കുന്ന ജനവാസ പ്രദേശങ്ങളും കൃഷിയിടങ്ങളും ആണ് ഈ സംഘർഷങ്ങളുടെ പ്രധാന കേന്ദ്രമാകുന്നത്. അതുകൊണ്ട് തന്നെ മനുഷ്യ വന്യജീവി സംഘർഷം അവസാനിപ്പിക്കുന്നതിനുള്ള സമഗ്ര പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കേണ്ടതുണ്ട്.

വയനാട് ജില്ലയിൽ നിലനിൽക്കുന്ന പരിസ്ഥിതി പ്രശ്നങ്ങളിൽ ബഹുഭൂരിപക്ഷം പ്രശ്നങ്ങളും അഭിസംബോധന ചെയ്യാൻ കഴിഞ്ഞ 9 വർഷക്കാലത്തിലധികമായി നടന്നു വരുന്ന ഹരിതകേരളം മിഷൻ പ്രവർത്തനങ്ങളിലൂടെ ശ്രമിച്ചിട്ടുണ്ട്. എന്നാൽ പൂർണമായി പരിഹരിക്കപ്പെടാതെ ഇവയിൽ പല പ്രശ്നങ്ങളും ഇപ്പോഴും അവശേഷിക്കുന്നു എന്നതാണ് നിലവിലെ സ്ഥിതി.

# വയനാടിന്റെ പാരിസ്ഥിതിക പ്രശ്നങ്ങളും ഇടപെടൽ സാധ്യതകളും

അധ്യായം 1-ൽ സൂചിപ്പിച്ച നിരവധി പാരിസ്ഥിതിക പ്രശ്നങ്ങൾ ശാസ്ത്രീയവും സാമൂഹികവുമായ ഇടപെടലുകളിലൂടെ ഒരു പരിധിവരെ പരിഹരിക്കുവാൻ സാധിക്കും. ഹരിതകേരളം മിഷന്റെ പത്തു വർഷക്കാലം ഇത്തരം പാരിസ്ഥിതിക പ്രശ്നങ്ങളുടെ ഭാഗികമായോ പൂർണ്ണമായോ ഉള്ള പരിഹാര സാധ്യതകളിലൂന്നിയാണ് സജീവമായി നിൽക്കുന്നത്. ഇടപെടലുകളിലൂടെ ജില്ലയിലെ ഇത്തരം പ്രശ്നങ്ങളുടെ പരിഹാര സാധ്യതകളാണ് ഈ അധ്യായത്തിൽ പരിശോധിക്കുന്നത്.

വയനാട് ജില്ലയിലെ ജനവിഭാഗങ്ങളിൽ ഭൂരിഭാഗവും കൃഷിക്കാരും കർഷക തൊഴിലാളികളുമാണ്. ഗ്രാമപ്രദേശങ്ങൾ ഏറെയുള്ള ജില്ല ആയതിനാൽത്തന്നെ നാഗരികതയുടെ മാലിന്യ പ്രതിസന്ധികൾ താരതമ്യേന കുറവാണ്. ടൂറിസം മേഖല ജില്ലയുടെ പ്രധാന സാമ്പത്തിക സ്രോതസ്സായി വളർന്നുകൊണ്ടിരിക്കുകയാണ്. തദ്ദേശീയരും വിദേശികളുമായി നിരവധി വിനോദസഞ്ചാരികൾ ജില്ല സന്ദർശിച്ചുവരുന്നു.



അതീവ പരിസ്ഥിതി ലോലമായ വയനാട് സൂക്ഷ്മവും സ്ഥൂലവുമായ കാലാവസ്ഥാ വ്യതിയാനത്തിന്റെ അനുഭവങ്ങൾ നേരിട്ടുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ വർഷങ്ങളിലായി അനുഭവിച്ച അതിതീവ്ര മഴയും വെള്ളപ്പൊക്കവും കാലാവസ്ഥാ വ്യതിയാനത്തിന്റെ പ്രകടമായ സൂചകങ്ങളാണ്. സുസ്ഥിര വികസനത്തിനും ദുരന്ത ലഘൂകരണത്തിനുമായി മാലിന്യ സംസ്കരണം, കൃഷി, ജലസംരക്ഷണം, വിനോദസഞ്ചാരം, വനപരിപാലനം, പരിസ്ഥിതി പുനഃസ്ഥാപനം എന്നീ മേഖലയുമായി ബന്ധപ്പെട്ട് ജില്ലയിൽ ഇനിയും പ്രവർത്തനങ്ങൾ ഏറ്റെടുക്കേണ്ടതുണ്ട്.

## ജില്ലയിലുണ്ടായ ദുരന്തങ്ങളും പരിസ്ഥിതി പുനഃസ്ഥാപനവും

വയനാട് ജില്ലയിൽ കഴിഞ്ഞ വർഷങ്ങളിലായി മൺസൂൺ കാലത്ത് അതിവർഷവും പ്രളയവും ഉരുൾപൊട്ടലും നേരിടേണ്ടിവരുന്ന സാഹചര്യമാണ് നിലനിന്നിരുന്നത്. കാലാവസ്ഥ വ്യതിയാനത്തിന്റെ ഭാഗമായി പ്രവചിക്കപ്പെട്ടിരുന്ന അതിതീവ്രമഴ പശ്ചിമഘട്ട മലനിരകളിൽ സംഭവിക്കുകയും പിന്നീട് വെള്ളപ്പൊക്കവും പ്രളയവും ഉരുൾപൊട്ടലുമായി മാറുകയുമായിരുന്നു.

സ്വഭാവികമായിതന്നെ കൂടിയ മഴ ലഭിക്കാറുള്ള വയനാടൻ മലകളിൽ വർഷപാതത്തിന്റെ ഇരട്ടി മഴയാണ് ഈ കാലയളവിൽ പെയ്തിറങ്ങിയത്. ചില പ്രദേശങ്ങളിൽ നൂറ്റാണ്ടിലെ തന്നെ കൂടിയ വർഷപാതമാണ് ലഭിച്ചത്. പ്രധാന പുഴകളായ മാനന്തവാടി, ബാവലി, പനമരം പുഴകൾ കരകവിഞ്ഞൊഴുകിയതോടെ വലിയതോതിലുള്ള ആഘാതങ്ങൾ പുഴയുടെ തീരങ്ങളിൽ ഉണ്ടായി. ഇതുമൂലം കാർഷിക ജില്ലയായ വയനാട്ടിൽ കൃഷിനാശം ഭൂരിഭാഗം ജനങ്ങളെയും സാരമായിത്തന്നെ ബാധിച്ചു. പനമരം, മാനന്തവാടി, ബാവലി പുഴകളുടെ എല്ലാ കൈവഴികളിലും വെള്ളം കയറുകയും ചുറ്റുപാടുമുള്ള പ്രദേശങ്ങളിൽ മണ്ണിടിച്ചിൽ പോലുള്ള അപകടങ്ങൾ സംഭവിക്കുകയും ചെയ്തു. ഇത്തരം പ്രദേശങ്ങളെ ഉൾപ്പെടുത്തി ദുരന്തങ്ങളെ നേരിടുന്നതിനായി ദുരന്തനിവാരണ കർമ്മ പരിപാടിയും സംവിധാനങ്ങളും വികസിപ്പിക്കാവുന്നതാണ്. ദുരന്ത ബാധിത പ്രദേശം എന്ന് മുൻകൂട്ടി അറിയാവുന്ന ഇത്തരം പ്രദേശങ്ങളെ കണ്ടെത്തി അടയാളപ്പെടുത്തി അതിതീവ്ര മഴ പെയ്യുന്ന സമയത്ത് ഇവരെ സംരക്ഷിക്കുന്നതിനും സുരക്ഷ ഉറപ്പാക്കുന്നതിനും ജില്ലയിലെ നിലവിലുള്ള സംവിധാനങ്ങളെ പരമാവധി ഉപയോഗപ്പെടുത്തിയാൽ ദുരന്ത തീവ്രത വലിയൊരളവ് കുറയ്ക്കാൻ കഴിയും.

വയനാട് ജില്ലയിലെ ഭൂപ്രകൃതിയുടെ പ്രത്യേകതകൊണ്ട് 25 ഡിഗ്രിയിലധികം ചെരിവ് കൂടിയ പ്രദേശത്ത് താമസിക്കുന്ന ആളുകളുടെ എണ്ണം കണ്ടെത്തി അവരെ പുനരധിവാസിപ്പിക്കുന്നതിനുള്ള പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാവുന്നതാണ്. ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ജില്ലയിലാകെ നടത്തിയിട്ടുള്ള മാപ്പത്തോൺ പ്രവർത്തനം വിപുലീകരിച്ച് മേൽ സൂചിപ്പിച്ച 25 ഡിഗ്രിയിൽ കൂടുതൽ ചെരിവുള്ള പ്രദേശങ്ങളിലെ സ്വാഭാവിക നീർച്ചാലുകൾ പൂർണ്ണമായും മാപ്പ് ചെയ്യുകയും നഷ്ടപ്പെട്ട എല്ലാ നീർച്ചാലുകളെയും പുനരുജ്ജീവിപ്പിക്കുകയും ചെയ്യുന്നത് ദുരന്ത മുന്നൊരുക്ക പ്രവർത്തനങ്ങളെ സഹായിക്കും. ഈ ചെരിവ് കൂടിയ പ്രദേശങ്ങളിൽ നടത്തിവരുന്ന മണ്ണ്, ജല സംരക്ഷണ പ്രവർത്തനങ്ങൾ മഴ കുറവുള്ള പ്രദേശങ്ങളിൽ മാത്രം നടത്തുന്നതാവും അഭികാമ്യം. ഇത്തരം പ്രദേശങ്ങളിൽ ഹ്രസ്വകാല വിളകൾ ക്രമേണ കുറയ്ക്കുകയും ദീർഘകാല വിളകൾ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതും ദുരന്ത ലഘൂകരണത്തിനായി പരിഗണിക്കാവുന്നതാണ്.

## ജലസ്രോതസ്സുകളുടെ പുനരുജ്ജീവനവും ജലസംരക്ഷണവും

ജീവന്റെ നിലനിൽപ്പിന് ലഭ്യമായ ഏറ്റവും മഹത്തായ വരദാനമാണ് ജലവും പ്രകൃതി വിഭവങ്ങളും. ജല വിഭവങ്ങൾക്ക് വ്യത്യസ്ത സാധ്യതകളാണ് ഉള്ളത്. കുടിവെള്ളത്തിന്റെ കാര്യത്തിലാണെങ്കിലും ജലസേചനത്തിന്റെ കാര്യത്തിലാണെങ്കിലും വിവേചന രഹിതമായ ഉപയോഗം മൂലം ജലം ഒരു കിട്ടാക്കനിയായി മാറിക്കൊണ്ടിരിക്കുകയാണ്. ജലമേഖലയിൽ വയനാട് ജില്ല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കാനായി വിവിധ ജലസംരക്ഷണ പ്രവർത്തനങ്ങൾ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെയും നേതൃത്വത്തിൽ ഏറ്റെടുക്കാവുന്നതാണ്. അതിനുതകുന്ന പദ്ധതികളും ക്യാമ്പയിനുകളും ആസൂത്രണം ചെയ്യുന്നത് ഉചിതമാകും.

ജില്ലയിൽ പനമരം, പൊഴുതന, വെങ്ങപ്പള്ളി, കോട്ടത്തറ, മാനന്തവാടി, നെന്മേനി, നൂൽപ്പുഴ എന്നീ തദ്ദേശ സ്ഥാപനങ്ങളിൽ പ്രളയ സാധ്യത വളരെ കൂടുതലാണ്. തോടുകളും പുഴകളും നീർച്ചാലുകളും മഴക്കാല പൂർവ്വ ശുചീകരണത്തിന്റെ ഭാഗമായി വൃത്തിയാക്കുന്നത് ഒരു പരിധി വരെ വെള്ളപ്പൊക്കത്തെ നിയന്ത്രിക്കും. മണ്ണിടിച്ചിൽ തടയുന്നതിനായി നീർച്ചാലുകളിൽ കയർ ഭൂവസ്ത്രം പോലെയുള്ള സംരക്ഷണ മാതൃകകളും മറ്റ് പുനരുജ്ജീവന പ്രവൃത്തികളും ഏറ്റെടുത്ത് നടത്താവുന്നതാണ്. തോടുകളിൽ മൺകൂനകൾ സൃഷ്ടിക്കുന്നതും മാലിന്യങ്ങൾ അലക്ഷ്യമായി വലിച്ചെറിയുന്നത് അടിഞ്ഞുകൂടുന്നതും ഇവയുടെ ഒഴുക്കിനെ സാരമായി ബാധിക്കുന്നു. അതുകൊണ്ടു തന്നെ മഴക്കാലത്തിനു മുൻപായുള്ള നീർച്ചാൽ നവീകരണം വളരെ അനിവാര്യമാണ്.

മഴക്കാലത്തുള്ള ശക്തമായ ഒഴുക്കിനെ തടസ്സപ്പെടുത്തുന്ന തരത്തിലുള്ള മാലിന്യങ്ങൾ അടിഞ്ഞുകൂടിയ അവസ്ഥ നീർച്ചാലുകളുടെ സ്വാഭാവികമായ ഒഴുക്കിനെ തടസ്സപ്പെടുത്തുന്നു. വെള്ളപ്പൊക്ക നിയന്ത്രണത്തിന് നീർച്ചാലുകളുടെ വീണ്ടെടുപ്പ് വളരെ അനിവാര്യമാണ്. വർഷക്കാലത്ത് പുഴ കരകവിഞ്ഞ് ഒഴുകുമ്പോൾ തോടുകളിലൂടെ പാടങ്ങളിലേക്ക് വെള്ളം കയറുന്നു. ഇത് കൃഷി നാശത്തിന് കാരണമാകാറുണ്ട്. അതുകൊണ്ട് തന്നെ തോടുകളുടെ സ്വാഭാവിക ഒഴുക്കിനെ സാധ്യമാക്കുന്ന എല്ലാ പ്രവൃത്തികളും ചെയ്യേണ്ടത് അനിവാര്യമാണ്. മണ്ണിടിച്ചിൽ തടയുന്നതിന്റെ ഭാഗമായി പുഴയോരങ്ങളിൽ മുളന്തുരുത്തുകൾ നട്ടുപിടിപ്പിച്ച് സംരക്ഷിക്കുന്ന രീതി അവലംബിക്കാവുന്നതാണ്.

പുഴകൾ മലിനമാവുന്നതിന് പ്രധാന കാരണം അവയുടെ കൈവഴികളായ തോടുകളും അവയിലേക്കെത്തുന്ന നീർച്ചാലുകളും മലിനമാകുന്നതാണ്. ആയതുകൊണ്ടുതന്നെ ആദ്യം കൈവഴികളിൽ ശുചീകരണ പ്രവൃത്തികൾ നടത്തിയും പ്രളയാനന്തരം ജില്ലയിലെ പുഴകളിലും മറ്റ് ജലസ്രോതസ്സുകളിലും അടിഞ്ഞുകൂടിയ പ്ലാസ്റ്റിക് മാലിന്യം അടക്കമുള്ളവ നീക്കം ചെയ്തും ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കാവുന്നതാണ്.

കാർഷിക മേഖല അഭിമുഖീകരിക്കുന്ന വരൾച്ചയുടെ കാഠിന്യം കുറയ്ക്കുന്നതിനും ഭൂഗർഭ ജലസമ്പത്ത് വർധിപ്പിക്കുന്നതിനും കാർഷിക ആവശ്യങ്ങൾക്കായി മഴവെള്ള സംഭരണം വർധിപ്പിക്കുന്നതിനുമായി പരമ്പരാഗത ജലസ്രോതസ്സുകളുടെയും നീരുറവുകളുടെയും നദികളുടെ കൈവഴികളുടെയും പുനരുജ്ജീവനം ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതികൾ നീർത്തട മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ ഏറ്റെടുക്കാവുന്നതാണ്. വെള്ളപ്പൊക്കവും വരൾച്ചയും ലഘൂകരിക്കുവാനും കാർഷികോത്പാദനം വർധിപ്പിക്കുവാനും മഴവെള്ളവും ഭൂഗർഭ ജലവും സംഭരിക്കുന്ന തരത്തിലുള്ള പദ്ധതികൾ നടപ്പിലാക്കുകയും കൃഷിക്കും കുടിവെള്ളത്തിനും ഉപയോഗിക്കുന്ന ജലസംഭരണികളുടെ സംരക്ഷണം ഉറപ്പാക്കുകയും വൃഷ്ടി പ്രദേശത്തുനിന്നുള്ള നീരൊഴുക്ക് സ്ഥായിയായി നിലനിർത്തുന്ന പ്രവൃത്തികൾ മുൻഗണന അടിസ്ഥാനത്തിൽ ഏറ്റെടുക്കുകയും ചെയ്താൽ ജില്ലയിലെ ജലസംരക്ഷണ മേഖലയിലെ പ്രശ്നങ്ങൾക്ക് വലിയൊരളവ് പരിഹാരമുണ്ടാക്കാനാകും. ജില്ലയിൽ പുഴയോര ആവാസവ്യവസ്ഥ പുനഃസ്ഥാപിക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പുഴയോര സംരക്ഷണത്തിനായി സ്നേഹതീരം ജൈവവൈവിധ്യ പാർക്ക് എന്ന രീതിയിൽ അധിനിവേശ സസ്യങ്ങളെ ഉന്മൂലനം ചെയ്തു തദ്ദേശീയ സസ്യങ്ങളെ നട്ടുവളർത്തി സംരക്ഷിക്കുന്ന രീതിയിലുള്ള ക്യാമ്പയിനുകൾ സംഘടിപ്പിക്കുന്നതും ഉചിതമായിരിക്കും.

ആരോഗ്യ ജാഗ്രതയുടെ ഭാഗമായി ജലജന്യ രോഗങ്ങളെ തടയുന്നതിന് എല്ലാ ജലസ്രോതസ്സുകളും ശുചീകരിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ക്ലോറിനേഷൻ, മറ്റ് ശുചീകരണ പ്രവൃത്തികൾ മുതലായവ ഏറ്റെടുക്കാവുന്നതാണ്. കൂടാതെ ഇതുമായി ബന്ധപ്പെട്ട് ബോധവൽക്കരണ ക്യാമ്പയിനുകളും നടപ്പിലാക്കാവുന്നതാണ്.

മഴവെള്ളം സംഭരണത്തിനായി എം ജി എൻ ആർ ഇ ജി എസിന്റെ നേതൃത്വത്തിൽ വർഷകാലത്തിന് മുന്നോടിയായി എല്ലാ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്കും മഴക്കുഴി, തട്ടുതിരിക്കൽ, തെങ്ങിന് തടം തുറക്കൽ പോലുള്ള പ്രവർത്തികൾ ഏറ്റെടുക്കുകയും മഴവെള്ള സംഭരണവുമായി ബന്ധപ്പെട്ട ബോധവൽക്കരണ ക്യാമ്പയിനുകൾ നടപ്പിലാക്കുകയും ചെയ്യാവുന്നതാണ്.

## കൃഷി പുന:സ്ഥാപനം

കാർഷിക സംസ്കാരത്തിന്റെ ഈറ്റില്ലമാണ് മലയോര ജില്ലയായ വയനാട്. ഫലഭൂയിഷ്ഠമായ മണ്ണ്, മികച്ച കാലാവസ്ഥ, അധ്വാന ശീലരായ ജനങ്ങൾ എന്നിങ്ങനെ കൃഷിക്ക് വേണ്ടതെല്ലാം ഇവിടെ ഉണ്ട്. വയനാട്ടിൽ നെൽകൃഷിക്കായിരുന്നു പ്രാധാന്യം കൂടുതൽ . വാണിജ്യ കൃഷിയിലേക്കുള്ള ചുവടുമാറ്റവും രാസ ഉൽപ്പാദനോപാധികളുടെ വിവേചന രഹിതമായ ഉപയോഗവും വയാടിന്റെ മണ്ണും ജലവും മലിനമാക്കുന്നതിന് കാരണമായി. ഏകവിള കൃഷി, അമിത രാസവള – കീടനാശിനി പ്രയോഗം, വന്യമൃഗ ശല്യം, കാലാവസ്ഥ വ്യതിയാനം, വിലത്തകർച്ച എന്നിവയെല്ലാം കൃഷിയെ പ്രതികൂലമായി ബാധിക്കുന്ന ഘടകങ്ങളാണ്. മണ്ണ് ജലസംരക്ഷണ നടപടികളിലൂടെ ജലസേചനം വർധിപ്പിച്ചും മണ്ണിന്റെ വളക്കൂറ് വീണ്ടെടുത്തും ജൈവവൈവിധ്യത്തിന് ഊന്നൽ നൽകിയും കാർഷിക വിളകളുടെ വിപണന സാധ്യതകൾ മെച്ചപ്പെടുത്തുന്ന രീതിയിലുള്ള പദ്ധതികൾ ഇതിനായി നടപ്പിലാക്കാവുന്നതാണ്.

ഭക്ഷ്യ സുരക്ഷ ഉറപ്പാക്കൽ, ജൈവ കൃഷി പ്രോത്സാഹനം, പരമ്പരാഗത വിത്തിനങ്ങളുടെ സംരക്ഷണം, മണ്ണ്, ജലം, ജൈവസമ്പത്ത് എന്നിവയുടെ സംരക്ഷണം എന്നിവയിൽ ഊന്നിയ പദ്ധതികൾക്ക് പ്രാധാന്യം നൽകാവുന്നതാണ്. ജൈവകൃഷി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി ജനങ്ങളിൽ വർധിച്ചു വരുന്ന ആരോഗ്യ അവബോധവും ജൈവ ഉത്പന്നങ്ങൾക്കുള്ള ഉയർന്ന വിപണന സാധ്യതയും ജനങ്ങളിലേക്ക് എത്തിക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാവുന്നതാണ്. കമ്പോസ്റ്റിംഗ് പോലുള്ള ജൈവ മാലിന്യ സംസ്കരണ ഉപാധികൾ വീടുകളിൽ സ്ഥാപിച്ച് അതിലൂടെ ഉൽപ്പാദിപ്പിക്കുന്ന വളം കൃഷി ആവശ്യത്തിന് ഉപയോഗിച്ച് മണ്ണിന്റെ സ്വാഭാവികത നിലനിർത്താൻ കഴിയും. അതുകൊണ്ടു തന്നെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഇതിനായുള്ള പദ്ധതികൾ നടപ്പിലാക്കാവുന്നതാണ്. പരിസ്ഥിതി സംരക്ഷണത്തിലും ജൈവ ആവാസവ്യവസ്ഥയുടെ സുസ്ഥിരതയ്ക്കും സംയോജിത കൃഷി പ്രോത്സാഹിപ്പിക്കുന്ന തരത്തിൽ ഹരിത ഭവനങ്ങൾ സൃഷ്ടിക്കാനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കാവുന്നതാണ്. മാതൃകാ ജൈവകൃഷി തോട്ടങ്ങൾ ഗ്രാമപഞ്ചായത്ത് അടിസ്ഥാനത്തിൽ വ്യാപിപ്പിക്കാനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുകയും ചെയ്യാവുന്നതാണ്. വരൾച്ചാ ബാധിത പ്രദേശങ്ങളിൽ ജലസേചന വകുപ്പിന്റെയും തൊഴിലുറപ്പ് പദ്ധതിയുടെയും സാങ്കേതിക സഹായത്തോടെ ജലസേചന പദ്ധതികൾ ആവിഷ്ക്കരിച്ച് കൃഷിയോഗ്യമാക്കാവുന്നതാണ്.

കാലാവസ്ഥ വ്യതിയാനം ലഘൂകരിക്കുന്നതിനും വനനശീകരണം തടഞ്ഞ് പരിസ്ഥിതിയെ സംരക്ഷിക്കാനും പാതയോരങ്ങളിലും പൊതു സ്ഥലങ്ങളിലും വൃക്ഷവത്ക്കരണ പരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കാവുന്നതാണ്. വനം വകുപ്പും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സംയുക്തമായി തൈകൾ ഉൽപ്പാദിപ്പിച്ച് വിവിധ തരം വൃക്ഷ തൈകൾ അനുയോജ്യമായ സ്ഥലങ്ങളിൽ വച്ചുപിടിപ്പിക്കുന്ന പ്രവർത്തനം ഏറ്റെടുക്കുന്നത് ഉചിതമാണ്. ആരോഗ്യ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് ഔഷധ സസ്യങ്ങൾ നട്ടുപിടിപ്പിക്കുന്ന ക്യാമ്പയിനുകൾ നടപ്പിലാക്കിയും പരിസ്ഥിതി പുനഃസ്ഥാപനം ലക്ഷ്യമിട്ടുകൊണ്ടുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നത് ഗുണകരമാവും.

കാർബൺ ബഹിർഗമനം കുറയ്ക്കുന്നതിന് വേണ്ടിയുള്ള കാർബൺ ന്യൂട്രൽ പ്രവർത്തനങ്ങൾ ഏറ്റെടുക്കേണ്ടതുണ്ട്. ജീവിതശൈലിയിലുണ്ടാവുന്ന മാറ്റങ്ങൾ വാഹനങ്ങളുടെ എണ്ണത്തിൽ വർധനവ് ഉണ്ടാക്കുകയും ഇലക്ട്രോണിക് ഉപകരണങ്ങളുടെ ഉപയോഗം കൂടുന്നതിനും കാരണമായി. ഇതിലൂടെ അന്തരീക്ഷത്തിൽ ഹരിതഗൃഹ വാതകങ്ങളുടെ അളവിൽ വർധനവുണ്ടായി. ഇത് ജില്ലയിൽ താപനില വർധനവിനും ആരോഗ്യ പ്രശ്നങ്ങൾക്കും കാരണമാവുന്നു. കാർബൺ ബഹിർഗമനം കുറയ്ക്കുന്നതിന് വേണ്ടി ദീർഘകാലാടിസ്ഥാനത്തിലുള്ള പദ്ധതികൾ ആവിഷ്ക്കരിക്കാവുന്നതാണ്. ജില്ലയിലെ മീനങ്ങാടി ഗ്രാമപഞ്ചായത്ത് നടപ്പിലാക്കുന്ന കാർബൺ ന്യൂട്രൽ പ്രവർത്തനങ്ങൾ അന്താരാഷ്ട്ര ശ്രദ്ധ നേടിയതാണ്. അന്തരീക്ഷത്തിലെ കാർബൺ ബഹിർഗമനം കുറയ്ക്കുക, മരങ്ങൾ വെച്ചുപിടിപ്പിച്ചു കാർബൺ ആഗിരണം വർധിപ്പിക്കുക, പുനരുപയോഗ ഊർജ്ജം പ്രോത്സാഹിപ്പിക്കുക, മാലിന്യ സംസ്കരണം മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയാണ് പദ്ധതി ആരംഭിച്ചത്. മീനങ്ങാടി ഗ്രാമപഞ്ചായത്തിൽ വികസിപ്പിച്ചെടുത്ത കാർബൺ ന്യൂട്രൽ രീതി ശാസ്ത്രം എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ഏറ്റെടുക്കാവുന്നതാണ്.

നിലവിൽ നടന്നു വരുന്ന ഹരിതകേരളം മിഷന്റെ നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ ക്യാമ്പയിനിന്റെ ഭാഗമായി നിരവധി പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്താവുന്നതാണ്.

## മാലിന്യസംസ്കരണം

കേരളത്തിലെ മറ്റുജില്ലകളിൽ നിന്ന് ഏറെ പാരിസ്ഥിതിക വ്യത്യസ്ഥത പുലർത്തുന്ന ജില്ലയാണ് വയനാട്. കാലക്രമേണ ഉയർന്നുവന്ന ജനസാന്ദ്രതയും സംസ്കാര വ്യതിയാനങ്ങളും സഞ്ചാരികളുടെ പ്രവാഹവും ചുരുങ്ങിയ കാലത്തിൽ വലിയതോതിൽ ജില്ലയുടെ ആവാസ പാരിസ്ഥിതിക, ശുചിത്വ, ആരോഗ്യ പ്രശ്നങ്ങൾ വർധിപ്പിച്ചു. നിലവിൽ മാലിന്യപ്രശ്നം രൂക്ഷമായി ജില്ലയെ ബാധിക്കുന്നുണ്ട്. ഭാവി പ്രവർത്തങ്ങളുടെ ഭാഗമായി പ്രത്യേക ഊന്നൽ നൽകേണ്ട പ്രധാന വിഷയമാണ് വയനാട് ജില്ലയെ സംബന്ധിച്ച് മാലിന്യസംസ്കരണം. വിവിധങ്ങളായ ആരോഗ്യ സാമൂഹ്യ വിപത്തുകളെ വിശകലനം ചെയ്താൽ അടിത്തട്ടിൽ പ്രശ്നങ്ങളുടെ ഉറവിടം മാലിന്യ സംസ്കരണത്തിന്റെ അഭാവമോ അശാസ്ത്രീയമായ മാലിന്യ സംസ്കരണ രീതികളോ ആയിരിക്കുമെന്നതിൽ തർക്കമില്ല . വർധിച്ചുവരുന്ന മാലിന്യത്തിന്റെ അളവ്, മാലിന്യം തരം തിരിച്ചു നിർമ്മാർജ്ജനം ചെയ്യുന്നതിന്റെ അഭാവം തുടങ്ങിയ കാരണങ്ങൾ വെല്ലുവിളിയായി നിലകൊള്ളുന്നു.

കേരളത്തിലെ പ്രധാന വിനോദസഞ്ചാര മേഖലയായ വയനാട് ജില്ലയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം ജൈവ-അജൈവ മാലിന്യ സംസ്കരണത്തിന് പ്രത്യേക സംവിധാനങ്ങളുടെ അപര്യാപ്തത വലിയ പ്രശ്നങ്ങൾ സൃഷ്ടിച്ചിട്ടുള്ളത് അധ്യായം 1 ൽ സൂചിപ്പിച്ചല്ലോ. ഇത് പരിഹരിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപന വാർഡുകൾ/ഡിവിഷൻ തലത്തിൽ മാലിന്യങ്ങൾ തരംതിരിക്കുന്നതിനും ശേഖരിച്ചു വെയ്ക്കുന്നതിനും വേണ്ടിയുള്ള മിനി എം സി എഫുകളുടെ എണ്ണം ആനുപാതികമായി വർധിപ്പിക്കേണ്ട സാഹചര്യമുണ്ട്.

രണ്ടു ഇതര സംസ്ഥാനങ്ങളുമായി അതിർത്തി പങ്കിടുന്ന കേരളത്തിലെ തന്നെ ഒരേ ഒരു ജില്ലയാണ് വയനാട്. കർണാടക, തമിഴ്നാട് സംസ്ഥാനങ്ങൾ വയനാടുമായി അതിർത്തി പങ്കിടുന്നതിനാൽ ധാരാളം സഞ്ചാരികൾ, വ്യാപാരികൾ, വ്യവസായികൾ, അന്യ സംസ്ഥാന തൊഴിലാളികൾ തുടങ്ങിയവർ ദിനംപ്രതി ജില്ലയിലെത്തുകയാണ്. പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ, ഭക്ഷണ അവശിഷ്ടങ്ങൾ എന്നിവ വഴിയോരങ്ങളിലും പൊതുസ്ഥലങ്ങളിലും വിനോദസഞ്ചാര കേന്ദ്രങ്ങളിലും നിക്ഷേപിക്കുകയും വലിച്ചെറിയുകയും ചെയ്യുന്നു. ഇത്തരം പ്രവൃത്തികൾ ചെയ്യാതിരിക്കാനുള്ള അവബോധം സഞ്ചാരികളിൽ വളർത്തിയെടുക്കുന്നതിന് പ്രത്യേക സംവിധാനങ്ങൾ അതിർത്തി പ്രദേശങ്ങളിൽ തന്നെ രൂപപ്പെടുത്താവുന്നതാണ്. ഗ്രീൻ ചെക്ക്പോസ്റ്റ് സംവിധാനവും എൻഫോഴ്സ്മെന്റും ശക്തിപ്പെടുത്തുകയും അതിർത്തി പ്രദേശങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുൻകയ്യെടുത്ത് സി സി ടി വി ക്യാമറകൾ സ്ഥാപിക്കുകയും മാലിന്യങ്ങൾ വലിച്ചെറിയുന്നതിനെതിരെയുള്ള നിർദ്ദേശക ബോർഡുകൾ സ്ഥാപിക്കുകയും ചെയ്താൽ ഒരു പരിധി വരെ വലിച്ചെറിയൽ തടയാൻ സാധിക്കും. മറ്റ് സംസ്ഥാനങ്ങളുമായി അതിർത്തി പങ്കിടുന്ന നൂൽപ്പുഴ, മുള്ളൻകൊല്ലി, മുപ്പൈനാട്, നെന്മേനി പോലുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അതിർത്തി പ്രദേശങ്ങളിൽ കൃത്യമായ ഇടവേളകളിൽ ക്ലീൻ ഡ്രൈവുകൾ സംഘടിപ്പിക്കുന്നതും മാലിന്യത്തിന്റെ അളവ് കുറയ്ക്കാൻ സഹായകമാവും.

23 ഗ്രാമപഞ്ചായത്തുകളും 3 മുനിസിപ്പാലിറ്റികളും ഉൾപ്പെടുന്ന വയനാട് ജില്ലയിൽ ശേഖരിക്കപ്പെടുന്ന മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് പലപ്പോഴും കാലതാമസം നേരിടാറുണ്ട്. ഓരോ ബ്ലോക്കിലും ഒരു ആർ ആർ എഫ് (റിസോഴ്സ് റിക്കവറി ഫെസിലിറ്റി ) എന്ന കണക്കിൽ ജില്ലയിൽ 4 ആർ ആർ എഫുകൾ ആവശ്യമുണ്ട്. വയനാട് ജില്ലയുടെ ആകെ ഉത്പാദിപ്പിക്കപ്പെടുന്ന മാലിന്യത്തിന്റെ അളവും, സ്ഥല ലഭ്യതയും കണക്കാക്കിയാൽ ആർ ആർ എഫുകൾ അത്യന്താപേക്ഷിതമാണ്. ഇത്തരം കേന്ദ്രങ്ങൾ സ്ഥാപിക്കാത്തതിന്റെ പ്രധാന കാരണം സ്ഥലത്തിന്റെ ലഭ്യതക്കുറവും ജനങ്ങളുടെ എതിർപ്പുമാണ്. സാധാരണ ജനവിഭാഗങ്ങളിൽ കൃത്യമായ ബോധവൽകരണം നടത്തിയും സുരക്ഷ സംവിധാനങ്ങൾ ഒരുക്കിയും ആർ ആർ എഫുകൾ സ്ഥാപിക്കുന്നതിന് മുൻകൈ എടുക്കുകയും ത്രിതല

പഞ്ചായത്ത് സംവിധാനം ഉപയോഗിച്ച് ആർ ആർ എഫിനുള്ള സ്ഥലം കണ്ടെത്തി സ്ഥാപിക്കുകയും ചെയ്യുന്നതിലൂടെ ഈ പ്രശ്നം മറികടക്കാനാകും.

പ്ലാസ്റ്റിക് കവറുകൾ, കുപ്പികൾ, പേപ്പർ, ലെതർ, പ്ലാസ്റ്റിക് ബാഗുകൾ, ചെരുപ്പുകൾ, കാർഡ്ബോർഡുകൾ, തെർമ്മോക്കോൾ എന്നിവ പുറന്തള്ളപ്പെടുന്നത് കുറയ്ക്കാനും പുനഃചംക്രമണ സാധ്യമല്ലാത്ത പ്ലാസ്റ്റിക് വസ്തുക്കൾ shredding ലൂടെ റോഡ് ടാറിങ്ങിന് ഉപയോഗിക്കാൻ കഴിയും വിധം മാറ്റിയെടുക്കാനും ആർ ആർ എഫുകൾ വഴിതുറക്കും. പുനഃചംക്രമണത്തിനായി പ്ലാന്റുകളിലേക്ക് കൈമാറേണ്ട മൂല്യവർദ്ധിത പാഴ്വസ്തുക്കൾ കൊണ്ടുപോകുന്നതിനായി ബെയിലിംഗ് മെഷീനുകൾ സ്ഥാപിക്കുന്നതിലൂടെ ഇവ പ്രെസ്സ് ചെയ്ത് വലുപ്പം കുറയ്ക്കാൻ സാധിക്കും. സംഭരിക്കുന്ന പാഴ്വസ്തുക്കൾ പൊടി രഹിതമാക്കുന്നതിന് ഡസ്റ്റ് റിമൂവർ സംവിധാനവും ഉപകരിക്കും. ഉപയോഗ ശൂന്യമായ ഡയപ്പറുകളും സാനിട്ടറി മാലിന്യങ്ങളും സംസ്കരിക്കുന്നതിന് ഡബിൾ ചേമ്പർ ഇൻസിനറേറ്ററുകൾ കൂടുതലായി സ്ഥാപിക്കുന്നത് ഉചിതമാണ്. സ്കൂളുകളിലും കോളേജുകളിലും നിലവിൽ സ്ഥാപിച്ചിട്ടുള്ള സിംഗിൾ ചേമ്പർ ഇൻസിനിറേറ്റർ ഒഴിവാക്കി പരിസ്ഥിതിക്കനുയോജ്യമായ ഡബിൾ ചേമ്പർ ഇൻസിനറേറ്റർ ആക്കുകയും കമ്മ്യൂണിറ്റി തലത്തിൽ കൂടുതൽ എണ്ണം സ്ഥാപിക്കുകയും ചെയ്താൽ സാനിട്ടറി മാലിന്യങ്ങളുമായി ബന്ധപ്പെട്ട് നിലവിലുള്ള പ്രശ്നങ്ങൾ പരിഹരിക്കാനാകും.

ഗാർഹിക/സ്ഥാപനതലത്തിലുണ്ടാകുന്ന ജൈവ മാലിന്യങ്ങൾ പ്രധാനമായും ആഹാരവശിഷ്ടങ്ങളും, അവ പാകം ചെയ്യുമ്പോഴുണ്ടാകുന്ന മാലിന്യങ്ങളുമാണ്. ഇവ സംസ്കരിക്കുന്നതിന് ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഇനിയും മുന്നോട്ട് പോവേണ്ടതുണ്ട്. ഗ്രാമപ്രദേശങ്ങളിൽ ജൈവ മാലിന്യം കാര്യമായ പ്രതിസന്ധി സൃഷ്ടിക്കുന്നില്ലെങ്കിലും ജൈവ മാലിന്യ ഉപാധികളുടെ ഉപയോഗത്തിൽ വേണ്ടത്ര ബോധവൽകരണം ജനങ്ങളുടെ ഇടയിൽ ഇല്ല. ഉറവിട മാലിന്യ സംസ്കരണ സംവിധാനമുള്ള വീടുകളും സ്ഥാപനങ്ങളും സർവ്വേ നടത്തി കണ്ടെത്തി, സർവ്വേയിലൂടെ ബയോബിൻ, കിച്ചൺ ബിൻ , ബൊക്കാഷി ബക്കറ്റ് തുടങ്ങി വിവിധ ജൈവ മാലിന്യ സംസ്കരണ ഉപാധികളുടെ നിലവിലെ സ്ഥിതി വിലയിരുത്താവുന്നതാണ്. ജൈവ മാലിന്യം സംസ്കരിക്കാനുള്ള ഇനോക്കുലത്തിന്റെ ലഭ്യത കണ്ടെത്തുക വഴി ഉറവിട ജൈവമാലിന്യ സംസ്കരണം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് സാധിക്കും. ഗ്യാപ്പ് ഉള്ള ഇടങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി തയ്യാറാക്കി കിച്ചൺ ബിൻ, ബയോബിൻ പോലുള്ള ഗാർഹികതല ചെറുകിട കമ്പോസ്റ്റിങ് സംവിധാനങ്ങൾ സ്ഥാപിച്ചു നൽകുന്നതിലൂടെ കൃഷി ആവശ്യങ്ങൾക്കുള്ള വളം ഉത്പാദിപ്പിക്കുന്നതിന് കഴിയും. ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിലൂടെ പാചക ഇന്ധനം ഉൽപ്പാദിപ്പിക്കുന്നതിനും സാധിക്കും. ഓഫീസുകൾ, ആശുപത്രികൾ , ഹോട്ടലുകൾ , റസ്റ്റോറന്റുകൾ, കല്യാണ മണ്ഡപങ്ങൾ, ഷോപ്പിങ് മാളുകൾ എന്നിവിടങ്ങളിൽ നിന്ന് ഉൽപ്പാദിപ്പിക്കുന്ന ജൈവമാലിന്യത്തിന്റെ തോത് താരതമ്യേന കൂടുതലാണ്. രൂപപ്പെടുന്ന അഴുകുന്ന മാലിന്യത്തിന്റെ അളവിന് അനുസൃതമായി എയാറോബിക് ബിൻ , മോഡൽ കമ്പോസ്റ്റ് യൂണിറ്റ് (തുമ്പൂർമുഴി മോഡൽ ) വലിയ പോർട്ടബിൾ ബയോ (കമ്പോസ്റ്റ്) ബിന്നുകൾ, ഉയർന്ന ശേഷിയുള്ള ബയോഗ്യാസ് പ്ലാന്റുകൾ, ഓർഗാനിക്ക് വേസ്റ്റ് കൺവേർട്ടർ (OWC) എന്നിവ സ്ഥാപിച്ചു വളവും ഇന്ധനവുമാക്കി മാറ്റാവുന്ന രീതി അവലംബിക്കാവുന്നതാണ്. ജൈവമാലിന്യത്തിന്റെ അളവിനനുസരിച്ചു ചെറുകിട (ഗാർഹിക) ജൈവമാലിന്യ സംസ്കരണ ഉപാധികളും സ്ഥാപിക്കാവുന്നതാണ്. ഉപയോഗ രീതിയെക്കുറിച്ചുള്ള ധാരണക്കുറവും കമ്പോസ്റ്റിങ്ങിനാവശ്യമായ ഇനോക്കുലത്തിന്റെ ലഭ്യതക്കുറവ് മൂലവും പല വീടുകളിലെയും സ്ഥാപങ്ങളിലെയും ജൈവമാലിന്യ സംസ്കരണ സംവിധാനങ്ങൾ ഉപയോഗിക്കപ്പെടുന്നില്ല. വീടുകളിൽ ഇതുവരെ നൽകിയിട്ടുള്ള ഗാർഹിക ജൈവമാലിന്യ സംസ്കരണ സംവിധാനങ്ങൾ പ്രവർത്തിപ്പിക്കാൻ ഗുണഭോക്താക്കൾക്ക് ആവശ്യമായ പരിശീലനം നൽകുന്ന പദ്ധതികൾ അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടപ്പിലാക്കാവുന്നതാണ്. ശുചീകരണ തൊഴിലാളികൾക്ക് ആവശ്യമായ പരിശീലനം ലഭ്യമാക്കുക, കുടുംബശ്രീ, ഹരിതകർമ്മസേന യൂണിറ്റുകൾ മുഖേന ഇനോക്കുലം നിർമ്മാണ യൂണിറ്റുകൾ പ്രോത്സാഹിപ്പിക്കുക എന്നിവയും മാലിന്യത്തിന്റെ അളവ് കുറയ്ക്കാൻ സഹായകമാവും.

ഖരമാലിന്യ സംസ്കരണത്തിന് നൽകുന്ന അതേ പ്രാധാന്യം നൽകേണ്ട മേഖലയാണ് ദ്രവമാലിന്യ സംസ്കരണവും വീടുകളിലോ ഓഫീസ് കെട്ടിടങ്ങളിലോ ഉൽപ്പാദിപ്പിക്കുന്ന മലിനജലമായ ഗ്രേ വാട്ടറും മലമൂത്ര വിസർജ്ജനമുൾപ്പെടുന്ന ബ്ലാക്ക് വാട്ടറും ദ്രവമാലിന്യത്തിലുൾപ്പെടുന്നു. ബ്ലാക്ക് വാട്ടറിനെക്കാൾ രോഗകാരികൾ കുറവായതിനാൽ ഗ്രേ വാട്ടർ കൈകാര്യം ചെയ്യുന്നത് പൊതുവെ സുരക്ഷിതവുമാണ്. ടോയിലെറ്റ് ഫ്ലഷിങ്, ലാന്റ്സ്കേപ്പ് അല്ലെങ്കിൽ കൃഷി, ജലസേചനം, മറ്റ് കുടിവെള്ളം അല്ലാത്ത ഉപയോഗങ്ങൾ എന്നിവയ്ക്കായി ഗ്രേ വാട്ടർ പുനരുപയോഗിക്കുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്. ഗ്രേ വാട്ടർ ഉൽപ്പാദനത്തിന്റെ തോത് കണക്കിലെടുത്ത് ഉചിതമായ പ്ലാന്റ് തീരുമാനിക്കാം. വീടുകളിൽ മാത്രം ഉൽപ്പാദിപ്പിക്കുന്ന ഗ്രേ വാട്ടർ സോക്ക് പിറ്റ്കൾ വഴി സംസ്കരിക്കാവുന്നതാണ്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി അർഹതപ്പെട്ട ഗുണഭോക്താക്കൾക്ക് സോക്ക് പിറ്റുകൾ വിതരണം ചെയ്യുന്ന പദ്ധതികൾ തദ്ദേശ സ്ഥാപനങ്ങൾ ആസൂത്രണം ചെയ്യേണ്ടതുണ്ട്. താരതമ്യേന ഗ്രേ വാട്ടറിന്റെ തോത് കൂടിയ ഇടങ്ങളിൽ കമ്മ്യൂണിറ്റി തലത്തിൽ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ (STP) സ്ഥാപിക്കാവുന്നതാണ്. ഓഫീസ് സമുച്ചയങ്ങൾ, ഹോസ്റ്റലുകൾ, കോട്ടേജുകൾ തുടങ്ങി ജലത്തിന്റെ ഉപയോഗം കൂടിയ മേഖലകളിൽ ഇത്തരം പ്ലാന്റുകൾ ഉചിതമാണ്. താരതമ്യേന അപകടകാരിയായ ബ്ലാക്ക് വാട്ടർ ശരിയായ രീതിയിൽ സംസ്കരിച്ചില്ലെങ്കിൽ പൊതുജനങ്ങൾക്കും പരിസ്ഥിതി ആരോഗ്യത്തിനും അപകടസാധ്യതയുള്ളതാണ്. ബ്ലാക്ക് വാട്ടർ ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് ഗാർഹിക തലത്തിലും കമ്മ്യൂണിറ്റി തലത്തിലുമുള്ള സംവിധാനങ്ങളാണ് ഉചിതം. ഗാർഹിക തലത്തിൽ ഏറ്റവും ചെലവ് കുറഞ്ഞ മാർഗ്ഗമാണ് സെപ്റ്റിക് ടാങ്കുകൾ. ഒറ്റക്കുഴി സെപ്റ്റിക് ടാങ്കുകൾക്ക് പകരം ശാസ്ത്രീയ മാലിന്യ സംസ്കരണം നടക്കുന്ന ഇരട്ടക്കുഴികളുള്ള സെപ്റ്റിക് ടാങ്കുകളാണ് സ്ഥാപിക്കേണ്ടത് .

കക്കൂസ് മാലിന്യം ശാസ്ത്രീയമായി പരിപാലിക്കാനാവശ്യമായ പ്ലാന്റുകൾ ജില്ലയിൽ കുറവാണ്. ഗ്രാമപ്രദേശങ്ങളിലെയും നഗരപ്രദേശങ്ങളിലെയും കക്കൂസ് മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുന്നതിനുവേണ്ടി ജില്ലാടിസ്ഥാനത്തിൽ ഒരു പ്ലാന്റ് സ്ഥാപിച്ചാൽ കക്കൂസ് മാലിന്യ



പ്രശ്നം പരിഹരിക്കാനാവും. ജില്ലയിലെ സ്ഥല പരിമിതിയുടെ അഭാവം ഇത്തരത്തിലുള്ള പ്ലാന്റ് സ്ഥാപിക്കുന്നതിന് തടസമാവുന്നുണ്ട്. മലമൂത്ര വിസർജ്ജനമുൾപ്പെടുന്ന മാലിന്യത്തിന്റെ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള എതിർപ്പ് മുന്നിൽ കണ്ട് ജനങ്ങളെ ബോധവൽക്കരിക്കേണ്ടതും ആവശ്യമാണ്. കല്പറ്റ മുനിസിപ്പാലിറ്റിയിൽ സ്ഥിതി ചെയ്യുന്ന Fecal Sludge Treatment Plant (FSTP) കേരളത്തിലെ തന്നെ രണ്ടാമത്തെ FSTP ആണ്. പൂർണ സുരക്ഷിതത്വം ഉറപ്പാക്കി ഇത്തരത്തിലുള്ള പ്ലാന്റുകൾ സ്ഥാപിക്കുന്നതോടെ ജനങ്ങളുടെ എതിർപ്പുകൾ കുറയ്ക്കാനും സാധിക്കും. ജില്ലയിൽ 240 kld കപ്പാസിറ്റിയുള്ള പ്ലാന്റിന്റെ ആവശ്യമുണ്ട്. വീടുകളിലും സ്ഥാപനങ്ങളിലുമുള്ള സെപ്റ്റിക് ടാങ്കുകൾ മൂന്നു വർഷത്തിലൊരിക്കൽ ഡീസ്ലഡ്ജ് ചെയ്യേണ്ടതാവശ്യമാണ്. ഇതിലൂടെ കുടിവെള്ളത്തിൽ കലരുന്ന ഇ.കോളി ബാക്ടീരിയയുടെ സാന്നിദ്ധ്യം പൂർണമായും ഇല്ലാതാക്കുകയും ഇതുമൂലംഉണ്ടാകുന്ന ജലജന്യ രോഗങ്ങളെ തടയാനും സാധിക്കും.

ഉൽപ്പാദിപ്പിക്കപ്പെടുന്ന മാലിന്യത്തിന്റെ തോത് കൂടുതലുള്ള ഹോട്ടൽ, റസ്റ്റോറന്റ്, ഹോസ്പിറ്റൽ, സ്കൂളുകൾ, കോളേജുകൾ, ഹോസ്റ്റലുകൾ, വ്യാപാര സമുച്ചയങ്ങൾ പോലുള്ള ബൾക്ക് വേസ്റ്റ് ജനറേറ്റ് ചെയ്യുന്ന ഇടങ്ങളിൽ മാലിന്യ സംസ്കരണത്തിൽ പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതുണ്ട്. സ്ഥല ലഭ്യതയുടെ അഭാവം, കൈമാറ്റം ചെയ്യുന്നതിലുള്ള കാലതാമസം, പുനരുപയോഗ യോഗ്യമല്ലാത്ത വസ്തുക്കളുടെ വർധനവ് എന്നിവയെല്ലാം ബൾക്ക് വേസ്റ്റ് ജനറേറ്റ് ചെയ്യുന്നതിന് കാരണമാകുന്നു. പലതരത്തിലുള്ള മാലിന്യങ്ങളെ തരംതിരിച്ചു ശേഖരിച്ചു സംസ്കരിക്കുന്നതിലുള്ള അവബോധക്കുറവും വലിച്ചെറിയുന്നതും കൂട്ടിയിട്ട് കത്തിക്കുന്നതും ശിക്ഷാർഹമാണെന്നുള്ള അറിവില്ലായ്മയും പരിസ്ഥിതി മലിനപ്പെടുന്നതിന് കാരണമാവുന്നു. ജില്ലയിൽ ബൾക്ക് വേസ്റ്റ് ജനറേറ്റേഴ്സിന്റെ എണ്ണം വർധിച്ചുവരുന്ന സാഹചര്യത്തിൽ പരിസ്ഥിതിക്ക് ദോഷം ചെയ്യാത്ത രീതിയിൽ മാലിന്യ സംസ്കരണ ഉപാധികൾ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടപ്പിലാക്കുന്നത് ഈ മേഖലയിലെ പ്രശ്നം പരിഹരിക്കും. കൃത്യമായ ഇടവേളകളിൽ ബൾക്ക് വേസ്റ്റ് ജനറേറ്റേഴ്സിന്റെ യോഗം വിളിച്ചുചേർക്കുകയും മാലിന്യ സംസ്കരണത്തെക്കുറിച്ചുള്ള വ്യക്തമായ അവബോധം ക്ലാസ്സുകളിലൂടെയും സെമിനാറുകളിലൂടെയും നൽകി, ജില്ലാടിസ്ഥാനത്തിൽ എൻഫോഴ്സ്മെന്റ് ടീം രൂപീകരിച്ച് കൃത്യമായ ഇടവേളകളിലുള്ള പരിശോധന നടപ്പിലാക്കാവുന്നതാണ്.

ഓഫീസ് സമുച്ചയങ്ങൾ ഉൾപ്പെടുന്ന സിവിൽ സ്റ്റേഷനുകളിലും ആരോഗ്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഖര-ദ്രവ മാലിന്യ സംസ്കരണത്തിന് കമ്മ്യൂണിറ്റിതലത്തിലുള്ള മാലിന്യ സംസ്കരണ ഉപാധികൾ അവലംബിക്കാവുന്നതാണ്. ഓരോ സ്ഥാപനത്തിലും പ്രത്യേകം ഉപാധികൾ സ്ഥാപിക്കുന്നതിന് പകരം കമ്മ്യൂണിറ്റി തലത്തിൽ നടപ്പാക്കുന്നതിലൂടെ സ്ഥല ലഭ്യതയും പരിപാലനവും കാര്യക്ഷമമാക്കാൻ കഴിയും. ഇതിലൂടെ ഉറവിട മാലിന്യ സംസ്കരണം ഉറപ്പുവരുത്തുന്നതിനും സാധിക്കും. കമ്മ്യൂണിറ്റി തലത്തിൽ ജൈവ മാലിന്യ സംസ്കരണത്തിനായി എയ്റോബിക് ബിൻ കമ്പോസ്റ്റ് (തുമ്പൂർമുഴി) യൂണിറ്റ്, വലിയ പോർട്ടബിൾ ബയോ കമ്പോസ്റ്റ് ബിന്നുകൾ, വിൻഡ്രോ വെർമികമ്പോസ്റ്റിങ് യൂണിറ്റുകൾ, പിറ്റ് കമ്പോസ്റ്റുകൾ, ഉയർന്ന ശേഷിയുള്ള ബയോഗ്യാസ് പ്ലാന്റുകൾ, ഓർഗാനിക്ക് വേസ്റ്റ് കൺവേർട്ടർ മുതലായവ സ്ഥാപിച്ച് വളവും ഇന്ധനവുമാക്കി മാറ്റാം. അജൈവ മാലിന്യ ശേഖരണവും സംസ്കരണവും ഉറപ്പാക്കുന്നതിനായി കമ്മ്യൂണിറ്റി തലത്തിൽ കൂടുതൽ മിനി എം സി എഫുകളും ബോട്ടിൽ ബൂത്തുകളും പോലെയുള്ള ഉപാധികൾ സ്ഥാപിക്കുന്നതിലൂടെയും മലിനീകരണ തോത് കുറയ്ക്കാനാകും.

ജില്ലയിൽ നടക്കുന്ന എല്ലാ ഉത്സവങ്ങളും പരിപാടികളും ആഘോഷങ്ങളും ഹരിതചട്ടം പാലിച്ച് നടപ്പിലാക്കുകയും ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക്ക് ഉത്പന്നങ്ങൾ ഒഴിവാക്കി പ്രകൃതി സൗഹൃദ വസ്തുക്കളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുകയും ചെയ്താൽ മാലിന്യത്തിന്റെ അളവ് കുറയും.

മെച്ചപ്പെട്ട ശുചിത്വ സമ്പ്രദായങ്ങൾ സ്വീകരിക്കുന്നതിന് ജനങ്ങളുടെ പെരുമാറ്റത്തിലുള്ള മാറ്റം അനുവാര്യമാണ്. അതിനാൽ ഐ ഇ സി പ്രവർത്തനങ്ങളുടെ ആസൂത്രണവും അവയുടെ ഫലപ്രദമായ നടപ്പാക്കലും ശുചിത്വ വയനാടിന്റെ വിജയത്തിനനിവാര്യമാണ്. പൊതു സ്ഥലങ്ങളിലും



വഴിയോരങ്ങളിലും മലിനീകരണം തടയുന്ന നിർദേശക ബോർഡുകൾ സ്ഥാപിക്കുകയും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ വരുന്ന സ്കൂളുകളിലും കോളേജുകളിലും ബോധവൽകരണ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും ചെയ്യാവുന്നതാണ്. എല്ലാ ടൂറിസം കേന്ദ്രങ്ങളും ഗ്രീൻ പ്രോട്ടോക്കോൾ പാലിച്ച് പൂർണമായും മാലിന്യമുക്തമാക്കുക, ജില്ലയിൽ ശുചിത്വ പ്രവർത്തനങ്ങൾ സുസ്ഥിരമാക്കുന്നതിന് വേണ്ടി കൂടുതൽ ബോധവൽകരണ പരിപാടികൾ സംഘടിപ്പിക്കുക മുതലായ പ്രവർത്തനങ്ങൾ നടപ്പാക്കുക വഴി മാലിന്യ സംസ്കരണ രംഗത്ത് വളരെയധികം മാറ്റം വരുത്താൻ സാധിക്കും.

# ഹരിതകേരളം മിഷൻ നടത്തിയ ഇടപെടലുകളും നേട്ടങ്ങളും

വയനാട് ജില്ലയെ സംബന്ധിച്ചിടത്തോളം പാരിസ്ഥിതിക മേഖലയിൽ നിരവധിയായ പ്രശ്നങ്ങളും വെല്ലുവിളികളും നേരിടേണ്ടി വന്നിട്ടുണ്ട്. കാർഷിക മേഖലയെ ആശ്രയിച്ചാണ് ജില്ലയിലെ ഭൂരിഭാഗം ജനങ്ങളും ജീവിക്കുന്നത്. ജനസാന്ദ്രതയിലുണ്ടായ വർധനവും ടൂറിസം മേഖലയുടെ വളർച്ചയും കാലാവസ്ഥ വ്യതിയാനവും വയനാട് പോലുള്ള പരിസ്ഥിതി ലോലപ്രദേശങ്ങളെ സാരമായി ബാധിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ കഴിഞ്ഞ 10 വർഷക്കാലമായി ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നടത്തിയ പ്രവർത്തനങ്ങൾ മൂലം പാരിസ്ഥിതിക പ്രശ്നങ്ങൾ ഒരു പരിധിവരെ പരിഹരിക്കാൻ സാധിച്ചിട്ടുണ്ട്. കൃഷി, മാലിന്യ സംസ്കരണം, ജലസംരക്ഷണം എന്നിങ്ങനെ മൂന്നു മേഖലയായി തിരിച്ച് തദ്ദേശസ്ഥാപനതലത്തിൽ വിവിധ വകുപ്പുകളുടെയും സന്നദ്ധ സംഘടനകളുടെയും, വിദ്യാർഥി യുവജന സംഘടനകളുടെയും മറ്റ് കാർഷിക സംഘടനകൾ , തൊഴിലാളി സംഘടനകൾ, കുടുംബശ്രീ, എം ജി എൻ ആർ ഇ ജി എസ് എന്നിങ്ങനെയുള്ള ഏജൻസികളുടെയും സഹകരണത്തോടെ വലിയ ജനപങ്കാളിത്തത്തോടെയാണ് പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തിയിട്ടുള്ളത്. കാർഷിക മേഖലയുടെ സുസ്ഥിര വികസനം, പരിസ്ഥിതി പുനഃസ്ഥാപനം, നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന പരിസ്ഥിതിയുടെ സ്വഭാവികത വീണ്ടെടുക്കൽ തുടങ്ങിയ ലക്ഷ്യങ്ങളോടെ വിവിധ പദ്ധതികൾ ആസൂത്രണം ചെയ്ത് മിഷന്റെ നേതൃത്വത്തിൽ നടപ്പാക്കാൻ സാധിച്ചു. ജൈവകൃഷിയും വീട്ടുവളപ്പിലെ പച്ചക്കറി കൃഷിയും വ്യാപിപ്പിക്കുക, നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന വൃക്ഷ സമ്പത്ത് തിരിച്ചുകൊണ്ടുവരിക, ജലസമ്പത്തിന്റെ സംരക്ഷണവും വ്യാപ്തി വർധിപ്പിക്കുക, മാലിന്യ സംസ്കരണ രംഗത്ത് ജൈവ-അജൈവ മാലിന്യങ്ങൾ, ഇ-മാലിന്യങ്ങൾ, നിർമ്മാണ അവശിഷ്ടങ്ങൾ, സാനിട്ടറി മാലിന്യങ്ങൾ എന്നീ മേഖലകളിൽ ഉണ്ടായിരുന്ന ശാസ്ത്രീയ മാലിന്യ സംസ്കരണത്തിന്റെ വിടവുകൾ പരിഹരിക്കുക തുടങ്ങിയ മേഖലകളിൽ മിഷന്റെ പ്രവർത്തനങ്ങൾ ഗുണപരമായ മാറ്റങ്ങൾക്ക് കാരണമായിട്ടുണ്ട്. അത്തരത്തിൽ 2016 മുതൽ ജില്ലയിൽ നടന്ന പ്രധാന ഇടപെടലുകളും അതിലൂടെ ഉണ്ടായി വന്ന നേട്ടങ്ങളുമാണ് ഇവിടെ വിവരിക്കുന്നത്.

## കൃഷി, പരിസ്ഥിതി പുനഃസ്ഥാപനം

കേരളത്തിന്റെ കാർഷിക പൈതൃകത്തിൽ ഒഴിച്ചുകൂടാനാവാത്ത ഒരു സ്ഥാനം വയനാടിനുണ്ട്. കൃഷിയും കാലാവസ്ഥയും ഭൂപ്രകൃതിയുമെല്ലാം വയനാടിനെ കേരളത്തിലെ മറ്റ് ജില്ലകളിൽ നിന്ന് വ്യത്യസ്തമാക്കുന്ന ഘടകങ്ങളാണ്. വയൽനാടായി അറിയപ്പെടുന്ന വയനാടിന്റെ കൃഷി രീതി തന്നെ ഒരു കാലത്ത് ഈ നാടിന്റെ കാലാവസ്ഥയെ നിയന്ത്രിച്ചു പോന്നിരുന്നു. നിലവിലുള്ള നെൽകൃഷി ഉൽപ്പാദനത്തിന്റെ വർധനവ് , പച്ചക്കറി ഉൽപ്പാദനത്തിലെ സ്വയം പര്യാപ്തത, ജൈവ-വള നിർമ്മാണ പ്രോത്സാഹനം, കാർഷിക മേഖലയിലെ തൊഴിലവസരം എന്നിവയെ ലക്ഷ്യംവെച്ചു കൊണ്ടുള്ള പ്രവർത്തനങ്ങളാണ് കാർഷിക മേഖലയിൽ നടന്നു വരുന്നത്.

സുസ്ഥിര വികസനം, സ്വയം പര്യാപ്തത എന്നീ ലക്ഷ്യങ്ങൾ കൈവരിക്കാൻ കൃഷി അനുബന്ധ മേഖലകളിൽ സമഗ്രമായ വികസനം ലക്ഷ്യമാക്കിയുള്ള പദ്ധതികളാണ് ഹരിതകേരളം മിഷൻ ജില്ലയിൽ നടപ്പിലാക്കി വരുന്നത്. ഇതിന്റെ ഭാഗമായി നെൽകൃഷി പ്രോൽസാഹനം,പച്ചക്കറി കൃഷി വ്യാപിപ്പിക്കൽ, ജൈവകൃഷി പ്രോത്സാഹനം, തരിശ് രഹിത കൃഷി, പച്ചത്തുരുത്ത് വ്യാപനം,നെറ്റ് സീറോ കാർബൺ എന്നീ മേഖലകളിലെല്ലാം മിഷന്റെ നേതൃത്വത്തിൽ ക്യാമ്പയിനുകളും ബോധവൽക്കരണ പരിപാടികളും ചെയ്തു വരുന്നു.

## തരിശുരഹിത ഗ്രാമം ക്യാമ്പയിൻ

തരിശിടങ്ങൾ കൃഷിയോഗ്യമാക്കുന്നത് ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുന്നതിനും കർഷകരുടെ വരുമാനം വർധിപ്പിക്കുന്നതിനും പാരിസ്ഥിതിക സന്തുലിതാവസ്ഥ മെച്ചപ്പെടുത്തുന്നതിനും ഭൂമിയെ ഉൽപ്പാദനക്ഷമമാക്കുന്നതിനും സഹായിക്കുന്നു. ജില്ലയിൽ തരിശ് നില കൃഷി വ്യാപനത്തിന്റെ ഭാഗമായി തരിശായി കിടന്നിരുന്ന വിവിധ പ്രദേശങ്ങൾ മിഷന്റെയും കൃഷി വകുപ്പിന്റെയും നേതൃത്വത്തിൽ കണ്ടെത്തി കൃഷി ആരംഭിച്ചു. 2020-ൽ 4 ബ്ലോക്കുകളിലായി എടവക, വെങ്ങപ്പള്ളി, പൂതാടി, മീനങ്ങാടി എന്നീ ഗ്രാമപഞ്ചായത്തുകൾ തരിശുരഹിത ഗ്രാമപഞ്ചായത്തുകളായി പ്രഖ്യാപിച്ചു. പൂതാടി ഗ്രാമപഞ്ചായത്തിൽ തരിശായിക്കിടക്കുന്നതും കൃഷിയോഗ്യമായതുമായ 7.5 ഏക്കർ കരഭൂമിയിലും 80 ഏക്കർ വയലിലും കൃഷി ചെയ്തുകൊണ്ടാണ് തരിശുരഹിത ഗ്രാമം പദ്ധതിക്ക് തുടക്കം കുറിച്ചത്. എടവക ഗ്രാമപഞ്ചായത്തിൽ കരഭൂമിയിൽ കിഴങ്ങ് വർഗ്ഗങ്ങളും വാഴയും വയലിൽ നെൽകൃഷിയുമാണ് ചെയ്തത്. വെങ്ങപ്പള്ളി ഗ്രാമപഞ്ചായത്തിൽ തരിശുരഹിതഗ്രാമം പദ്ധതിയുടെ ഭാഗമായി 30 ഏക്കറോളം വരുന്ന തരിശുപാടത്ത് നെൽകൃഷി ചെയ്തു. തുടർവർഷങ്ങളിലും തരിശുപാടങ്ങൾ കൈവശമുള്ളവരിൽ നിന്ന് കുടുംബശ്രീ സ്വയം സഹായ സംഘങ്ങൾ, യുവജന സംഘടനകൾ തുടങ്ങിയവർ ഭൂമി പാട്ടത്തിനെടുത്ത് കൃഷി ചെയ്തിരുന്നു. കോട്ടത്തറ ഗ്രാമ പഞ്ചായത്തിലെ വണ്ടിയാമ്പറ്റയിൽ വർഷങ്ങളായി തരിശായിക്കിടന്ന 53 സെന്റ് സ്ഥലത്ത് പ്രാദേശിക കർഷകരുടെ സഹായത്തോടെ നെൽകൃഷി ഇറക്കുകയും നൂറു മേനി കൊയ്തെടുക്കുകയും ചെയ്തു. 2021-ൽ ജില്ലയിലെ മുട്ടിൽ, കണിയാമ്പറ്റ, നെന്മേനി എന്നീ ഗ്രാമപഞ്ചായത്തുകളെയും തരിശുരഹിത ഗ്രാമപഞ്ചായത്തുകളായി പ്രഖ്യാപിച്ചു. മാനന്തവാടി നഗരസഭയുടെ നേതൃത്വത്തിൽ നൂറ് ഏക്കറോളം വരുന്ന തരിശുനിലത്ത് നെൽകൃഷി ചെയ്തു. ആധുനിക കൃഷിക്കൊപ്പം പരമ്പരാഗത നാട്ടറിവ് സാധ്യതകളും ഉപയോഗപ്പെടുത്തിക്കൊണ്ട് വയനാടിന്റെ തനത് വിത്തുകളും പാരമ്പര്യ നെൽവിത്തുകളും പ്രത്യേകമായാണ് കൃഷി ചെയ്തത്, ഇതിലൂടെ ഗന്ധകശാല നെൽകൃഷിയും പ്രോത്സാഹിപ്പിച്ചിരുന്നു. കൂടാതെ മാത്തൂർ ഗ്രാമത്തിലെ സ്വാശ്രയ സംഘത്തിലെ കൃഷിയെ സ്നേഹിക്കുന്ന ഒരുകൂട്ടം ആൾക്കാർ ചേർന്ന് നെൽകൃഷിയെ തിരിച്ചുപിടിക്കുന്നതിനായി ഒരേക്കറോളം വരുന്ന തരിശ് നിലത്ത് നെൽകൃഷി ചെയ്തു തരിശുരഹിത ഗ്രാമം എന്ന ലക്ഷ്യം കൈവരിച്ച് മാതൃകയായി.

## ഹരിത സമൃദ്ധി വാർഡ് ക്യാമ്പയിൻ

ഹരിതകേരളം മിഷന്റെ ഹരിതസമൃദ്ധി വാർഡ് ക്യാമ്പയിനിന്റെ ഭാഗമായി ജില്ലയിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും കൃഷി വകുപ്പിന്റെയും നേതൃത്വത്തിൽ പ്രവർത്തനങ്ങൾ നടന്നു

വരുന്നു. തദ്ദേശ സ്ഥാപനതലത്തിൽ വാർഡുകളിലെ മുഴുവൻ കുടുംബങ്ങളിലും പച്ചക്കറി തൈകളോ വിത്തുകളോ വിതരണം ചെയ്തിട്ടുണ്ടെങ്കിൽ ഇത്തരം വാർഡുകളെയാണ് ഹരിതസമൃദ്ധി വാർഡുകളായി പ്രഖ്യാപിക്കുന്നത്. വീട്ട് വളപ്പിൽ ജൈവകൃഷി പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് പദ്ധതി ആവിഷ്ക്കരിച്ചത്. ആദ്യ ഘട്ടത്തിൽ പൂതാടി ഗ്രാമപഞ്ചായത്തിലെ എല്ലാവാർഡുകളെയും ഹരിതസമൃദ്ധി വാർഡുകളായി പ്രഖ്യാപിച്ചു. തുടർന്നുള്ള വർഷങ്ങളിൽ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും രണ്ട് വാർഡുകൾ വീതം തിരഞ്ഞെടുത്ത് കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ മുഴുവൻ വീടുകളിലും പച്ചക്കറി തൈകളോ, വിത്തുകളോ വിതരണം ചെയ്തു കൊണ്ട് ഹരിത സമൃദ്ധി വാർഡ് ആയി പ്രഖ്യാപനം നടത്തി. കാലക്രമേണ എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ മുഴുവൻ വാർഡുകളിലേയ്ക്കും പദ്ധതി വ്യാപിപ്പിച്ചു.

## തെങ്ങിനു തടം മണ്ണിന് ജലം

ജലസംരക്ഷണവും കാർഷിക വളർച്ചയും ലക്ഷ്യമിട്ട് ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നടത്തുന്ന ജനകീയ ക്യാമ്പയിനാണ് 'തെങ്ങിന് തടം മണ്ണിന് ജലം'. മഴവെള്ളം ഭൂമിയിലേക്ക് ഇറങ്ങാനും തെങ്ങുകൾക്ക് വെള്ളം സംഭരിക്കാനും തെങ്ങിന് തടം തുറക്കുന്നതിലൂടെ സഹായകമാകുന്നു.

തെങ്ങിന് തടം മണ്ണിന് ജലം ക്യാമ്പയിൻ നടപ്പിലാക്കുന്നതിനായി ആദ്യഘട്ടത്തിൽ തിരഞ്ഞെടുത്തത് പനമരം ബ്ലോക്കിലെ വരൾച്ച ബാധിത മേഖലയായ പുൽപ്പള്ളി ഗ്രാമപഞ്ചായത്തിനെയാണ്. ജില്ലയിലെതന്നെ വലിയ രീതിയിൽ വരൾച്ച ബാധിക്കുന്ന ഒരു പ്രദേശം കൂടിയാണ് പുൽപ്പള്ളി. 19 ആം വാർഡായ പാക്കം ആണ് ക്യാമ്പയിൻ നടത്താൻ തിരഞ്ഞെടുത്ത വാർഡ്. കൂടുതൽ തെങ്ങ് കൃഷിയുള്ള ഒരു പ്രദേശം കൂടിയാണ് പാക്കം. ഭരണസമിതിയിൽ ഈ വിഷയം അവതരിപ്പിക്കുകയും ക്യാമ്പയിനിന് ജനപ്രതിനിധികളുടെ പൂർണ്ണ പിന്തുണ ലഭിക്കുകയും ചെയ്തു. തുടർന്ന് വാർഡ് മെമ്പരുടെ നേതൃത്വത്തിൽ പ്രദേശവാസികൾ,കാർഷിക കർമസേന, കർഷകർ, കൃഷി വകുപ്പ് എന്നിവരുടെ വിപുലമായ യോഗം വാർഡ് തലത്തിൽ വിളിച്ച് ക്യാമ്പയിൻ വിശദീകരണം നടത്തി. പുൽപ്പള്ളി പഴശ്ശിരാജ കോളേജിലെ എൻ.എസ്.എസ് വളണ്ടിയർമാരും യോഗത്തിൽ പങ്കെടുത്തു.വളരെ ജനകീയമായ ഉദ്ഘാടന പരിപാടിയാണ് ക്യാമ്പയിനിന്റെ ഭാഗമായി നടന്നത്. കർഷകർ, സന്നദ്ധ സംഘടനകൾ, തൊഴിലുറപ്പ് തൊഴിലാളികൾ, എൻ.എസ്.എസ് വിദ്യാർഥികൾ, പ്രദേശവാസികൾ,



ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ തുടങ്ങി 200 ഓളം ആളുകൾ ക്യാമ്പയിനിൽ പങ്കാളികളായി. 2000 തെങ്ങുകളുടെ തടം തുറക്കാൻ ഈ ക്യാമ്പയിനിലൂടെ സാധിച്ചു.

ആളുകളെ ഓരോ ഗ്രൂപ്പുകളാക്കി തിരിച്ച് പ്രത്യേക ഏരിയ നൽകിയാണ് ക്യാമ്പയിൻ പൂർത്തീകരിച്ചത്. ഗ്രാമപഞ്ചായത്തിലെ തനത് ഫണ്ടിൽ നിന്ന് തുക വകയിരുത്തി ക്യാമ്പയിനിൽ പങ്കെടുത്ത എല്ലാവർക്കും ഉച്ചഭക്ഷണവും ഭരണസമിതിയുടെ നേതൃത്വത്തിൽ നൽകി.

തെങ്ങിന് തടം തുറക്കുകയും ചകിരി, ചപ്പ് എന്നിവ ഉപയോഗിച്ച് പുതയിടുകയും ചെയ്തു. വീടുകളിലേയും കൃഷിയിടങ്ങളിലേയും തെങ്ങുകൾക്കാണ് തടമെടുത്തത്.

തെങ്ങ് കയറ്റം ഉപജീവനമാർഗമായി സ്വീകരിച്ച 19-ആം വാർഡിലെ തെങ്ങ് കയറ്റ തൊഴിലാളിയായ ജോഷി ചക്കുംകുടിയെ ഹരിതകേരളം മിഷൻ ഈ പരിപാടിയിൽ വെച്ച് ആദരിച്ചു.



## പച്ചത്തുരുത്തുകൾ

നഷ്ടപ്പെടുന്ന പാരിസ്ഥിതിക സവിശേഷതകളും ഹരിതാഭയും വീണ്ടെടുക്കാൻ ഗ്രാമങ്ങൾ തോറും ചെറുവനങ്ങൾ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ ഹരിതകേരളം മിഷൻ നടപ്പിലാക്കിയ പച്ചത്തുരുത്ത് പദ്ധതി ജില്ലയിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും സ്ഥാപിച്ചു. അര സെന്റോ അതിൻ മുകളിലോ ഉള്ള സ്ഥലത്ത് സ്വാഭാവിക വനം സൃഷ്ടിക്കുന്ന പദ്ധതിയാണ് പച്ചത്തുരുത്ത്. മാലിന്യ നിക്ഷേപങ്ങളുള്ളതും തരിശായി കിടക്കുന്നതുമായ ഭൂമി കണ്ടെത്തി അനുയോജ്യമായ തൈകൾ ലഭ്യമാക്കി മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സഹായത്തോടെ നടുകയും തുടർന്നുള്ള 3 വർഷക്കാലം ഇവയ്ക്കുള്ള പരിപാലനം നൽകുകയും ചെയ്യുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയോ പൊതു സ്ഥാപനങ്ങളുടെയോ വകുപ്പുകളുടെയോ നേതൃത്വത്തിൽ സ്ഥലം കണ്ടെത്തിയാണ് പച്ചത്തുരുത്തുകൾ ആരംഭിച്ചിട്ടുള്ളത്. ഹരിതകേരളം മിഷൻ റിസോഴ്സ് പേഴ്സൺമാരുടെ നേതൃത്വത്തിൽ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും പച്ചത്തുരുത്തിനായി കണ്ടെത്തിയ സ്ഥലങ്ങൾ നേരിട്ട് സന്ദർശിച്ച് വിലയിരുത്തുകയും പച്ചത്തുരുത്ത് ആരംഭിച്ചതിന് ശേഷം പ്രത്യേക സംഘാടക സമിതികൾ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പച്ചത്തുരുത്ത് പദ്ധതി ആക്ഷൻ പ്ലാൻ തയ്യാറാക്കി. നിലം

ഒരുക്കുന്നത് മുതൽ മൂന്നു വർഷം വരെയുള്ള പരിപാലനം പോലുള്ള സാങ്കേതിക കാര്യങ്ങൾ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ചെയ്തിട്ടുള്ളത്. പച്ചത്തുരുത്ത് പ്രവർത്തനങ്ങൾ തുടക്കം മുതൽ വിലയിരുത്തുന്നതിനായി ബ്ലോക്ക് തലത്തിൽ മോണിറ്ററിങ് കമ്മിറ്റി രൂപീകരിച്ചു. ഇതിനായി എല്ലാ തദ്ദേശ സ്ഥാപനങ്ങളും സ്ഥലങ്ങൾ കണ്ടെത്തി തദ്ദേശീയമായ വൃക്ഷങ്ങളും മറ്റ് സസ്യങ്ങളും ഉൾപ്പെടുത്തികൊണ്ട് ഓരോ പച്ചത്തുരുത്തും സ്ഥാപിക്കുകയും, ആവശ്യമായ വൃക്ഷതൈകൾ സാമൂഹിക വനവൽക്കരണ വിഭാഗത്തിൽ നിന്നും, തൊഴിലുറപ്പ് നഴ്സറിയിൽ നിന്നും, എം എസ് സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷൻ പോലുള്ള സംഘടനകളിൽ നിന്നും, ജനകീയമായും ലഭ്യമാക്കി. ഓരോ പ്രദേശത്തിനും അനുയോജ്യമായ രീതിയിലാണ് ജില്ലയിൽ പച്ചത്തുരുത്തുകൾ സ്ഥാപിച്ചിട്ടുള്ളത്. മുള/ഓട പച്ചത്തുരുത്തുകൾ, ഔഷധ പച്ചത്തുരുത്തുകൾ, കാവ് പച്ചത്തുരുത്തുകൾ, ഫലവൃക്ഷ പച്ചത്തുരുത്തുകൾ, തനത് വൃക്ഷങ്ങൾ ഉൾപ്പെട്ട പച്ചത്തുരുത്തുകൾ എന്നിങ്ങനെയാണ് വിഭാവനം ചെയ്തിട്ടുള്ളത്.

നാടിനെ ഹരിതാഭമാക്കുക എന്ന ലക്ഷ്യത്തോടെ കക്ഷിരാഷ്ട്രീയ ഭേദമന്യേ കാലാവധി പൂർത്തിയാക്കുന്ന തദ്ദേശ സ്ഥാപന ഭരണസമിതികൾ തങ്ങളുടെ പ്രദേശത്ത് തങ്ങളുടെ ഭരണകാലഘട്ടത്തിന്റെ ഓർമ്മയ്ക്കായി വൃക്ഷത്തൈകൾ നട്ടുകൊണ്ട് ഓർമ്മത്തുരുത്തുകളും സ്ഥാപിച്ചിട്ടുണ്ട്.

വയനാട് ജില്ലയിൽ 26 തദ്ദേശ സ്ഥാപനങ്ങളിലായി 74 പച്ചത്തുരുത്തുകൾ സ്ഥാപിക്കുകയും പരിപാലിക്കുകയും ചെയ്തുവരുന്നു. 2019 -ൽ കണിയാമ്പറ്റ ഗ്രാമപഞ്ചായത്തിലെ ചിത്രമൂല വൃദ്ധസദനത്തോട് ചേർന്ന് ഒരു ഏക്കർ സ്ഥലത്ത് തേജ്വവനം എന്നപേരിൽ ജില്ലയിലെ ആദ്യത്തെ പച്ചത്തുരുത്ത് സ്ഥാപിച്ചു. പ്രാദേശികമായും സോഷ്യൽ ഫോറസ്റ്ററിയിൽ നിന്നും നഴ്സറിയിൽ നിന്നും ലഭ്യമായ 200-ഓളം ഫലവൃക്ഷങ്ങളുടെയും നാടൻ ഇനങ്ങളുടെയും ശേഖരമാണ് തേജ്വവനത്തിൽ തുടക്കത്തിൽ നട്ടത്. മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് തൈകൾ നട്ടത്. കാടുമൂടി കിടന്ന പ്രദേശമാണ് ഇന്ന് വിദ്യാർഥികളടക്കം പ്രകൃതിയെ അടുത്തറിയുന്നതിനുവേണ്ടി സന്ദർശനം നടത്തുന്ന വൃക്ഷ ശേഖരമായി മാറിയത്.





മാലിന്യ നിക്ഷേപ കേന്ദ്രമായ പൊഴുതന ഗ്രാമപഞ്ചായത്തിലെ 10-ആം വാർഡിലും മുട്ടിൽ ഗ്രാമപഞ്ചായത്തിലെ കാരാപ്പുഴ ഡാമിനോട് ചേർന്ന പ്രദേശത്തും ഇന്ന് പലതരത്തിലുള്ള ചെറുമരങ്ങളാണ് തിങ്ങി വളരുന്നത്. ഹരിതകേരളം മിഷന്റെ സംസ്ഥാനത്തെ മികച്ച പച്ചത്തുരുത്തുകൾക്കുള്ള പുരസ്കാരങ്ങൾ ലഭിച്ച വെങ്ങപ്പള്ളി ഗ്രാമപഞ്ചായത്തിലെ ചോലപ്പുറം മുള പച്ചത്തുരുത്ത് ആ നാടിന്റെ തന്നെ 2 പ്രളയങ്ങളെ അതിജീവിച്ച കഥ പറയുന്നുണ്ട്. ജൈവവൈവിധ്യത്താൽ സമ്പന്നമായ ചോലപ്പുറം പച്ചത്തുരുത്തിൽ പഠനാവശ്യങ്ങൾക്കായി സംസ്ഥാനത്തെ വിവിധ ഗവേഷണ കേന്ദ്രങ്ങളിൽ നിന്നും വിദ്യാർഥികൾ എത്തിച്ചേരുന്നു. വിവിധ സ്ഥലങ്ങളിൽ നിന്നും സായാഹ്നവേളകളെ ആനന്ദമാക്കുന്നതിന് സഞ്ചാരികളുൾപ്പെടെ ഇവിടെ എത്തുന്നു. നാൾക്കുനാൾ പൊതുജന ശ്രദ്ധ നേടിവരുന്ന ഒരിടമായി മാറിയിട്ടുണ്ട് ഈ പച്ചത്തുരുത്ത്.



അമ്പലവയൽ ഗ്രാമപഞ്ചായത്തിലെ ഹരിതാരണ്യം പച്ചത്തുരുത്തിനും തൊണ്ടർനാട് ഗ്രാമപഞ്ചായത്തിലെ കുന്നിന്മുകളിലെ ശാന്തിവനം പച്ചത്തുരുത്തിനും എടവക ഗ്രാമപഞ്ചായത്തിലെ നല്ലൂർനാട് ക്യാൻസർ സെന്ററിലെ തൈതാൽ പച്ചത്തുരുത്തിനും സംസ്ഥാനത്തെ മികച്ച പച്ചത്തുരുത്തുകൾക്കുള്ള അവാർഡ് ലഭിച്ചു.

വെള്ളമുണ്ട, തവിഞ്ഞാൽ, ഗ്രാമപഞ്ചായത്തുകളിലെ മുള പച്ചത്തുരുത്തുകൾക്ക് പുഴയോരത്തെ മണ്ണിടിച്ചിൽ കുറയ്ക്കുന്നതിന് ഏറെ സഹായകരമായി. പുൽപ്പള്ളി, മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്തുകളിലും പുഴ തീരത്ത് തൈകൾ നട്ടുപിടിപ്പിച്ചു.

## ജില്ലയിലെ പ്രധാന പച്ചത്തുരുത്തുകൾ

### മുള പച്ചത്തുരുത്ത്

#### അത്തിക്കൊല്ലി പച്ചത്തുരുത്ത് - വെള്ളമുണ്ട ഗ്രാമപഞ്ചായത്ത്

വെള്ളമുണ്ട ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ ഹരിതകേരളം മിഷനും ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ചേർന്നു 01/01/2020 -ൽ ആണ് ഒഴുക്കൻമൂല വാർഡിൽ അത്തിക്കൊല്ലി തറവാടിനോട് ചേർന്നു 25 സെന്റ് സ്ഥലത്ത് മുള പച്ചത്തുരുത്ത് ആരംഭിച്ചത്. ജില്ലയിലെ പ്രധാനപ്പെട്ട മാനന്തവാടി പുഴയിലേക്ക് ചേരുന്ന ഈ അത്തിക്കൊല്ലി പുഴയുടെ ഇരുകരകളിലുമായി വിവിധ കാലഘട്ടത്തിൽ ഉണ്ടായ പ്രളയത്തിൽ മണ്ണിടിച്ചിൽ വ്യാപകമായതോടെയാണ് ഹരിതകേരളം മിഷൻ പച്ചത്തുരുത്തിന്റെ ആശയം ഗ്രാമപഞ്ചായത്തിനെ അറിയിച്ചത്. പച്ചത്തുരുത്ത് സ്ഥാപിച്ച വർഷം മുതൽ ഇന്ന് വരെയുള്ള എല്ലാ കാലവർഷത്തിലും പുഴയോരത്ത് വെള്ളം കയറുകയും പച്ചത്തുരുത്ത് മുങ്ങി പോവുകയും ചെയ്യുന്ന സ്ഥിതി ഉണ്ടായിരുന്നു. എങ്കിലും കഴിഞ്ഞ 5 വർഷത്തെ വെള്ളപ്പൊക്കത്തെയും അതിജീവിച്ച് കൊണ്ടാണ് അത്തിക്കൊല്ലി മുള പച്ചത്തുരുത്ത് നിലനില്ക്കുന്നത്.

#### ഹരിതകം പച്ചത്തുരുത്ത് - തവിഞ്ഞാൽ ഗ്രാമപഞ്ചായത്ത്

കണ്ണൂർ ജില്ലയോട് ചേർന്നു കിടക്കുന്ന പേര്യ എന്ന സ്ഥലത്ത് 2-ആം വാർഡിൽ പേര്യ പുഴയുടെ ഇരുകരകളിലുമാണ് ഹരിതകം പച്ചത്തുരുത്ത് സ്ഥിതി ചെയ്യുന്നത്. പുഴയുടെ കരകളിൽ ഉന്നതികളിലായി ആൾ താമസം ഉള്ള സ്ഥലങ്ങളിൽ എല്ലാ മഴക്കാലത്തും പുഴ കരകവിഞ്ഞ് പ്രദേശമാകെ വെള്ളത്തിലാകുന്ന അവസ്ഥ ഉണ്ടായിരുന്നു. മുളകൾ സ്ഥാപിക്കുന്നതോടെ ഒരു പരിധി



വരെ വെള്ളപ്പൊക്കം തടയാം എന്നതിലൂടെയാണ് ഈ ആശയം മുന്നോട്ട് വന്നത്. തൊഴിലുറപ്പ് തൊഴിലാളികളും പ്രദേശവാസികളും സംഘാടക സമിതി അംഗങ്ങളും സന്നദ്ധ സംഘടന പ്രവർത്തകരും ചേർന്നു 2000 തൈകൾ നടുന്നതിനുള്ള സ്ഥലമൊരുക്കി കുഴികളെടുത്തു. ഹരിതകേരളം മിഷൻ സോഷ്യൽ ഫോറെസ്റ്റ് ഡിപ്പാർട്ടുമെന്റിന് കത്ത് കൊടുത്തതിന്റെ അടിസ്ഥാനത്തിൽ 2000 ഓടതൈകൾ സോഷ്യൽ ഫോറസ്റ്ററി നൽകി. 2 ഏക്കർ സ്ഥലത്തിന് ചുറ്റും ശീമകൊന്ന കൊണ്ട് ജൈവവേലി സ്ഥാപിച്ചു, തൊഴിലുറപ്പ് പദ്ധതിയുടെ ഫണ്ട് ഉപയോഗിച്ച് ഹരിതകേരളം മിഷൻ നൽകിയ മാതൃക പ്രകാരമുള്ള ബോർഡും സ്ഥാപിച്ചു.

## തദ്ദേശ സ്വയംഭരണ സ്ഥാപന നേതൃത്വത്തിലുളള പച്ചത്തുരുത്ത്

### ശാന്തീവനം പച്ചത്തുരുത്ത് - തൊണ്ടർനാട് ഗ്രാമപഞ്ചായത്ത്

2019 ജൂലൈ 24 നു നടപ്പിലാക്കിയ ശാന്തിവനം പച്ചത്തുരുത്ത് പ്രകൃതി ഭംഗിയാൽ മനോഹരമായ കോറോം മീൻമുട്ടി വെള്ളച്ചാട്ടത്തിന്റെ പരിസര പ്രദേശത്താണ് സ്ഥിതി ചെയ്യുന്നത്. രണ്ടു ഏക്കറോളം വരുന്ന സ്ഥലത്ത് പച്ചത്തുരുത്ത് ആരംഭിച്ചപ്പോൾ 338 തൈകൾ ആണ് നട്ടത്. നിലവിൽ രണ്ടായിരത്തോളം ചെറുതും വലുതുമായ മരങ്ങൾ, കുറ്റിച്ചെടികൾ, വള്ളിച്ചെടികൾ , ഔഷധ സസ്യങ്ങൾ, ഫലവൃക്ഷങ്ങൾ എന്നിവ മികച്ച രീതിയിൽ സംരക്ഷിച്ചു പോരുന്നു. ചെമ്പരത്തിയും ശീമക്കൊന്നയും കൊണ്ടുള്ള ജൈവ



വേലിയും ഹരിതകേരളം മിഷൻ മാതൃകാപ്രകാരമുള്ള ബോർഡും പച്ചത്തുരുത്ത് സ്ഥാപിച്ച കൊല്ലം മുതൽ തന്നെ ഉണ്ട്. പച്ചത്തുരുത്തിൽ പേര, എടന, പ്ലാവ്, പഞ്ചാരനെല്ലി, മാവ്, പുളി, പേഴ്, നെല്ലി, കാപ്പി, സീതപ്പഴം, മന്ദാരം, ഉങ്ങ്, നാരങ്ങ, കടച്ചക്ക തുടങ്ങി നിരവധി തൈകൾ നിലവിൽ ഉണ്ട്.

## സ്കൂളുകളിലെ പച്ചത്തുരുത്ത്

### ഹരിതോദ്യാനം പച്ചത്തുരുത്ത് - നെന്മേനി ഗ്രാമപഞ്ചായത്ത്

നെന്മേനി ഗ്രാമപഞ്ചായത്തിലെ അമ്പുകുത്തി എൽ പി സ്കൂളിൽ 50 സെന്റ് സ്ഥലത്ത് സ്ഥിതി ചെയ്യുന്ന പച്ചത്തുരുത്താണ് ഹരിതോദ്യാനം പച്ചത്തുരുത്ത്. 2015 – 20 വർഷത്തെ ഭരണസമിതി അംഗങ്ങളുടെ പ്രത്യേക ഇടപെടലിലൂടെ അമ്പുകുത്തി സ്കൂളിൽ സ്ഥലം കണ്ടെത്തുകയും തുടർന്ന് ഹരിതകേരളം മിഷന്റെയും നെന്മേനി ഗ്രാമപഞ്ചായത്തിന്റെയും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെയും സ്കൂൾ പി ടി എ യുടെയും സംയുക്ത യോഗം ചേരുകയും പച്ചത്തുരുത്തിന്റെ



രൂപരേഖ തയ്യാറാക്കുകയും ചെയ്തു. മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയുടെ സഹായത്തോടെ തൈകൾ ലഭ്യമാക്കുകയും കുഴിയെടുത്ത് തൈകൾ നടുകയും ചെയ്തു. വാർഡ് മെമ്പറും സ്കൂൾ അധികൃതരും പി ടി എ അംഗങ്ങളും എ ഡി എസ്, പ്രദേശവാസികൾ എന്നിവർ ഉൾപ്പെടുന്ന പ്രാദേശിക സമിതി രൂപീകരിക്കുകയും ചെയ്തു. 3 വർഷത്തോളം തൊഴിലുറപ്പ് പദ്ധതി പച്ചത്തുരുത്ത് സംരക്ഷിക്കുകയും തൈകൾ നശിച്ചു പോയിടത്ത് വീണ്ടും തൈകൾ നട്ടു പിടിപ്പിക്കുകയും ചെയ്തു. ഫലവൃക്ഷ തൈകളാൽ സമൃദ്ധമാണ് ഹരിതോദ്യാനം പച്ചത്തുരുത്ത്. മാവ്, പേര, അവോക്കാഡോ, നെല്ലി, പുളി, പഞ്ചാരനെല്ലി, റമ്പൂട്ടാൻ, മാംഗോസ്റ്റീൻ തുടങ്ങിയ ഫലവൃക്ഷതൈകളും താന്നി, മുരിങ്ങ, ഉങ്ങ്, മന്ദാരം, അത്തി തുടങ്ങിയ തനത് വൃക്ഷങ്ങളുമുൾപ്പെടുന്ന 372 തൈകളാണ് ഇവിടെ ഉള്ളത്. പലതരം കുറ്റിച്ചെടികളും, വള്ളിച്ചെടികളും പച്ചത്തുരുത്തിനെ സമ്പുഷ്ടമാക്കുന്നു.

## സ്ഥാപനങ്ങളിലെ പച്ചത്തുരുത്ത്

### പാടിച്ചിറ പച്ചത്തുരുത്ത് – മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്ത്



മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്തിലെ പാടിച്ചിറ ഫാമിലി ഹെൽത്ത് സെന്ററിന്റെ ഉടമസ്ഥതയിലുള്ള 50 സെന്റ് സ്ഥലത്താണ് പാടിച്ചിറ പച്ചത്തുരുത്ത് സ്ഥിതി ചെയ്യുന്നത്. ഫലവൃക്ഷങ്ങളും, ചെറുമരങ്ങളുമാണ് ഈ പച്ചത്തുരുത്തിൽ ഉള്ളത്. 2019 ഡിസംബർ 16 നാണ് പച്ചത്തുരുത്ത് ആരംഭിച്ചത്. വിവിധ ഇനത്തിൽപ്പെട്ട പേര, മാവ്, എന്നിവ ഇവിടെ ഉണ്ട്. കൂടാതെ പ്ലാവ്, നെല്ലി, ചാമ്പ, പുളി, മണിമരുത് തുടങ്ങിയവയും ഇവിടെ നല്ല രീതിയിൽ വളരുന്നുണ്ട്. തൈകൾ എല്ലാം നല്ല രീതിയിൽ വളർച്ചയെത്തിയിട്ടുണ്ട്.

വാർഡ് മെമ്പരുടെ നേതൃത്വത്തിൽ സംഘാടക സമിതി രൂപീകരിച്ചിട്ടുണ്ട്. ഹരിതകേരളം മിഷന്റെ ബോർഡും പച്ചത്തുരുത്തിൽ സ്ഥാപിച്ചിട്ടുണ്ട്.

**തൈതാൽ പച്ചത്തുരുത്ത് - എടവക ഗ്രാമപഞ്ചായത്ത്**

ഹരിതകേരളം മിഷന്റെയും തൊഴിലുറപ്പ് പദ്ധതിയുടെയും നല്ലൂർനാട് കാൻസർ സെന്റർ എന്നിവരുടെയും സഹകരണത്തോടെ 2019 നവംബർ 19-ന് ആരംഭിച്ച തൈതാൽ പച്ചത്തുരുത്ത് എടവക ഗ്രാമപഞ്ചായത്തിലെ മാനന്തവാടി ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിലുള്ള അംബേദ്കർ ക്യാൻസർ ഹോസ്പിറ്റൽ അങ്കണത്തിനോട് ചേർന്നുള്ള സ്ഥലത്താണ് സ്ഥിതിചെയ്യുന്നത്,

ഒരേക്കറോളം തരിശായി കിടന്നിരുന്ന ഈ സ്ഥലം ഭരണസമിതിയുടെ നിർദ്ദേശപ്രകാരം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി തട്ട് തിരിച്ച്, വനവൽക്കരണ പദ്ധതിക്ക് തുടക്കം കുറിച്ചു. പച്ചത്തുരുത്ത് ആരംഭിച്ചപ്പോൾ 900 ത്തോളം തൈകൾ നട്ടിരുന്നു, ചില തൈകൾ



നശിച്ചു പോയെങ്കിലും നിലവിൽ 800 ഓളം തൈകൾ മികച്ച രീതിയിൽ പരിപാലിച്ചു വരുന്നു. ഫലവൃക്ഷങ്ങൾ, കുറ്റിച്ചെടികൾ, വള്ളിച്ചെടികൾ, ഔഷധ സസ്യങ്ങളാൽ നിറഞ്ഞ പച്ചത്തുരുത്തിൽ മണിമരുത്, നീർമരുത്, പേര, നെല്ലി, ഇല്ലി, മുള, ഓറഞ്ച്, മഹാഗണി, നാരകം, ദന്തപ്പാല, രാമച്ചം, പ്ലാവ്, പൂമരം, മാവ്, പപ്പായ, കറിവേപ്പില, മുതലായവായും ഉണ്ട്. ചെമ്പരത്തിയും, ശീമ കൊന്നയും കൊണ്ടുള്ള ജൈവവേലിയും, ഹരിതകേരളം മിഷൻ മാതൃകാപരമായ ബോർഡും പച്ചത്തുരുത്ത് ആരംഭിച്ച വർഷത്തിൽ തന്നെ സ്ഥാപിച്ചിട്ടുണ്ട്.

## ദേവഹരിതം

ക്ഷേത്രങ്ങളെയും അതുമായി ബന്ധപ്പെട്ട സ്ഥലങ്ങളെയും ഹരിതാഭമാക്കി പരിസ്ഥിതി സംരക്ഷണം ലക്ഷ്യമിട്ടു കൊണ്ട് ഹരിതകേരളം മിഷന്റെ ഭാഗമായി നടപ്പിലാക്കുന്ന പദ്ധതിയാണ് ദേവഹരിതം.

ക്ഷേത്രങ്ങളുടെ പരിസരം മരങ്ങൾവെച്ച് പിടിപ്പിച്ച് പച്ചപ്പുള്ള ഇടങ്ങളാക്കിമാറ്റി ജൈവവൈവിധ്യം വർധിപ്പിക്കുകയും ഇതിനായി പൊതുജനങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കിയും ജില്ലയിൽ പദ്ധതി നടപ്പിലാക്കി. തദ്ദേശ സ്ഥാപനതല യോഗങ്ങൾക്ക് ശേഷം പൂതാടി ഗ്രാമപഞ്ചായത്തിലെ വെള്ളിമല ശ്രീ ഉമ മഹേശ്വര ക്ഷേത്രത്തിൽ 20 സെന്റ് സ്ഥലവും മീനങ്ങാടി ഗ്രാമപഞ്ചായത്തിലെ മാനികാവ് സ്വയംഭൂ മഹാശിവക്ഷേത്രത്തിൽ 100 സെന്റ് സ്ഥലവും കണ്ടെത്തി. വിവിധ ഇനത്തിൽപ്പെട്ട ഫലവൃക്ഷ തൈകളും അന്യം നിന്ന് പോകുന്ന വ്യത്യസ്ത തരം സസ്യങ്ങളും നട്ടുകൊണ്ട് ദേവഹരിതം പച്ചത്തുരുത്ത് സൃഷ്ടിച്ചു. മിഷന്റെ നിർദ്ദേശനുസരണം തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നിലം ഒരുക്കുന്നത് മുതലുള്ള പ്രവർത്തനങ്ങൾ ചെയ്തു. കൂടാതെ ജൈവവേലിയും, ബോർഡും സ്ഥാപിച്ച് തുടർപരിപാലനത്തിനുള്ള സാങ്കേതിക സമിതിയും രൂപീകരിച്ചു. ഇന്ന് രണ്ട് ദേവഹരിതം പച്ചത്തുരുത്തുകളും പല ജീവജാലങ്ങളുടെയും ആവാസ കേന്ദ്രമാണ്.

## ദേവഹരിതം പച്ചത്തുരുത്തുകൾ

### മാനികാവ് പച്ചത്തുരുത്ത് - മീനങ്ങാടി ഗ്രാമപഞ്ചായത്ത്

മീനങ്ങാടി ഗ്രാമപഞ്ചായത്തിൽ മുപ്പത് ഏക്കർ കാടിനോട് ചേർന്നു സ്ഥിതി ചെയ്യുന്ന സ്വയംഭൂ ക്ഷേത്രമാണ് മാനികാവ് ക്ഷേത്രം. സംസ്ഥാനത്ത് ആദ്യമായി കാർബൺ ന്യൂടൽ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്ന മീനങ്ങാടി ഗ്രാമപഞ്ചായത്ത് എല്ലാ വാർഡുകളിലും പച്ചത്തുരുത്ത് സൃഷ്ടിക്കുന്നതിന്റെ ഭാഗമായി ആദ്യമായി തുടങ്ങിയ പച്ചത്തുരുത്താണ് മാനികാവ്.

മീനങ്ങാടി ഗ്രാമപഞ്ചായത്തിലെ 19-ആം വാർഡിൽ 2019 ലാണ് ഈ പദ്ധതിക്ക് ആരംഭം കുറിച്ചത്. ഹരിതകേരളം മിഷൻ, എം എസ് സ്വാമിനാഥൻ ഫൗണ്ടേഷൻ, സോഷ്യൽ ഫോറസ്റ്ററി, സോയിൽ കൺസർവേഷൻ വകുപ്പുകൾ, ക്ഷേത്ര അധികൃതർ, മീനങ്ങാടി ഗ്രാമപഞ്ചായത്ത് തുടങ്ങിയവരുടെ പിന്തുണയോടെയാണ് പച്ചത്തുരുത്ത് സൃഷ്ടിച്ചത്. ക്ഷേത്രത്തോട് ചേർന്നു കിടന്ന 80 സെന്റ് തരിശ് സ്ഥലത്താണ് ഈ മാതൃക സൃഷ്ടിച്ചത്.

വെള്ള പൈൻ, വെള്ള പെരും പൈൻ, അടയ്ക്ക പൈൻ, മലയിലഞ്ഞി , കറപ്പ, ഇരുമ്പകം തുടങ്ങിയ ആർ ഇ ടി വിഭാഗത്തിലുൾപ്പെട്ട വൃക്ഷങ്ങളും മാവ്, പ്ലാവ്, പേര, ഉങ്ങ്, താന്നി, നെല്ലി, പഞ്ചാര നെല്ലി, മഞ്ചാടി, തുടങ്ങിയ തനത് വൃക്ഷങ്ങളും പച്ചത്തുരുത്തിൽ ഉണ്ട്. 195 വൃക്ഷ തൈകളാണ്



തുടക്കത്തിൽ നട്ടുപിടിപ്പിച്ചത്. നിലവിൽ 300 വൃക്ഷ തൈകൾ സ്ഥിതി ചെയ്യുന്നു. കൂടാതെ ഇവിടെ ചെറുമരങ്ങൾ, കുറ്റിച്ചെടികൾ, വള്ളിച്ചെടികളുമുൾപ്പെടുന്നു. ചെമ്പരത്തിയും, ശീമകൊന്നയും ഉൾപ്പെടുന്ന ജൈവവേലി പച്ചത്തുരുത്തിനെ സംരക്ഷിക്കുന്നു. ഹരിതകേരളം മിഷന്റെ മാതൃകാപ്രകാരമുള്ള ബോർഡ് പച്ചത്തുരുത്ത് തുടങ്ങിയ കാലം മുതൽ സ്ഥാപിച്ചിട്ടുണ്ട്.

**വെള്ളിമല പച്ചത്തുരുത്ത് - പൂതാടി ഗ്രാമപഞ്ചായത്ത്**

പൂതാടി ഗ്രാമ പച്ചയത്തിലെ പാപ്പളശ്ശേരി എന്ന സ്ഥലത്ത് വെള്ളിമല ഉമ മഹേശ്വര ക്ഷേത്രത്തിന്റെ ഉടമസ്ഥതയിൽ ഉള്ള 20 സെന്റ് സ്ഥലത്താണ് വെള്ളിമല പച്ചത്തുരുത്ത് സ്ഥിതി ചെയ്യുന്നത്.

സോഷ്യൽ ഫോറസ്റ്ററി, കാർഷിക വികസന കേന്ദ്രം, എം എസ് സ്വാമിനാഥൻ ഫൗണ്ടേഷൻ എന്നിവിടങ്ങളിൽ നിന്നാണ് പച്ചത്തുരുത്തിലേക്ക് ആവശ്യമായ തൈകൾ ലഭ്യമായത്. നെല്ലി, മാവ്, പ്ലാവ്, പേര, ഞാവൽ, കൂവളം, ആൽ, പേരാൽ, ചമത, കൊന്ന, അത്തി, ശ്വേതപുഷ്പം, ഇലഞ്ഞി തുടങ്ങി 96 ചെടികൾ നട്ടു. പച്ചത്തുരുത്തിന്റെ ചുറ്റും ചെമ്പരത്തിയുടെ ജൈവവേലി സ്ഥാപിക്കുകയും ഹരിതകേരളം മിഷന്റെ ബോർഡ് സ്ഥാപിക്കുകയും ചെയ്തു.

കുറ്റിച്ചെടികളും വള്ളിച്ചെടികളും ചെറു വൃക്ഷങ്ങളും നക്ഷത്ര വൃക്ഷങ്ങളും ഉൾപ്പെട്ട സമ്പന്നമായ ഒരു പച്ചത്തുരുത്താണ് വെള്ളിമല പച്ചത്തുരുത്ത്.

നെല്ലി, മാവ്, പേര, മഞ്ചാടി, ആൽ, രുദ്രാക്ഷം, തമ്പകം, ഞാവൽ, നീർമരുത്, കരിനൊച്ചി, പേരാൽ,





ചന്ദനം, അത്തി, ഇലഞ്ഞി, ചെമ്പകം, അശോകം, ചമത, ലക്ഷമിതരു, കൂവളം തുടങ്ങി അന്യം നിന്നു പോകുന്നതടക്കമുള്ള 72 വൃക്ഷങ്ങളും, 13 കുറ്റിച്ചെടികളും, 12 വള്ളിച്ചെടികളും ഇവിടെ വളരുന്നുണ്ട്.

**സ്നേഹതീരം**

ഹരിതകേരളം മിഷൻ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, എം എസ് സ്വാമിനാഥൻ ഫൗണ്ടേഷൻ, സംസ്ഥാന ജൈവവൈവിധ്യ ബോർഡ് എന്നിവയുടെ സഹകരണത്തോടെ പുഴയോര ആവാസവ്യവസ്ഥ പുനഃസ്ഥാപിക്കാൻ സ്നേഹതീരം പദ്ധതി നടപ്പിലാക്കി. തരിയോട് ഗ്രാമപഞ്ചായത്തിലെ എടത്തറ പുഴയോരത്ത് ജൈവവൈവിധ്യ പാർക്ക് നിർമ്മിച്ചു. ആവാസവ്യവസ്ഥ തകർക്കുന്ന അധിനിവേശ സസ്യങ്ങൾ ഉന്മൂലനം ചെയ്ത്, തദ്ദേശീയ സസ്യങ്ങളെ നട്ടുവളർത്തി സംരക്ഷിക്കുക എന്നതാണ് സ്നേഹതീരം ജൈവവൈവിധ്യ പാർക്കിലൂടെ ലക്ഷ്യമിട്ടത്.

## നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ ക്യാമ്പയിൻ പ്രവർത്തനങ്ങൾ

ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നടത്തിവരുന്ന നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ ക്യാമ്പയിനിന്റെ ഭാഗമായി കാർബൺ എമിഷൻ കുറയ്ക്കുന്നതിനുള്ള ശ്രമങ്ങൾ ജില്ലയിലുടനീളം നടന്നുവരുന്നു. മീനങ്ങാടി, അമ്പലവയൽ, എടവക, കോട്ടത്തറ, തിരുനെല്ലി എന്നീ ഗ്രാമപഞ്ചായത്തുകളാണ് നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ ക്യാമ്പയിൻ പ്രവർത്തനങ്ങൾ ഏറ്റെടുത്തത്. കോട്ടത്തറ ഗ്രാമപഞ്ചായത്തിൽ ഹരിതകർമ്മസേനയുടെ വാഹനം ഇലക്ട്രിക് വാഹനമാണ്, മീനങ്ങാടി ഗ്രാമപഞ്ചായത്തിലെ 4 അംഗൻവാടികളിൽ സോളാർ പാനൽ സ്ഥാപിച്ചു. അമ്പലവയൽ,





കോട്ടത്തറ, എടവക, മീനങ്ങാടി ഗ്രാമപഞ്ചായത്തുകളിലെ 132 അംഗനവാടികളെ അംഗൻജ്യോതി പദ്ധതിയിൽ ഉൾപ്പെടുത്തി ഇലക്ട്രിക് പാനൽ ഉപകരണങ്ങൾ വിതരണം ചെയ്തു. വേൾഡ് റിസോഴ്സ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ സഹകരണത്തോടെ അതുൽ എനർജി കൺസൽട്ടൻസി ഗവൺമെന്റ് സ്ഥാപനങ്ങളുടെ പുരപ്പുറ സോളാർ പാനൽ സ്ഥാപന സാധ്യതാ പഠനം നടത്തി. ജില്ലയിലെ തിരഞ്ഞെടുത്ത 5 ഗ്രാമപഞ്ചായത്തുകളിലും സംസ്ഥാനമിഷൻ നൽകിയിട്ടുള്ള വിവരശേഖരണ ഫോറം ഉപയോഗിച്ച് ഹരിതകേരളം മിഷൻ ഇന്റേൺസിന്റെ സഹായത്തോടെ കാർബൺ എമിഷൻ കണക്കാക്കുന്ന സർവ്വേ നടത്തി. പൊതു സ്ഥാപനങ്ങൾ, സ്കൂളുകൾ, ഹോസ്പിറ്റലുകൾ തുടങ്ങിയവയിലാണ് ആദ്യഘട്ടത്തിൽ സർവ്വേ നടത്തിയത്. 36 സ്ഥാപനങ്ങളിൽ സർവ്വേ നടത്തുകയും 30 എണ്ണം സംസ്ഥാന മിഷന്റെ വിലയിരുത്തലിന് വേണ്ടി അപ് ലോഡ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇതിൽ മീനങ്ങാടി ഗ്രാമപഞ്ചായത്തിലെ

എൻ എ എ യു പി സ്കൂൾ മാനികാവ് കാർബൺ നെഗറ്റീവ് ആവുകയും പ്രഖ്യാപനം നടത്തുകയും ചെയ്തു. തിരുനെല്ലി ഗ്രാമപഞ്ചായത്തിലെ മോഡൽ ഫോറസ്റ്റ് സ്റ്റേഷൻ കാർബൺ നെഗറ്റീവ് പദവി നേടുകയും ചെയ്തു.

## കാർബൺ ന്യൂട്രൽ മീനങ്ങാടി

ആഗോളതാപനത്തിനും കാലാവസ്ഥ വ്യതിയാനത്തിനും എതിരെയുള്ള ഗ്രാമീണ മാതൃക സൃഷ്ടിക്കുക എന്ന ആശയത്തെ മുൻനിർത്തി രാജ്യത്ത് ഏർപ്പെടുത്തിയ പ്രഥമ ദേശീയ കാർബൺ ന്യൂട്രൽ വിശേഷ പുരസ്കാരം 2023 ൽ വയനാട് ജില്ലയിലെ മീനങ്ങാടി ഗ്രാമപഞ്ചായത്തിന് ലഭിച്ചു. 2016ലാണ് മീനങ്ങാടി പഞ്ചായത്ത് കാർബൺ ന്യൂട്രൽ പദ്ധതിക്ക് തുടക്കം കുറിച്ചത്. പഞ്ചായത്ത് തലത്തിൽ ഒട്ടേറെ പഠനങ്ങളും സർവ്വേകളും നടത്തി പഞ്ചായത്തിന്റെ കാർബൺ എമിഷൻ പ്രൊഫൈൽ തയ്യാറാക്കുകയാണ് പ്രാരംഭ ഘട്ടത്തിൽ നടത്തിയത്.പഞ്ചായത്തിലെ ഗതാഗതം,മാലിന്യം, ഊർജ്ജം, കൃഷി,മറ്റു ഭൂവിനിയോഗം എന്നീ മേഖലകളിൽ നടക്കുന്ന കാർബൺ ബഹിർഗമനവും ആഗിരണവും ശാസ്ത്രീയമായി കണക്കാക്കിയിട്ടാണ് കാർബൺ എമിഷൻ പ്രൊഫൈൽ റിപ്പോർട്ട് തയ്യാറാക്കിയത്. പ്രസ്തുത റിപ്പോർട്ട് പ്രകാരം പഞ്ചായത്തിൽ കാർബൺ ആഗിരണം ഒഴിച്ച് അധികമുള്ള ബഹിർഗമനം 15000 ടൺ തത്തുല്യ കാർബൺഡയോക്സൈഡ് ആണ്. അധികമുള്ള കാർബൺ ബഹിർഗമനം കുറച്ചുകൊണ്ട് കാർബൺ ന്യൂട്രൽ ആക്കുന്നതിന് വേണ്ടിയുള്ള വിവിധ പ്രവർത്തനങ്ങളാണ് പഞ്ചായത്ത് നടപ്പിലാക്കിയത്.

സ്വകാര്യഭൂമിയിലെ മരങ്ങളുടെ എണ്ണം വർദ്ധിപ്പിയ്ക്കുക എന്ന ലക്ഷ്യത്തോടെ 2020ൽ ട്രീ ബാങ്കിംഗ് പദ്ധതി ആരംഭിച്ചു.ഇതിന്റെ ഭാഗമായി പഞ്ചായത്തിൽ 3.5 ലക്ഷത്തോളം വൃക്ഷത്തൈകൾ നട്ടുപിടിപ്പിച്ചു. വൃക്ഷത്തൈകളുടെ ചുവട്ടിൽ തൈകൾക്ക് തിരിച്ചറിയൽ നമ്പറും ജിയോ ടാഗിങ്ങും ചെയ്ത് ഇതിന്റെ സുസ്ഥിരത ഉറപ്പു വരുത്തി. പഞ്ചായത്തിലെ മുഴുവൻ വാർഡുകളിലും കാലാവസ്ഥാ ഗ്രാമസഭകൾ സംഘടിപ്പിക്കുകയും കാലാവസ്ഥാ സാക്ഷരത പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു.

കാർബൺ തുലിത നിലനിർത്തുന്നതിനായി പഞ്ചായത്തിന്റെയും ഹരിതകേരളം മിഷന്റെയും നേതൃത്വത്തിൽ എല്ലാ വാർഡുകളിലും പച്ചത്തുരുത്തുകൾ സ്ഥാപിക്കുകയും ചെയ്തു.

വയനാട്ടിലെ ചരിത്ര പ്രാധാന്യം ഏറെയുള്ള മാനികാവ് സ്വയംഭൂ ക്ഷേത്രത്തിൽ ഹരിതകേരളം മിഷന്റെ ദേവ ഹരിതം പച്ചത്തുരുത്തും, വനംവകുപ്പിന്റെ പുണ്യവനവും സ്ഥാപിച്ച് പരിപാലിച്ചു പോരുന്നു. ഹരിതകേരളം മിഷന്റെ നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ ക്യാമ്പയിനിന്റെ ഭാഗമായി മാനികാവ് സ്കൂൾ കാർബൺ നെഗറ്റീവ് സ്റ്റാറ്റസ് കൈവരിക്കുകയും ചെയ്തു. പഞ്ചായത്തിലെ എല്ലാ സർക്കാർ സ്കൂളുകളിലും സോളാർ റൂഫ് ടോപ്പും പ്രധാന ടൗണുകളിലും കവലകളിലും സോളാർ തെരുവ് വിളക്കുകളും സ്ഥാപിച്ചു. വിദ്യാർത്ഥികളിൽ ഊർജ്ജ സംരക്ഷണത്തിന്റെ അവബോധം സൃഷ്ടിക്കുന്നതിന് എനർജി ക്ലബ്ബുകൾ സ്ഥാപിക്കുകയും ബോധവൽകരണ ക്ലാസുകൾ നൽകുകയും ചെയ്തു. വ്യത്യസ്ത ഇനത്തിൽ പെട്ട മുളകളാൽ തീർത്ത ഓക്സിജൻ പാർക്കുകളും ജനങ്ങൾക്കായി തുറന്നു കൊടുത്തിട്ടുണ്ട്.

കപ്പ് ഓഫ് ഹോപ്പ് എന്ന പേരിൽ പഞ്ചായത്തിന്റെ നേതൃത്വത്തിൽ 15000 മെൻസ്ട്രുവൽ കപ്പുകൾ വിതരണം ചെയ്യുകയും ഇതിലൂടെ 19500 കിലോ നാപ്കിൻ മാലിന്യം ഒഴിവാക്കുകയും ഇതിലൂടെ 19 ടൺ കാർബൺ ബഹിർഗമനം കുറയ്ക്കുകയും ചെയ്തു.

## ഒരു തൈ നടാം ജനകീയ വൃക്ഷവൽക്കരണ ക്യാമ്പയിൻ

ജനകീയ പങ്കാളിത്തത്തോടെ വൃക്ഷവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിനായി ഹരിതകേരളം മിഷൻ തുടക്കം കുറിച്ച ക്യാമ്പയിൻ ആണ് ഒരു തൈ നടാം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ വീടുകളിലും പൊതുസ്ഥലങ്ങളിലും വിദ്യാലയങ്ങളിലും മരങ്ങൾ നട്ടുപിടിപ്പിച്ച് സംരക്ഷിക്കുക എന്നതാണ് ക്യാമ്പയിൻ ലക്ഷ്യമിടുന്നത്. സംസ്ഥാന സർക്കാരിന്റെ 2025 ജൂൺ 5 മുതൽ സെപ്റ്റംബർ 30 വരെ നീണ്ടുനിന്ന ഈ ക്യാമ്പയിൻ ജില്ലയിൽ വിജയകരമായി നടപ്പിലാക്കി.

പരിസ്ഥിതി പുനഃസ്ഥാപന പ്രവർത്തനങ്ങളുടെ ഭാഗമായി പരിസ്ഥിതി ദിനത്തിൽ എല്ലാ വർഷവും വിവിധ മേഖലകളിൽ തൈകൾ നട്ടുവന്നിരുന്നെങ്കിലും കൃത്യമായ പരിപാലനം ഇല്ലായ്മ ഈ പ്രവൃത്തിയുടെ ആധികാരികതയ്ക്ക് വെല്ലുവിളിയായിരുന്നു. ഈ സാഹചര്യത്തിലാണ് കൃത്യമായ പരിപാലനത്തിനും മോണിറ്ററിംഗിനും വിധേയമാക്കി ഒരു തൈ നടാം ക്യാമ്പയിൻ വയനാട് ജില്ലയിൽ നടപ്പിലാക്കിയത്. ക്യാമ്പയിനിന്റെ ഭാഗമായി നട്ട തൈകൾ മാനന്തവാടി എൻജിനിയറിങ് കോളേജിലെ വിദ്യാർഥികളുടെ നേതൃത്വത്തിൽ ജിയോ ടാഗ് ചെയ്യുന്ന പ്രവൃത്തി പുരോഗമിക്കുകയാണ്.

അംഗനവാടി, സ്കൂൾ, കോളേജ്, അയൽകൂട്ടങ്ങൾ, ഗ്രന്ഥശാലകൾ, സന്നദ്ധ സംഘടനകൾ , സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഒരു തൈ നടാം ക്യാമ്പയിനിന്റെ ഭാഗമായി നടപ്പിലാക്കിയ പ്രത്യേക പരിപാടിയാണ് “ചങ്ങാതിക്കൊരു തൈ”. വൃക്ഷ തൈകൾ പരസ്പരം തങ്ങളുടെ ചങ്ങാതിക്ക് കൈമാറി സ്വന്തം വീടുകളിൽ അവ നട്ടു പരിപാലിച്ചു വരുന്നു.



സംസ്ഥാന സർക്കാരിന്റെ 2025 ജൂൺ 5 മുതൽ സെപ്റ്റംബർ 30 വരെ നീണ്ടുനിന്ന 'ഒരു തൈ നടാം' വൃക്ഷവൽക്കരണ ക്യാമ്പയിനിലൂടെ ജില്ലയിൽ മൊത്തം 385222 തൈകൾ നടാൻ കഴിഞ്ഞു. പരസ്പരം തൈകൾ കൈമാറിക്കൊണ്ട് 'ചങ്ങാതിക്കൊരു തൈ' ക്യാമ്പയിനിലൂടെ അംഗനവാടി വിദ്യാർഥികൾ മുതൽ വിവിധ സ്കൂളുകളിലും കോളേജുകളിലും ഗ്രന്ഥശാലകളിലും ഹരിതകർമ്മസേനാംഗങ്ങളും തുടങ്ങി വിവിധ വിഭാഗങ്ങളിലുള്ള ആളുകൾ ക്യാമ്പയിനിന്റെ ഭാഗമായി.

### ഒരു തൈ നടാം ജനകീയ ക്യാമ്പയിൻ വയനാട്

| ക്രമ നമ്പർ | തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പേര് | ബ്ലോക്ക് | ജനകീയമായി ശേഖരിക്കേണ്ട തൈകളുടെ എണ്ണം (TARGET) | ശേഖരണം - ജനകീയം (മറ്റ് ഗവേഷണസ്ഥാപനങ്ങൾ, മറ്റു സ്ഥാപനങ്ങൾ, സ്വകാര്യ നഴ്സറികൾ) | ശേഖരണം - സർക്കാർ സ്ഥാപനം (സാമൂഹ്യ വനവൽക്കരണ വകുപ്പ്, MGNREGS, ഔഷധസസ്യ ബോർഡ് | ആകെ | ആകെ നട്ട തൈകളുടെ എണ്ണം |
|---|---|---|---|---|---|---|---|
| 1 | വെള്ളമുണ്ട | മാനന്തവാടി | 5250 | 5250 | 10200 | 15450 | 14800 |
| 2 | തിരുനെല്ലി | | 4250 | 4250 | 5600 | 9850 | 4950 |
| 3 | തൊണ്ടർനാട് | | 3750 | 3850 | 400 | 4250 | 2500 |
| 4 | എടവക | | 4750 | 4700 | 1250 | 5950 | 5350 |
| 5 | തവിഞ്ഞാൽ | | 5500 | 5000 | 4400 | 9400 | 7400 |
| 6 | മീനങ്ങാടി | സുൽത്താൻ ബത്തേരി | 4750 | 5550 | 2800 | 8350 | 5600 |
| 7 | നെന്മേനി | | 5750 | 5510 | 650 | 6160 | 5700 |
| 8 | അമ്പലവയൽ | | 5000 | 5550 | 5300 | 10850 | 10950 |
| 9 | നൂൽപ്പുഴ | | 4250 | 4650 | 900 | 5550 | 3900 |
| 10 | കോട്ടത്തറ | കൽപ്പറ്റ | 3250 | 3350 | 2500 | 5850 | 3600 |
| 11 | വെങ്ങപ്പള്ളി | | 3250 | 4820 | 1000 | 5820 | 5900 |
| 12 | വൈത്തിരി | | 3500 | 3520 | 160 | 3680 | 3750 |
| 13 | മുട്ടിൽ | | 4750 | 4020 | 200 | 4220 | 5100 |
| 14 | പൊഴുതന | | 3250 | 3035 | 300 | 3335 | 3450 |
| 15 | തരിയോട് | | 3250 | 4300 | 120 | 4420 | 4000 |
| 16 | പടിഞ്ഞാറത്തറ | | 4000 | 5070 | 800 | 5870 | 5950 |
| 17 | മേപ്പാടി | | 5250 | 4600 | 1600 | 6200 | 6000 |
| 18 | മൂപ്പൈനാട് | | 4000 | 4050 | 150 | 4200 | 4600 |
| 19 | പനമരം | പനമരം | 5750 | 5000 | 2500 | 7500 | 7000 |
| 20 | പൂതാടി | | 5500 | 5500 | 200 | 5700 | 6700 |
| 21 | മുള്ളൻകൊല്ലി | | 4500 | 6500 | 6000 | 12500 | 5700 |
| 22 | പുൽപ്പള്ളി | | 5000 | 7500 | 2000 | 9500 | 4800 |
| 23 | കണിയാമ്പറ്റ | | 4500 | 4500 | 3200 | 7700 | 4100 |
| 24 | സുൽത്താൻ ബത്തേരി | | 7000 | 6850 | 500 | 7350 | 7350 |
| 25 | മാനന്തവാടി | | 7200 | 9100 | 1500 | 10600 | 8700 |
| 26 | കൽപ്പറ്റ | | 5600 | 6400 | 200 | 6600 | 6600 |

## മാലിന്യ സംസ്കരണ രംഗത്തെ മാറ്റങ്ങൾ

വയനാടിന്റെ പാരിസ്ഥിതിക സന്തുലനാവസ്ഥയെ തകർക്കുന്ന രീതിയിലേക്ക് മാലിന്യക്കൂമ്പാരങ്ങൾ ജില്ലയിലെ തെരുവോരങ്ങൾ കയ്യടക്കിയിരുന്നു. മലിനമായിക്കൊണ്ടിരിക്കുന്ന വയനാടിന്റെ പാരിസ്ഥിതിക ഭൂമികയെ വീണ്ടെടുക്കുക എന്ന ലക്ഷ്യത്തോടെയാണ് ഹരിതകേരളം മിഷന്റെ ശുചിത്വ മാലിന്യ സംസ്കരണ ഉപമിഷനിലൂടെ ജില്ലയ്ക്ക് ആകെ ബാധകമാവുന്ന രീതിയിൽ വിവിധ ക്യാമ്പയിൻ പ്രവർത്തനങ്ങൾക്ക് രൂപം നൽകി യിട്ടുള്ളത്. സൃഷ്ടിക്കപ്പെടുന്ന ഏതൊരു മാലിന്യവും എത്രയും വേഗത്തിലും സുരക്ഷിതമായും സംസ്കരിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കുകയും, ജനപങ്കാളിത്തത്തോടെ അതാത് പ്രദേശത്തെ മാലിന്യമുക്തമാക്കുന്നതിന് വ്യക്തമായ ഒരു നിർവഹണ സംവിധാനം

രൂപപ്പെടുത്തുകയും നടപ്പാക്കുകയും ചെയ്യുക എന്നതായിരുന്നു മാലിന്യ സംസ്കരണ ഉപമിഷന്റെ ഭാഗമായി ജില്ലയിൽ മിഷൻ ഏറ്റെടുത്ത ലക്ഷ്യങ്ങൾ.

മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം, ശുചിത്വ കേരളം ജനകീയ ക്യാമ്പയിൻ, വലിച്ചെറിയൽമുക്ത കേരളം, മാലിന്യമുക്ത നവകേരളം ജനകീയ ക്യാമ്പയിൻ എന്നിവയിലൂടെ വിവിധങ്ങളായ പ്രവർത്തനങ്ങൾ നടത്തി വന്നതിന്റെ ഭാഗമായി ജില്ലയിലെ മാലിന്യ പ്രശ്നങ്ങൾക്ക് വലിയതോതിൽ പരിഹാരമുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്.

മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം എന്ന ക്യാമ്പയിനിൽ തുടങ്ങി മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിനിൽ എത്തി നിൽക്കുമ്പോൾ ഹരിതകേരളം മിഷൻ ഈ കാലയളവിൽ നടത്തിയിട്ടുള്ള വിവിധ ക്യാമ്പയിനുകളായ എന്റെ മാലിന്യം എന്റെ ഉത്തരവാദിത്വം, ഹരിത സംഗമം, ഹരിതായനം, ഹരിത നിയമ ബോധവൽകരണം, പെൻസിൽ ക്യാമ്പ്, കുട്ടികളുടെ ഹരിത സഭ, ജാഗ്രതോത്സവം, വലിച്ചെറിയൽ മുക്ത കേരളം, ഹരിത പെരുമാറ്റച്ചട്ടം, ഇ- വേസ്റ്റ് ശേഖരണം തുടങ്ങിയവയിലൂടെ മാലിന്യ സംസ്കരണ രംഗത്ത് വിപ്ലവകരമായ മാറ്റങ്ങൾ ഉണ്ടാക്കി. ഹരിതകർമ സേന രൂപീകരണവും ചിട്ടയായ പ്രവർത്തനവും ഈ രംഗത്തെ വിപ്ലവകരമായ നേട്ടമാണ്. ഹരിത സഹായ സ്ഥാപനങ്ങളുടെ പ്രവർത്തനവും മാലിന്യ സംസ്കരണ രംഗത്ത് മികച്ച പിന്തുണയായി മാറി.

മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിനിന്റെ ഭാഗമായി ജില്ലയിൽ ഹരിത ടൂറിസം ക്യാമ്പയിൻ, ഹരിത ടൗൺ,ഹരിത പൊതു ഇടങ്ങൾ, ഹരിത ഗ്രന്ഥശാല ക്യാമ്പയിനുകൾ ഫലപ്രദമായി നടത്തിയതിന്റെ ഭാഗമായി വലിച്ചെറിയപ്പെടുന്ന മാലിന്യങ്ങൾ വലിയ തോതിൽ ഇല്ലാതാക്കാൻ കഴിഞ്ഞു. ജില്ലയിലെ 21 ടൂറിസം കേന്ദ്രങ്ങളിലും കൃത്യമായ രീതിയിൽ മാലിന്യസംസ്കരണം നടന്നുവരുന്നുണ്ട്. ഇവയെ മിഷന്റെ നേതൃത്വത്തിൽ ഹരിത ടൂറിസം കേന്ദ്രങ്ങളായി പ്രഖ്യാപിച്ചു. മാലിന്യങ്ങൾ വലിച്ചെറിയാതിരിക്കാനുള്ള ബോധവൽകരണത്തിന്റെ ഭാഗമായി എല്ലാ ടൂറിസം കേന്ദ്രങ്ങളിലും വഴികളിലും ഐ ഇ സി ബോർഡുകൾ സ്ഥാപിച്ചു. അതുപോലെ ജില്ലയിലെ 54 പ്രധാന ടൗണുകളെ ഹരിത ടൗണുകളാക്കി. 140 പൊതുഇടങ്ങൾ ഹരിത പൊതുയിടങ്ങളാക്കി ഇവിടെയെല്ലാം മാലിന്യം വലിച്ചെറിയാതിരിക്കാനുള്ള പ്രവർത്തനങ്ങൾ ഇന്നും നടന്നുവരുന്നു.



മാലിന്യമുക്ത നവകേരളം ക്യാമ്പയിനിൽ ജില്ലയിൽ ഏറ്റവും ഭംഗിയായി നടന്നുവരുന്ന ക്യാമ്പയിനാണ് ഹരിത ഗ്രന്ഥശാല. ജില്ലയിലെ 230 ഗ്രന്ഥശാലകളെ ഹരിത ഗ്രന്ഥശാലകളായി പ്രഖ്യാപിച്ചു. 230 ഗ്രന്ഥശാലകൾ ഹരിത ഗ്രന്ഥശാലകളാകുന്നതോടൊപ്പം ഗ്രന്ഥശാലകൾ സ്ഥിതിചെയ്യുന്ന പ്രദേശങ്ങളും മാലിന്യമുക്തമാവുകയാണ്. ഗ്രന്ഥശാലകൾ ആ പ്രദേശത്തെ ഏറ്റെടുത്തു കൃത്യമായ ഇടവേളകളിൽ ജനകീയ ശുചീകരണം നടത്തി മാലിന്യങ്ങൾ വേർതിരിച്ചു ഹരിതകർമ്മസേനക്ക് നൽകുന്നു.




ജില്ലയിലെ മാലിന്യം കൂട്ടിയിട്ടിരുന്ന പൊഴുതന, കാരാപ്പുഴ എന്നീ രണ്ടു സ്ഥലങ്ങളിൽ ജനകീയമായി മാലിന്യം നീക്കംചെയ്തു അവിടെ ഹരിതകേരളം മിഷന്റെ പച്ചത്തുരുത്ത് യാഥാർഥ്യമാക്കി. മുൻപ് മാലിന്യങ്ങൾകൂട്ടി ഇട്ടിരുന്ന ഈ രണ്ടു സ്ഥലങ്ങളും ഇന്ന് ആവാസവ്യവസ്ഥയെ സംരക്ഷിക്കുന്ന രണ്ടു പച്ചത്തുരുത്തുകൾ ആണ്.

മാലിന്യമുക്തം നവകേരളം, സ്വച്ഛ് സർവേഷൻ ക്യാമ്പയിനുകളുടെ ഭാഗമായി ജില്ലയിലെ എൻഫോഴ്സ്മെന്റ് ശക്തമായ പ്രവർത്തനം നടത്തിവരുന്നതും പൊതുസ്ഥലത്തെ മാലിന്യം വലിച്ചെറിയുന്നതിലെ കുറവിന് കാരണമായിട്ടുണ്ട്.

### ശുചിത്വ മാലിന്യ സംസ്കരണം

ശുചിത്വ മേഖലയിൽ വയനാട് ജില്ലയിൽ മാതൃകാപരമായ മാറ്റങ്ങൾ നാളിതുവരെ കൈവരിക്കാനായിട്ടുണ്ട്. നിരന്തരമായ ബോധവൽകരണ പ്രവർത്തങ്ങളിലൂടെ മാലിന്യങ്ങളുടെ അശാസ്ത്രീയ സംസ്കരണത്തിനെതിരെ പൊതുജനങ്ങളിൽ ഒരു മനോഭാവ മാറ്റത്തിന് തുടക്കം കുറിച്ചു. അലക്ഷ്യമായി വലിച്ചെറിയുകയും കത്തിക്കുകയും ചെയ്തിരുന്ന അതിഭീകര സാഹചര്യത്തിൽനിന്ന് മാലിന്യമുക്ത അന്തരീക്ഷം നേടിയെടുക്കാൻ ജില്ലയ്ക്ക് സാധിച്ചിട്ടുണ്ട്.

കേരളത്തിലെ പ്രധാന വിനോദസഞ്ചാര മേഖലയാണ് വയനാട്. ഇവിടേയ്ക്ക് എത്തുന്ന സഞ്ചാരികളുടെ എണ്ണം വളരെ കൂടുതലാണ്. കൂടാതെ 2 സംസ്ഥാനങ്ങളിലുമായി അതിർത്തി പങ്കിടുന്ന ജില്ല ആയതിനാൽക്കൂടി സഞ്ചാരികൾ വഴിയോരങ്ങളിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്ന പ്രവണത ഏറെ വെല്ലുവിളിയായിരുന്നു. മാലിന്യമുക്തം നവകേരളം ക്യാമ്പയിനിലൂടെ ടൂറിസം മേഖലയിലെ മാലിന്യ സംസ്കരണത്തിന് തുടക്കം കുറിച്ചിട്ടുണ്ട്.

മാലിന്യമുക്ത കേരളം എന്ന ലക്ഷ്യത്തിൽ പ്രധാന പങ്ക് വഹിക്കുന്ന ഘടകങ്ങളിൽ ഒന്നാണ് ഹരിതകർമ്മസേന. 26 തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലും ഹരിതകർമ്മസേന പ്രവർത്തിക്കുന്നുണ്ട്. 843 പേരാണ് ജില്ലയിൽ നിലവിൽ പ്രവർത്തിക്കുന്നത്. ഹരിതകർമ്മസേനക്ക് യൂസർഫീ നൽകുന്നതിലും അജൈവ മാലിന്യങ്ങൾ തരംതിരിച്ചു കൈമാറുന്നതിലും വലിയ എതിർപ്പുകൾ സമൂഹത്തിൽ നിന്ന് നേരിടേണ്ടിവന്ന സാഹചര്യത്തിൽ നിന്നും 2025 ലേക്ക് എത്തുമ്പോൾ ഓരോ തദ്ദേശ സ്ഥാപനത്തിലേക്കും ഹരിതകർമ്മസേനയുടെ വരുമാനം കൂടിയത് അവരോടുള്ള സമീപനം മാറിയതിന്റെ മികച്ച ഉദാഹരണമായി ചൂണ്ടിക്കാട്ടാം. കൂടാതെ അജൈവ മാലിന്യങ്ങൾ തരംതിരിച്ച് നല്കാൻ തുടങ്ങിയതും ഹരിതകർമ്മസേനക്ക് പ്രവർത്തനോർജ്ജം നൽകി. അധികവരുമാനത്തിന്റെ ഭാഗമായി കമ്മ്യൂണിറ്റി കിച്ചൺ, കഫറ്റീരിയ, സ്വാപ് ഷോപ്പ്, സ്റ്റീൽ പ്ലേറ്റ് ഗ്ലാസ്സ് എന്നിവയുടെ വാടക സ്റ്റോർ, വളം നിർമ്മാണം തുടങ്ങിയ സംരംഭങ്ങളും ജില്ലയിൽ പല തദ്ദേശ സ്ഥാപനങ്ങളിലും പ്രവർത്തിക്കുന്നുണ്ട്. 'ടേക് എ ബ്രേക്ക്', ഹരിതകർമ്മസേന, കുടുംബശ്രീ കിയോസ്കുകൾ എന്നിവയിലൂടെയും ഹരിതകർമ്മസേനകൾ അധിക വരുമാനം കണ്ടെത്തുന്നു.

ഹരിത മിത്രം ആപ്പ് നടപ്പിലാക്കിയതുമുതൽ യൂസർഫീ കളക്ഷനിലും വാതിൽപ്പടി സേവനത്തിലും ഗണ്യമായ വർധനവ് ഉണ്ടായിട്ടുണ്ട്. സർക്കാർ ഏജൻസിയായ ക്ലീൻ കേരള കമ്പനിയും മറ്റ് സ്വകാര്യ ഏജൻസികൾ മുഖേനയുമാണ് ശേഖരിക്കപ്പെടുന്ന അജൈവ മാലിന്യങ്ങൾ ജില്ലയിൽ നീക്കം ചെയ്യുന്നത്.

**2026 ജനുവരി വരെയുള്ള ജില്ലയിലെ ആകെ മാലിന്യസംസ്കരണ ഉപാധികളുടെ എണ്ണം**

| | |
|---|---|
| എം സി എഫ് | 25 |
| മിനി എം സി എഫ് | 934 |
| ബോട്ടിൽ ബൂത്ത് | 754 |
| ഗാർഹിക ജൈവമാലിന്യ സംസ്കരണ ഉപാധികൾ | 52660 |
| സ്ഥാപനതല ജൈവമാലിന്യ സംസ്കരണ ഉപാധികൾ | 2444 |
| കമ്മ്യൂണിറ്റിതല ജൈവമാലിന്യ സംസ്കരണ ഉപാധികൾ | 63 |

(അവലംബം : ശുചിത്വമിഷൻ)

ജില്ലയിലെ മുഴുവൻ ആരോഗ്യ സ്ഥാപനങ്ങളിലെയും ബയോ മെഡിക്കൽ വേസ്റ്റ് ഇമേജ് എന്ന സ്ഥാപനം വഴി കൃത്യമായി നീക്കം ചെയ്യപ്പെടുന്നുണ്ട്. കല്പറ്റ നഗരസഭയിൽ പ്രവർത്തിക്കുന്ന സ്വകാര്യ ആശുപത്രിയായ ഫാത്തിമ മാത മിഷൻ ഹോസ്പിറ്റൽ നഗരസഭയിലെ ബൾക്ക് വേസ്റ്റ് കാറ്റഗറിയിൽ ഉൾപ്പെട്ട ഒരു സ്ഥാപനമാണ്. ഇവിടെ മാലിന്യ സംസ്കാരണവുമായി ബന്ധപ്പെട്ട് മികച്ച മാതൃകകൾ നടപ്പിലാക്കിയിട്ടുണ്ട്. ജൈവ മാലിന്യ സംസ്കരണത്തിനായി ബയോഗ്യാസ് പ്ലാന്റ് അജൈവ മാലിന്യങ്ങൾ ശേഖരിക്കുന്നതിനായി ബിന്നുകൾ, സാനിട്ടറി മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് ഡബിൾ ചേംബർ ഇൻസിനറേറ്റർ, ദ്രവ മാലിന്യ സംസ്കാരണത്തിനായി എസ് ടി പി എന്നിവ സ്ഥാപിച്ച ജില്ലയിലെ ആദ്യ സ്വകാര്യ ആശുപത്രിയാണ് ഫാത്തിമ മാത മിഷൻ ഹോസ്പിറ്റൽ.

ജില്ലയിൽ ജൈവമാലിന്യം ശേഖരിക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനം കല്പറ്റ മുനിസിപ്പാലിറ്റിയാണ്. ആദ്യ കാലങ്ങളിൽ പ്രധാന മാലിന്യ നിക്ഷേപ കേന്ദ്രമായിരുന്നു കല്പറ്റ മുനിസിപ്പാലിറ്റിയിലെ വെള്ളാരംകുന്ന് എന്ന പ്രദേശം. നഗരസഭ, ശുചിത്വ മിഷൻ, ഹരിതകേരളം മിഷൻ എന്നിവയുടെ നിരന്തര ഇടപെടലിലൂടെ ഈ പ്രദേശം മാലിന്യ മുക്തമാക്കുകയും വിൻഡ്രോ കമ്പോസ്റ്റ്, എം സി എഫ്, ആർ ആർ എഫ് എന്നിവ സ്ഥാപിക്കുകയും ചെയ്തു. വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ശേഖരിക്കുന്ന ജൈവ മാലിന്യങ്ങൾ ഇവിടെയെത്തിച്ചു വളമാക്കി മാറ്റി ആർദ്ര എന്ന പേരിൽ ഹരിതകർമ്മസേനയുടെ നേതൃത്വത്തിൽ പൊതു ജനങ്ങൾക്ക് വിൽക്കുകയും ചെയ്യുന്നുണ്ട്.



എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും ഉറവിട ജൈവ മാലിന്യ സംസ്കാരണത്തിന്റെ ഭാഗമായി പ്രത്യക പദ്ധതി വെച്ച് സംസ്കരണ ഉപാധികളായ ബയോബിൻ, കിച്ചൺ ബിൻ, ബൊക്കാഷി ബക്കറ്റ്, ബയോഗ്യാസ്, പോർട്ടബിൾ ബിൻ, റിംഗ് കമ്പോസ്റ്റ്, പൈപ്പ് കമ്പോസ്റ്റ്, പിറ്റ് കമ്പോസ്റ്റ് എന്നിവ വിതരണം ചെയ്തിട്ടുണ്ട്.

## ഗ്രീൻ പ്രോട്ടോക്കോൾ (ഹരിതപെരുമാറ്റച്ചട്ടം)

ആഘോഷങ്ങൾ, ഉത്സവങ്ങൾ, പൊതു പരിപാടികൾ, വിവാഹങ്ങൾ, സർക്കാർ ഓഫീസുകൾ, വിദ്യാലയങ്ങൾ, പൊതു തിരഞ്ഞെടുപ്പുകൾ തുടങ്ങിയ മേഖലകളിലെ മാലിന്യ സംസ്കരണം ശാസ്ത്രീയമാക്കുന്നതിനും പുനരുപയോഗം എന്നത് ശീലവൽക്കരിക്കുന്നതിനുമായി ആവിഷ്ക്കരിച്ച പ്രവർത്തന പരിപാടിയാണ് ഗ്രീൻ പ്രോട്ടോക്കോൾ. വീടുകളെയും സ്ഥാപനങ്ങളെയും പൊതു സ്ഥലങ്ങളെയും ജലാശയങ്ങളെയും വൃത്തിയായി സൂക്ഷിക്കുന്നതിനുള്ള ഒരു പ്രകൃതി സൗഹൃദ പോംവഴിയാണ് ഹരിത പെരുമാറ്റ ചട്ടം. വയനാട് ജില്ലയിലും ഇത്തരത്തിലുള്ള നിരവധി പ്രവർത്തനങ്ങൾ നടന്നിരുന്നു. 2017 -ൽ ക്യാമ്പയിൻ ജില്ലയിൽ ആരംഭിച്ചിരുന്നുവെങ്കിലും 2018 ലാണ് ജില്ലയിൽ ക്യാമ്പയിൻ കൃത്യമായ പ്രായോഗികത കൈവരിച്ചു തുടങ്ങാൻ സാധിച്ചിട്ടുള്ളത്. ഗ്രീൻ പ്രോട്ടോക്കോൾ എന്നത് ഒരു ശീലവൽക്കരണമായതിനാൽ അത് പൊതു സമൂഹത്തിലേക്ക് എത്തിക്കുക എന്നത് വെല്ലുവിളിയായിരുന്നു. 2018 മുതൽ ഘട്ടം ഘട്ടമായി ഈ ക്യാമ്പയിൻ വിവിധ മേഖലകളിൽ നടപ്പിലാക്കി തുടങ്ങി.

2018 ഓഗസ്റ്റ് മാസം 3 ആം തീയതി ബഹു. ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ വയനാട് ജില്ലയിൽ ഗ്രീൻപ്രോട്ടോക്കോൾ വ്യാപിപ്പിക്കാനും ഓരോ ഓഫീസിൽ നിന്നും ഒരു നോഡൽ ഓഫീസറെ തിരഞ്ഞെടുക്കാനും തീരുമാനിച്ചു. പ്രാരംഭ പ്രവർത്തനം എന്ന നിലയിൽ 2018 ഓഗസ്റ്റ്

30 നു സിവിൽ സ്റ്റേഷൻ പരിസരത്ത് ജീവനക്കാരുടെ നേതൃത്വത്തിൽ ക്ലീൻ ഡ്രൈവ് സംഘടിപ്പിച്ചു. പ്ലാസ്റ്റിക്കിലും തെർമോക്കോളിലും നിർമ്മിതമായ എല്ലാത്തരം ഡിസ്പോസബിൾ വസ്തുക്കളുടെയും ഉപയോഗം പൂർണ്ണമായും ഒഴിവാക്കി. ഉത്പാദിപ്പിക്കപ്പെടുന്ന മാലിന്യത്തിന്റെ അളവ് പരമാവധി കുറച്ചു. ജൈവ മാലിന്യം വളമാക്കി മാറ്റുകയും അജൈവ മാലിന്യം ശാസ്ത്രീയമായി സംസ്കരിക്കുകയും ചെയ്തു. ജില്ലയിൽ ബ്ലോക്ക് തലത്തിലും ജില്ലാതലത്തിലും പരിശീലന പരിപാടികളും, മറ്റ് പ്രവർത്തനങ്ങളും നടത്തി. ഹരിതകേരളം മിഷൻ , ശുചിത്വ മിഷൻ എന്നിവയുടെ ഏകോപനത്തോടെ നിരവധി പദ്ധതികളും ക്യാമ്പയിനുകളും നടത്തി.

ഹരിത നിയമാവലി പാലിക്കുന്നതിന്റെ ഭാഗമായി ഹരിതകേരളം മിഷനും ശുചിത്വമിഷനും സംയുക്തമായി ജില്ലയിലെ 58 സർക്കാർ ഓഫീസുകളിൽ ഹരിതനിയമ ചട്ടം പാലിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. ആയതിന്റെ ഭാഗമായി ഓഫീസുകളിൽ നിരോധിത പ്ലാസ്റ്റിക് വസ്തുക്കൾ പൂർണ്ണമായി ഒഴിവാക്കിയും ജൈവ-അജൈവ മാലിന്യ സംസ്കരണത്തിന് സംവിധാനങ്ങൾ ഒരുക്കിയും ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കി. കൂടാതെ ഫയലുകൾ അടുക്കും ചിട്ടയുമായി സൂക്ഷിച്ചും സൗന്ദര്യവൽക്കരണത്തിന് ആവശ്യമായ ചെടികൾ വെച്ച് പരിപാലിച്ചും ഓഫീസുകളെ ഹരിതാഭമാക്കി ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കാനും പരിശോധിക്കാനും നോഡൽ ഓഫീസർമാരെ എല്ലാ സർക്കാർ സ്ഥാപനങ്ങളിലും നിയമിച്ചു.

വയനാട് ജില്ലയിലെ പൊതു വിദ്യാലയങ്ങളെ ഹരിത വിദ്യാലങ്ങളായി മാറ്റാൻ 2018 ജൂണിൽ ഹരിതകേരളം മിഷൻ സംഘടിപ്പിച്ച ക്യാമ്പയിനാണ് "ഹരിതോത്സവം" . ഹരിത സൗഹൃദ വിദ്യാലയം സൃഷ്ടിക്കാനും അത് വിദ്യാർഥികളിൽ എത്തിക്കാനും ഹരിതോത്സവങ്ങൾക്ക് സാധിച്ചിട്ടുണ്ട്. വിദ്യാർഥികൾ മുളകമ്പ്ലങ്ങളിൽ തയ്യാറാക്കിയ തൈകൾ പരസ്പരം കൈമാറിയാണ് ക്യാമ്പയിനിന്റെ ഉദ്ഘാടനം നിർവഹിച്ചത്.



ജില്ലയിലും സർക്കാർ സംവിധാനങ്ങൾക്ക് പുറമേ മറ്റു പൊതു പരിപാടികളിലും ഗ്രീൻ പ്രോട്ടോക്കോൾ പാലിച്ചുകൊണ്ട് നടത്തുവാൻ കഴിഞ്ഞു. ജില്ലാ സ്കൂൾ കലോത്സവം പൂർണമായും ഗ്രീൻ പ്രോട്ടോക്കോൾ പാലിച്ചു നടപ്പിലാക്കാൻ സാധിച്ചിട്ടുണ്ട്. ഹരിതകേരളം ജില്ലാ മിഷന്റെ നേതൃത്വത്തിൽ 2019 -ന് ശേഷം നടന്ന ജില്ലാ കലോത്സവങ്ങളിൽ പൂർണമായും പ്ലാസ്റ്റിക് നിരോധനം ഏർപ്പെടുത്തിയും പരിസ്ഥിതി സൗഹൃദ അലങ്കാരവസ്തുക്കളെ പ്രോത്സാഹിപ്പിച്ചും സ്റ്റീൽ പാത്രങ്ങളും ഗ്ലാസുകളും ഉപയോഗിച്ചും ഹരിതചട്ടം പാലിച്ചും നടത്തി. സംസ്ഥാന സർക്കാരിന്റെ രണ്ടാം വാർഷികത്തോടനുബന്ധിച്ച് നടത്തിയ എക്സിബിഷനും പൂർണമായും ഗ്രീൻപ്രോട്ടോക്കോൾ പാലിച്ചുകൊണ്ടാണ് നടപ്പിലാക്കിയത്. വയനാടിന്റെ പൈതൃക ആരാധനാലയവും പിതൃ തർപ്പണത്തിന് പേരുകേട്ടതുമായ തിരുനെല്ലി ക്ഷേത്രത്തിലെ കർക്കിടക വാവ് പൂർണമായും ഗ്രീൻ

പ്രോട്ടോക്കോൾ പാലിച്ച് നടത്താൻ കഴിഞ്ഞു. ശുചിത്വമിഷന്റെ നേതൃത്വത്തിൽ പ്ലാസ്റ്റിക് ക്യാരിബാഗുകൾ, ബോട്ടിലുകൾ എന്നിവയ്ക്ക് നിയന്ത്രണം ഏർപ്പെടുത്തിയും ജൈവ അജൈവ മാലിന്യ സംസ്കരണം ഉറപ്പുവരുത്തിയും പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചു. പൊൻകുഴി ശ്രീരാമ ക്ഷേത്രത്തിൽ പിതൃതർപ്പണദിവസം ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കാൻ സാധിച്ചു.

മറ്റു ജില്ലകളിൽ നിന്നും ഒരുപാട് ജനങ്ങൾ എത്തുന്ന വള്ളിയൂർക്കാവ് ഉത്സവം മിഷന്റെ നേതൃത്വത്തിൽ ഗ്രീൻ പ്രോട്ടോക്കോൾ പാലിച്ച് സംഘടിപ്പിച്ചു. ഇതിന്റെ ഭാഗമായി ഹരിതകേരളം മിഷൻ, ശുചിത്വമിഷൻ, മാനന്തവാടി മുനിസിപ്പാലിറ്റി സംയുക്തമായി ക്ഷേത്ര സമിതി പ്രതിനിധികളെ ഉൾപ്പെടുത്തി യോഗം ചേരുകയും പൂർണമായി ഹരിതചട്ടം പാലിച്ച് ഉത്സവം നടത്താൻ തീരുമാനിക്കുകയും ചെയ്തു. ഹരിതകർമ്മസേനയുടെ നേതൃത്വത്തിൽ സന്നദ്ധപ്രവർത്തകരുടേയും മാതൃസമിതി പ്രവർത്തകരുടേയും കൂട്ടായ ശ്രമത്തിലൂടെയാണ് ഇത് പ്രാവർത്തികമാക്കിയത്. ജൈവ-അജൈവ മാലിന്യം നിക്ഷേപിക്കാൻ ആവശ്യമായ ബിന്നുകൾ വെച്ചും, സ്റ്റീൽ പാത്രവും ഗ്ലാസും ഉപയോഗിച്ചും ശേഖരിച്ച മാലിന്യങ്ങൾ കൃത്യമായി സംസ്കരിക്കാനുള്ള ഇടപെടലുകൾ നടത്തിയും ഉത്സവം പൂർണമായി ഹരിതചട്ടം പാലിച്ചു നടത്തി. ഇതുകൂടാതെ പള്ളിക്കുന്ന് ലൂർദ് മാതാ ദേവാലയത്തിലെ പെരുന്നാളും, അമ്പലവയൽ കാർഷിക ഗവേഷണ കേന്ദ്രം സംഘടിപ്പിക്കുന്ന പൂപ്പൊലി അന്താരാഷ്ട്ര പുഷ്പ പ്രദർശന വിപണന മേളയും ഗ്രീൻ പ്രോട്ടോകോൾ പ്രകാരമാണ് എല്ലാവർഷവും നടത്തുന്നത്.

## ബീക്കൺ തദ്ദേശ സ്ഥാപനങ്ങൾ

ഹരിതകേരളം മിഷൻ നിലവിൽ വരുമ്പോൾ ശാസ്ത്രീയമായ മാലിന്യ സംസ്കരണം കേന്ദ്രീകൃതമായി നടപ്പിലാക്കുന്നതിനായി കൃത്യമായ സംവിധാനങ്ങൾ ജില്ലയിൽ തദ്ദേശ സ്ഥാപനാടിസ്ഥാനത്തിൽ നിലവിലില്ലായിരുന്നു .ഇത് പരിഹരിക്കാനായി നടപ്പിലാക്കിയ ഒരു പ്രവർത്തനമാണ് ബീക്കൺ തദ്ദേശ സ്ഥാപനങ്ങൾ എന്നത്. ഇതിന്റെ ഭാഗമായി മാലിന്യ സംസ്കരണ മേഖലയിൽ ഒരു ഏകീകൃത രീതി കൈവരിക്കുന്നതിനായി സമഗ്ര ശുചിത്വ മാലിന്യ സംസ്കരണ സംവിധാനങ്ങിലേക്ക് ഏറ്റവും വേഗത്തിൽ എത്തിച്ചേരാൻ സാധ്യതയുള്ള തദ്ദേശ സ്ഥാപനങ്ങളെ ബീക്കൺ എന്നു നിർവചിച്ചു. 2018-ൽ വൈത്തിരി, പടിഞ്ഞാറത്തറ, തരിയോട്, മുട്ടിൽ, വെങ്ങപ്പള്ളി, മേപ്പാടി, പൊഴുതന, മുപ്പൈനാട്, കോട്ടത്തറ എന്നീ ഗ്രാമപഞ്ചായത്തുകളെയും കല്പറ്റ മുനിസിപ്പാലിറ്റിയെയും ആണ് ആദ്യഘട്ടത്തിൽ ബീക്കൺ തദ്ദേശ സ്ഥാപനങ്ങളായി തിരഞ്ഞെടുത്തത്. ഹരിതകർമ്മസേനയുടെ രൂപീകരണം, പ്രവർത്തനം, എം സി എഫ് plastic shredding യൂണിറ്റുകൾ എന്നീ സംവിധാനങ്ങൾ ബീക്കൺ തദ്ദേശ സ്ഥാപനങ്ങളിൽ നടപ്പിലാക്കിയിരുന്നു. 2019 ഏപ്രിൽ മാസത്തിൽ തൊണ്ടർനാട്, നെന്മേനി, നൂൽപ്പുഴ, അമ്പലവയൽ, കണിയാമ്പറ്റ, പനമരം, പൂതാടി, മാനന്തവാടി മുനിസിപ്പാലിറ്റി എന്നീ തദ്ദേശ സ്ഥാപനങ്ങളേയും തിരഞ്ഞെടുത്തു. പിന്നീട് മറ്റ് മുഴുവൻ തദ്ദേശ സ്ഥാപനങ്ങളിലും തുടർ പ്രവർത്തനങ്ങളുടെ ഭാഗമായി മാലിന്യ സംസ്കരണ ഉപാധികൾ സ്ഥാപിക്കപ്പെട്ടു . ശുചിത്വ കേരളം ലക്ഷ്യത്തിലേയ്ക്കുള്ള ആദ്യ ചുവടുവെപ്പുകളിൽ ഒന്നായിരുന്നു ബീക്കൺ ഗ്രാമപഞ്ചായത്തുകൾ .

## പ്രളയമാലിന്യം

2018 ആഗസ്റ്റ് മാസം സംസ്ഥാനത്തുണ്ടായ തെക്ക് പടിഞ്ഞാറൻ മൺസൂൺ ദുരന്തം ജില്ലയെ സാരമായി ബാധിച്ചു. കേരളത്തിൽ പ്രളയക്കെടുതിക്കിരയായ ആദ്യ ജില്ലയായിരുന്നു വയനാട്. ഉരുൾപൊട്ടൽ, വെള്ളപ്പൊക്കം, മണ്ണിടിച്ചിൽ എന്നിവ വ്യാപകമായിരുന്നു.

ആഗസ്റ്റ് 30 നു ജില്ലയിലെ മുഴുവൻ ആളുകളേയും പങ്കെടുപ്പിച്ചുകൊണ്ടുള്ള ശുചീകരണ പരിപാടി മിഷൻ ക്ലീൻ വയനാട് എന്ന ക്യാമ്പയിനിന് ജില്ലാ ഭരണകൂടം രൂപം നൽകി . മാലിന്യ സംസ്കാരണവുമായി ബന്ധപ്പെട്ട് പ്രധാനപ്പെട്ട ഉത്തരവാദിത്വം ഇക്കാലയളവിൽ മിഷൻ ഏറ്റെടുക്കയുണ്ടായി. ജില്ലാ കളക്ടറുടെ നിർദ്ദേശനുസരണം ഹരിതകേരളം മിഷന്റെ നേതൃത്വത്തിലാണ് പ്രവർത്തന പദ്ധതി അവതരിപ്പിച്ചത്.

എഴുപത്തയ്യായിരത്തിലേറെ ആളുകൾ പങ്കെടുത്ത മിഷൻ ക്ലീൻ വയനാട് എന്ന മഹാ ശുചീകരണ യജ്ഞം പ്രളയനന്തരം സംസ്ഥാനത്ത് നടന്ന ആദ്യ ബഹുജന ശുചീകരണമായി മാറി.

പുഴകളിലും മറ്റ് ജലസ്രോതസ്സുകളിലും അടിഞ്ഞുകൂടിയ പ്ലാസ്റ്റിക് മാലിന്യമടക്കമുള്ളവ നീക്കം ചെയ്യുക എന്ന ശ്രമകരമായ പ്രവർത്തനം മിഷൻ ഏറ്റെടുക്കുകയുണ്ടായി. കണ്ണൂർ ജില്ലയിൽ നിന്നും കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടിയിൽ നിന്നും നൂറ്റിയൻപതോളം മത്സ്യത്തൊഴിലാളികളും കോഴിക്കോട് ആസ്ഥാനമായി പ്രവർത്തിക്കുന്ന ഫൈറ്റ് ഫോർ ലൈഫ് സന്നദ്ധ സംഘടനയും ചെറു ബോട്ടുകൾ ഉൾപ്പെടെയുള്ള സജ്ജീകരണങ്ങളുമായി ജലാശയങ്ങളിലെ ശുചീകരണത്തിന് നേതൃത്വം നൽകി . വെള്ളപ്പൊക്കത്തെ തുടർന്ന് കിണറുകളിൽ, മലിനജലം, മാലിന്യങ്ങൾ, ചത്ത ജീവികൾ എന്നിവ കലർന്നു കുടിവെള്ള സ്രോതസ്സുകൾ മലിനമായി. പല കിണറുകളിലും കോളിഫോം ബാക്ടീരിയയുടെ ഉയർന്ന സാന്നിധ്യം കണ്ടെത്തുകയുണ്ടായി. സൂപ്പർ ക്ലോറിനേഷൻ ഉൾപ്പെടെയുള്ള നടപടികൾ ഇതിന്റെ ഭാഗമായി നടപ്പിലാക്കി.

2018 -ലെ പ്രളയം മൂലം വൈദ്യുതി ബന്ധം തകരാറിലായ വീടുകളിൽ കെ എസ് ഇ ബി നടപ്പാക്കിയ മിഷൻ റീ കണക്ട് പരിപാടിയുമായി സഹകരിച്ചു ജില്ലയിലെ ഐ ടി ഐ -കളിലെ വിദ്യാർത്ഥികളും പൂർവ വിദ്യാർത്ഥികളും പ്രളയാനന്തര സന്നദ്ധ പ്രവർത്തനങ്ങളിൽ പങ്കാളികളായി. പനമരം ഗ്രാമപഞ്ചായത്തിലെ വീടുകളിലെ പ്രവർത്തനങ്ങളാണ് ഇവരുടെ നേതൃത്വത്തിൽ ആദ്യം നടപ്പിലാക്കിയത്. കേടുവന്ന ഇലക്ട്രിക് ഉപകരണങ്ങളുടെ റിപ്പയറിംഗിനായി ജില്ലയിൽ 46 കേന്ദ്രങ്ങളിൽ ക്യാമ്പുകൾ സംഘടിപ്പിച്ചു. ഹരിതകേരളം മിഷൻ ടീമാണ് പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചത്. ജില്ലയിലെ ഐ ടി ഐ നൈപുണ്യ കർമ്മ സേന അംഗങ്ങളും മിഷൻ പ്രതിനിധികളും ഉൾപ്പെട്ട വാട്ട്സ്ആപ്പ് ഗ്രൂപ്പിലൂടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ആശയ വിനിമയം നടത്തുകയും ദൈനം ദിന പ്രവർത്തനങ്ങളിൽ ഇടപെടുകയും ചെയ്തു.

സൂപ്പർ ക്ലോറിനേഷൻ നടത്തുന്നതിന് മുന്നോടിയായി നടത്തിയ കിണർ ശുചീകരണത്തിനായി കണ്ണൂർ, മലപ്പുറം, കോഴിക്കോട് ജില്ലകളിൽ നിന്നെത്തിയ വളണ്ടിയർമാരെ ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ ആവശ്യകതക്കനുസരിച്ചു വിന്യസിച്ചു. പ്രളയാനന്തര ശുചീകരണത്തിന്റെ ഭാഗമായി ക്ലോറിനേഷൻ ചെയ്ത കിണറുകളിലെ ജലഗുണനിലവാരം പരിശോധിച്ച് ജനങ്ങളെ ബോധ്യപ്പെടുത്താനായി മിഷന്റെ നേതൃത്തിൽ കോളേജ് വിഭാഗം എൻ എസ് എസ് വളണ്ടിയർമാരുടെയും മലിനീകരണ നിയന്ത്രണ ബോർഡിന്റെയും സാങ്കേതിക സഹായത്തോടെ നടത്തിയ പ്രവർത്തങ്ങളിലും ഇവർ പങ്കാളികൾ ആയി. ജില്ലയിലെ എം എൽ എ –മാർ ഉൾപ്പെടെയുള്ള ജനപ്രതിനിധികൾ നൈപുണ്യ കർമ്മസേനയുടെ പ്രവർത്തനങ്ങൾക്ക് പിന്തുണയേകി.

## പെൻസിൽ ക്യാമ്പ്

ശുചിത്വ ബോധവൽക്കരണം മാലിന്യ സംസ്കരണ പ്രക്രിയകളിൽ വിദ്യാർഥികളെക്കൂടി പങ്കാളികളാക്കാൻ ഹരിതകേരളം മിഷൻ തയ്യാറാക്കിയ പദ്ധതിയാണ് പെൻസിൽ ക്യാമ്പ് കുട്ടികൾക്കായി അവധിക്കാല ക്യാമ്പ് ഒരുക്കി മാലിന്യ സംസ്കരണം, പുനരുപയോഗം, മാലിന്യവുമായി ബന്ധപ്പെട്ട നിയമങ്ങൾ തുടങ്ങിയവയിൽ ബോധവൽകരണം നടത്തി. ഇതുവഴി മഴക്കാല പകർച്ചാവ്യാധി പ്രതിരോധപ്രവർത്തനങ്ങൾക്കും വിദ്യാർഥികളെ സജ്ജമാക്കാൻ കഴിഞ്ഞു. പെൻസിൽ എന്ന പേരിൽ സംസ്ഥാന തലം മുതൽ ബ്ലോക്ക്തലംവരെയാണ് ക്യാമ്പ് സംഘടിപ്പിച്ചത്. 6, 7, 8, 9 ക്ലാസ്സുകളിലെ കുട്ടികളെയാണ് ക്യാമ്പിൽ പങ്കെടുപ്പിച്ചത്. കുടുംബശ്രീയുടെ കീഴിലുള്ള ബാലസഭയിലെ വിദ്യാർഥികളാണ് ക്യാമ്പിൽ പങ്കെടുത്തത്. ക്യാമ്പിൽ പങ്കെടുത്ത കുട്ടികളെ വാർഡുകളിലെ ശുചിത്വ അംബാസിഡർമാരാക്കി തുടർപ്രവർത്തങ്ങൾ നടപ്പാക്കി. പുനരുപയോഗം, മാലിന്യത്തിന്റെ അളവ് കുറയ്ക്കൽ തുടങ്ങിയ കാര്യങ്ങളിലും മാലിന്യവുമായി ബന്ധപ്പെട്ട വിവിധതരം നിയമ ലംഘനങ്ങൾ, അവയ്ക്ക് ലഭിക്കാവുന്ന ശിക്ഷകൾ മുതലായവ സംബന്ധിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കാനും ക്യാമ്പയിനിന് സാധിച്ചു.

## ഹരിതശ്രീ ഭവനം

ഹരിതകേരളം മിഷൻ ശുചിത്വ മിഷനുമായി സഹകരിച്ച് ജില്ലയിലെ അയൽക്കൂട്ടങ്ങളിൽ ഹരിത ഭവനം സൃഷ്ടിക്കാനുള്ള "ഹരിതശ്രീ ഭവനം" എന്ന പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കി. മാലിന്യ സംസ്കരണം, കിണർ റീച്ചാർജിംഗ് ഉൾപ്പെടെയുള്ള ജലസംരക്ഷണ പ്രവർത്തനങ്ങൾ, സൗരോർജ്ജം ഉപയോഗപ്പെടുത്തിയുള്ള ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ, സൗരോർജ്ജം ഉപയോഗപ്പെടുത്തിയുള്ള ഊർജ്ജ സംരക്ഷണം, ജൈവ കൃഷി എന്നീ മേഖലകളിൽ മികവ് പുലർത്തുന്ന അയൽക്കൂട്ടത്തിന് അവാർഡ് നൽകുന്നതാണ് പദ്ധതി. അയൽകൂട്ടങ്ങൾ പരസ്പരം ഗ്രേഡിങ് നടത്തിയിട്ടാണ് അവാർഡ് നൽകിയിട്ടുള്ളത്.

## വലിച്ചെറിയൽ മുക്ത കേരളം

നവകേരളം കർമപദ്ധതിയുടെയും ഹരിതകേരളം മിഷന്റെയും ആഭിമുഖ്യത്തിൽ നടന്ന ക്യാമ്പയിനാണ് "വലിച്ചെറിയൽ മുക്ത കേരളം". വൃത്തിയുള്ള നവകേരളം എന്ന ലക്ഷ്യത്തിലേക്കുള്ള ആദ്യഘട്ട പ്രവർത്തനമാണ് വലിച്ചെറിയൽ മുക്ത കേരളം. പൊതു ഇടങ്ങളിൽ മാലിന്യം വലിച്ചെറിയാതിരിക്കാനുള്ള സന്ദേശം ജനങ്ങളിൽ എത്തിക്കുക എന്നതാണ് ക്യാമ്പയിനിന്റെ ലക്ഷ്യം. നവകേരളം കർമപദ്ധതിയുടെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ഹരിതകേരളം മിഷൻ, ശുചിത്വ മിഷൻ, ക്ലീൻ കേരള കമ്പനി, കുടുംബശ്രീ എന്നിവയുടെ നേതൃത്വത്തിലാണ് പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചത്. നിലവിലെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളും രീതികളും മെച്ചപ്പെടുത്തൽ ഗാർഹിക - സ്ഥാപനതല - ജൈവ/ദ്രവ മാലിന്യ സംസ്കരണം വ്യാപിപ്പിക്കൽ, കമ്മ്യൂണിറ്റി കമ്പോസ്റ്റിങ് സംവിധാനം മെച്ചപ്പെടുത്തൽ 100% അജൈവ മാലിന്യ ശേഖരണം ഉറപ്പാക്കൽ, മിനി എം സി എഫ്, എം. സി. എഫ്, ആർ. ആർ. എഫ് എന്നീ സംവിധാനങ്ങൾ ഉറപ്പാക്കൽ എന്നിവയായിരുന്നു ക്യാമ്പയിനിൽ ഉൾപ്പെട്ടിരുന്നത്. 2023 ജനുവരി 26 നു വയനാട് ജില്ലയിലെ എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും ഒരു പൊതു ഇടം കണ്ടെത്തി ശുചീകരിച്ച് ക്യാമ്പയിനിന് തുടക്കം കുറിച്ചു . തുടർന്ന് 2023 ജനുവരി 30 വരെ ഓരോ വാർഡ് അടിസ്ഥാനത്തിലും ശുചീകരണം നടത്തി. വാർഡ് അടിസ്ഥാനത്തിൽ നടത്തിയ ശുചീകരണത്തിന്റെ ഭാഗമായി കണ്ടെത്തിയ മാലിന്യക്കൂനകൾ ജനകീയമായി നീക്കം ചെയ്തു. ജില്ലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും മറ്റ് സർക്കാർ വകുപ്പുകളിലും ക്യാമ്പയിൻ സംഘടിപ്പിച്ചു. ക്യാമ്പയിൻ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനതല, വാർഡ്തല സംഘാടക സമിതികൾ രൂപീകരിച്ചിരുന്നു. ശുചീകരണ പ്രവർത്തനങ്ങളിൽ ഹരിതകർമ്മസേന, കുടുംബശ്രീ, എം ജി എൻ ആർ ഇ ജി എ തൊഴിലാളികൾ, സ്കൂൾ കോളേജ് , എൻ സി സി, എൻ എസ് എസ്, എസ് പി സി വളണ്ടിയർമാർ ക്ലബ്ബുകൾ , സംഘടനകൾ തുടങ്ങി വളരെ ജനകീയമായാണ് ഓരോ സ്ഥലങ്ങളിലും ശുചീകരണം നടന്നത്. ശുചീകരണത്തിന് ശേഷം ശേഖരിച്ച മാലിന്യങ്ങൾ തരംതിരിച്ചു ക്ലീൻ കേരള കമ്പനിക്ക് കൈമാറി. ശുചീകരണത്തിന് ശേഷം ജില്ലയിലെ വിവിധ ഇടങ്ങളിൽ സൗന്ദര്യവൽക്കരണം നടത്തി. മാലിന്യ രഹിത സംസ്ഥാനമാക്കാനുള്ള വലിയൊരു ക്യാമ്പയിനിന്റെ തുടക്കമായിരുന്നു ഇത്.

## ഹരിത സഭ

ഹരിത സഭയിൽ വിദ്യാലയങ്ങളിലെ വിവിധ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളെക്കുറിച്ച് വിശദമായ റിപ്പോർട്ടുകൾ കുട്ടികൾ അവതരിപ്പിച്ചു. മാലിന്യ സംസ്കരണ രംഗത്തെ വിവിധങ്ങളായ നൂതനാശയങ്ങളും അവതരിപ്പിച്ചു. ജില്ലയിലെ 26 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഹരിതകേരളം മിഷൻ, ശുചിത്വ മിഷൻ, തദ്ദേശ സ്വയംഭരണ വകുപ്പ്, വിദ്യാഭ്യാസ വകുപ്പ് എന്നിവരുടെ സഹകരണത്തോടെ ഹരിത സഭകൾ സംഘടിപ്പിച്ചു. അതാത് തദ്ദേശ സ്ഥാപനങ്ങളിൽ മാലിന്യവുമായി ബന്ധപ്പെട്ട വിഷയങ്ങളും പ്രശ്നങ്ങളും ഹരിത സഭയിൽ വിദ്യാർഥികൾ ഉന്നയിച്ചു . തദ്ദേശ സ്ഥാപന അധ്യക്ഷൻമാർ വിദ്യാർഥികൾക്ക് മറുപടി നൽകുന്ന രീതിയിലാണ് ജില്ലയിലാകെ ഹരിത സഭ സംഘടിപ്പിച്ചിട്ടുള്ളത്. മാലിന്യമുക്തം നവകേരളത്തിലേക്ക് വിദ്യാർഥികളെക്കൂടി പങ്കാളിയാക്കുക



എന്ന ലക്ഷ്യം കൈവരിക്കാൻ ഹരിത സഭ ക്യാമ്പയിനിലൂടെ കഴിഞ്ഞു.കുട്ടികളുടെ ഹരിത സഭ പരിപാടിയിൽ ജില്ലയിൽ 1155 വിദ്യാർത്ഥികൾ പങ്കെടുത്തു.

## മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിൻ

മാലിന്യമുക്തം നവകേരളം ക്യാമ്പയിനിന്റെ ഭാഗമായി ജില്ലയിൽ 21 ഹരിത ടൂറിസം കേന്ദ്രങ്ങൾ, 360 ഹരിത വിദ്യാലയങ്ങൾ, 50 ഹരിത കലാലയങ്ങൾ, 1025 ഹരിത സ്ഥാപനങ്ങൾ, 57 ഹരിത ടൗണുകൾ, 140 പൊതു സ്ഥലങ്ങൾ, 9824 ഹരിത അയൽക്കൂട്ടങ്ങൾ, 3 ഹരിത കെ എസ് ആർ ടി സി ഡിപ്പോകൾ, 230 ഹരിത ഗ്രന്ഥശാലകൾ എന്നിവ പ്രഖ്യാപിച്ചു.

കല്പറ്റ സിവിൽ സ്റ്റേഷൻ കോമ്പൗണ്ടിൽ സ്ഥാപിച്ച കൽപാർക്ക്, പഴയ ബസ് സ്റ്റാന്റിലെ കൽ-ചിൽ പാർക്ക് എന്നിവ വേസ്റ്റ് ടു വണ്ടർ പാർക്ക് എന്ന ആശയത്തെ മുൻനിർത്തി ആരംഭിച്ചതാണ്. നഗരസഭയുടെ സ്വച്ഛ് സർവേഷൻ ഗ്രാന്റിൽ ഉൾപ്പെടുത്തിയാണ് ഇത് നിർമിച്ചിട്ടുള്ളത്.

സുൽത്താൻ ബത്തേരി നഗരസഭയിൽ ഹാപ്പി ഹാപ്പി ബത്തേരി എന്ന പേരിലെ ക്യാമ്പയിനിന്റെ ഭാഗമായി പ്രധാന ടൗണിലെ പൊതു ചുവരുകളും പഴയ കെട്ടിടങ്ങളുടെ ഭിത്തികൾ, ബസ് സ്റ്റാന്റ്, കെ എസ് ആർ ടി സി ഡിപ്പോ ചുമറുകളിലും മാലിന്യ മുക്ത സന്ദേശങ്ങളും ചിത്രങ്ങളും വരച്ചു സൗന്ദര്യവൽക്കരണ പ്രവർത്തനങ്ങൾ നടത്തി. കേരളത്തിലെ തന്നെ വൃത്തിയുടെ സുൽത്താൻ എന്നാണ് സുൽത്താൻ ബത്തേരി നഗരസഭ അറിയപ്പെടുന്നത്.



### മാലിന്യ മുക്തം നവകേരളം ജനകീയ ക്യാമ്പയിൻ വയനാട് ജില്ലയിൽ

| നം. | തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പേര് | ആകെ വാർഡ് | എത്ര വാർഡുകളിൽ വാർഡ് തല പ്രവർത്തനം നടന്നു | എത്ര ഹരിത വിദ്യാലയ പ്രവർത്തനം നടന്നു | എത്ര കലാലയ പ്രവർത്തനം നടന്നു | എത്ര ഹരിത സ്ഥാപന പ്രവർത്തനം നടന്നു | എത്ര ടൂറിസം ഡെസ്റ്റിനേഷൻ പ്രവർത്തനം നടന്നു | എത്ര ടൗൺ പ്രഖ്യാപിച്ചു | എത്ര മാർക്കറ്റ് /പൊതു സ്ഥലം പ്രഖ്യാപിച്ചു | എത്ര അയൽക്കൂട്ടം പ്രഖ്യാപിച്ചു | ഇത് വരെ വീണ്ടെടുത്ത നീർച്ചാലുകളുടെ നീളം (KM) |
|---|---|---|---|---|---|---|---|---|---|---|---|
| 1 | വെള്ളമുണ്ട | 21 | 21 | 19 | 1 | 15 | 0 | 2 | 5 | 559 | 2.3 |
| 2 | തിരുനെല്ലി | 17 | 17 | 16 | 0 | 28 | 1 | 2 | 5 | 395 | 1.8 |
| 3 | തൊണ്ടർനാട് | 15 | 15 | 10 | 0 | 22 | 0 | 1 | 5 | 325 | 250 |
| 4 | എടവക | 19 | 19 | 18 | 3 | 21 | 0 | 1 | 5 | 430 | 1.5 |
| 5 | തവിഞ്ഞാൽ | 22 | 22 | 19 | 1 | 25 | | 5 | 5 | 460 | 2.1 |
| 6 | മീനങ്ങാടി | 19 | 19 | 12 | 6 | 36 | 0 | 2 | 5 | 365 | 2.9 |
| 7 | നെന്മേനി | 23 | 23 | 15 | 1 | 26 | 1 | 1 | 5 | 532 | 1.9 |
| 8 | അമ്പലവയൽ | 20 | 20 | 15 | 1 | 27 | 2 | 2 | 5 | 430 | 1.5 |
| 9 | നൂൽപ്പുഴ | 17 | 17 | 11 | 1 | 26 | 1 | 2 | 5 | 327 | 11 |
| 10 | കോട്ടത്തറ | 13 | 13 | 7 | 0 | 17 | 0 | 1 | 5 | 251 | 2.6 |
| 11 | വെങ്ങപ്പള്ളി | 13 | 13 | 6 | 0 | 22 | 0 | 1 | 5 | 156 | 19 |
| 12 | വൈത്തിരി | 14 | 14 | 10 | 2 | 35 | 2 | 2 | 5 | 231 | 25 |
| 13 | മുട്ടിൽ | 19 | 19 | 18 | 1 | 44 | 1 | 3 | 5 | 484 | 1.7 |
| 14 | പൊഴുതന | 13 | 13 | 8 | 0 | 32 | 0 | 1 | 5 | 300 | 1.3 |
| 15 | തരിയോട് | 13 | 13 | 7 | 0 | 18 | 1 | 1 | 5 | 165 | 1.7 |
| 16 | പടിഞ്ഞാറത്തറ | 16 | 16 | 11 | 0 | 30 | 2 | 2 | 5 | 319 | 2 |
| 17 | മേപ്പാടി | 21 | 21 | 19 | 1 | 26 | 1 | 3 | 5 | 423 | 11 |
| 18 | മൂപ്പൈനാട് | 16 | 16 | 5 | 0 | 30 | 1 | 3 | 5 | 309 | 16 |
| 19 | പനമരം | 23 | 23 | 17 | 5 | 48 | 0 | 1 | 5 | 554 | 2.3 |
| 20 | പൂതാടി | 22 | 22 | 15 | 0 | 36 | 0 | 3 | 5 | 555 | 1 |
| 21 | മുള്ളൻകൊല്ലി | 18 | 18 | 16 | 0 | 48 | 0 | 2 | 5 | 250 | 12 |
| 22 | പുൽപ്പള്ളി | 20 | 20 | 20 | 5 | 34 | 1 | 2 | 5 | 354 | 1.1 |
| 23 | കണിയാമ്പറ്റ | 18 | 18 | 10 | 1 | 34 | 0 | 2 | 5 | 436 | 5 |
| 24 | സുൽത്താൻ ബത്തേരി | 35 | 35 | 20 | 11 | 74 | 1 | 5 | 9 | 447 | 0 |
| 25 | മാനന്തവാടി | 36 | 36 | 15 | 6 | 72 | 2 | 3 | 8 | 536 | 0 |
| 26 | കൽപ്പറ്റ | 28 | 28 | 14 | 4 | 127 | 0 | 4 | 8 | 231 | 16.5 |
| | **ആകെ** | **511** | **511** | **360** | **50** | **1025** | **17** | **57** | **140** | **9824** | **393.2** |

## ജലസംരക്ഷണം

കാർഷിക ജില്ലയായ വയനാട്ടിൽ ജലത്തിന്റെ പ്രാധാന്യം വയനാടിന്റെ വികസനവുമായി ഇഴുകി ചേർന്നതാണ്. ജീവന്റെ നിലനിൽപ്പിന് അത്യന്താപേഷിതമാണ് ജലം. വയനാട് ജില്ലയെ സംബന്ധിച്ചിടത്തോളം മഴയുടെ ലഭ്യത കൂടുതലാണെങ്കിലും കൃത്യമായ സംഭരണത്തിന്റെ അഭാവം

ജില്ലയിലെ ജലസുരക്ഷയെ സാരമായി ബാധിക്കുന്നുണ്ട്. ജലവിഭവങ്ങൾക്ക് വ്യത്യസ്ത സാധ്യതകളാണുള്ളത്. അതിൽ തന്നെ ഏറ്റവും വലിയ സാധ്യത കാർഷിക ഭൂമിയുടെ ജലസേചനമാണ്. ലോകത്തുള്ള ശുദ്ധജലത്തിന്റെ 60 ശതമാനത്തോളം ഉപയോഗിക്കുന്നത് ജലസേചനത്തിനാണ്. കുടിവെള്ളത്തിന്റെ കാര്യത്തിലും ജലസേചനത്തിന്റെ കാര്യത്തിലും വിവേചന രഹിതമായ ഉപയോഗം മൂലം ജലലഭ്യത കുറഞ്ഞിരിക്കുകയാണ്. ജലത്തിന്റെ കൃത്യമായ ഉപയോഗവും വിതരണവും നടപ്പിലാക്കുന്നതിനായി ഹരിതകേരളം മിഷൻ വിവിധങ്ങളായ ക്യാമ്പയിനുകൾ ആസൂത്രണം ചെയ്യുകയും നടപ്പിലാക്കുകയും ചെയ്തു വരുന്നു. നീർത്തട ഗ്രാമസഭ, എല്ലാവരും ജലാശയത്തിലേക്ക്, ജലസഭ, ജല സംഗമം, അയൽക്കൂട്ടജലസഭ, നീർത്തട മാസ്റ്റർ പ്ലാൻ, ജലമാണ് ജീവൻ, ഇനി ഞാൻ ഒഴുകട്ടെ വിവിധ ഘട്ടങ്ങൾ, നീരുറവ്, കബനിക്കായ് വയനാട്, സുരക്ഷിതമാക്കാം പശ്ചിമഘട്ടം, ജലബജറ്റ്, പാറക്വാറി റീച്ചാർജിങ്, ജലസുരക്ഷാപ്ലാൻ, കുളങ്ങളിൽ ജലലഭ്യത നിർണ്ണയ സ്കെയിലുകൾ, ജലമാണ് ജീവൻ - അമീബിക് മസ്തിഷ്ക ജ്വരം ഇത്തരത്തിൽ നിരവധി ക്യാമ്പയിനുകൾ ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ 2017 മുതൽ നടപ്പാക്കി വരുന്നുണ്ട്.

### ജലമാണ് ജീവൻ ക്യാമ്പയിൻ

ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ആരംഭിച്ച ജലമാണ് ജീവൻ എന്ന ക്യാമ്പയിനിലൂടെ ജലത്തിന്റെ ആവശ്യകതയും അമിതോപയോഗ നിയന്ത്രണവും ആയിരുന്നു ലക്ഷ്യമിട്ടിരുന്നത്. ജല സ്വയം പര്യാപ്തതക്കായി 'ഹരിത വീട്'ക്യാമ്പയിൻ ഏറ്റെടുത്ത് നടപ്പാക്കി. വീടുകളിലെ മഴവെള്ളം റീചാർജ് ചെയ്യുക വെള്ളം ആവശ്യത്തിനു മാത്രം ഉപയോഗിക്കുക, വെള്ളത്തെ പുനരുപയോഗിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ ഹരിത വീടുകളിൽ നടപ്പാക്കി. ഇതുപോലെ ജലസംരക്ഷണത്തിനും ജലത്തിന്റെ ഉപയോഗം കുറക്കുന്നതിന്നുമുള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്തു. ലഭിക്കുന്ന മഴവെള്ളം പരമാവധി സംഭരിച്ച് മണ്ണിലേക്ക് ഇറക്കി ജലസംരക്ഷണം ഉറപ്പുവരുത്തുന്ന ബോധവൽകരണ പരിപാടികൾ ഈ ക്യാമ്പയിൻ വഴി നടപ്പാക്കി.

### പ്രളയാനന്തര ജലപരിശോധന

2018 ആഗസ്റ്റിൽ സംസ്ഥാനത്തുണ്ടായ പ്രളയം ജില്ലയിലെ സ്വാഭാവിക ജീവിതത്തെയും മണ്ണിനെയും ജലത്തെയും സാരമായി ബാധിച്ചിരുന്നു. വൈത്തിരി, മാനന്തവാടി, സുൽത്താൻ ബത്തേരി താലൂക്കുകളിലായി ഉൽപ്പാദന, സേവന, അടിസ്ഥാന മേഖലകളിൽ നിരവധി നാശ നഷ്ടങ്ങൾ ഉണ്ടാക്കി. ഉരുൾപൊട്ടൽ, വെള്ളപ്പൊക്കം, മണ്ണിടിച്ചിൽ എന്നിവ വ്യാപകമാവുകയും ജലസമ്പത്ത് മലിനീകരിക്കപ്പെടുകയും ചെയ്തിരുന്നു. ഇത്തരത്തിൽ മലിനമാക്കപ്പെട്ട കിണറുകൾ മറ്റു ജലാശയങ്ങൾ എന്നിവയിൽ സൂപ്പർ ക്ലോറിനേഷൻ നടത്തുകയും ശുചീകരിക്കുകയും ചെയ്തിരുന്നു.

വയനാട് ജില്ലയിൽ 19 ഗ്രാമപഞ്ചായത്തുകളിലായി 757 കിണറുകളും കൽപ്പറ്റ മുനിസിപ്പാലിറ്റി പരിധിയിലെ 68 കിണറുകളും ചേർന്ന് 825 കിണറുകളിലുമാണ് ജല ഗുണനിലവാര പരിശോധന നടത്തിയത്. 2018 ഒക്ടോബർ മൂന്നിന് പ്രാഥമിക യോഗം ബന്ധപ്പെട്ട വകുപ്പുകളിൽ ചേരുകയും പ്രവർത്തന രൂപരേഖ തയ്യാറാക്കുകയും ചെയ്തിരുന്നു. ആദ്യഘട്ടത്തിൽ കൽപ്പറ്റ നഗരസഭയിലും പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്തിലും പൈലറ്റ് സ്റ്റഡി നടത്തിയിരുന്നു. മറ്റ് തദ്ദേശസ്ഥാപനങ്ങളിലേക്കും പരിശോധന വ്യാപിപ്പിച്ചു.ബത്തേരി സെന്റ് മേരീസ് കോളേജ്, എൻ എം എസ് എം ഗവൺമെന്റ് കോളേജ് കൽപ്പറ്റ, മാനന്തവാടി ഗവൺമെന്റ് കോളേജ് എന്നിവിടങ്ങളിലെ എൻ എസ് എസ് വളണ്ടിയർമാർക്കാണ് പൊലൂഷൻ കൺട്രോൾ ബോർഡിന്റെ നേതൃത്വത്തിൽ ജലഗുണ നിലവാര പരിശീലനം നൽകിയത്.ഭക്ഷ്യസുരക്ഷാ വകുപ്പും, വാട്ടർ അതോറിറ്റി വകുപ്പും പരിശോധനയുമായി സഹകരിച്ചു.പ്രത്യേകം തയ്യാറാക്കിയ മൊബൈൽ ആപ്ലിക്കേഷനിലൂടെയാണ് പരിശോധന ഫലം രേഖപ്പെടുത്തിയത്

## എല്ലാവരും ജലാശയങ്ങളിലേക്ക്

ജലസ്രോതസ്സുകളുടെ പുനരുജ്ജീവന പ്രവർത്തനങ്ങൾ തൊഴിലുറപ്പ് പദ്ധതിയിൽ മാത്രം ഉൾപ്പെടുത്തിയാണ് ജില്ലയിൽ നടപ്പിലാക്കി വന്നിരുന്നത്. ഇത് എല്ലാ വർഷവും അനുവർത്തിച്ചു പോന്നു. എന്നാൽ ജനകീയ മുന്നേറ്റത്തിലൂടെ പൊതു ജനങ്ങളെ കൂടി പങ്കാളികൾ ആക്കി ജലസ്രോതസ്സുകൾ സംരക്ഷിക്കപ്പെടേണ്ടതിന്റെ ആവശ്യകതയെ പറ്റി ബോധവൽകരിക്കുക എന്ന അജണ്ട മുൻനിർത്തി ആരംഭിച്ച ഹരിതകേരളം മിഷന്റെ ജനകീയ ക്യാമ്പയിനിന്റെ തുടക്കമായിരുന്നു 'എല്ലാവരും ജലാശയങ്ങളിലേക്ക്' എന്ന ക്യാമ്പയിൻ. ഹരിതകേരളം മിഷന്റെ രണ്ടാം വാർഷികത്തോടനുബന്ധിച്ച് വയനാട് ജില്ലയിലെ പ്രധാന നദിയായ കബനിയുടെ കൈവഴികളായ 17 തോടുകൾ പുനരുജ്ജീവന പ്രവർത്തനങ്ങൾക്കായി തെരഞ്ഞെടുത്ത് പ്രവർത്തനങ്ങൾ നടത്തി.2018 ഡിസംബർ 3 ന് ജില്ലാ പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ വെച്ച് സാങ്കേതിക സമിതിയുടെ യോഗത്തിൽ കബനി പുനരുജ്ജീവനം നടത്തേണ്ട പ്രവർത്തനങ്ങളുടെ അന്തിമ രൂപം തയ്യാറാക്കി. കബനി നദി ഒഴുകുന്ന ഗ്രാമപഞ്ചായത്തുകളിലെ ജനങ്ങൾക്ക് ഉപകാരപ്രദമായ തോടുകളുടെ പുനരുജ്ജീവന ശുചീകരണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പാക്കി. ഐ ഇ സിയുടെ ഭാഗമായി ദൃശ്യ മാധ്യമങ്ങളിലൂടെ പരിപാടിയെകുറിച്ചുള്ള വിവരങ്ങൾ പൊതുജനങ്ങളിലേക്ക് എത്തിക്കുകയും ചെയ്തു.

കബനി നദി പുനരുജ്ജീവന പരിപാടിയുടെ ഭാഗമായി 2018 ഡിസംബർ 4 ന് വൈത്തിരി ഗ്രാമപഞ്ചായത്തിലെ വാർഡ് 12 ലൂടെ ഒഴുകുന്ന കബനിയുടെ കൈവഴിയായ പഴയ വൈത്തിരി തോട്ടിൽ മാതൃക പഠന യാത്ര സംഘടിപ്പിച്ചു. തോടിന്റെ ഉദ്ഭവ സ്ഥാനമായ നൊളിയൻ പാറ മുതൽ വൈത്തിരി പുഴ വരെയുള്ള ഭാഗങ്ങളിൽ പുഴ പഠന യാത്ര നടന്നു.

**എല്ലാവരും ജലാശയങ്ങളിലേക്ക്- തദ്ദേശ സ്ഥാപനങ്ങളിൽ നടന്ന പ്രവർത്തനങ്ങൾ**

| നം | ഗ്രാമപഞ്ചായത്ത്/നഗരസഭ | ജലാശയത്തിന്റെ പേര് | ദൂരം (കി. മീ.) | പങ്കാളിത്തം (എണ്ണം) | പ്രവർത്തന രീതി |
|---|---|---|---|---|---|
| 1 | സുൽത്താൻ ബത്തേരി നഗരസഭ | കരുവള്ളിക്കുന്ന് തോട് | 2.5 | 150 | ശുചീകരണം |
| 2 | കല്പറ്റ നഗരസഭ | മുണ്ടേരി തോട് | 0.3 | 150 | ശുചീകരണം |
| 3 | മാനന്തവാടി നഗരസഭ | വരടിമൂല ചെറ്റപ്പാലം തോട് | 1 | 42 | ശുചീകരണം |
| 4 | പുൽപ്പള്ളി | മുദ്ദള്ളി തോട് | 2 | 450 | ജൈവ തടയണ, ശുചീകരണം |
| 5 | മുള്ളൻകൊല്ലി | മുദ്ദള്ളി തോട് | 2 | 200 | പുഴ നടത്തം ശുചീകരണം |
| 6 | വൈത്തിരി | വട്ടപ്പാറ കരിമ്പിൻചാൽ തോട് | 8 | 300 | പുഴ നടത്തം ശുചീകരണം |
| 7 | പനമരം | കൂടിയോം വയൽ തോട് | 4 | 40 | പുഴ നടത്തം |
| 8 | പൊഴുതന | അമ്മാറ തോട് | 4 | 800 | ശുചീകരണം |
| 9 | അമ്പലവയൽ | കോട്ടൂർ തോട് | 4.4 | 50 | ശുചീകരണം |
| 10 | പൂതാടി | നരസിപ്പുഴ | 10 | 180 | പുഴ നടത്തം/ശുചീകരണം |
| 11 | നെന്മേനി | കണ്ണോം തോട് | 1 | 256 | ശുചീകരണം |
| 12 | തിരുനെല്ലി തോട് | പുഴവയൽ | 3.5 | 300 | ശുചീകരണം |
| 13 | തവിഞ്ഞാൽ | തലപ്പുഴ കമ്പിപ്പാറ | 1.5 | 200 | ശുചീകരണം |
| 14 | വെള്ളമുണ്ട | വെട്ടുതോട് | 7 | 700 | ശുചീകരണം |
| 15 | കോട്ടത്തറ | കുഴിവയൽ തോട് | | 200 | തടയണ |
| 16 | നൂൽപ്പുഴ | നമ്പിക്കൊല്ലി കല്ലൂർപ്പുഴ | | 64 | ചെക്ക് ഡാം ശുചീകരണം |
| 17 | വെങ്ങപ്പള്ളി | മുത്താച്ചിക്കുണ്ട് തോട് | 2.4 | 63 | ശുചീകരണം |

### അയൽക്കൂട്ട ജലസഭ

2019 മാർച്ച് 22 ലോക ജലദിനത്തിൽ കല്പറ്റ മുനിസിപ്പാലിറ്റിയിലെ നെടുങ്ങോട് പള്ളിക്കുളത്തിൽ ശുചീകരണ പ്രവർത്തനങ്ങൾ നടത്തി. കടുത്ത വരൾച്ചയെ പ്രതിരോധിക്കുന്നതിനും ജലസംരക്ഷണത്തിന്റെ സന്ദേശം പരമാവധി ആളുകളിൽ എത്തിക്കുന്നതിനുമായി ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ കുടുംബശ്രീയുടെ പങ്കാളിത്തത്തോടെ അയൽക്കൂട്ട ജലസഭ നടത്തി. 26 തദ്ദേശസ്ഥാപനങ്ങളിലായി 1,00,059 പേർ ഈ ജനകീയ ക്യാമ്പയിനിൽ നേരിട്ട് പങ്കാളികളായി.

### ഇനി ഞാൻ ഒഴുകട്ടെ

എല്ലാവരും ജലാശയങ്ങളിലേക്ക് ക്യാമ്പയിനിന്റെ തുടർച്ചയായി ആരംഭിച്ച ജലസ്രോതസ്സുകളുടെ പുനരുജ്ജീവന ക്യാമ്പയിനായിയിരുന്നു 'ഇനി ഞാൻ ഒഴുകട്ടെ'. തദ്ദേശ സ്ഥാപനദിനാടിസ്ഥാനത്തിൽ നടപ്പിലാക്കിയ ക്യാമ്പയിനിലൂടെ വിവിധ നീർച്ചാലുകളുടെ പുനരുജ്ജീവന ശുചീകരണ പ്രവർത്തനങ്ങൾ ബഹുജന പങ്കാളിത്തത്തോടെ ജില്ലയിൽ നടപ്പിലാക്കി. തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി കയർഭൂവസ്ത്രം വിരിക്കൽ, രാമച്ചം പോലുള്ളവ നടൽ എന്നിവയും നടപ്പിലാക്കിയിട്ടുണ്ട്. 3 ഘട്ടങ്ങളാണ് ഇനി ഞാനൊഴുകട്ടെ ക്യാമ്പയിനിന്റെ ഭാഗമായി ജില്ലയിൽ നടപ്പിലാക്കിയത്. മൂന്നു ഘട്ടങ്ങളിലായി 427.67 കി മി തോട് പുനരുജ്ജീവനം നടത്തി.

### സാങ്കേതിക സമിതി രൂപീകരണം

ഹരിതകേരളം മിഷന്റെ ഉപമിഷനുകളിൽ ഒന്നായ ജലസംരക്ഷണ പ്രവർത്തനങ്ങൾ തദ്ദേശ സ്ഥാപന തലത്തിൽ നടപ്പിലാക്കുന്നതിനായി സംസ്ഥാന സർക്കാർ നിർദേശത്തെ തുടർന്ന് തദ്ദേശ സ്ഥാപനങ്ങളിൽ സാങ്കേതിക സമിതികൾക്ക് രൂപം നൽകി . ഹരിതകേരളം മിഷനോടൊപ്പം ജലസേചന വകുപ്പ്, കൃഷി വകുപ്പ്, തൊഴിലുറപ്പ്, കുടുംബശ്രീ, ഭൂഗർഭജലവകുപ്പ്, സോയിൽ കൺസർവേഷൻ, ഹൈഡ്രോളജി വകുപ്പ് എന്നിവരടങ്ങുന്ന സമിതിയാണ് രൂപീകരിച്ചത്. ജലസേചന വകുപ്പ് എക്സിക്യൂട്ടീവ് എൻജിനീയർ കൺവീനറായുള്ള ജില്ലാതല സാങ്കേതിക സമിതി ജില്ലാതലത്തിൽ പ്രവർത്തിക്കുന്നു. ജില്ലയിൽ നാളിതുവരെ ഇല്ലാതിരുന്ന വകുപ്പുകളുടെ ഏകോപനം സാങ്കേതിക സമിതി രൂപീകരണത്തിലൂടെ സാധ്യമായി. ജലസംരക്ഷണ മേഖലയിൽ മിഷന്റെ പ്രവർത്തനങ്ങളിൽ ഒന്നായ നീർത്തട മാസ്റ്റർ പ്ലാൻ രൂപീകരണം ഈ സാങ്കേതിക സമിതിയുടെ നേതൃത്വത്തിലായിരുന്നു. ജില്ലയിലെ 26 തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലും 4 ബ്ലോക്ക് പഞ്ചായത്തുകളിലും ഇത്തരത്തിൽ വിവിധ വകുപ്പുകളെ ചേർത്ത് സാങ്കേതിക സമിതികൾ രൂപീകരിച്ചിട്ടുണ്ട്. ഈ സാങ്കേതിക സമിതികളുടെ നേതൃത്വത്തിലാണ് ഓരോ തദ്ദേശ സ്ഥാപനങ്ങളിലും ജലസംരക്ഷണ പ്രവർത്തനങ്ങൾ നടന്നു വരുന്നത്.

### നീർത്തട മാസ്റ്റർപ്ലാൻ തയ്യാറാക്കൽ

ഒരു പ്രദേശത്തിന്റെ സമഗ്രമായ വികസനം നീർത്തടാധിഷ്ഠിതമായ വികസന കാഴ്ചപ്പാടിലൂടെയാണ് സാധ്യമാകുക എന്നതിനാൽ വയനാട് ജില്ലയിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും 2018 മുതൽ 2023 വരെ 5 വർഷക്കാലത്തേക്ക് നീർത്തട വികസന മാസ്റ്റർപ്ലാൻ തയ്യാറാക്കി. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ നീർത്തടങ്ങളിൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലും ത്രിതല പഞ്ചായത്തുകളുടെ മറ്റ് പദ്ധതികളിലും ഉൾപ്പെടുത്തി തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിനും ഭൂമിയുടെ ഫലഭൂഷ്ഠിത വർധിപ്പിച്ച് ഓരോ നീർത്തടത്തിലേയും മണ്ണും,ജലവും,ജൈവ സമ്പത്തും സംരക്ഷിക്കുന്നതിനും പൊതു ആസ്തികൾ സൃഷ്ടിക്കുന്നതിനും പശ്ചാത്തല വികസനം സാധ്യമാക്കുന്നതിനും ജീവിത നിലവാരം ഉയർത്തുന്നതിനും ആവിശ്യമായ പദ്ധതികളാണ് നീർത്തട വികസന മാസ്റ്റർ പ്ലാനിൽ തയ്യാറാക്കിയിരിക്കുന്നത്. വയനാട് ജില്ലയിലെ പ്രദേശങ്ങളിൽ മണ്ണ്,ജലസംരക്ഷണ മേഖലയിലെ പ്രശ്നങ്ങൾ നിരവധിയാണ്. കുറഞ്ഞ ദിവസങ്ങളിലായി കൂടുതൽ മഴ ലഭിക്കുന്നു. ഇതിൽ നല്ലൊരു ശതമാനവും സംരക്ഷിക്കപ്പെടാതെ മണ്ണുമായി ചേർന്ന് കുത്തിയൊലിച്ച് പോകുന്നു. ഭൂമിയുടെ ചരിവും മണ്ണിന്റെ ഘടനയും കാരണം നല്ലൊരു ശതമാനം വെള്ളവും ഉപരിതല നീരൊഴുക്കിലൂടെ അതിവേഗത്തിൽ ഒഴുകിപ്പോകുന്നു. പ്രകൃതിദത്ത ജലസംരക്ഷണ സംവിധാനങ്ങളായ വയലുകൾ

തണ്ണീർത്തടങ്ങൾ എന്നിവയിൽ ഉണ്ടായ കുറവും നാശവും സ്വഭാവിക ജലസംരക്ഷണത്തെ ബാധിച്ചു. ജില്ലയിലെ മിക്ക ഇടങ്ങളിലെയും ഭൂഗർഭജലം ക്രമാതീതമായി താഴ്ന്നിട്ടുണ്ട്. ഇവ പരിഹരിക്കുന്നതിനായി ജലസംരക്ഷണ മേഖലയിൽ പദ്ധതികൾ തയ്യാറാക്കുന്നതിലും നിർവ്വഹണം നടത്തുന്നതിലും നീർത്തട മാസ്റ്റർ പ്ലാൻ ഏറെ സഹായമായിട്ടുണ്ട്.

## ജല ബജറ്റ്

ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ജില്ലയിലെ 26 തദ്ദേശസ്ഥാപനങ്ങളിലും നാലു ബ്ലോക്ക് പഞ്ചായത്തുകളിലും ജലബജറ്റ് തയ്യാറാക്കി സമ്പൂർണ്ണ ജലബജറ്റ് ജില്ലയായി വയനാട് മാറിയിട്ടുണ്ട്. നേരിട്ട് ജലസംരക്ഷണ മേഖലയിൽ മിഷൻ പത്തു വർഷക്കാലമായി നിരവധി ക്യാമ്പയിനുകളും പ്രവർത്തനങ്ങളും ഏറ്റെടുത്തു നടത്തുന്നുണ്ടെങ്കിലും ജലവുമായി ബന്ധപ്പെട്ട രേഖകൾ ജില്ലയിൽ ഇല്ലാതിരുന്ന ഘട്ടത്തിലാണ് മിഷൻ ജലബജറ്റ് ആശയവുമായി മുന്നോട്ട് വരുന്നത്. ഓരോ പ്രദേശത്തും ലഭിക്കുന്ന ജലത്തിന്റെ അളവും ഉപയോഗിക്കുന്ന ജലത്തിന്റെ അളവും കണക്കെടുത്ത് ശാസ്ത്രീയമായി ജലം മിച്ചം ആണോ കമ്മിയാണോ എന്ന് കണ്ടെത്തുന്നതാണ് ജലബജറ്റിന്റെ ലക്ഷ്യം. സി ഡബ്ല്യു ആർ ഡി എം ന്റെ സാങ്കേതിക സഹായത്തോടെയാണ് ജില്ലയിൽ 26 തദ്ദേശസ്ഥാപനങ്ങളിലും ജലബജറ്റ് തയ്യാറാക്കിയിട്ടുള്ളത്. സംസ്ഥാനത്തു തന്നെ വയനാട് ജില്ലയിലെ മുട്ടിൽ ഗ്രാമപഞ്ചായത്തിലാണ് പൈലറ്റ് ആയി ജലബജറ്റ് തയ്യാറാക്കിയത്. വയനാട് ജില്ലയെ സംബന്ധിച്ച് പൊതുവെ ധാരാളം മഴ ലഭിക്കുന്നുണ്ടെങ്കിലും പല മേഖലകളിലും പല ഘട്ടത്തിലായി കടുത്ത വരൾച്ച അനുഭവിക്കുന്ന സാഹചര്യം ജില്ലയിൽ ഉണ്ടായിരുന്നു . ഇത്തരം പ്രശ്നങ്ങൾ കണ്ടെത്തുന്നതിനു ജലബജറ്റ് സഹായകരമായിട്ടുണ്ട്. ജില്ലയിൽ ജലബജറ്റ് തയ്യാറാക്കിയതിലൂടെ ലഭിക്കുന്ന ജലത്തേക്കാൾ കുറവാണ് ജലം ഉപയോഗിക്കുന്നത് എന്ന് ബജറ്റ് പരിശോധിച്ചാൽ മനസ്സിലാക്കാൻ കഴിയും. ഇത് പരിഹരിക്കുന്നതിനായി ലഭിക്കുന്ന മഴവെള്ളം ഉൾപ്പെടെയുള്ള ജലം സംരക്ഷിക്കുന്നതിന് എല്ലാ തദ്ദേശസ്ഥാപനങ്ങളിലും ജലസുരക്ഷ പ്ലാനുകൾ തയ്യാറാക്കേണ്ടതാണെന്നും കണ്ടെത്തി.

**ജലബജറ്റ് വയനാട് ജില്ലയിൽ**

| ക്രമ നമ്പർ | ഗ്രാമപഞ്ചായത്ത് | ജല ആവിശ്യം | ജല ലഭ്യത | അന്തരം | ജലംകമ്മി/ ജലമിച്ചം |
|---|---|---|---|---|---|
| 1 | കോട്ടത്തറ ഗ്രാമപഞ്ചായത്ത് | 1024553.412 | 42740539.52 | 41715986.107 | ജലം മിച്ചം |
| 2 | വൈത്തിരി ഗ്രാമപഞ്ചായത്ത് | 1506154.248 | 69606572.13 | 68100417.877 | |
| 3 | പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്ത് | 2986034.356 | 70043700.86 | 67057676.501 | |
| 4 | വെങ്ങപ്പള്ളി ഗ്രാമപഞ്ചായത്ത് | 1774087.632 | 28958485.08 | 27184397.443 | |
| 5 | തരിയോട് ഗ്രാമപഞ്ചായത്ത് | 4172933.628 | 81507738.63 | 77334804.998 | |
| 6 | പൊഴുതന ഗ്രാമപഞ്ചായത്ത് | 1273751.766 | 92352964.9 | 91079213.134 | |
| 7 | മുപ്പൈനാട് ഗ്രാമപഞ്ചായത്ത് | 21336751.31 | 89601790.24 | 68265638.931 | |
| 8 | മേപ്പാടി ഗ്രാമപഞ്ചായത്ത് | 30227428.14 | 169768267.9 | 139540839.801 | |
| 9 | മുട്ടിൽ ഗ്രാമപഞ്ചായത്ത് | 30046293.89 | 37883809.28 | 7837515.391 | |
| 10 | അമ്പലവയൽ ഗ്രാമപഞ്ചായത്ത് | 2330515.35 | 31794030.48 | 29463515.14 | |
| 11 | മീനങ്ങാടി ഗ്രാമപഞ്ചായത്ത് | 21858802.32 | 53428378.04 | 31569575.720 | |
| 12 | നൂൽപ്പുഴ ഗ്രാമപഞ്ചായത്ത് | 6331083 | 114287266.6 | 107956183.7 | |
| 13 | നെന്മേനി ഗ്രാമപഞ്ചായത്ത് | 44165085.85 | 69084587.62 | 29919501.774 | |
| 14 | പനമരം ഗ്രാമപഞ്ചായത്ത് | 27130894.99 | 78109200.97 | 50978305.98 | |
| 15 | കണിയാമ്പറ്റ ഗ്രാമപഞ്ചായത്ത് | 10290787.34 | 35991123.05 | 25700335.71 | |

| | | | | | |
|---|---|---|---|---|---|
| 16 | പുൽപ്പള്ളി ഗ്രാമപഞ്ചായത്ത് | 11641262.3 | 72586882.23 | 60945619.93 | |
| 17 | മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്ത് | 12777197.7 | 67312816.93 | 54535619.23 | |
| 18 | പൂതാടി ഗ്രാമപഞ്ചായത്ത് | 42857584.13 | 79717785.42 | 36860201.29 | |
| 19 | തിരുനെല്ലി ഗ്രാമപഞ്ചായത്ത് | 5966055.894 | 140492062.1 | 134526006.167 | |
| 20 | തൊണ്ടർനാട് ഗ്രാമപഞ്ചായത്ത് | 70348104.28 | 100143286.7 | 29795182.421 | |
| 21 | വെള്ളമുണ്ട ഗ്രാമപഞ്ചായത്ത് | 34991149.1 | 57552333.97 | 22561184.875 | |
| 22 | തവിഞ്ഞാൽ ഗ്രാമപഞ്ചായത്ത് | 39961208.51 | 117360811.1 | 77399602.570 | |
| 23 | എടവക ഗ്രാമപഞ്ചായത്ത് | 19448991.69 | 44379997.62 | 24931005.933 | |
| 24 | സുൽത്താൻ ബത്തേരി മുനിസിപ്പാലിറ്റി | 9718190.792 | 54033762.35 | 44315571.558 | |
| 25 | കൽപ്പറ്റ മുനിസിപ്പാലിറ്റി | 2512960.898 | 56046351.69 | 53533390.789 | |
| 26 | മാനന്തവാടി മുനിസിപ്പാലിറ്റി | 30271039.09 | 72967594.49 | 42696555.403 | |

## ജലമാണ് ജീവൻ - അമീബിക് മസ്തിഷ്ക ജ്വരം പ്രതിരോധ പ്രവർത്തനങ്ങൾ

ഹരിതകേരളം മിഷൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് വിവിധ വകുപ്പുകളുടെ സഹകരണത്തോടെ ജില്ലയിൽ ജലമാണ് ജീവൻ എന്ന പേരിൽ ജനകീയ തീവ്ര കർമ്മ പരിപാടിക്ക് രൂപം നൽകി. അമീബിക് മസ്തിഷ്ക ജ്വരം പോലുള്ള മാരക രോഗങ്ങൾ വ്യാപകമായ സാഹചര്യത്തിലാണ് ക്യാമ്പയിൻ തുടക്കം കുറിച്ചത്. 2025 ഓഗസ്റ്റ് 30 31 തീയതികളിൽ ജില്ലയിലെ എല്ലാ കിണറുകളിലും ക്ലോറിനേഷൻ പ്രവർത്തങ്ങൾ നടന്നു. അമീബിക് മസ്തിഷ്ക ജ്വരം പ്രതിരോധ പ്രവർത്തങ്ങളുടെ രണ്ടാം ഘട്ടത്തിന്റെ ഭാഗമായി ജല പരിശോധനയും ബോധവൽക്കരണ പ്രവർത്തനങ്ങളും തദ്ദേശ സ്ഥാപനാടിസ്ഥാനത്തിൽ ആരോഗ്യ വകുപ്പിന്റെ സഹകരണത്തോടെയാണ് ജില്ലയിൽ നടപ്പിലാക്കിയത്. വിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടെ സ്കൂളുകളിൽ പ്രത്യേക ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചു. ആദ്യഘട്ടത്തിൽ 26 തദ്ദേശ സ്ഥാപനങ്ങളിലും എല്ലാ വിദ്യാലയങ്ങളിലെയും അധ്യാപക പ്രതിനിധികളുടെ യോഗം വിളിക്കുകയും ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർ പ്രതിരോധ പ്രവർത്തനങ്ങളെക്കുറിച്ചും മുൻകരുതലുകളെക്കുറിച്ചും പരിശീലനം നൽകുകയും ചെയ്തു. തുടർന്ന് ഓരോ വിദ്യാലയങ്ങളിലും പരിശീലനം ലഭിച്ച അധ്യാപകരും ഹെൽത്ത് വിഭാഗം ഹെൽത്ത് ഇൻസ്പെക്ടർമാരും ജൂനിയർ ഇൻസ്പെക്ടർമാരും കുട്ടികൾക്ക് ബോധവൽക്കരണ ക്ലാസ്സുകൾ നൽകി.

**ജലമാണ് ജീവൻ**

| | | കിണറുകൾ (ഉപയോഗിക്കുന്ന ചെറു കുളങ്ങളും പൊതു കിണറുകളായി പരിഗണിക്കാം) | | | ക്ലോറിനേഷൻ നടത്തിയത് | | | പൊതു സ്ഥാപനങ്ങൾ / സ്ഥലങ്ങളിൽ ഉള്ള ശുചികരിച്ച ടാങ്കുകളുടെ എണ്ണം |
|---|---|---|---|---|---|---|---|---|
| ക്രമ നമ്പർ | തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പേര് | സ്വകാര്യ കിണറുകളുടെ എണ്ണം | പൊതു സ്ഥാപന കിണറുകളുടെ എണ്ണം | പൊതു കിണറുകളുടെ എണ്ണം | സ്വകാര്യ കിണറുകളുടെ എണ്ണം | പൊതു സ്ഥാപന കിണറുകളുടെ എണ്ണം | പൊതു കിണറുകളുടെ എണ്ണം | |
| 1 | വെള്ളമുണ്ട | 6524 | 67 | 60 | 5180 | 47 | 55 | 157 |
| 2 | തിരുനെല്ലി | 1692 | 77 | 34 | 1473 | 68 | 27 | 14 |
| 3 | തൊണ്ടർനാട് | 3567 | 23 | 45 | 2044 | 16 | 45 | 16 |
| 4 | എടവക | 4823 | 31 | 31 | 2854 | 24 | 31 | 23 |
| 5 | തവിഞ്ഞാൽ | 5916 | 197 | 35 | 5261 | 130 | 35 | 99 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 6 | മീനങ്ങാടി | 4515 | 29 | 67 | 2552 | 21 | 65 | 476 |
| 7 | നെന്മേനി | 6017 | 57 | 55 | 3917 | 57 | 55 | 32 |
| 8 | അമ്പലവയൽ | 3720 | 17 | 46 | 3112 | 17 | 46 | 67 |
| 9 | നൂൽപ്പുഴ | 2340 | 54 | 48 | 2100 | 54 | 48 | 966 |
| 10 | കോട്ടത്തറ | 3386 | 43 | 17 | 2958 | 31 | 16 | 854 |
| 11 | വെങ്ങപ്പള്ളി | 2296 | 10 | 20 | 2000 | 10 | 19 | 218 |
| 12 | വൈത്തിരി | 2416 | 19 | 22 | 1562 | 15 | 22 | 461 |
| 13 | മുട്ടിൽ | 4092 | 18 | 34 | 4011 | 15 | 34 | 68 |
| 14 | പൊഴുതന | 1774 | 41 | 8 | 8829 | 41 | 8 | 1023 |
| 15 | തരിയോട് | 1895 | 12 | 32 | 1015 | 12 | 32 | 461 |
| 16 | പടിഞ്ഞാറത്തറ | 4544 | 52 | 40 | 2571 | 45 | 40 | 1551 |
| 17 | മേപ്പാടി | 5519 | 63 | 23 | 4553 | 27 | 20 | 715 |
| 18 | മൂപ്പൈനാട് | 3930 | 67 | 32 | 2334 | 43 | 30 | 1082 |
| 19 | പനമരം | 6293 | 56 | 34 | 4340 | 16 | 32 | 108 |
| 20 | പൂതാടി | 4231 | 64 | 45 | 2084 | 55 | 41 | 2544 |
| 21 | മുള്ളൻകൊല്ലി | 1305 | 31 | 137 | 1305 | 30 | 137 | 187 |
| 22 | പുൽപ്പള്ളി | 2302 | 30 | 40 | 1968 | 11 | 40 | 38 |
| 23 | കണിയാമ്പറ്റ | 4785 | 21 | 37 | 3473 | 13 | 37 | 1780 |
| 24 | സുൽത്താൻ ബത്തേരി | 3834 | 122 | 46 | 2998 | 43 | 44 | 1388 |
| 25 | മാനന്തവാടി | 7455 | 30 | 45 | 3266 | 23 | 42 | 125 |
| 26 | കൽപ്പറ്റ | 4791 | 75 | 39 | 3730 | 75 | 39 | 14 |
| | ആകെ | 103962 | 1306 | 1072 | 81490 | 939 | 1040 | 14467 |

## കബനിക്കായി വയനാട്

വയനാട് ജില്ലയിലെ പ്രധാന നദിയായ കബനി നദിയുടെ സംരക്ഷണം ഉറപ്പ് വരുത്തുന്നതിന് ഹരിതകേരളം മിഷൻ തുടക്കം കുറിച്ച ക്യാമ്പയിനാണ് കബനിക്കായ് വയനാട്. കബനിയും കൈവഴികളും ഒഴുകുന്ന 15 തദ്ദേശസ്ഥാപനങ്ങൾ ആണ് ഈ ക്യാമ്പയിനിൽ ഉൾപ്പെടുന്നത്. വൈത്തിരി, പൊഴുതന, വെങ്ങപ്പള്ളി, തരിയോട്, പടിഞ്ഞാറത്തറ, കോട്ടത്തറ, പനമരം, വെള്ളമുണ്ട, തൊണ്ടർനാട്, തവിഞ്ഞാൽ, എടവക, തിരുനെല്ലി, പുൽപ്പള്ളി, മുള്ളൻകൊല്ലി, മാനന്തവാടി മുനിസിപ്പാലിറ്റി എന്നീ തദ്ദേശ സ്ഥാപനങ്ങളിലൂടെയാണ് ഈ പുഴ ഒഴുകുന്നത്. ഈ 15 തദ്ദേശ സ്ഥാപനങ്ങളിലും ICFOSS -ന്റെ സാങ്കേതിക സഹായത്തോടെ ഹരിതകേരളം മിഷൻ ആർ പി മാരും മാനന്തവാടി എൻജിനിയറിങ് കോളേജ് വിദ്യാർഥികളും, മീനങ്ങാടി പോളി ടെക്നിക്ക് കോളേജ് വിദ്യാർഥികളും, സുൽത്താൻ ബത്തേരി കോ - ഓപ്പറേറ്റീവ് കോളേജ് വിദ്യാർഥികളും ചേർന്ന് മാപ്പത്തോൺ പ്രവർത്തനങ്ങളുടെ ഭാഗമായി മാപ്പിങ് പൂർത്തീകരിച്ചു. ക്യാമ്പയിനിൽ ഉൾപ്പെടുന്ന 15 തദ്ദേശ സ്ഥാപനങ്ങൾ, ഇറിഗേഷൻ വകുപ്പ്, തൊഴിലുറപ്പ് പദ്ധതി, ഹരിതകേരളം മിഷൻ എന്നിവരുടെ നേതൃത്വത്തിൽ ആദ്യഘട്ട പ്രവർത്തനങ്ങൾ നടന്നു. കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസ് യൂണിവേഴ്സിറ്റിയിലെ വിദ്യാർഥികൾ, വൈൽഡ് ലൈഫ് ഫോട്ടോഗ്രാഫേഴ്സ്, എൻഡമോളജിസ്റ്റ് എന്നിവരുടെ നേതൃത്വത്തിൽ കബനി നദിയുടെ ഇരുവശത്തുമുള്ള 3 മീറ്റർ വീതിയിൽ 2 കിലോമീറ്ററോളം ദൂരത്തിലെ ആവാസവ്യവസ്ഥ പഠനം നടത്തി റിപ്പോർട്ട് തയ്യാറാക്കി, തുടർ പ്രവർത്തനങ്ങൾ നടന്നുവരുന്നു.




## സുരക്ഷിതമാക്കാം പശ്ചിമഘട്ടം

പശ്ചിമഘട്ട പ്രദേശങ്ങളിലെ നീർച്ചാലുകളുടെ ശാസ്ത്രീയമായ നിർണയവും വീണ്ടെടുപ്പും ലക്ഷ്യമിട്ടുകൊണ്ടുള്ള ക്യാമ്പയിൻ ആണ് സുരക്ഷിതമാക്കാം പശ്ചിമഘട്ടം. ജില്ലയിലെ 26 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും പശ്ചിമഘട്ടത്തിന്റെ ഭാഗമായതിനാൽ ക്യാമ്പയിനിൽ ഉൾപ്പെട്ടിട്ടുണ്ട്. പ്രകൃതിദുരന്തങ്ങൾ കുറയ്ക്കുന്നതിന് വേണ്ടി ജില്ലയിലെ നീർച്ചാലുകൾ കൃത്യമായി അടയാളപ്പെടുത്തുകയും നിശ്ചിത ഇടവേളകളിൽ സംരക്ഷിച്ച് നീരൊഴുക്ക് സുഗമമാക്കുന്നതിനും ഈ ക്യാമ്പയിനിലൂടെ ലക്ഷ്യമിട്ടു. നീർച്ചാലുകൾ ഗതിമാറി ഒഴുകുന്നതും സ്വാഭാവിക വീതി കുറയുന്നതും കയ്യേറ്റം ചെയ്യപ്പെടുന്നതും മൂടിപ്പോയതും ജില്ലയിലെ വെള്ളപ്പൊക്ക സാധ്യത വർധിപ്പിക്കുന്നതായും ചെറിയ മഴയിൽ പോലും ജലനിരപ്പ് ഉയരുന്നതിന് കാരണമാകുന്നതായും കണ്ടെത്തി. 2018 ലും 2019ലും ഉണ്ടായിരുന്ന പ്രളയങ്ങൾ ഇവയ്ക്ക് ഉദാഹരണമാണ് .കൃത്യമായ ഇടവേളകളിൽ വിവിധ വകുപ്പുകളുടെ ഇടപെടലിലൂടെ നീർച്ചാലുകൾ വീണ്ടെടുക്കാനും ഒഴുക്ക് സുഗമമാക്കാനും സാധിച്ചിട്ടുണ്ട്. ഹരിതകേരളം മിഷൻ, റീബിൽഡ് കേരള ഇനീഷിയേറ്റിവ്, സംസ്ഥാന ഐടി മിഷൻ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, തദ്ദേശസ്വയംഭരണ സ്ഥാപനം എന്നീ വകുപ്പുകളുടെ ഏകോപനത്തോടെ ജില്ലയിൽ മുഴുവൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും നീർച്ചാലുകൾ കണ്ടെത്തി അടയാളപ്പെടുത്തുന്ന മാപ്പത്തോൺ പ്രവർത്തനം വിജയകരമായി നടപ്പിലാക്കി. ജില്ലയിൽ ഹരിതകേരളം മിഷൻ റിസോഴ്സ് പേഴ്സൺമാരുടെ നേതൃത്വത്തിലും വിവിധ കോളേജുകളിലെ എൻഎസ്എസ് വളണ്ടിയേഴ്സിന്റെ സഹായത്തോടെയുമാണ് നീർച്ചാലുകൾ രേഖപ്പെടുത്തുന്ന പ്രവർത്തനങ്ങൾ പൂർത്തീകരിച്ചത്. സംസ്ഥാന ഐടി മിഷൻ തയ്യാറാക്കിയ സാധ്യത മാപ്പുകളെ അടിസ്ഥാനപ്പെടുത്തി ഒ എസ് എം ട്രാക്കർ മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിച്ച് ഓരോ തോടുകളും കണ്ടെത്തി ജിപിഎസ് സംവിധാനം ഉപയോഗിച്ച് കൃത്യതയോടെ രേഖപ്പെടുത്തി.തുടർന്ന് ഓപ്പൺ സ്ട്രീറ്റ്മാപ്പ് സോഫ്റ്റ്‌വെയർ ഉപയോഗിച്ച് വരച്ചു ചേർക്കുകയും പേര് നൽകുകയും ചെയ്തു.അതോടൊപ്പം തോടിന്റെ നിലവിലെ അവസ്ഥ രേഖപ്പെടുത്തി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ നീർച്ചാലുകളുടെ പുനരുജ്ജീവന പ്രവർത്തനങ്ങളും സംരക്ഷണഭിത്തി,തടയണ, ഡീ സിൽറ്റിംഗ് പ്രവർത്തനങ്ങൾ എന്നിവയും നടത്തി.

കബനിക്കായ് വയനാട്, സുരക്ഷിതമാക്കാം പശ്ചിമഘട്ടം-

മാപ്പത്തോൺ മാപ്പ് ചെയ്ത തോടുകളുടെ എണ്ണം

| ക്രമ നം | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ | മാപ്പ് ചെയ്ത തോടുകളുടെ എണ്ണം |
|---|---|---|
| 1 | വൈത്തിരി ഗ്രാമപഞ്ചായത്ത് | 47 |
| 2 | പൊഴുതന ഗ്രാമപഞ്ചായത്ത് | 35 |
| 3 | കോട്ടത്തറ ഗ്രാമപഞ്ചായത്ത് | 37 |
| 4 | വെങ്ങപ്പള്ളി ഗ്രാമപഞ്ചായത്ത് | 26 |
| 5 | തരിയോട് ഗ്രാമപഞ്ചായത്ത് | 31 |
| 6 | പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്ത് | 50 |
| 7 | പനമരം ഗ്രാമപഞ്ചായത്ത് | 66 |
| 8 | വെള്ളമുണ്ട ഗ്രാമപഞ്ചായത്ത് | 85 |
| 9 | എടവക ഗ്രാമപഞ്ചായത്ത് | 62 |
| 10 | തിരുനെല്ലി ഗ്രാമപഞ്ചായത്ത് | 30 |
| 11 | പുൽപ്പള്ളി ഗ്രാമപഞ്ചായത്ത് | 58 |
| 12 | തവിഞ്ഞാൽ ഗ്രാമപഞ്ചായത്ത് | 80 |
| 13 | നെന്മേനി ഗ്രാമപഞ്ചായത്ത് | 60 |
| 14 | മീനങ്ങാടി ഗ്രാമപഞ്ചായത്ത് | 60 |
| 15 | തൊണ്ടർനാട് ഗ്രാമപഞ്ചായത്ത് | 46 |
| 16 | പൂതാടി ഗ്രാമപഞ്ചായത്ത് | 56 |
| 17 | നൂൽപ്പുഴ ഗ്രാമപഞ്ചായത്ത് | 40 |
| 18 | അമ്പലവയൽ ഗ്രാമപഞ്ചായത്ത് | 40 |
| 19 | കണിയാമ്പറ്റ ഗ്രാമപഞ്ചായത്ത് | 37 |
| 20 | മുട്ടിൽ ഗ്രാമപഞ്ചായത്ത് | 31 |
| 21 | മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്ത് | 49 |
| 22 | മുപ്പൈനാട് ഗ്രാമപഞ്ചായത്ത് | 46 |
| 23 | മേപ്പാടി ഗ്രാമപഞ്ചായത്ത് | 65 |
| 24 | കല്പറ്റ മുനിസിപ്പാലിറ്റി | 23 |
| 25 | മാനന്തവാടി മുനിസിപ്പാലിറ്റി | 80 |
| 26 | സുൽത്താൻ ബത്തേരി മുനിസിപ്പാലിറ്റി | 31 |
| | ആകെ | 1271 |

# സൃഷ്ടിക്കപ്പെട്ട മാതൃകകൾ

ഹരിതകേരളം മിഷന്റെ പത്തു വർഷക്കാലത്തെ വൈവിധ്യമാർന്ന പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ ഭാവിയിലെ പരിസ്ഥിതി സംസ്കാരത്തിന്റെ സൂചനകളാണ്. ഇത്തരം പ്രവർത്തനങ്ങളാണ് കഴിഞ്ഞ അധ്യായത്തിൽ പരമാർശിക്കപ്പെട്ടത്. മിഷൻ പ്രവർത്തനങ്ങളിൽ കഴിഞ്ഞ പത്തുവർഷത്തിനുള്ളിൽ നിരവധി മാതൃകകൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. ജില്ലയിലെ അത്തരം ചില മാതൃകകളാണ് ഈ അധ്യായത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

## ഹരിത ടൂറിസം കേന്ദ്രങ്ങൾ

മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിനിന്റെ ഭാഗമായി ഹരിതകേരളം മിഷൻ, ശുചിത്വ മിഷൻ, കെ എസ് ഡബ്ല്യു എം പി, മലിനീകരണ നിയന്ത്രണ ബോർഡ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങിയവ സംയുക്തമായി ജില്ലയിൽ നടപ്പിലാക്കിയ ക്യാമ്പയിനാണ് ഹരിത ടൂറിസം ക്യാമ്പയിൻ.

വിനോദസഞ്ചാര കേന്ദ്രങ്ങളാൽ സമ്പന്നമാണ് ജില്ലയിലെ ഭൂരിഭാഗം പ്രദേശങ്ങളും. കർണാടക, തമിഴ്നാട് സംസ്ഥാനങ്ങളുമായി അതിർത്തി പങ്കിടുന്ന ജില്ല എന്നതിനാൽ ഇവിടം സഞ്ചാരികളുടെ ഇഷ്ടകേന്ദ്രമായി മാറിയിട്ടുണ്ട്. സഞ്ചാരികളുടെ എണ്ണത്തിലുള്ള വർധനവ് ടൂറിസം കേന്ദ്രങ്ങളിലെ മാലിന്യ സംസ്കരണവും പൊതു ശുചിത്വവും ഏറെ പ്രതിസന്ധിയിലാക്കുന്നു. അതിനാൽ തന്നെ ജില്ലയിലെ വിനോദസഞ്ചാര കേന്ദ്രങ്ങളെ ഹരിത പെരുമാറ്റച്ചട്ടത്തിന്റെ പരിധിയിൽ കൊണ്ടുവരികയാണ് ഹരിത ടൂറിസം ക്യാമ്പയിനിന്റെ പ്രധാന ലക്ഷ്യം.

ജില്ലയിലെ ഡി ടി പി സി, വനം വകുപ്പ്, ഇറിഗേഷൻ, കെ എസ് ഇ ബി എന്നിവയുടെ കീഴിലുള്ള 16 ടൂറിസം കേന്ദ്രങ്ങളെ ആദ്യഘട്ടത്തിൽ മാലിന്യ മുക്തം നവകേരളം ജനകീയ ക്യാമ്പയിനിന്റെ ഭാഗമായി തിരഞ്ഞെടുക്കുകയും ജില്ലാതലത്തിൽ വിവിധ വകുപ്പുകളുടെ നേതൃത്വത്തിൽ സംയുക്ത പരിശോധന നടത്തി വിലയിരുത്തി മാർക്ക് നൽകി പ്രഖ്യാപനങ്ങൾ നടത്തുകയും ചെയ്തു. മാലിന്യ സംസ്കരണം, ഹരിത ചട്ടം, ശുചിമുറി സംവിധാനങ്ങൾ, ദ്രവ മാലിന്യ സംസ്കരണം, പൊതു ശുചിത്വം, ഗ്രീൻ ചെക്ക് പോസ്റ്റ്, വിവര വിജ്ഞാന ബോർഡുകൾ

എന്നിവയെല്ലാമാണ് വിലയിരുത്തലിൽ ഉൾപ്പെടുത്തുന്നത്. അങ്ങനെ ആദ്യ ഘട്ടത്തിൽ തിരഞ്ഞെടുത്ത 16 ടൂറിസം കേന്ദ്രങ്ങളെയും ഹരിത ടൂറിസം കേന്ദ്രങ്ങളായി പ്രഖ്യാപിച്ചു. ഘട്ടം ഘട്ടമായുള്ള പരിശോധന നടത്തി കണ്ടെത്തിയ വിടവുകൾ അതതു സമയത്ത് ബന്ധപ്പെട്ട വകുപ്പുകളേയും ടൂറിസം കേന്ദ്രങ്ങളേയും തദ്ദേശ സ്ഥാപനങ്ങളേയും അറിയിച്ച് ഇടപെടലുകൾ നടത്തി വിടവുകൾ പരിഹരിച്ചാണ് പ്രഖ്യാപനത്തിലേയ്ക്കെത്തിയത്.

വനമേഖലയിലെ ടൂറിസം കേന്ദ്രങ്ങളിലെ മാലിന്യ സംസ്കരണം വലിയ വെല്ലുവിളിയാണ് ജില്ലയിൽ ഉയർത്തിയത്. സംസ്ഥാന ഹരിതകേരളം മിഷനും ചീഫ് വൈൽഡ് ലൈഫ് വാർഡനും ജില്ലയിലെ ഡി എഫ് ഒ മാരുടെ പ്രത്യേക യോഗം ചേർന്നതിന്റെ ഭാഗമായി വനം വകുപ്പിന് കീഴിലുള്ള എല്ലാ ടൂറിസം കേന്ദ്രങ്ങളിലെയും വനം സംരക്ഷണ സമിതി അംഗങ്ങൾ, ശുചീകരണ തൊഴിലാളികൾ, ഉദ്യോഗസ്ഥർ, എന്നിവർക്കായി വിവിധ മേഖലകളിലായി പരിശീലനങ്ങൾ സംഘടിപ്പിച്ചാണ് പ്രവർത്തങ്ങൾ ഏകോപിപ്പിച്ച് ഈ ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞത്. വയനാട് ജില്ലയെ സംബന്ധിച്ചിടത്തോളം മികച്ച മാറ്റം ടൂറിസം കേന്ദ്രങ്ങളിൽ ഇന്ന് കാണാൻ സാധിക്കും.

പ്രഖ്യാപനത്തിൽ മാത്രം ഒതുങ്ങാതെ കൃത്യമായ ഇടവേളകളിൽ മിഷന്റെ നേതൃത്വത്തിൽ തുടർ പരിശോധന നടത്തി വരുന്നു. പ്രഖ്യാപനം നടത്തിയ 21 ടൂറിസം കേന്ദ്രങ്ങളിലെയും ശുചിത്വ മാലിന്യസംസ്കരണം നിലവിൽ മാതൃകാപരമായി നടന്നുവരുന്നു. ഇവിടെക്കെത്തുന്ന സഞ്ചാരികളെ പ്രധാനമായി ആകർഷിക്കുന്ന ഘടകങ്ങളിലൊന്ന് ഇവിടുത്തെ ശുചിത്വ മാലിന്യ രംഗത്തെ പ്രകടമായ മാറ്റങ്ങളാണ്.

### മുനീശ്വരൻകുന്ന് ടൂറിസം കേന്ദ്രം

സമുദ്ര നിരപ്പിൽ നിന്നു 960 അടി ഉയരത്തിൽ സ്ഥിതി ചെയ്യുന്ന ഇക്കോ ടൂറിസം കേന്ദ്രം ആണ് മുനീശ്വരൻ കുന്ന് . വയനാട് ജില്ലയിലെ തലപ്പുഴയിലാണ് ഇത് സ്ഥിതി ചെയ്യുന്നത്. ബ്രഹ്മഗിരി പർവ്വത നിരയുടെ ഭാഗമായ മുനീശ്വരൻകുന്ന് കയറിചെന്നാൽ എത്തുന്നത് വിശാലമായ പച്ചപ്പുൽമേട് നിറഞ്ഞ കുന്നുകളിലാണ്. മുകളിൽ നിന്നു നോക്കിയാൽ കുന്നിൻചെരുവിലെ തേയിലതോട്ടങ്ങളും താഴ്‌വരകളും പുൽമേടുകളും അതിമനോഹരമായ കാഴ്ചയാണ്. നട്ടുച്ചയ്ക്ക് പോലും തണുത്ത കാറ്റും തണുപ്പും ചേർന്ന ഈ പ്രദേശം 'വയനാടിന്റെ വാഗമൺ' എന്നറിയപ്പെടുന്നു . കുന്നിന്റെ മുകളിലായി മുനീശ്വരൻ കോവിലും സ്ഥിതി ചെയ്യുന്നുണ്ട്. ഓരോ സമയത്തും ഓരോ കാഴ്ചകളാണ് മുനീശ്വരൻകുന്ന് സഞ്ചാരികൾക്കായി ഒരുക്കിയിരിക്കുന്നത്. കോടമഞ്ഞിൽ മൂടിയ പ്രഭാതങ്ങളും തണുത്ത കാറ്റും നിറഞ്ഞ ഈ പ്രദേശം പ്രകൃതി സ്നേഹികൾക്കും ട്രെക്കിംഗ് താൽപ്പര്യമുള്ളവർക്കും മികച്ച വിനോദ സഞ്ചാര കേന്ദ്രമാണ്.

വയനാട് ജില്ലയിൽ തന്നെ ദിവസേന ധാരാളം വിനോദ സഞ്ചാരികൾ എത്തിച്ചേരുന്ന ടൂറിസം കേന്ദ്രം എന്ന നിലയ്ക്ക് മുനീശ്വരൻ കുന്ന് ടൂറിസം കേന്ദ്രത്തിൽ കൂടുതലായി ജൈവ അജൈവ മാലിന്യങ്ങൾ ഉത്പാദിപ്പിക്കപ്പെടുന്നുണ്ട്. സഞ്ചാരികൾ കൊണ്ടുവരുന്ന പ്ലാസ്റ്റിക് പോലുള്ള മാലിന്യങ്ങൾ കൃത്യമായി നിക്ഷേപിക്കാൻ ഇടമില്ലാതിരുന്നതും ജൈവ മാലിന്യ സംസ്കരണത്തിന് ശാസ്ത്രീയമായ ഉപാധികൾ ഇല്ലാതിരുന്നതും ഇവിടുത്തെ പ്രധാന പ്രശ്നം ആയിരുന്നു. തവിഞ്ഞാൽ ഗ്രാമപഞ്ചായത്തിലെ ഹരിതകർമ്മസേന യൂസർ ഫീ വാങ്ങിക്കൊണ്ട് നിശ്ചിത ഇടവേളകളിൽ ടൂറിസം കേന്ദ്രത്തിൽ നിന്ന് അജൈവ മാലിന്യം ശേഖരിച്ചു തുടങ്ങി. മുനീശ്വരൻ കുന്നിന്റെ മുകളിലേക്ക് പ്ലാസ്റ്റിക് മാലിന്യം കൊണ്ടുപോകുവാൻ അനുവദിക്കാത്തത് മാലിന്യത്തിന്റെ തോത് കുറയ്ക്കാൻ കാരണമായിട്ടുണ്ടെങ്കിലും മാലിന്യങ്ങൾ ശേഖരിക്കാനും സംസ്കരിക്കാനും ശാസ്ത്രീയമായ സംവിധാനം ഇല്ലാതിരുന്നത് ഒരു പ്രശ്നം തന്നെ ആയിരുന്നു. ആദ്യഘട്ട പരിശോധനയിൽ ശുചിത്വ മാലിന്യ സംസ്കരണ മേഖലയിൽ ജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് ഉപാധികൾ ഒന്നും ഉണ്ടായിരുന്നില്ല. അജൈവ മാലിന്യങ്ങൾ തരംതിരിച്ച് നിക്ഷേപിക്കാനുള്ള ബിന്നുകളുടെ അഭാവം, ടൂറിസം കേന്ദ്രത്തിൽ എത്തുന്ന സഞ്ചാരികൾക്കായുള്ള നിർദ്ദേശക ബോർഡുകളുടെ കുറവ് എന്നിവ കണ്ടെത്തി ടൂറിസം



കേന്ദ്രത്തെ അറിയിച്ചു. തുടർന്ന് നടത്തിയ ഘട്ടം ഘട്ടമായുള്ള പരിശോധനകളിൽ മുകളിൽ പറഞ്ഞ വിടവുകൾ നികത്തുകയും ശുചിത്വ മാലിന്യ സംസ്കരണ മേഖലയിലും അടിസ്ഥാന സൗകര്യ വികസന മേഖലയിലും മാറ്റമുണ്ടാക്കാൻ മിഷന്റെ ഇടപെടലിലൂടെ ടൂറിസം കേന്ദ്രത്തിന് സാധിക്കുകയും ചെയ്തു.

ഇന്ന് ജൈവ അജൈവ മാലിന്യങ്ങൾ നിക്ഷേപിക്കുന്നതിന് പ്രത്യേക സംവിധാനങ്ങൾ ഒരുക്കിയും വൃത്തിയായി സൂക്ഷിയ്ക്കുന്ന ശൗചാലയം ഒരുക്കിയും സാനിട്ടറി മാലിന്യ സംസ്കാരണത്തിനായി ഇൻസിനറേട്ടർ സ്ഥാപിച്ചും ശുചിത്വ മാലിന്യ സംസ്കരണ മേഖലയിൽ മികച്ച മാതൃകയായിരിക്കുകയാണ് മുനീശ്വരൻ കുന്ന് ഇക്കോ ടൂറിസം കേന്ദ്രം.

നോർത്ത് വയനാട് ഡിവിഷനിലെ ആദ്യത്തെ ഹരിത ടൂറിസം കേന്ദ്രമായി മുനീശ്വരൻ കുന്ന് ഇക്കോ ടൂറിസം കേന്ദ്രത്തെ പ്രഖ്യാപിക്കുകയും ഹരിതകേരളം മിഷന്റെ അംഗീകാര പത്രം കൈമാറുകയും ചെയ്തു.

### എൻ ഊര് ടൂറിസം കേന്ദ്രം

വയനാട് ജില്ലയിലെ പൂക്കോട് എന്ന സ്ഥലത്തുള്ള ഒരു ആദിവാസി പൈതൃക ഗ്രാമമാണ് എൻ ഊര്. ഉയർന്ന കുന്നുകളുടെ പശ്ചാത്തലത്തിൽ, വൈക്കോൽ കൊണ്ട് മൂടിയ പരമ്പരാഗത ആദിവാസി കുടിലുകളുടെ ഒരു കൂട്ടം ഈ പ്രദേശത്തെ ഒരു പ്രധാന വിനോദസഞ്ചാര കേന്ദ്രമായി മാറ്റിയിരിക്കുന്നു. ഒരു കുന്നിന്മേൽ 25 ഏക്കറിൽ വ്യാപിച്ചുകിടക്കുന്ന ഈ കേന്ദ്രം, ഗോത്ര ജനതയുടെ പൈതൃകത്തെയും ജീവിതശൈലിയെയും കുറിച്ച് പഠിക്കാനുള്ള ഒരു സുവർണ്ണാവസരം നൽകുന്നു. ഗോത്ര സമൂഹങ്ങൾ നിയന്ത്രിക്കുന്ന ഈ ഗ്രാമം അവരുടെ ഉപജീവനമാർഗം മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്നു. ഗോത്രവർഗ്ഗത്തിന്റെ പരമ്പരാഗത വിഭവങ്ങൾ വിളമ്പുന്ന കഫറ്റീരിയകളും ഗോത്ര വിപണിയും ഇവിടെ ഉണ്ട്. ഗോത്ര കരകൗശല വിദഗ്ധർ തയ്യാറാക്കുന്ന വസ്തുക്കൾ, സുഗന്ധവ്യഞ്ജനങ്ങൾ, കരകൗശല വസ്തുക്കൾ എന്നിവ വില്ക്കുന്ന സ്റ്റാളുകൾ, കരകൗശല വസ്തുക്കൾ ശേഖരിക്കുന്നതിനുള്ള വെയർഹൗസ്, 300 പേർക്ക് ഇരിക്കാവുന്ന ഒരു ഓപ്പൺ എയർ തിയേറ്റർ എന്നിവ സജ്ജീകരിച്ചിട്ടുണ്ട്. ഗോത്ര ജനതയ്ക്ക് അവരുടെ ഉല്പ്പന്നങ്ങൾ വില്ക്കുന്നതിന് സ്ഥിരമായ ഒരു വിപണിയുണ്ട്, കൂടാതെ ഗോത്ര കലാകാരന്മാർക്ക് അവരുടെ കഴിവുകൾ പ്രദർശിപ്പിക്കുന്നതിനും



ഉപജീവനമാർഗം കണ്ടെത്തുന്നതിനും ഒരു വേദിയുണ്ട്. ഗോത്ര കലാരൂപങ്ങൾ, ഗോത്ര ഭക്ഷ്യമേള, കലാമേള എന്നിവ കേന്ദ്രത്തിൽ അരങ്ങേറുന്നു. ടൂറിസം, പട്ടികവർഗ വികസന വകുപ്പുകളുടെ സംയുക്ത സംരംഭമായ ഈ ഗ്രാമം, ഭക്ഷ്യ സംസ്കരണത്തെയും മറ്റ് അനുബന്ധ മേഖലകളെയും കുറിച്ചുള്ള പരമ്പരാഗത അറിവ് സംരക്ഷിക്കുന്നതിലും, ജൈവകൃഷിയിൽ പരിശീലനം നേടുന്നതിലും മുൻപന്തിയിലാണ്.

ടൂറിസം കേന്ദ്രത്തിലേക്ക് വരുന്ന സഞ്ചാരികളുടെ കൈവശമുള്ള പ്ലാസ്റ്റിക് വസ്തുക്കൾ കേന്ദ്രത്തിന്റെ ഉള്ളിലേക്ക് പ്രവേശിക്കുന്നത് കർശനമായി നിരോധിക്കുകയും ഗ്രീൻ ചെക്ക് പോസ്റ്റ് സംവിധാനം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിനിന്റെ ഭാഗമായി ബിന്നുകളിൽ തരംതിരിച്ച് നിക്ഷേപിക്കുന്നതിന് ലേബലിംഗ് ചെയ്തും ഹരിത നിർദ്ദേശക ബോർഡുകൾ,ജൈവമാലിന്യ സംസ്കരണത്തിന് ഉപാധി,ഡബിൾ ചേമ്പർ ഇൻസിനറേറ്റർ എന്നിവ സ്ഥാപിച്ചും പൂർണമായും ഹരിതചട്ടം പാലിച്ചും ഹരിത ടൂറിസം പദവി കൈവരിക്കാൻ എൻ ഊരിന് സാധിച്ചു.

## എടയ്ക്കൽ ഗുഹ ടൂറിസം കേന്ദ്രം

ചരിത്രത്തിലേക്കുള്ള കവാടമാണ് എടയ്ക്കൽ ഗുഹ. ആറായിരം വർഷങ്ങൾക്കു മുമ്പ് മനുഷ്യൻ ജീവിച്ചിരുന്നു എന്ന് കരുതുന്ന എടയ്ക്കൽ ഗുഹയിൽ ഗുഹാ ചിത്രങ്ങൾ ഇവിടെ നിന്ന് കണ്ടെത്തിയിട്ടുണ്ട്. മനുഷ്യവാസത്തിന്റെ ആദ്യകേന്ദ്രങ്ങളിൽ ഒന്നായി കരുതാവുന്ന ഗുഹകളിൽ ശിലാ ലിഖിതങ്ങളും കല്ലിൽ കൊത്തിയ മരങ്ങളുടെയും മനുഷ്യരുടെയും രൂപങ്ങളും ഉണ്ട്. സുൽത്താൻബത്തേരിയിൽ നിന്നും 10 കിലോമീറ്റർ അകലെ നെന്മേനി ഗ്രാമപഞ്ചായത്തിൽ അമ്പുകുത്തി മലയിലാണ് എടക്കൽ ഗുഹകൾ ഉള്ളത്. ഡിടിപിസി യുടെ നിയന്ത്രണത്തിലുള്ള ഈ ടൂറിസം കേന്ദ്രം ജില്ലയിലെ ആദ്യത്തെ ഹരിത ടൂറിസം കേന്ദ്രമാണ്.

വിനോദസഞ്ചാരികൾ ഏറെ എത്തുന്ന എടയ്ക്കൽ ഗുഹാ പരിസരത്തും റോഡുകളിലും വലിച്ചെറിയപ്പെടുന്ന മാലിന്യം ഒരു വലിയ പ്രശ്നമായിരുന്നു. ഇവ പരിഹരിക്കുന്നതിനായി 2021ൽ പരീക്ഷണാടിസ്ഥാനത്തിൽ



ഹരിതകേരളം മിഷന്റെയും നെന്മേനി ഗ്രാമപഞ്ചായത്തിന്റെയും സഹകരണത്തോടെ ഗുഹാ പരിസരത്തെ വ്യാപാരികളുടെ യോഗം ചേർന്നു. തുടർന്ന് വ്യാപാരികളുടെ നേതൃത്വത്തിൽ എടയ്ക്കൽ ഗുഹയും പരിസരവും ജനകീയ പങ്കാളിത്തത്തോടെ ശുചീകരണം നടത്തി. വ്യാപാരികൾ, പ്രദേശവാസികൾ, സന്നദ്ധ സംഘടനകൾ, ഹരിതകർമ്മസേന, ജനപ്രതിനിധികൾ, ടൂറിസം ഉദ്യോഗസ്ഥർ, കുടുംബശ്രീ അംഗങ്ങൾ എന്നിവർ മെഗാ ശുചീകരണ യജ്ഞത്തിൽ പങ്കാളികളായി. തുടർന്ന് വ്യാപാരികൾ അവരവരുടെ സ്ഥാപനങ്ങളിലെ അജൈവമാലിന്യങ്ങൾ തരംതിരിച്ച് ഹരിതകർമ്മസേനയ്ക്ക് കൈമാറി. എടക്കൽ ഗുഹ പരിസരത്തെ എല്ലാ കച്ചവട സ്ഥാപനങ്ങളിൽ നിന്നും പ്ലാസ്റ്റിക് കവറിൽ വിതരണം ചെയ്യുന്ന സ്നാക്സ്, ഉപ്പിലിട്ട ഭക്ഷണപദാർത്ഥങ്ങൾ തുടങ്ങിയവയെല്ലാം കാപ്പിയിലയിൽ വിതരണം ചെയ്യാൻ തുടങ്ങി. പേപ്പർ ഗ്ലാസ്, പേപ്പർ പ്ലേറ്റ് പോലുള്ള വസ്തുക്കൾ ഒഴിവാക്കി സ്റ്റീൽ,കുപ്പി ഗ്ലാസുകളും പ്ലേറ്റുകളും ഉപയോഗിച്ചു.കൃത്യമായ ഇടവേളകളിൽ ഗുഹാ പരിസരവും റോഡും ശുചീകരണം നടത്തി വരുന്നു.

മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിനിന്റെ ഭാഗമായി ഹരിത ടൂറിസം കേന്ദ്രം പ്രഖ്യാപനത്തിനായി ജില്ലയിൽ ആദ്യഘട്ടത്തിൽ തിരഞ്ഞെടുത്ത ടൂറിസം കേന്ദ്രമായിരുന്നു എടക്കൽ. ജൈവമാലിന്യ സംസ്കരണ ഉപാധി,ഹരിത നിർദേശക ബോർഡുകൾ, ഗ്രീൻ ചെക്ക് പോസ്റ്റ് സംവിധാനം എന്നിവ സ്ഥാപിച്ചും ടൂറിസം കേന്ദ്രങ്ങളിൽ നടക്കുന്ന പരിപാടികൾ പൂർണമായും ഹരിതചട്ടം പാലിച്ചുമാണ് എടയ്ക്കൽ ഗുഹ ഹരിത ടൂറിസം കേന്ദ്രം പദവി കൈവരിച്ചത്.

## കാരാപ്പുഴ ടൂറിസം കേന്ദ്രം

വയനാടിന്റെ പച്ചപ്പ് നിറഞ്ഞ കുന്നുകൾക്കിടയിൽ സ്ഥിതി ചെയ്യുന്ന കാരാപ്പുഴ അണക്കെട്ട് പ്രകൃതി കനിഞ്ഞനുഗ്രഹിച്ച മനോഹാരിതയാണ്. ആകർഷകമായ രൂപഘടനയും രൂപ ഭംഗിയുമാണ് ഈ അണക്കെട്ടിനെ വ്യത്യസ്തമാക്കുന്നത്. കബനി നദിയുടെ പോഷക നദിയായ കാരാപ്പുഴ നദിയിൽ ഒരു ഡസനോളം ചെറിയ തടാകങ്ങളുടെ കൂട്ടം സംയോജിച്ചാണ് ജലസംഭരണി സൃഷ്ടിക്കപ്പെട്ടത്. വിശാലമായ ജലസംഭരണി പ്രദേശവും ചുറ്റുമുള്ള പച്ചപ്പും സംരക്ഷിക്കുന്നു. ജലസേചനത്തിനായി

നിർമ്മിച്ച ഇവിടം കൃഷി ആവശ്യങ്ങൾക്കും കുടിവെള്ള പദ്ധതികൾക്കും ഉപയോഗപ്പെടുത്തുന്നുണ്ട്. കാരാപ്പുഴയുടെ ഉള്ളിലായി സ്ഥാപിച്ച സാഹസിക പാർക്കും ഉദ്യാനവും വിനോദ സഞ്ചാരികളുടെ ഇഷ്ട കേന്ദ്രമാണ്.

കാരാപ്പുഴ റിസർവോയറിനോട് ചേർന്ന തരിശായ സ്ഥലത്ത് മാലിന്യ നിക്ഷേപവും സാമൂഹ്യ വിരുദ്ധരുടെ കേന്ദ്രവുമായിരുന്നു. മുട്ടിൽ ഗ്രാമപഞ്ചായത്ത്, ഇറിഗേഷൻ വകുപ്പ്, ഹരിതകേരളം മിഷൻ, എം എസ് സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷൻ, എന്നിവരുടെ സംയുക്ത സഹകരണത്തോടെ ഈ സ്ഥലത്ത് മാലിന്യം നീക്കം ചെയ്ത് പച്ചത്തുരുത്ത് ആരംഭിച്ചു. തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി 20 സെന്റ് സ്ഥലത്താണ് പച്ചത്തുരുത്ത് ആരംഭിച്ചത്. എം എസ് സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷനിൽ നിന്നും ലഭ്യമാക്കിയ 49 വ്യത്യസ്ത ഇനത്തിൽ പെട്ട 107 ഓളം തൈകളാണ് പച്ചത്തുരുത്തിൽ നട്ടുപിടിപ്പിച്ചത്. സ്വാമിനാഥൻ ഫൗണ്ടേഷൻ റിസർച്ച് സെന്ററിലെ വിദഗ്ദർ സ്ഥലം സന്ദർശിച്ച് പ്രദേശത്തിനനുയോജ്യമായ തൈകളാണ് പച്ചത്തുരുത്തിലേയ്ക്ക് നൽകിയത്. 2024 ജൂൺ 5 ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ചാണ് പുതിയ പച്ചത്തുരുത്ത് ആരംഭിച്ചത്. കാട്ടുജാതി, വെങ്ങ, ഞാവൽ, പുന്ന, തമ്പകം, രുദ്രാക്ഷം, നീർമാതളം, കാട്ടുപുന്ന, അശോകം, ചമത, എടണ, ഇരുമ്പകം, കൊള്ളി ഞാവൽ, ഇലിപ്പ, തുടങ്ങി അന്യം നിന്നു പോവുന്ന വിവിധങ്ങളായ തൈകൾ പച്ചത്തുരുത്തിൽ നട്ടിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതിയുടെ കൃത്യമായ പരിപാലനവും ഇടപെടലും പച്ചത്തുരുത്തിലെ തൈകൾക്ക് സംരക്ഷണം നൽകുന്നുണ്ട്. ഏറെക്കാലത്തെ മാലിന്യ പ്രശ്നത്തിന് അറുതി വരുത്തുന്നതിന് പച്ചത്തുരുത്ത് സ്ഥാപിച്ചതോടെ പരിഹാരമായി. നിലവിൽ വിനോദസഞ്ചാരികൾക്ക് കാഴ്ച വിരുന്നൊരുക്കാൻ പച്ചത്തുരുത്തിന് സാധിച്ചിട്ടുണ്ട്.

ജില്ലയിലെ ഹരിത ടൂറിസം ക്യാമ്പയിനിൽ ആദ്യഘട്ടത്തിൽ തിരഞ്ഞെടുക്കപ്പെട്ട കാരാപ്പുഴ ടൂറിസം കേന്ദ്രം മിഷന്റെ ഇടപെടലിലൂടെ മാലിന്യ സംസ്കരണ രംഗത്ത് മികച്ച മാതൃകയായി. നിരവധി വിനോദ സഞ്ചാരികളെത്തുന്ന ഇവിടം ഇടയ്ക്കിടെ വൃത്തിയാക്കുന്നതിനും മാലിന്യങ്ങൾ തരംതിരിച്ചു ശേഖരിക്കുന്നതിനും പ്രത്യേകമായി തൊഴിലാളികളെ നിയമിച്ചിട്ടുണ്ട്. ടൂറിസം കേന്ദ്രത്തിന്റെ അകത്തു പ്രവർത്തിക്കുന്ന വിവിധ വ്യാപാര സ്ഥാപനങ്ങൾക്ക് മാലിന്യങ്ങൾ കൃത്യമായി ശേഖരിക്കുന്നതിനും പരിപാലിക്കുന്നതിനും നൽകിയിട്ടുണ്ട്. നിശ്ചിത ഇടവേളകളിൽ മുട്ടിൽ ഗ്രാമപഞ്ചായത്തിന്റെയും



ഹരിതകേരളം മിഷന്റെയും നേതൃത്വത്തിൽ പരിശോധനയും നടക്കുന്നുണ്ട്. ജൈവ-അജൈവ മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കാൻ ടൂറിസം കേന്ദ്രത്തിന് സാധിക്കുന്നുണ്ട്. ടൂറിസം കേന്ദ്രത്തിലും പരിസരത്തുമുള്ള വീടുകളിലും സ്ഥാപനങ്ങളിലും ഉൽപ്പാദിപ്പിക്കപ്പെടുന്ന ജൈവമാലിന്യം സംസ്കരിക്കുന്നതിനായി തുമ്പൂർമുഴി സ്ഥാപിച്ചു പ്രവർത്തിക്കുന്നുണ്ട്. ടൂറിസം കേന്ദ്രത്തിലേയ്ക്കെത്തുന്ന സഞ്ചാരികൾക്ക് നിർദ്ദേശം നൽകുന്നതിന് ഹരിത നിർദ്ദേശക ബോർഡും ഗ്രീൻ ചെക്ക് പോസ്റ്റിംഗ് സംവിധാനവും നിലവിലുണ്ട്. ജലസേചന പദ്ധതിയായ കാരാപ്പുഴ അണക്കെട്ടും പരിസരവും വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതിന് വൈവിധ്യമാർന്ന പൂക്കൾ നിറഞ്ഞ ഉദ്യാനവും പൂക്കളും ചെടികളും കൊണ്ടുണ്ടാക്കിയ വിവിധ രൂപങ്ങളും മാലിന്യരഹിതമായ അന്തരീക്ഷവും ആധുനിക നിലവാരത്തിലൊരുക്കിയ ടോയിലെറ്റ് ബ്ലോക്കുകളും ഏറെ സഹായകരമാവുന്നുണ്ട്.

## ബാണാസുരസാഗർ അണക്കെട്ട്

ഇന്ത്യയിലെ ഏറ്റവും വലിയ എർത്ത് ഡാമും ഏഷ്യയിലെ രണ്ടാമത്തെ വലിയ എർത്ത് ഡാമുമാണ് ബാണാസുര സാഗർ ഡാം. കബനി നദിയുടെ പോഷകനദിയായ കരമന തോടിന്



കുറുകെ പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന അണക്കെട്ട് ജലസേചനത്തിനും കുടിവെള്ളത്തിനും വൈദ്യുതി ഉത്പാദനത്തിനുമായാണ് നിർമ്മിക്കപ്പെട്ടിട്ടുള്ളത്. മഴക്കാലത്ത് ചുറ്റുമുള്ള പ്രദേശങ്ങൾ വെള്ളത്തിനടിയിലായപ്പോഴാണ് ഒരു കിലോമീറ്റർ നീളത്തിൽ മണ്ണ് കൊണ്ട് ഈ അണക്കെട്ട് നിർമ്മിച്ചത്. കോഴിക്കോട് ജില്ലയിലുള്ള കക്കയം അണക്കെട്ടിലേക്ക് വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനായി ജലം എത്തിക്കുകയും ജലസേചനത്തിന് ഉപയോഗിക്കുകയുമാണ് ഈ അണക്കെട്ടിന്റെ പ്രധാന ലക്ഷ്യം. ജില്ലയിലെ തന്നെ ഏറ്റവും കൂടുതൽ വിനോദസഞ്ചാരികളെ ആകർഷിക്കുന്ന ഈ ടൂറിസം കേന്ദ്രം മാലിന്യ സംസ്കരണ രംഗത്ത് ഇന്ന് മാതൃകയാണ്.

ആദ്യകാലങ്ങളിൽ മാനദണ്ഡങ്ങൾ പാലിക്കാതെയായിരുന്നു ബാണാസുരസാഗറിൽ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ നടന്നിരുന്നത്. വിനോദസഞ്ചാരികൾ നിക്ഷേപിക്കുന്ന ഡയപ്പർ ഉൾപ്പെടെയുള്ള സാനിറ്ററി മാലിന്യങ്ങൾ, ബോട്ടിലുകൾ, ഉപയോഗശൂന്യമായ പ്ലാസ്റ്റിക് വസ്തുക്കൾ, ഭക്ഷണാവശിഷ്ടങ്ങൾ എന്നിവ ബാണാസുരസാഗർ ടൂറിസം കേന്ദ്രം നേരിട്ട ഏറ്റവും വലിയ വെല്ലുവിളിയായിരുന്നു, ഹരിതകേരളം മിഷൻ, പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്ത്, പൊല്യൂഷൻ കൺട്രോൾ ബോർഡ്,കെ എസ് ഡബ്ലിയു എം പി,ശുചിത്വ മിഷൻ എന്നിവർ സംയുക്തമായി ടൂറിസം കേന്ദ്രം സന്ദർശിക്കുകയും അന്നത്തെ അവസ്ഥ വിലയിരുത്തിയ ശേഷം യോഗം ചേർന്ന് പരിഹാര മാർഗങ്ങൾ ടൂറിസം കേന്ദ്രത്തിന്



നൽകുകയും ചെയ്തു.ടൂറിസം കേന്ദ്രത്തിലേക്ക് എത്തുന്ന ബോട്ടിലുകൾ ശേഖരിച്ച് വയ്ക്കുന്നതിന് ബോട്ടിൽ ബൂത്ത്, പ്ലാസ്റ്റിക് മാലിന്യങ്ങൾ തരംതിരിച്ച് ശേഖരിക്കുന്നതിന് മിനി എംസിഎഫ്, ജൈവമാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് കമ്പോസ്റ്റിംഗ് സംവിധാനവും സാനിറ്ററി മാലിന്യങ്ങൾ സംസ്കരിക്കുന്നതിനുള്ള ഡബിൾ ചേംബർ ഇൻസിനറേറ്റർ എന്നിവ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ആണ് നൽകിയത്. നിശ്ചിത സമയത്തിനുള്ളിൽ തുടർ പരിശോധനകൾ നടത്തുകയും വേണ്ട നിർദേശങ്ങൾ ടൂറിസം കേന്ദ്രത്തിലേയ്ക്കും കെഎസ്ഇബിയിലേക്കും നൽകുകയും ചെയ്തതിന്റെ ഫലമായി ബാണാസുരസാഗർ ഡാമിന് കൃത്യമായ ഒരു ജൈവ-അജൈവ മാലിന്യ സംസ്കരണ രീതിയുണ്ടായി. തുടർന്ന് മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിനിലൂടെ ടൂറിസം കേന്ദ്രത്തെ ഹരിത ടൂറിസം കേന്ദ്രമായി പ്രഖ്യാപിച്ച് നിലനിർത്തി പോരുന്നു.

കെ എസ് എ ബി യുടെ ഉടമസ്ഥതയിലുള്ള ബാണാസുരസാഗർ അണക്കെട്ടിൽ 1.25 ഏക്കറിൽ 500 കിലോ വാട്ട് ശേഷിയുള്ള രാജ്യത്തെ ഏറ്റവും വലിയ ഫ്ലോട്ടിങ് സൗരോർജനിലയം സ്ഥിതി



ചെയ്യുന്നു. 1938 സൗരോർജ്ജ പാനലുകളും, ഒരു ട്രാൻസ്ഫോർമറും,17 ഇൻവെർട്ടറുകളും, 11 കെ വി സബ്സ്റ്റേഷനും ഈ നിലയത്തിലുണ്ട്.

## ഹരിത വിദ്യാലയങ്ങൾ

വിദ്യാർത്ഥികളിലൂടെ പരിസ്ഥിതി സംരക്ഷണ പാഠങ്ങൾ സമൂഹത്തിലെത്തിക്കാനും പരിസ്ഥിതി സൗഹാർദ്ദ ശീലങ്ങൾ വളർത്താനും വിദ്യാലയങ്ങൾ തന്നെ ഹരിത ഇടങ്ങളായി മാറേണ്ടതുണ്ട്. ഈ ലക്ഷ്യത്തിലാണ് മിഷന്റെ നേതൃത്വത്തിൽ ഹരിത വിദ്യാലയം ക്യാമ്പയിൻ നടത്തിയത്.

## കാർബൺ നെഗറ്റീവ് ആയി മാനികാവ് സ്കൂൾ

ശ്രീ മാനികാവ് മഹാശിവക്ഷേത്രത്താൽ പ്രസിദ്ധമായ മാനികാവ് പ്രദേശത്ത് വിദ്യാഭ്യാസത്തിനോ സാംസ്കാരിക ഉന്നമനത്തിനോ യാതൊരുവിധ സൗകര്യങ്ങളുമില്ലാതിരുന്ന കാലത്ത് പ്രദേശത്തെ കുറച്ച് വ്യക്തികൾ ചേർന്ന് കുടിപള്ളിക്കൂടം എന്ന ആശയത്തിലൂടെ ഒരു വിദ്യാഭ്യാസ സ്ഥാപനം ആരംഭിച്ചു. ആദ്യകാലത്ത് വിദ്യാലയത്തിന്റെ നടത്തിപ്പ് പലകാരണങ്ങളാലും വഴിമുട്ടിയപ്പോൾ മാനികാവ് ദേവസ്വം വിദ്യാലയത്തിന്റെ നടത്തിപ്പ് ഏറ്റെടുത്തു. പിൽകാലത്ത് വിദ്യാലയം നവോദയ ആദിവാസി എയ്ഡഡ് സ്കൂൾ എന്ന പേരിൽ അറിയപ്പെടാൻ തുടങ്ങി.

1933 – 1990 കാലത്തുതന്നെ വിദ്യാലയത്തിൽ പരിസ്ഥിതി സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിനായി 'പരിത്രാണായ' എന്ന പേരിൽ നേച്ചർ ക്ലബ്ബ് സ്ഥാപിക്കുകയും തണൽ മരങ്ങളും നൂറോളം മുളങ്കൂട്ടങ്ങളും മുത്തശ്ശി മാവും ചേർന്നൊരുക്കുന്ന ജൈവവൈവിധ്യന്തരീക്ഷം ഉണ്ടാക്കുകയും ചെയ്തു.

കാലാവസ്ഥ വ്യതിയാനത്തിന്റെ ആഘാതം കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ രാജ്യത്തിന് മാതൃകയായി മീനങ്ങാടി ഗ്രാമപഞ്ചായത്ത് കാർബൺ ന്യൂട്രൽ പദ്ധതികൾക്ക് രൂപം നൽകി യിരുന്നു. മാലിന്യസംസ്കരണം, വനവൽക്കരണം , പുനരുപയോഗ ഊർജ്ജ ഉപയോഗം പ്രോത്സാഹിപ്പിക്കൽ എന്നിവയിൽ ഈ പദ്ധതി ശ്രദ്ധ കേന്ദ്രീകരിച്ചു . പ്രദേശവാസികളെ ഉൾപ്പെടുത്തിക്കൊണ്ടും പരിസ്ഥിതി സൗഹാർദ്ദ ഉപജീവന മാർഗ്ഗങ്ങളെ പിന്തുണക്കുന്നതിലൂടെയും കാർബൺ ന്യൂട്രാലിറ്റിയുടെ ഒരു മാതൃക സൃഷ്ടിക്കാൻ മീനങ്ങാടി ഗ്രാമപഞ്ചായത്തിന് സാധിച്ചു. മീനങ്ങാടി ഗ്രാമപഞ്ചായത്തിലെ ഇത്തരത്തിൽ മികച്ച മാതൃക സൃഷ്ടിച്ച വിദ്യാഭ്യാസ സ്ഥാപനമാണ് എൻ എ എ യു പി സ്കൂൾ മാനികാവ്. നാലര ഏക്കർ സ്ഥലത്ത് സ്ഥിതി ചെയ്യുന്ന സ്കൂളിൽ കാർബൺ ബഹിർഗമനം കുറച്ചും ആഗിരണം കൂട്ടിയുമുള്ള



 

പ്രവർത്തനങ്ങളിലൂടെയാണ് കാർബൺ നെഗറ്റീവ് എന്ന പദവിയിലേയ്ക്ക് സ്കൂൾ എത്തിയത്. ഒരേക്കർ സ്ഥലത്ത് വിവിധ ഇനത്തിൽപ്പെട്ട 5000 ത്തിലധികം മുളകൾ നട്ടുപിടിപ്പിച്ചും വ്യത്യസ്ത മാവിനങ്ങളും മറ്റ് നാടൻ മരക്കൂട്ടങ്ങളും വെച്ചുപിടിപ്പിച്ചുമാണ് കാർബൺ ആഗിരണത്തെ ത്വരിതപ്പെടുത്തിയത്. കുഴി കമ്പോസ്റ്റിംഗിലൂടെ ജൈവ മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുകയും അജൈവ മാലിന്യങ്ങൾ തരംതിരിച്ചു ഹരിതകർമ്മസേനക്ക് നൽകുകയും സോക്ക് പിറ്റ്, സെപ്റ്റിക് ടാങ്ക് തുടങ്ങി കൃത്യമായ ദ്രവ മാലിന്യ സംസ്കരണത്തിലൂടെ മാലിന്യ സംസ്കരണം നടത്തുകയും ചെയ്യുന്നു. ഹരിതകേരളം മിഷന്റെ നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ ക്യാമ്പയിനിന്റെ ഭാഗമായി കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ സാങ്കേതിക സഹായത്തോടെ വികസിപ്പിച്ചെടുത്ത മൊബൈൽ ആപ്ലിക്കേഷനിലൂടെ സ്കൂളിലെ മുളകളുടെയും മരങ്ങളുടെയും എണ്ണം, ഉയരം, വീതി, പ്രായം എന്നിവ കണക്കാക്കിയും ജല ഉപയോഗത്തിന്റെ അളവ്, ഊർജ്ജ ഉപയോഗം, ഉത്പാദിപ്പിക്കപ്പെടുന്ന മാലിന്യത്തിന്റെ അളവ്, ഗതാഗതത്തിൽ നിന്നുള്ള കാർബൺ ബഹിർഗമനം തുടങ്ങിയവ കൃത്യമായി വിശകലനം ചെയ്തും കാർബൺ ബഹിർഗമനത്തിന്റെയും ആഗിരണത്തിന്റെയും അളവ് കണ്ടെത്തിയ ശേഷമാണ് സ്കൂളിന് കാർബൺ നെഗറ്റീവ് പദവി ലഭിച്ചത്.

വർഷങ്ങൾക്ക് മുൻപ് തന്നെ സ്കൂൾ അധ്യാപകരും പി ടി എ ഭാരവാഹികളും പൂർവ്വ വിദ്യാർഥികളും ചേർന്ന് പ്രകൃതി സൗഹാർദ്ദ അന്തരീക്ഷം സൃഷ്ടിച്ചിരുന്നു. അതുകൊണ്ടു തന്നെ പ്രകൃതി വിഭവങ്ങളെ കാര്യക്ഷമമായി ഉപയോഗിക്കാൻ സാധിച്ചു. ജൈവ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിച്ചും ശലഭോദ്യാനം നിർമ്മിച്ചും മാലിന്യ ഉത്പാദനത്തിന്റെ തോത് കുറച്ചും നടത്തിയ പ്രവർത്തങ്ങൾ കാർബൺ നെഗറ്റീവ് പദവി തുടരാൻ സഹായകമായി.

### ജി എച്ച് എസ് എസ് വടുവഞ്ചാൽ

ജനസംഖ്യയിൽ ഭൂരിപക്ഷമായ കർഷകരുടെയും ആദിവാസി ജനവിഭാഗങ്ങളുടെയും മക്കൾ കഴിഞ്ഞ 7 ദശകങ്ങളായി വിദ്യാഭ്യാസത്തിനായി ആശ്രയിക്കുന്ന സ്ഥാപനമാണ് അമ്പലവയൽ ഗ്രാമപഞ്ചായത്തിലെ വടുവഞ്ചാൽ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ. 1952 ൽ വിദ്യാഭ്യാസ ആവശ്യങ്ങൾക്കായി 10 ഏക്കർ സ്ഥലത്ത് ആരംഭിച്ച എൽ പി സ്കൂൾ പിന്നീട് 2004-ൽ ഹയർ സെക്കണ്ടറി സ്കൂളായി ഉയർത്തി. എൽ പി മുതൽ ഹയർസെക്കണ്ടറി വരെ ആയിരത്തിൽ പരം വിദ്യാർഥികൾ പഠിക്കുന്നുണ്ട്. നിരവധി ക്ലാസ്സ് റൂമുകളും കെട്ടിടങ്ങളും ഉണ്ടെങ്കിലും പരിസ്ഥിതി സംരക്ഷണത്തിനും ജൈവവൈവിധ്യ പ്രോത്സാഹനത്തിനും ഒരിടം കണ്ടെത്താൻ സ്കൂളിന് സാധിച്ചു.



ഹരിതകേരളം മിഷൻ രൂപകൽപ്പന ചെയ്ത പച്ചത്തുരുത്ത് പദ്ധതിയും ഫോറസ്റ്റ് വകുപ്പിന്റെ നക്ഷത്ര വനവും വിദ്യഭ്യാസ വകുപ്പിന്റെ ശലഭോദ്യാനവും വടുവഞ്ചാൽ സ്കൂളിലെ ജൈവവൈവിധ്യത്തിന്റെ ഉത്തമ ഉദാഹരണങ്ങളാണ്. കാർബൺ ന്യൂട്രൽ പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകുന്ന പ്രവർത്തനങ്ങളും സ്കൂളിന്റെ നേതൃത്വത്തിൽ നടത്തിയിരുന്നു. അമ്പത് ഇനത്തിലുള്ള 2000 മുള തൈകൾ സ്കൂൾ വളപ്പിൽ നട്ടുപരിപാലിക്കുന്നുണ്ട്. മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിനിന്റെ ഭാഗമായി ഹരിത വിദ്യാലയ പദവിയും സ്കൂളിന് ലഭിച്ചിട്ടുണ്ട്. സ്കൂളിലെ പരിപാടികൾ ഹരിത പെരുമാറ്റചട്ടം പാലിച്ച് നടത്തുന്നു. ജൈവ-അജൈവ പാഴ്വസ്തുക്കളും ദ്രവ മാലിന്യങ്ങളും ശാസ്ത്രീയമായി സംസ്കരിച്ചും ഇ - മാലിന്യങ്ങൾ കൃത്യമായി നീക്കം ചെയ്തും നിരോധിത പ്ലാസ്റ്റിക്ക് ഉത്പന്നങ്ങൾക്ക് പൂർണ്ണമായി നിയന്ത്രണം ഏർപ്പെടുത്തിയും പ്രവർത്തിക്കുന്ന വിദ്യാലയങ്ങളെയാണ് ഹരിത വിദ്യാലയമായി പ്രഖ്യാപിക്കുന്നത്.

ഹരിതകേരളം മിഷന്റെ സംസ്ഥാനത്തെ മികച്ച പച്ചത്തുരുത്തിനുള്ള സംസ്ഥാന പുരസ്കാരം സ്കൂളിലെ ഹരിതാരണ്യം പച്ചത്തുരുത്തിന് ലഭിച്ചിരുന്നു. 40 വിദ്യാലയങ്ങൾ പങ്കെടുത്ത മത്സരത്തിലാണ് വടുവഞ്ചാൽ സ്കൂളിന് ഒന്നാം സ്ഥാനം ലഭിച്ചത്.

2019 ൽ ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ അമ്പലവയൽ ഗ്രാമപഞ്ചായത്തിന്റെയും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെയും സാങ്കേതിക സഹായത്തോടെയാണ് സ്കൂളിൽ പച്ചത്തുരുത്ത് ആരംഭിക്കുന്നത്. കാട് പിടിച്ചു കിടന്നിരുന്ന രണ്ട് ഏക്കർ സ്ഥലത്ത് പരിസ്ഥിതി ക്ലബ്ബിന്റെ നേതൃത്വത്തിൽ വൃത്തിയാക്കി തൈകൾ നട്ടുപിടിപ്പിച്ചു. അപൂർവ്വയിനം ഫലവൃക്ഷങ്ങളും വംശനാശ ഭീഷണി നേരിടുന്ന മരങ്ങളും വള്ളിച്ചെടികളും കുറ്റിച്ചെടികളും തണൽ മരങ്ങളും ഉൾപ്പെടുന്നതാണ് ഹരിതാരണ്യം എന്ന പേരിലുള്ള പച്ചത്തുരുത്ത്. പേര, വേങ്ങ, മണിമരുത്, ദേവതാരു, താന്നി, അമ്പഴം, അശോകം, രുദ്രാക്ഷം,എന്നീ തദ്ദേശീയ വൃക്ഷങ്ങളും ജബോട്ടിക്കാബ, മാംഗോസ്റ്റീൻ, റമ്പൂട്ടാൻ, സാപ്പാതോടിയ, മിൽക്ക് ഫ്രൂട്ട്, ടെർമിനെലിയ എന്നീ വിദേശ ഇനങ്ങളും അന്യം നിന്നു പോകുന്ന കാട്ടഞ്ഞാവലും പച്ചത്തുരുത്തിനെ സമ്പന്നമാക്കുന്നു. നിരവധി പരിസ്ഥിതി പഠന വിദ്യാർഥികളും, പരിസ്ഥിതി പ്രവർത്തകരും, വിദ്യാർഥികളും, ഹരിതാരണ്യത്തിലെ നിത്യ സന്ദർശകരാണ്. ജൈവവൈവിധ്യത്തിന്റെ കലവറ തീർക്കുന്ന ഇവിടം നിരവധി പക്ഷികളുടെയും ചിത്രശലഭങ്ങളുടെയും തുമ്പികളുടെയും വാസസ്ഥലം കൂടിയാണ്.

ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ ക്യാമ്പയിനിന്റെ ഭാഗമായി നടത്തിയ പഠനത്തിൽ ഒരു വർഷം 16.049 ടൺ കാർബൺ ഡൈ ഓക്സൈഡ് ആഗിരണം

ചെയ്യുന്നതിനുള്ള ശേഷി സ്കൂളിനുണ്ട്. ജൈവ സംരക്ഷണ പ്രവർത്തനങ്ങളിലൂടെയാണ് സ്കൂൾ ഈ നേട്ടം കൈവരിച്ചത്. 6 കി. വാട്ട് ശേഷിയുള്ള സോളാർ പാനൽ സ്ഥാപിക്കുന്നതിലൂടെ കാർബൺ നെഗറ്റീവ് പദവിയിലേക്കെത്തിച്ചേരാൻ സ്കൂളിന് സാധിക്കുമെന്ന് മിഷന്റെ പഠനത്തിൽ കണ്ടെത്തിയിട്ടുണ്ട്. ഈ കണ്ടെത്തലിന്റെ ഭാഗമായി സ്കൂളിൽ സോളാർ സ്ഥാപിക്കുന്ന നടപടികൾ നടന്നുവരുന്നു.

### ഹരിത വിദ്യാലയം -GUPS കമ്പളക്കാട്

മാലിന്യ സംസ്കരണം, ജല സംരക്ഷണം, കൃഷി, ഊർജസംരക്ഷണം,ജൈവ കൃഷി തുടങ്ങിയ മേഖലകളിലൊക്കെ മാതൃക പ്രവർത്തനങ്ങൾ നടത്തുന്ന ഒരു സർക്കാർ സ്കൂളാണ് കണിയാംപറ്റ ഗ്രാമ പഞ്ചായത്തിലെ ഗവ യു പി സ്കൂൾ കമ്പളക്കാട്. എല്ലാ ക്ലാസ്സ് മുറികളിലും അജൈവ മാലിന്യ ശേഖരണത്തിന് പ്രത്യേകം ബിന്നുകൾ സ്ഥാപിക്കുകയും അവയിൽ തരം തിരിച്ചു തന്നെ കുട്ടികൾ മാലിന്യങ്ങൾ നിക്ഷേപിക്കുകയും ചെയ്യുന്നു. ഭക്ഷണവശിഷ്ടങ്ങൾ സംസ്കരിക്കുന്നതിനായി തുമ്പൂർമുഴി സംവിധാനം ഉപയോഗപ്പെടുത്തുന്നു. ഇതിൽ നിന്ന് ലഭിക്കുന്ന വളം ചെടികൾക്കും പച്ചക്കറിക്കും ഉപയോഗിച്ചു വരുന്നു. ജല സംരക്ഷണത്തിന്റെ ഭാഗമായി മഴ വെള്ള സംഭരണിയിൽ മഴവെള്ളം



ശേഖരിക്കുന്നു. കൂടാതെ സ്കൂളിന് തൊട്ട് അടുത്ത സ്ഥലങ്ങളിൽ കുട്ടികളുടെ നേതൃത്വത്തിൽ 100 മഴക്കുഴികളും നിർമ്മിച്ചിട്ടുണ്ട്. കൂടാതെ പച്ചപ്പുൽ തകിടി വിരിച്ചു മനോഹരമാക്കിയ ഗ്രൗണ്ട് സൗന്ദര്യവൽക്കരണ പ്രവൃത്തിയിലുപരി ഒഴുകി പോകുന്ന മഴ വെള്ളത്തെ മണ്ണിലേക്ക് ഇറക്കാൻ സഹായിക്കുന്നു. ഊർജകിരണം പദ്ധതി വഴി ലൈറ്റുകൾ ഫാനുകൾ എന്നിവയുടെ അനാവശ്യ ഉപയോഗം നിയന്ത്രിക്കുന്നതിനും ഇവിടെ കുട്ടികൾ ശ്രദ്ധിക്കുന്നു. മതിലുകൾ ചിത്രങ്ങൾ വരച്ച് മനോഹരമാക്കിയിട്ടുണ്ട്. ചെടികളും ലഭ്യമായ സ്ഥലങ്ങളിൽ പൂന്തോട്ടവും ഔഷധ തൈകളും നട്ടു പരിപാലിക്കുന്നു. ഗ്രോബാഗുകളിലും മറ്റും പച്ചക്കറിയും നട്ട് പരിപാലിക്കുന്നു. പ്രധാനധ്യാപകനും ടീച്ചിങ് സ്റ്റാഫുമാണ് എല്ലാ പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകുന്നത്. കൂടാതെ മാതൃഭൂമി സീഡിന്റെ ലവ് പ്ലാസ്റ്റിക് ക്യാമ്പയിനും ഇവിടെ നടപ്പിലാക്കുന്നു. സംസ്ഥാന തലത്തിൽ ഇതിന് പുരസ്കാരവും ലഭിച്ചിട്ടുണ്ട്.

### മാതൃക വിദ്യാലയം - GLP സ്കൂൾ ചെന്നാളി

മാലിന്യ സംസ്കരണ രംഗത്ത് മികച്ച മാതൃക പ്രവർത്തനങ്ങൾ നടത്തുന്ന ഒരു സർക്കാർ വിദ്യാലയമാണ് മീനങ്ങാടി ഗ്രാമപഞ്ചായത്തിലെ ഗവൺമെന്റ് LP സ്കൂൾ ചെന്നാളി.ചെടികളും മരങ്ങളും കൊണ്ട്



നിറഞ്ഞു നിൽക്കുന്ന സ്കൂളിലെ പരിസരവും എപ്പോഴും വൃത്തിയോടെ സൂക്ഷിച്ചു വരുന്നു. ജൈവ അജൈവ മാലിന്യങ്ങൾ ശേഖരിച്ചു വയ്ക്കുന്നതിന് ബിന്നുകൾ സ്ഥാപിച്ചിട്ടുണ്ട്. അജൈവ മാലിന്യങ്ങൾ തരംതിരിച്ച് ഹരിതകർമ്മസേനയ്ക്ക് കൊടുക്കുന്നുണ്ട്. ജൈവ മാലിന്യസംസ്കരണത്തിന് ബയോകമ്പോസ്റ്റ് സംവിധാനമുണ്ട്. സ്ഥലപരിമിതിക്കുള്ളിൽ തന്നെ ജൈവ പച്ചക്കറികൃഷിയും ചെയ്തുവരുന്നുണ്ട്.

### ഗവൺമെന്റ് എൽ പി സ്കൂൾ മൊതക്കര - ഹരിത വിദ്യാലയം

പരിസ്ഥിതി സൗഹാർദ്ദ പ്രവർത്തനങ്ങളിൽ മികച്ച മാതൃക അവതരിപ്പിച്ച വെള്ളമുണ്ട ഗ്രാമപഞ്ചായത്തിലെ ഹരിത വിദ്യാലയമാണ് മൊതക്കര ഗവൺമെന്റ് എൽ പി സ്കൂൾ. ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക്ക് വസ്തുക്കൾ ശേഖരിച്ച് പ്ലാസ്റ്റിക്ക് ബോട്ടിലുകളിൽ നിറച്ചു സ്റ്റോൺ രൂപത്തിലാക്കി നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കത്തക്കവിധം പരിവർത്തനപ്പെടുത്തുന്ന ക്യാമ്പയിനായ 'ഇക്കോ സ്റ്റോൺ' ക്യാമ്പയിൻ സംസ്ഥാനത്ത് ആദ്യമായി ആരംഭിച്ച വിദ്യാലയമാണ് മൊതക്കര സ്കൂൾ.

ഈ തണലിൽ ഇത്തിരി നേരം എന്ന നൂതന ആശയത്തിൽ വിദ്യാലയത്തോട് ചേർന്ന് തരിശായി കിടന്നിരുന്ന സ്ഥലത്ത് വിദ്യാർഥികളും അധ്യാപകരും ചേർന്ന് പ്രാദേശികമായി കണ്ടെത്തിയ തൈകൾ നട്ടു പരിപാലിച്ചു പോരുന്നു. പച്ചത്തുരുത്ത് മാതൃകയിൽ നിർമ്മിച്ച ഇവിടെ അത്തിമരത്തോട് ചേർന്ന് ചാരുബെഞ്ച് പദ്ധതിയിൽ കുട്ടികൾക്ക് ഇരിപ്പിടമൊരുക്കിയിട്ടുണ്ട്. ജൈവ പച്ചക്കറി തോട്ടവും, പൂന്തോട്ടവും, പലതരം ഫലവൃക്ഷങ്ങളും ഔഷധ തൈകളും മുളകളും നട്ടു സംരക്ഷിക്കുന്നുണ്ട്. മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിനിന്റെ ഭാഗമായി മാലിന്യം തരംതിരിച്ച് നിക്ഷേപിക്കുന്നതിനായി പ്രത്യേകം ബിന്നുകൾ സ്ഥാപിച്ചു. ജൈവ മാലിന്യ സംസ്കരണത്തിനായി ജൈവ കമ്പോസ്റ്റിംഗ് സംവിധാനവും സ്കൂളിൽ ഏർപ്പെടുത്തി. വിദ്യാലയത്തിലെ മുഴുവൻ വിദ്യാർഥികളും സ്റ്റീൽ ബോട്ടിലുകളും സ്റ്റീൽ പാത്രങ്ങളും ഉപയോഗിക്കുന്നതിന് കർശന നിർദ്ദേശം സ്കൂൾ അധികൃതർ നൽകി പരിപാലിച്ചു പോരുന്നു. കുട്ടികൾക്ക് തുണി സഞ്ചി വിതരണം ചെയ്തിട്ടുണ്ട്.

ഊർജ്ജ ഉപയോഗം കുറയ്ക്കുന്നതിനും ഊർജ്ജ സംരക്ഷണത്തിന്റെ ആവശ്യകത കുട്ടികളിലൂടെ ഒരു സമൂഹത്തിൽ എത്തിക്കുന്നതിനും വേണ്ടി വൈദ്യുതി ബിൽ കുറയ്ക്കുന്നതിന്റെ ക്യാമ്പയിൻ വീടുകളിലും സ്കൂളിലും കുട്ടികളുടെ നേതൃത്വത്തിൽ നടപ്പിലാക്കി. സോളാർ സിസ്റ്റം സ്ഥാപിച്ച് സ്കൂളിൽ പരമാവധി വൈദ്യുതി ഉപയോഗം കുറയ്ക്കാനും സ്കൂളിന് സാധിച്ചു.

### ഹരിത സുന്ദര ടൗണുകൾ

ജനങ്ങൾ ഒത്തുകൂടുന്ന സ്ഥലങ്ങളിലെ മാറ്റങ്ങൾ വളരെ വേഗം അവരെ സ്വാധീനിക്കും. പൊതു ഇടങ്ങൾ മാലിന്യങ്ങൾ വലിച്ചെറിയാനുള്ള ഇടങ്ങളായാണ് പൊതുവേ കണക്കാക്കപ്പെടുന്നത്.

ഈ രീതി മാറണമെങ്കിൽ പൊതു ഇടങ്ങൾ വൃത്തിയും ഭംഗിയുമുള്ള സ്ഥലങ്ങളായി മാറണം. ഈ ലക്ഷ്യത്തിലാണ് ഹരിതകേരളം മിഷൻ ഹരിത സുന്ദര ടൗണുകൾ എന്ന ക്യാമ്പയിൻ നടപ്പാക്കിയത്.

## സുൽത്താൻ ബത്തേരി ടൗൺ

ചരിത്രമുറങ്ങുന്ന വയനാട്ടിൽ അതിവേഗം വികസിച്ചുകൊണ്ടിരിക്കുന്ന നഗരസഭയാണ് സുൽത്താൻ ബത്തേരി. വൃത്തിയുടെ സുൽത്താൻ എന്നാണ് ബത്തേരി നഗരസഭ അറിയപ്പെടുന്നത്. നഗരസഭയുടെ മുഖമുദ്ര ശുചിത്വമായിരിക്കണം എന്ന ആശയം മുൻനിർത്തി നഗരസഭയുടെ അധ്യക്ഷനും ഭരണ സമിതി അംഗങ്ങളും ഹെൽത്ത് വിങ്ങും ചേർന്ന് പൊതുജനങ്ങളുടെയും ശുചീകരണ തൊഴിലാളികളുടെയും




സഹായത്തോടെ ക്ലീൻ സിറ്റി, ഗ്രീൻ സിറ്റി, ഫ്ളവർ സിറ്റി എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. റോഡിലൊരിടത്തും ചപ്പു ചവറുകളില്ല. നഗരത്തിലെത്തുന്നവരെ വരവേൽക്കാൻ പാതയോരങ്ങളിൽ സ്ഥാപിച്ച പൂച്ചെടികൾ, ബത്തേരിയിലെത്തുന്ന സഞ്ചാരികളെ ആശ്ചര്യപ്പെടുത്തുന്നു. കേരളത്തിലെ പൂന്തോട്ടമായി നഗരസഭ ചുരുങ്ങിയ കാലം കൊണ്ട് മാറിക്കഴിഞ്ഞു. മാലിന്യ സംസ്കരണ രംഗത്തെ മികച്ച ഒരു മാതൃകയാണ് സുൽത്താൻ ബത്തേരി മുനിസിപ്പാലിറ്റിയുടെ നേതൃത്വത്തിൽ സുൽത്താൻ ബത്തേരി നഗരത്തെ വൃത്തിയുള്ള നഗരമാക്കി മാറ്റിയത്.

## ഹരിത ടൗൺ - തവിഞ്ഞാൽ ഗ്രാമപഞ്ചായത്ത്

ജനകീയ മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്ക് പുത്തൻ മാതൃക സൃഷ്ടിച്ചിരിക്കുകയാണ് തവിഞ്ഞാൽ ഗ്രാമപഞ്ചായത്തിലെ അഞ്ച് ടൗണുകൾ. യവനാർകുളം, പേര്യ, വെണ്മണി, വിമൽനഗർ, കാട്ടിമൂല എന്നീ ടൗണുകൾ ആണ് ഹരിത സുന്ദര ടൗണുകൾ ആയി മാറിയിരിക്കുന്നത്.

ഹരിതകേരളം മിഷന്റെ മാലിന്യ മുക്തം നവകേരളം ജനകീയ ക്യാമ്പയിനിന്റെ ഭാഗമായി തവിഞ്ഞാൽ ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ ക്യാമ്പയിൻ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുകയും തുടർന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ ഗ്രന്ഥശാല പ്രവർത്തകർ, വ്യാപാരികൾ, ഹരിതകർമ്മസേന അംഗങ്ങൾ, ജനപ്രതിനിധികൾ തുടങ്ങിയവരെ ഉൾപ്പെടുത്തി മീറ്റിംഗ് വിളിക്കുകയും ചെയ്തു. കക്ഷി രാഷ്ട്രീയം മറന്നു പൗര പ്രമുഖരുടെ നേതൃത്വത്തിൽ ജനകീയ പങ്കാളിത്തത്തോടെ ടൗണുകളിൽ



ശുചീകരണ പ്രവൃത്തികൾ നടന്നു. തുടർ പരിപാലനം വ്യാപാര സംഘടനകളും ഓട്ടോ തൊഴിലാളികളും സംയുക്തമായി ചെയ്തുവരുന്നു.

തെരുവോരങ്ങളിലേക്ക് പേപ്പർ, പ്ലാസ്റ്റിക്ക് മാലിന്യം വലിച്ചെറിയാതെ ശേഖരിച്ചു വെയ്ക്കുന്നതിനായി ബിന്നുകൾ സ്ഥാപിക്കുകയും കൃത്യമായ ഇടവേളകളിൽ മാലിന്യം നീക്കം ചെയ്യാനുള്ള സംവിധാനം ഒരുക്കുകയും ചെയ്തിട്ടുണ്ട്. സൗന്ദര്യവൽക്കരണത്തിന്റെ ഭാഗമായി ടൗണിന്റെ ഇരുഭാഗങ്ങളിലും ബസ് സ്റ്റോപ്പിന് മുന്നിലും വിവിധ തരം പൂച്ചെടികൾ വെച്ചുപിടിപ്പിക്കുകയും ചെയ്തു.

തവിഞ്ഞാൽ ഗ്രാമപഞ്ചായത്ത് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ചെടികൾ വെച്ച് സൗന്ദര്യവൽക്കരണം നടത്തിയത്. സുൽത്താൻ ബത്തേരി ടൗൺ മാതൃകയിൽ തുടങ്ങിയ യവനാർകുളം ടൗൺ ഇന്ന് ഹരിത സുന്ദര ടൗൺ ആയി സഞ്ചാരികളെ ആശ്ചര്യപ്പെടുത്തുന്നു.

### കല്പറ്റയിലെ ഹരിത ബയോപാർക്കും ഫീക്കൽ സ്ലഡ്ജ് ട്രീറ്റ്മെൻറ് പ്ലാന്റും

കൽപ്പറ്റ മുനിസിപ്പാലിറ്റിയിലെ വെള്ളാരംകുന്ന് എന്ന പ്രദേശത്താണ് ഹരിത ബയോപാർക്ക് സ്ഥിതി ചെയ്യുന്നത്. ജൈവ,അജൈവ മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുന്നതിനുള്ള സംവിധാനങ്ങൾ ഈ ബയോപാർക്കിലുണ്ട്. 2022 ആഗസ്റ്റ് 14 മുതൽ പാർക്ക് പ്രവർത്തനം ആരംഭിച്ചു. 9 ഏക്കർ സ്ഥലത്താണ് ഈ പ്ലാന്റ് സ്ഥിതിചെയ്യുന്നത്. 48 ഹരിതകർമ്മസേന അംഗങ്ങളാണ് ഈ പ്ലാന്റിൽ പ്രവർത്തിക്കുന്നത്. 12 പേർ വീതം ഓരോ ദിവസവും പ്ലാന്റിൽ ജോലി ചെയ്യുന്നത്. രാവിലെ 8 മണി മുതൽ 3 മണി വരെയാണ് ജോലി.ഗ്രീൻ വേം എന്ന കമ്പനി അജൈവ മാലിന്യങ്ങൾ കൊണ്ടുപോകുന്നു.






ഐ ആർ ടി സി യുടെ നേതൃത്വത്തിൽ വിൻഡ്രോ കമ്പോസ്റ്റ് യുണിറ്റും ഇവിടെയുണ്ട്. 7 പേർ അടങ്ങുന്ന ഒരു ടീം ആണ് ഇവിടെ വളം നിർമ്മാണത്തിൽ പ്രവർത്തിക്കുന്നത് "ആർദ്ര" എന്ന പേരിൽ ജൈവവളം ഉണ്ടാക്കി മുനിസിപ്പാലിറ്റിയിൽ കൊടുക്കുകയും മുനിസിപ്പാലിറ്റി കിലോയ്ക്ക് 14 രൂപ തോതിൽ വില്പന നടത്തുകയും ചെയ്യുന്നുണ്ട്.

ഫീക്കൽ സ്ലഡ്ജ് ട്രീറ്റ്മെൻറ് പ്ലാന്റ് യൂണിറ്റും ഇവിടെ പ്രവർത്തിക്കുന്നുണ്ട് . കേരളത്തിലെ രണ്ടാമത്തെ ഫീക്കൽ സ്ലഡ്ജ് ട്രീറ്റ്മെൻറ് പ്ലാന്റ് ആണ് ഇവിടെ ഉള്ളത്. 2018 മുതൽ ഇതിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്. 2 ജീവനക്കാരണ് ഇവിടെ ജോലി ചെയ്യുന്നത്. ഇതോടൊപ്പം സ്വാപ്പ് ഷോപ്പും തുമ്പൂർമുഴിയും ബൈലിങ് മെഷീൻ തുടങ്ങിയവയും ഈ ബയോ പാർക്കിൽ ഉണ്ട്.

കൽപ്പറ്റ മുനിസിപ്പാലിറ്റിയുടെ ജൈവ-അജൈവ മാലിന്യ രംഗത്തെ പ്രതിസന്ധിക്ക് പരിഹാരമായ് ആരംഭിച്ചതാണ് വെള്ളാരംകുന്ന് സ്ഥിതി ചെയ്യുന്ന ഹരിത ബയോപാർക്ക്.

### മാതൃക ഹരിത സ്ഥാപനം -
### ഗവ. ആയുർവേദ ഡിസ്പെൻസറി ഈരംകൊല്ലി.

വയനാട് ജില്ലയിലെ മിക്കവാറും സ്ഥാപനങ്ങളും ഹരിത സ്ഥാപനങ്ങളായി മാറിയിട്ടുണ്ട്. അക്കൂട്ടത്തിൽ എടുത്തു പറയേണ്ട ഒരു മാതൃകയാണ് ഈരംകൊല്ലിയിലെ ഗവ. ആയുർവേദ ഡിസ്പെൻസറി. മാലിന്യ സംസ്കരണം രംഗത്ത് മാതൃകയായി പ്രവർത്തിക്കുന്ന സ്ഥാപനമാണ് കോട്ടത്തറ ഗ്രാമ പഞ്ചായത്തിലെ ഈരംക്കൊല്ലി ആയുർവേദ ഡിസ്പെൻസറി. ജൈവ- അജൈവ മാലിന്യം കൃത്യമായി സംസ്കരിക്കുകയും, ഊർജ കാര്യക്ഷമതയുള്ള ഉപകരങ്ങളുടെ ഉപയോഗിക്കുകയും ചെയ്യുന്നുണ്ട്. ഡിസ്പെൻസറിയോട് ചേർന്ന് കോട്ടത്തറ പഞ്ചായത്തും ഡിസ്പെൻസറിയും ഹരിതകേരളം മിഷനും സംയുക്തമായി ഔഷധ പച്ചത്തുരുത്ത് നിർമ്മിച്ച് പരിപാലിക്കുന്നുണ്ട്. ഇവിടെ ഉണ്ടാകുന്ന മെഡിക്കൽ വേസ്റ്റ് ( ഷുഗർ പരിശോധിക്കുന്നത്) ഇമേജുമായി കരാർ വെച്ച് നീക്കം ചെയ്യുന്നുണ്ട്. കഷായം ഉണ്ടാക്കുന്നതിലൂടെ ഉണ്ടാക്കുന്ന ജൈവ മാലിന്യം സംസ്കരിച്ച് ചെടിക്ക് വളമായി ഉപയോഗിക്കുന്നു.

## സുൽത്താൻ ബത്തേരി ഹരിത കെ എസ് ആർ ടി സി

മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിനിന്റെ ഭാഗമായി സംസ്ഥാന ഹരിതകേരളം മിഷനും കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനും സംയുക്തമായി നടത്തിയ ഹരിത കെ എസ് ആർ ടി സി ക്യാമ്പയിനിന്റെ ഭാഗമായി ജില്ലയിലെ കെ എസ് ആർ ടി സി ഡിപ്പോയെ ഹരിത ഡിപ്പോയായി പ്രഖ്യാപിച്ചു.



ഹരിതകേരളം മിഷൻ ജില്ലാ കോർഡിനേറ്ററുടെ നേതൃത്വത്തിൽ ഡിപ്പോയിൽ പ്രാഥമിക യോഗം വിളിച്ചുചേർക്കുകയും ഹരിത ഡിപ്പോ ക്യാമ്പയിനിനെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ വിവരിക്കുകയും ചെയ്തു. തുടർന്ന് നടത്തിയ ഘട്ടം ഘട്ടമായുള്ള പരിശോധനയിൽ,വന്നിട്ടുള്ള ഗ്യാപ്പുകൾ ഡിപ്പോയെയും സുൽത്താൻ ബത്തേരി മുനിസിപ്പാലിറ്റിയെയും കൃത്യമായി അറിയിക്കുകയും അതിന്റെ ഭാഗമായി നടത്തിയ ഇടപെടലുകളിലൂടെ സുൽത്താൻ ബത്തേരി ഡിപ്പോയെ ഹരിത ഡിപ്പോയായി മാറ്റാൻ കഴിഞ്ഞു.

വൃത്തിഹീനവും യാത്രക്കാർ വരാൻ മടിച്ചിരുന്നതുമായ ഡിപ്പോ ഇന്ന് ഭംഗിയുള്ള ചുവരുകളും പൂച്ചെടികളുമായി ഏവരെയും ആകർഷിക്കുന്ന സ്ഥലമായി മാറി. ജൈവ-അജൈവ മാലിന്യ സംസ്കരണം, പൊതു ശുചിത്വം, ദ്രവ മാലിന്യ സംസ്കരണം, കൃത്യമായ ഇടവേളകളിൽ മാലിന്യം നീക്കം ചെയ്യൽ, ഹരിതകർമ്മസേനയുടെ നല്ല ഇടപെടൽ തുടങ്ങിയവ ഇതിന് കാരണമായി.

ക്യാമ്പയിനിന്റെ ഭാഗമായി സുൽത്താൻ ബത്തേരി ഡിപ്പോയിൽ ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ സെന്റ് മേരീസ് കോളേജിലെ എൻ എസ് എസ് വിദ്യാർഥികളുടെ പങ്കാളിത്തത്തോടെ ചുമർ ഭംഗിയാക്കുന്നതിന് വേണ്ടി പെയിൻറിങ് ക്യാമ്പയിനും സംഘടിപ്പിച്ചു. സുൽത്താൻ ബത്തേരി മുനിസിപ്പാലിറ്റി പ്രത്യേകം ഡിസൈൻ ചെയ്ത തീമിൽ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട വാചകങ്ങൾ കൂടെ എഴുതി ചേർത്തുകൊണ്ടാണ് മതിൽ ഭംഗിയാക്കിയത്. മുനിസിപ്പാലിറ്റി ചുമതലപ്പെടുത്തിയ ആർട്ടിസ്റ്റിന്റെ സഹായത്തോടെയാണ് എൻ എസ് എസ് വിദ്യാർഥികൾ കെ എസ് ആർ ടി സി മതിൽ പെയിന്റ് ചെയ്തത്. സൗന്ദര്യവൽക്കരണത്തിന് വേണ്ടി പല സംഘടനകളും ബാങ്കുകളും വഴി സ്പോൺസർഷിപ്പിലൂടെ ലഭിച്ച ചെടികളും സ്ഥാപിച്ചിട്ടുണ്ട്.

മാനന്തവാടി കെ എസ് ആർ ടി സി ഡിപ്പോയിലും കൂടുതൽ ചെടികൾ നട്ടുപിടിപ്പിച്ച് സൗന്ദര്യവൽക്കരണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. കെ എസ് ആർ ടി സി പരിധിക്കുള്ളിൽ വരുന്ന 5 സെന്റ് സ്ഥലത്ത് ഫലവൃക്ഷ തൈകളുടെ പച്ചത്തുരുത്തും വളർന്നു വരുന്നുണ്ട്. പച്ചത്തുരുത്തിനോട് ചേർന്നു ഒരു ചെറിയ കുളം നിർമ്മിച്ച് അലങ്കാര മത്സ്യങ്ങളെയും വളർത്തുന്നുണ്ട്.



ഡിപ്പോ എന്നതിലുപരി ഗ്യാരേജായി പ്രവർത്തിക്കുന്ന കല്പറ്റ കെ എസ് ആർ ടി സി യിൽ സൗന്ദര്യവൽക്കരണ പ്രവർത്തനങ്ങൾ കുറവാണെങ്കിലും ഉറവിട ജൈവ മാലിന്യ സംസ്കരണം, അജൈവ പാഴ്വസ്തുക്കൾ കൃത്യമായ ഇടവേളകളിൽ ഹരിതകർമ സേനക്ക് കൈമാറൽ, പൊതു ശുചിത്വം, ഹരിത നിർദ്ദേശ ബോർഡുകൾ എന്നിവയാൽ മറ്റ് കെ എസ് ആർ ടി സി ഡിപ്പോകൾക്കു മാതൃകയാണ്. ഹരിത ഡിപ്പോയായി പ്രഖ്യാപിച്ച കേന്ദ്രങ്ങളിൽ കൃത്യമായ ഇടവേളകളിൽ മിഷൻ നേരിട്ട് തുടർ പരിശോധനകൾ നടത്തി ആവശ്യമുള്ള നിർദ്ദേശങ്ങൾ നൽകി വരുന്നു.

### ഭാവചിത്ര ഹരിത ഗ്രന്ഥശാലയിലൂടെ മാലിന്യമുക്തമായ പാറത്തോട് കവല

പൊതുഇടങ്ങൾ മാലിന്യമുക്തമാക്കുക എന്ന ലക്ഷ്യത്തോടെ ഹരിതകേരളം മിഷനും ജില്ലാ ലൈബ്രറി കൗൺസിലും സംയുക്തമായി ജില്ലയിലെ മുഴുവൻ ഗ്രന്ഥശാലകളും ഹരിതമാക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച ക്യാമ്പയിനാണ് ഹരിത ഗ്രന്ഥശാല ക്യാമ്പയിൻ. മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിനിന്റെ ഭാഗമായി പൊഴുതന ഗ്രാമപഞ്ചായത്തിലെ പാറത്തോട് എന്ന പ്രദേശത്ത് ഭാവചിത്ര ഗ്രന്ഥശാല നാടിന്റെ ശുചിത്വവും സൗന്ദര്യവും തങ്ങളുടെ ഉത്തരവാദിത്വമാണെന്ന് പ്രഖ്യാപിച്ചിരിക്കുകയാണ്. ജനകീയ കൂട്ടായ്മയിലൂടെ പാറത്തോട് എന്ന





പ്രദേശത്തെ ഇന്ന് 'ഹാപ്പിനെസ്സ് സ്ക്വയർ' ആക്കി മാറ്റിയതിൽ ഭാവചിത്രയുടെ പങ്ക് സ്തുത്യർഹമാണ്. മരണപ്പെട്ടവർക്ക് ആദരസൂചകമായി റീത്ത് വെക്കുന്ന പതിവ് ഇവിടെ ഇല്ല. പകരം വ്യക്തിയുടെ സ്മരണയ്ക്കായി ഫലവൃക്ഷങ്ങൾ നട്ടു പരിപാലിക്കും. ഗ്രന്ഥശാലയോട് ചേർന്നുള്ള 2 സെന്റ് സ്ഥലം ഇതിനയുള്ളതാണ്. നെല്ലി, സീതപ്പഴം, ആത്തച്ചക്ക, മൾബെറി, ആപ്പിൾ, ചാമ്പ, അവോക്കാഡോ തുടങ്ങിയവ ഇന്ന് റോഡരുകിൽ വളരുന്ന ഓർമ്മ മരങ്ങളാണ്. പടർന്ന് പന്തലിച്ച മാവിനടിയിലെ ഇരിപ്പിടം നാട്ടുകാരുടെ പ്രിയ ഇടമാണ്.

വയോജനങ്ങളെയും നാട്ടുകാരെയും ഒരുമിപ്പിക്കാനാണ് വയോജന സൗഹൃദ തെരുവ് എന്ന ആശയത്തിൽ 25 പേർക്ക് ഇരിക്കാൻ സൗകര്യമുള്ള ഹബ്ബ് ഒരുക്കിയത്. രാത്രിയിൽ വിവിധ നിറങ്ങളാൽ ഹബ്ബ് മനോഹര കാഴ്ച ഒരുക്കും. ഗ്രാമീണ സൗന്ദര്യം ഉൾക്കൊണ്ട് വാർത്തകളും ചലച്ചിത്ര ഗീതങ്ങളും ആസ്വദിക്കുന്നതിന് ഇരിപ്പിടത്തോട് ചേർന്നു വലിയ മാവിൽ റേഡിയോ സ്ഥാപിച്ചിട്ടുണ്ട് ഇത് വായനശാലയിലേക്ക് കൂടുതൽ ആളുകളെ ആകർഷിക്കുന്നതിന് കാരണമാകുന്നു. മാലിന്യമുക്ത കവലയാണ് പാറത്തോട്. പരിപാടികളിൽ ഫ്ലക്സുകൾ ഉപേക്ഷിച്ചു. പ്ലാസ്റ്റിക് ഉപയോഗിക്കുന്നില്ല

ജലസംരക്ഷണത്തിന്റെ ഭാഗമായി മാലിന്യം നിറഞ്ഞിരുന്ന പ്രദേശത്തെ തോട് ശുചീകരിച്ചു. എല്ലാ വർഷവും ഗ്രന്ഥശാലയുടെ നേതൃത്വത്തിൽ തോടും ടൗൺ ശുചീകരണവും നടക്കുന്നുണ്ട്. സൗന്ദര്യവൽക്കരണത്തിന്റെ ഭാഗമായി 'വേസ്റ്റ് ടു ആർട്ട്' ഇൻസ്റ്റാളേഷനുകളും, ഗ്രാമത്തിലെ പൊതു ചുവരുകളിൽ മനോഹരമായ ചുവർ ചിത്രങ്ങൾ വരച്ചു മനോഹരമാക്കുകയും, പൊതു ഇടങ്ങളിൽ പൂച്ചെടികൾ നട്ട് പരിപാലിക്കുകയും ചെയ്തുവരുന്നു.

ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നടപ്പാക്കിയ ഹരിത ഗ്രന്ഥശാല ക്യാമ്പയിനിന്റെ ഭാഗമായി നടത്തിയ ഓഡിറ്റിൽ എ+ ഗ്രേഡ് ഗ്രന്ഥശാല സ്വന്തമാക്കിയിട്ടുണ്ട്. പൊതു ശുചിത്വം, ഉറവിട ജൈവ മാലിന്യ സംസ്കരണം, അജൈവ പാഴ്വസ്തുക്കൾ എല്ലാ മാസവും യൂസർ ഫീ നൽകിക്കൊണ്ട് ഹരിതകർമ്മസേനക്ക് കൈമാറിയും ഹരിത ചട്ടം പാലിച്ച് പരിപാടികൾ സംഘടിപ്പിച്ചും നാടിന് മാതൃകയാവുകയാണ്. വഴിയാത്രക്കാർക്കായി വൃത്തിയുള്ള ശുചിമുറി തുറന്നുകൊടുത്തിട്ടുണ്ട്. 30 വർഷക്കാലമായി നാടിനും മറ്റ് ഗ്രന്ഥശാലകൾക്കും മാതൃകയായി വിജയഗാഥ തുടർന്നുകൊണ്ടിരിക്കുകയാണ്.

## പച്ചത്തുരുത്ത് - പൊഴുതന

പൊതു മാലിന്യങ്ങളും, 2018 ലെ പ്രളയാനന്തര മാലിന്യങ്ങളും, അറവ് മാലിന്യങ്ങളും, അജൈവ മാലിന്യങ്ങളുമടക്കം നിക്ഷേപിച്ച് ഒരു മാലിന്യ കൂമ്പാരമായി കിടന്ന സ്ഥലമായിരുന്നു പൊഴുതന ഗ്രാമപഞ്ചായത്തിലെ പത്താം വാർഡിലെ മൊസ്ക്കീൻ പാലത്തിന് സമീപമുള്ള ഒരേക്കർ സ്ഥലം. ഗുരുതരമായ ആരോഗ്യ, പാരിസ്ഥിതിക പ്രശ്നങ്ങൾ സൃഷ്ടിക്കപ്പെടുന്നു എന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഗ്രാമപഞ്ചായത്ത് അധികൃതർ മാലിന്യപ്രശ്നം പരിഹരിക്കാൻ മുന്നിട്ടിറങ്ങിയത്. ആദ്യപടിയായി 26 അംഗങ്ങൾ അടങ്ങുന്ന ഹരിതകർമ്മ സേനാംഗങ്ങളുടെ സഹായത്തോടെ പ്രദേശത്തെ മാലിന്യം മുഴുവൻ തരംതിരിച്ച് നീക്കം ചെയ്തു. 8 ലോഡ് പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ ഇത്തരത്തിൽ ക്ലീൻ കേരള കമ്പനിക്ക് ഹരിതകേരളം മിഷനും ശുചിത്വമിഷനും മുഖേന കൈമാറി. ശുചീകരണത്തിനു ശേഷവും ഇവിടെ മാലിന്യ നിക്ഷേപങ്ങൾ കണ്ടതോടെ ഈ പ്രവണത പൂർണമായും നിർത്തലാക്കുവാനുള്ള ശ്രമങ്ങളിൽ നിന്നാണ് പച്ചത്തുരുത്ത് എന്ന ആശയത്തിന് തുടക്കം കുറിച്ചത്.

കുറിച്ചിയാർ മലയിൽ നിന്ന് ഉത്ഭവിക്കുന്ന നീർച്ചാൽ ഇതിലൂടെ ഒഴുകുന്നുണ്ട്. ഈ ജലസ്രോതസ്സ് വൃത്തിയാക്കി സുഗമമായ ഒഴുക്ക് തിരിച്ചുകൊണ്ടുവരുകയും താൽക്കാലിക തടയണ നിർമ്മിക്കുകയും ചെയ്തു. തോടിന്റെ ഇരുവശത്തും നെൽകൃഷിയും, തോട്ടിൽ ആമ്പൽ കൃഷിയും തുടക്കകാലത്ത് ചെയ്തിരുന്നു. ബാക്കി വന്ന സ്ഥലത്ത് ഹരിതകേരളം മിഷന്റെ നിർദ്ദേശത്തെ തുടർന്നാണ് പൊഴുതന ഗ്രാമപഞ്ചായത്ത് പച്ചത്തുരുത്ത് എന്ന ആശയം രൂപപ്പെടുത്തിയത്. 2015 – 20 ഭരണസമിതിയുടെയും മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെയും സംയുക്ത പരിശ്രമത്തിലൂടെ ഒരു ഏക്കർ സ്ഥലത്ത് പച്ചത്തുരുത്ത് വ്യാപിപ്പിച്ചു.

എം എസ് സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷൻ, സോഷ്യൽ ഫോറസ്റ്ററി, എന്നിവിടങ്ങളിൽ നിന്നാണ് തൈകൾ ലഭ്യമാക്കിയത്. പേര, മാവ്, മണിമരുത്, ഇല്ലി, മറവ്, വെങ്കണ, ആഞ്ഞിലി, കൊന്ന, നെല്ലി, ലക്ഷമിതരു, നെല്ലി തുടങ്ങിയ ഇനങ്ങളാണ് പച്ചത്തുരുത്തിലുള്ളത്.

2025 ൽ കുടുംബശ്രീ സി ഡി എസ് ന്റെയും പൊഴുതന ഗ്രാമപഞ്ചായത്തിന്റേയും നേതൃത്വത്തിൽ ചെണ്ടുമല്ലി കൃഷി ചെയ്യുകയും അത് പൊതുജനങ്ങൾക്ക് തുറന്നു നൽകുകയും ചെയ്തു. ഹരിതകർമ്മസേനയ്ക്കും കുടുംബശ്രീക്കും അധികവരുമാനം ഇതിലൂടെ ലഭ്യമായി.

## ഹരിതാരണ്യം പച്ചത്തുരുത്ത്

ഹരിതകേരളം മിഷന്റെ സംസ്ഥാനത്തെ മികച്ച പച്ചത്തുരുത്തിനുള്ള പുരസ്കാരം ലഭിച്ച പച്ചത്തുരുത്താണ് അമ്പലവയൽ ഗ്രാമപഞ്ചായത്തിലെ ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂൾ വടുവഞ്ചാലിൽ സ്ഥിതി ചെയ്യുന്ന ഹരിതാരണ്യം പച്ചത്തുരുത്ത്. മൂപ്പൈനാട്, നെന്മേനി എന്നീ ഗ്രാമപഞ്ചായത്തുകളുമായി അതിർത്തി പങ്കിടുന്ന കുന്നുകൾ നിറഞ്ഞ പ്രദേശമായ തോമാട്ടുചാലിൽ ആണ് സ്കൂളും പച്ചത്തുരുത്തുമുള്ളത്. ചരിഞ്ഞ പ്രദേശത്ത് തട്ടുതട്ടായി തിരിച്ച ഭൂമിയിൽ ഫലവൃക്ഷങ്ങളും വംശനാശ ഭീഷണി നേരിടുന്ന മരങ്ങളും, മുളങ്കൂട്ടങ്ങളും ഉൾപ്പെടെ രണ്ട് ഏക്കർ സ്ഥലത്ത് വ്യാപിച്ചു വളരുന്നു.

ഹരിതകേരളം മിഷന്റെ നിർദ്ദേശത്തെ തുടർന്ന് 2015-20 വർഷത്തെ ഭരണസമിതിയുടെ കാലഘട്ടത്തിൽ സ്കൂൾ അധികൃതർ, മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി എന്നിവരുമായി സഹകരിച്ചാണ് പച്ചത്തുരുത്ത് ആരംഭിച്ചത്. കാട് പിടിച്ചു കിടന്നിരുന്ന സ്ഥലത്ത് ഭരണസമിതിയുടെയും സ്കൂൾ അധികൃതരുടെയും സംയുക്ത ശ്രമഫലമായി പച്ചത്തുരുത്ത് ഹരിതാരണ്യമായി മാറിയത്. അപൂർവ്വയിനം ഫലവൃഷങ്ങൾ, വള്ളിപ്പടർപ്പുകൾ, വിദേശയിനം വൃക്ഷങ്ങൾ തുടങ്ങി ഇരുന്നൂറോളം ഇനങ്ങളാൽ സമ്പന്നമാണ് ഹരിതാരണ്യം.

കാർബൺ ന്യൂട്രൽ പ്രവർത്തനങ്ങളുടെ ഭാഗമായി അമ്പതിനങ്ങളിലുള്ള 2000 മുള തൈകളും സ്കൂളിലെ വ്യത്യസ്ത സ്ഥലങ്ങളിലായി നട്ടിട്ടുണ്ട്. അതില് 200 മുള തൈകൾ ജൈവ വേലിയായി പച്ചത്തുരുത്തിൽ നട്ടിട്ടുണ്ട്. കൂടാതെ ചെമ്പരത്തി ചെടിയുടെയും ജൈവ വേലി പച്ചത്തുരുത്തിനെ സംരക്ഷിക്കുന്നു. 2019 ൽ പച്ചത്തുരുത്ത് സ്ഥാപിച്ച കാലം മുതൽ ഹരിതകേരളം മിഷന്റെ ബോർഡ് സ്ഥാപിച്ചിട്ടുണ്ട്.

സ്കൂളിലെ വിദ്യാർഥികൾക്ക് പ്രകൃതിയെ അടുത്തറിയുന്നതിന് പച്ചത്തുരുത്ത് സഹായകരമാകുന്നു. മറ്റ് സ്കൂളുകളിൽ നിന്നും വിദ്യാർഥികൾ പച്ചത്തുരുത്ത് സന്ദർശനത്തിനെത്താറുണ്ട്. പ്രാദേശിക ജൈവ വൈവിധ്യത്താൽ സമ്പന്നമായ പച്ചത്തുരുത്തിൽ വിവിധ ഇനം ചിത്രശലഭങ്ങളുടെ സാന്നിധ്യവുമുണ്ട്.

പേര, വേങ്ങ, മണിമരുത്, ദേവതാരു, താന്നി, അമ്പഴം, അശോകം, രുദ്രാക്ഷം, ഞാവൽ, പതിമുഖം, തുടങ്ങി നാടൻ ഇനങ്ങളും, സ്ട്രോബെറി, ജബോട്ടികാബ, മാംഗോസ്റ്റീൻ, റമ്പൂട്ടാൻ, സ്പാത്തോഡിയ, കനേഡിയൻ കൊന്ന, മിൽക്ക് ഫ്രൂട്ട്, ടെറമിനാലിയ എന്നീ വിദേശയിനങ്ങളും കൊല്ലി ഞാവൽ തുടങ്ങി അന്യം നിന്നുപോവുന്ന മരങ്ങളും ഹരിതാരണ്യത്തിൽ ഉണ്ട്.

പച്ചത്തുരുത്തിലെ സ്ഥലപരിമിതിക്കനുസരിച്ചുള്ള ഇരിപ്പിടങ്ങളും നടപ്പാതയും നിർമ്മിക്കുന്നതിനുള്ള പരിശ്രമവും ഗ്രാമപഞ്ചായത്തിന്റെയും സ്കൂൾ പി ടി എ യുടെ ഭാഗത്ത് നിന്നും നടക്കുന്നുണ്ട്.

### പച്ചത്തുരുത്തിന് കാവലായി കെസി പീറ്റർ

ഹരിതകേരളം മിഷന്റെ പച്ചത്തുരുത്ത് പരിപാലനത്തിന് സംസ്ഥാന മിഷൻ ആദരിച്ച 11 പേരിൽ ഒരാളായി അമ്പുകുത്തി സ്കൂളിലെ കെ.സി പീറ്റർ. നെന്മേനി ഗ്രാമപഞ്ചായത്തിലെ അമ്പുകുത്തി ജി.എൽ.പി സ്കൂളിൽ സ്ഥിതി ചെയ്യുന്ന ഹരിതകേരളം മിഷന്റെ പച്ചത്തുരുത്ത് പരിപാലനത്തിനാണ് ഇദ്ദേഹം ആദരവേറ്റുവാങ്ങിയത്. 2019 ൽ ഹരിതകേരളം മിഷന്റെ സാങ്കേതിക സഹായത്തോടെ ഗ്രാമപഞ്ചായത്തിന്റെയും ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെയും സഹായത്തോടെയാണ് 90 സെന്റ് സ്ഥലത്ത് കാടുവെട്ടി ഹരിതോദ്യാനം പച്ചത്തുരുത്ത് ആരംഭിച്ചത്. പാർട്ട് ടൈം സ്വീപ്പർ കൂടിയായ ഇദ്ദേഹം അവധിക്കാലത്തും ഒരു ദിവസം പോലും മുടങ്ങാതെ സ്കൂളിലെത്തി നട്ട തൈകൾക്ക് വേണ്ട രീതിയിലുള്ള പരിപാലനം നൽകി സംരക്ഷിച്ചു പോരുന്നു. പച്ചത്തുരുത്ത് പരിപാലനത്തോടൊപ്പം സ്കൂളിലെ ശുചിത്വ മാലിന്യ സംസ്കരണത്തിനും ഇദ്ദേഹം ഏറെ പ്രാധാന്യം നൽകുന്നുണ്ട്. അതുകൊണ്ടുതന്നെ ജില്ലയിലെ മികച്ച ഹരിത വിദ്യാലയങ്ങളിലൊന്നാവാൻ അമ്പുകുത്തി സ്കൂളിന് സാധിച്ചിട്ടുണ്ട്. പച്ചത്തുരുത്ത് കൂടാതെ സ്കൂളിൽ ഔഷധ സസ്യോദ്യാനം, ശലഭോദ്യാനം എന്നിവ കൂടെയുണ്ട്.

## ചോലപ്പുറം മുള പച്ചത്തുരുത്ത്

അതിജീവനത്തിന്റെ ജൈവവൈവിധ്യവുമായി പച്ചത്തുരുത്തുകൾ എന്ന ഹരിതകേരളം മിഷന്റെ പരിസ്ഥിതി പുനഃസ്ഥാപന ക്യാമ്പയിൻ വെങ്ങപ്പള്ളി ഗ്രാമപഞ്ചായത്തിലെ 13-ആം വാർഡിലെ എടത്തറ പുഴയോരത്ത് ഇന്ന് അതി സമ്പന്നമായൊരു ജൈവ വൈവിധ്യ സംസ്കാരത്തിന്റെ നേർക്കാഴ്ചയാകുകയാണ്. 2 ഏക്കറോളം വരുന്ന പുഴയോരത്ത് വിവിധ ഇനങ്ങളിൽപ്പെട്ട മുളകൾ നട്ടുപിടിപ്പിച്ചു ഒരു മുളന്തുരുത്തായി മാറ്റിയിട്ടുണ്ട്.

2019 നവംബർ 11 നാണ് ഇവിടെ പച്ചത്തുരുത്ത് ആരംഭിക്കുന്നത്. മുളകൾക്ക് പുറമെ വിവിധ ഇനം തനത് വൃക്ഷങ്ങൾ, കുറ്റിച്ചെടികൾ, വള്ളിച്ചെടികൾ, തുടങ്ങിയവയെല്ലാം ഉൾപ്പെട്ട വളരെ ഹരിതാഭമായ ഒരന്തരീക്ഷം പ്രദാനം ചെയ്യുന്ന ജില്ലയിലെ തന്നെ മാതൃകാപരമായി പരിപാലിക്കപ്പെടുന്ന ഒരു പച്ചത്തുരുത്തായി വളർന്നിരിക്കുകയാണ് ചോലപ്പുറം മുള പച്ചത്തുരുത്ത്.

ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെയും തൊഴിലുറപ്പ് പദ്ധതിയുടെയും സഹകരണത്തോടെ 2019 നവംബർ മാസം 11 നു നടപ്പിലാക്കിയ ഈ പച്ചത്തുരുത്ത് ജില്ലയിലെ ഏറ്റവും മികച്ച പച്ചത്തുരുത്താണ്. പുഴയോരത്തിന്റെ സ്വഭാവികത നഷ്ടപ്പെടാതെ തന്നെ മുളകളും മരങ്ങളും പഴവർഗ്ഗങ്ങളും ഇവിടെ നട്ടുപിടിപ്പിച്ചിട്ടുണ്ട്. എടത്തറക്കടവ് പുഴയുടെ തീരത്തായി ഒരു ഏക്കറിലധികം വിസ്തൃതിയിൽ വ്യാപിച്ചു കിടക്കുന്ന ചോലപ്പുറത്തെ ഒരു ചെറു വനമാക്കാൻ

ഹരിതകേരളം മിഷനും പഞ്ചായത്തും ചേർന്ന് തിരഞ്ഞെടുത്തു. ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെയും തൊഴിലുറപ്പ് പദ്ധതിയുടെയും സഹകരണത്തോടെയാണ് പച്ചത്തുരുത്തിന്റെ പരിപാലനം. എം എസ് സ്വാമിനാഥൻ ഫൗണ്ടേഷന്റെ സഹകരണത്തോടെ പച്ചത്തുരുത്ത് enrichment പ്രവർത്തനങ്ങൾ നടന്നു വരുന്നു.ഇതിന്റെ ഭാഗമായി നടന്ന ചെടികളുടെ കണക്കെടുപ്പിൽ പച്ചത്തുരുത്തിൽ 774 വിവിധ ഇനം ചെടികളും മരങ്ങളും രേഖപ്പെടുത്തപ്പെട്ടു. 47 ഇനം ചെടികളാണ് ഉള്ളത്. ഇവയുടെ ശാസ്ത്രീയ നാമം, ഫാമിലി, പ്രാദേശിക പേര് എന്നിങ്ങനെ നൽകി . മുളകൾ മാത്രം 354 എണ്ണമുണ്ട്. കൂടാതെ പച്ചത്തുരുത്തിനെ പഠന കേന്ദ്രവും ഗ്രാമീണ ടൂറിസം കേന്ദ്രവും ആക്കുന്നതിന്റെ ഭാഗമായി വിവിധ മേഖലകളായി തിരിച്ചു.

1. Zone 1 – Butterfly Garden (with proposed entrance)
2. Zone 2 – Fernarium
3. Zone 3-Rare, Endemic & Threatened (RET)
4. Zone 4-Children Park
5. Zone 5- Cultural & recreational zone
6. Zone 6-Comber Zone
7. Zone 7-Herbal Garden
8. Zone 8-Veteran park

ഹരിതകേരളം മിഷന്റെ നിർദ്ദേശ പ്രകാരം ഒരു പഞ്ചായത്തിൽ ഒരു പച്ചത്തുരുത്ത് നിർബന്ധമായും രൂപീകരിക്കണം. ഇത് പ്രാവർത്തികമാക്കാൻ പൊതു ഭൂമിയില്ലാത്ത സാഹചര്യത്തിലാണ് പുഴ പുറംമ്പോക്കിൽ ഇത് സാധ്യമാകുമോ എന്ന പരീക്ഷണം നടത്താൻ ആലോചന വന്നത്. 2019 ൽ ജനകീയ പങ്കാളിത്തത്തോടെ പദ്ധതി ആരംഭിക്കുകയും, 2021 മുതൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ ഉപയോഗപ്പെടുത്താൻ തുടങ്ങുകയും ചെയ്തു. ഹരിതകേരളം മിഷൻ, സ്വാമിനാഥൻ ഫൗണ്ടേഷൻ, സോഷ്യൽ ഫോറസ്ട്രി, എറണാകുളം കേന്ദ്രമായി പ്രവർത്തിക്കുന്ന ഒരു സന്നദ്ധ സംഘടന എന്നിവരുടെയൊക്കെ നിർലോഭമായ പിന്തുണ കൂടിയായപ്പോൾ രണ്ട് ഏക്കറോളം പുഴപുറമ്പോക്കിൽ മനോഹരമായ ഒരു പച്ചത്തുരുത്ത് രൂപപ്പെടുത്തിയെടുക്കാൻ കഴിഞ്ഞു.

2018 ലെയും 2019 ലെയും പ്രളയത്തോടെ ബോധ്യപ്പെട്ട ഒരു പ്രധാന സംഭവം പുഴപുറമ്പോക്ക് സംരക്ഷിക്കുവാൻ ഏറ്റവും ഫലപ്രദമായ മാർഗ്ഗം മുളകൾ വെച്ചു പിടിപ്പിക്കലാണെന്നാണ്. മഹാ പ്രളയങ്ങളിൽ കരിങ്കൽ ഭിത്തികൾ ഉൾപ്പെടെ തകർന്നപ്പോഴും അവിടവിടെയായി ഉണ്ടായിരുന്ന മുളകൾ മണ്ണിടിച്ചിൽ ഇല്ലാതെ പുഴയുടെ തീരങ്ങൾ സംരക്ഷിക്കുന്നത് ശ്രദ്ധയിൽപെട്ടു. ഇത് 2015-2020 വർഷത്തെ ഭരണസമിതി ഗൗരവമായി ചർച്ചചെയ്യുകയും പരീക്ഷണാടിസ്ഥാനത്തിൽ ഒരു പച്ചത്തുരുത്ത് നിർമ്മിക്കാൻ തീരുമാനമെടുക്കുകയും ചെയ്തു.

2015-2020 വർഷത്തെ ഭരണസമിതിയുടെ കാലഘട്ടത്തിൽ ഹരിതകേരളം മിഷന്റെ നിർദ്ദേശ പ്രകാരം പ്രത്യേക ഭരണസമിതി യോഗം ചേരുകയും മേൽ പദ്ധതി നടപ്പിലാക്കുന്നതിന് രൂപ രേഖ തയ്യാറാക്കുകയും ചെയ്തു. സംഘാടനത്തിനായി ജനകീയ യോഗങ്ങൾ ചേർന്ന് അവരുടെ നിർദ്ദേശങ്ങൾ സ്വീകരിച്ചു. ജനകീയ പങ്കാളിത്തതോടെ തീർത്തും കുത്തനെയുള്ള പുഴത്തീരം തട്ടുകളായി ക്രമപ്പെടുത്തി, സോഷ്യൽ ഫോറസ്ട്രിയിൽ നിന്നും മുള തൈകൾ സംഘടിപ്പിച്ചു. ജനകീയ കമ്മിറ്റിയുടെ നേതൃത്വത്തിൽ നടീൽ നടത്തുകയും, തുടർപ്രവർത്തനങ്ങൾക്ക് തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തുകയും ചെയ്തു. ജനകീയത ഉറപ്പ് വരുത്താൻ പച്ചത്തുരുത്ത് സംരക്ഷണ സമിതി രൂപീകരിക്കുകയും, മൃഗങ്ങളും മറ്റും ഇത് നശിപ്പിക്കാതിരിക്കാൻ ജനകീയ കാവൽ ഏർപ്പെടുത്തുകയും ഉണ്ടായി.

പച്ചത്തുരുത്തിൽ നട്ട മരങ്ങൾ സംരക്ഷിക്കുക എന്ന രൂപത്തിൽ പ്രവൃത്തി നടപ്പിലാക്കുന്ന രീതി ഉപയോഗപ്പെടുത്തി. കൂടാതെ ആവശ്യത്തിനുള്ള കരിമരുത് പോലുള്ള വിലപിടിപ്പുള്ള തൈകൾ സ്വാമിനാഥൻ ഫൗണ്ടേഷൻ സൗജന്യമായി നൽകുകയും ചെയ്തു. എല്ലാ കാലവർഷക്കാലത്തും വെള്ളം കയറുകയും പുഴയുടെ തീരം ഇടിഞ്ഞു താഴുകയും ചെയ്യുമായിരുന്നു. ഈ തീരത്ത് കൂടി പോകുന്ന ഒരു റോഡ് തന്നെ നഷ്ടപ്പെടുന്ന സ്ഥിതി മുമ്പുണ്ടായിരുന്നു. എന്നാൽ പച്ചത്തുരുത്ത് രൂപപ്പെട്ടുവന്നതിനുശേഷം ഒരുതരത്തിലുള്ള മണ്ണിടിച്ചിലും ഇതുവരെ ഉണ്ടായില്ല. ഈ പ്രദേശത്ത് ജനങ്ങൾക്ക് വിശ്രമിക്കാനുള്ള ഒരിടംകൂടിയായി ഇതുമാറി. ഇതിന്റെ ഗുണഭോക്താക്കൾ പഞ്ചായത്തിലെ മുഴുവൻ ജനങ്ങളുമായി എന്നതാണ് മറ്റൊരു പ്രത്യേകത. നിലവിൽ വർഷങ്ങൾക്ക് മുമ്പുണ്ടായ പുഴ തീരം കണ്ടവർ ഇപ്പോഴത്തെ അവസ്ഥ കണ്ടാൽ ഇത് നമ്മുടെ പഴയ പുഴ തീരം തന്നെയാണോ എന്ന് സംശയിക്കും വിധം മനോഹരമായി.



പച്ചത്തുരുത്തിന്റെ മനോഹാരിത കാത്ത് സംരക്ഷിക്കുന്നതിനും, മുളകളും, മരതൈകളും, സംരക്ഷിക്കുന്നതിന് എല്ലാവർഷവും രണ്ട്, മൂന്ന് തവണ പരിപാലിക്കുകയും ആവശ്യമായ സംരക്ഷണം നൽകുകയും ചെയ്ത് പോരുന്നു. ജനകീയ പങ്കാളിത്തത്തോടെ മോണിറ്ററിംഗ് ഉൾപ്പെടെ ഗ്രാമപഞ്ചായത്ത് ശ്രദ്ധാപൂർവ്വം നടത്തുകയും, തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തുകയും ചെയ്യുന്നുണ്ട്.

മുളങ്കാടുകളാൽ നിബിഡമായ പച്ചത്തുരുത്തിന്റെ ഒരുഘട്ടത്തിലുള്ള പ്രവർത്തനം നടന്നതിനാൽ തുടർ ഘട്ടം എന്ന നിലയിൽ ഇപ്പോൾ തന്നെ ഔഷധ ഗുണമുള്ള സസ്യങ്ങളും പുഴയിലെ വെള്ളം ശുദ്ധീകരണത്തിന് പുഴയോട് ചേർന്ന് ഓടകളും വെച്ച് പിടിപ്പിക്കുന്നതിന് പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു. തുടർന്ന് സസ്യങ്ങളുടെ വർഗീകരണം നടത്തി ഈ പുഴയിൽ തന്നെ തൊട്ട് താഴെയുള്ള ചെക്ക്ഡാം ഉപയോഗപ്പെടുത്തി ബോട്ട് സർവീസ് സംഘടിപ്പിക്കുന്നതിനും, ഔഷധ സസ്യങ്ങളുടെ പ്രദർശനത്തിനും സംവിധാനം ഉണ്ടാക്കാൻ ആലോചനയുണ്ട്. പ്രശസ്ത പരിസ്ഥിതി

വിദഗ്ധനായ സലീം പിച്ചൻ പറയുന്നത് ഈ പച്ചത്തുരുത്തിൽ ജൈവവൈവിധ്യങ്ങളുടെ ഒരു കലവറ തന്നെയുണ്ട് എന്നാണ്. ഭാവിയിൽ ഇതൊരു ബൊട്ടാണിക്കൽ ഗാർഡനാക്കി ഉയർത്താൻ കഴിയും എന്നും അദ്ദേഹം പറയുന്നു. ഈ സാഹചര്യത്തിൽ കുട്ടികൾക്ക് പഠനമുൾപ്പെടെ നടത്താൻ പറ്റിയ ഒരു ബൊട്ടാണിക്കൽ ഗാർഡനാക്കി ഉയർത്താൻ സാധിക്കും, അതുപോലെ വിനോദ സഞ്ചാരികൾ നിരവധി പേര് ഇപ്പോൾ തന്നെ ഈ സ്ഥലം സന്ദർശിക്കുന്ന സ്ഥിതിയുണ്ട്.

പുഴ പുറംമ്പോക്ക് സംരക്ഷിക്കുന്നതിനും വേനൽ കാലങ്ങളിൽ വിനോദത്തിന് അവസാരമൊരുക്കുന്നതുമായ ഇത്തരം പച്ചത്തുരുത്തുകൾ നമുക്ക് ഉണ്ടാക്കാൻ കഴിയും എന്നാണ് ഇതിൽ നിന്നും തെളിയുന്നത്. പരിസ്ഥിതിക്ക് ആഘാതമില്ലാതെ ചെലവ് കുറഞ്ഞ രീതിയിൽ പുഴ സംരക്ഷണവും, വിനോദവും ഇതിലൂടെ നമുക്ക് സാധ്യമാക്കാൻ കഴിയും.

## കബനിക്കായ് വയനാട്

വയനാട് ജില്ലയിലെ പ്രധാന നദിയായ കബനി നദിയുടെ പുനരുജ്ജീവനവുമായി ബന്ധപ്പെട്ട് ഹരിതകേരളം മിഷൻ ആരംഭിച്ച ക്യാമ്പയിനാണ് കബനിക്കായ് വയനാട്. ജില്ലയുടെ പ്രധാന ജലസ്രോതസ്സായ കബനി നദിയുടെ സുസ്ഥിര നിലനിൽപ്പ് ഉറപ്പാക്കുന്നതിനും കാലാവസ്ഥാ വ്യതിയാനം സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ ലഘൂകരിക്കുന്നതിനുമായി ആരംഭിച്ച ക്യാമ്പയിനാണ് ഇത്. കബനി നദി ഒഴുകുന്ന വൈത്തിരി, പൊഴുതന, തരിയോട്, വെങ്ങപ്പള്ളി, കോട്ടത്തറ, പടിഞ്ഞാറത്തറ, പനമരം, എടവക, വെള്ളമുണ്ട, പുല്പള്ളി, മുള്ളൻകൊല്ലി, തൊണ്ടർനാട്, തവിഞ്ഞാൽ, തിരുനെല്ലി, മാനന്തവാടി മുനിസിപ്പാലിറ്റി എന്നീ 15 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സാങ്കേതിക പിന്തുണ നൽകുന്നതിനായുള്ള വകുപ്പുകളുടെയും ഏകോപനത്തോടെയാണ് ഈ ക്യാമ്പയിൻ ആരംഭിച്ചത്.

### കബനി നദിയും കൈവഴികളും

പനമരം പുഴ :- ലക്കിടി മുതൽ കൂടൽക്കടവ് വരെ - 61 കി.മി

മാനന്തവാടി പുഴ :- തൊണ്ടർനാട് മുതൽ കൂടൽക്കടവ് വരെ - 44 കി.മി

കബനി :- കൂടൽക്കടവ് മുതൽ കേരള അതിർത്തി വരെ - 19.8 കി.മി

12/04/2022-ന് ക്യാമ്പയിനുമായി ബന്ധപ്പെട്ട് നവകേരളം കർമപദ്ധതി സംസ്ഥാന മിഷൻ ടീം ജില്ലയിൽ പര്യടനം നടത്തി. വൈത്തിരി ഗ്രാമപഞ്ചായത്തിലെ കബനിയിലേക്കുള്ള നീർച്ചാലുകൾ



സന്ദർശിച്ച് നിലവിലെ അവസ്ഥ പരിശോധിച്ചു. മലിനീകൃതമായ തോടുകളും പുഴകളും, മാലിന്യം കുന്നുകൂടി ഒഴുക്ക് നശിച്ച തോടുകളുടെ ഭാഗങ്ങളും, സ്വാഭാവികമായി ഒഴുക്ക് നിലച്ച തോടുകളും, ചതുപ്പ് നികത്തുന്നതിന്റെ ഭാഗമായി ഒഴുക്ക് നിലച്ചുപോയ തോടുകളുടെ ഭാഗങ്ങളും മിഷൻ ടീം സന്ദർശിച്ചു. കൂടാതെ പുഴയുടെയും തോടുകളുടെയും നന്നായി സംരക്ഷിച്ചുപോരുന്ന ഭാഗങ്ങളും സന്ദർശിച്ച് വിലയിരുത്തി. ഇതിന്റെ അടിസ്ഥാനത്തിൽ കബനിയുടെ കൈവഴികളായ നദികളിലും നീർച്ചാലുകളിലും നടത്താൻ കഴിയുന്ന ഇടപെടലുകൾ സംബന്ധിച്ച് പ്രാഥമിക ധാരണ ഉണ്ടാക്കി.

കബനി നദി ഒഴുകുന്ന 15 തദ്ദേശ സ്ഥാപനങ്ങളിലെ പ്രധാന കൈവഴികളുടെ നിലവിലെ സ്ഥിതിയെക്കുറിച്ച് സർവ്വേ നടത്തി മാപ്പത്തോൺ സാങ്കേതികവിദ്യയിലൂടെ മാപ്പിംഗ് നടത്തി മാലിന്യമുള്ള പുഴയിടങ്ങളും ഒഴുക്ക് നിലച്ചുപോയ നീർച്ചാലുകളും കണ്ടെത്തി കബനി നദിയെ പുനരുജ്ജീവിപ്പിക്കാനായി ക്യാമ്പയിൻ ആസൂത്രണം ചെയ്തു. ക്യാമ്പയിനിന്റെ പ്രവർത്തനത്തിനായി ജനറൽ കമ്മിറ്റി, വർക്കിംഗ് കമ്മിറ്റി, ഗ്രാമപഞ്ചായത്ത്തല സംഘാടക സമിതി, വാർഡ്തല സംഘാടക സമിതി, പ്രാദേശിക തോട്തല സമിതി എന്നിവ രൂപീകരിച്ചു. ശില്പശാലകൾ, പുഴനടത്തം, നീർച്ചാൽ പൊതു ശുചീകരണ പരിപാടികൾ എന്നിവ സംഘടിപ്പിച്ചു.

കബനി നദിയുടെ സുസ്ഥിര നിലനിൽപ്പ് ഉറപ്പു വരുത്തുക ,കാലാവസ്ഥ വ്യതിയാനം സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ ലഘൂകരിക്കുക, കബനി നദിയേയും ചെറിയ നീർച്ചാലുകളെയും ശാസ്ത്രീയ മാപ്പിംഗിലൂടെ രേഖപ്പെടുത്തി അവതരിപ്പിക്കുക,നദിയുടെ പ്രശ്നങ്ങൾ തിരിച്ചറിഞ്ഞ് ആസൂത്രണം നടത്തുക ,നദീ പുനരുജ്ജീവനത്തിന്റെ ഫലമായി കൃഷി ടൂറിസം മേഖലകളിൽ വരുത്താവുന്ന മാറ്റങ്ങൾ കണ്ടെത്തുകയും അത് ജനങ്ങളുടെ ഉപജീവനത്തിന് ഉതകുന്നതാക്കി മാറ്റുകയും ചെയ്യുക, നിലവിലുള്ള വരുമാനസ്രോതസ്സുകൾ നിലനിർത്തുകയും പുതിയവ കണ്ടെത്തുകയും ചെയ്യുക, നദിയുടെ സുസ്ഥിര നിലനിൽപ്പിന് ശാസ്ത്രീയമായ മാലിന്യസംസ്കരണ രീതികൾ അവലംബിക്കുക എന്നിവയെല്ലാമാണ് പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ.

ട്രെയ്സ് ചെയ്ത് അടയാളപ്പെടുത്തിയ തോടുകളുടേയും നീർച്ചാലുകളുടേയും അവതരണം അതാത് തദ്ദേശസ്ഥാപനങ്ങളിൽ നടത്തുന്നതിനാൽ തദ്ദേശസ്ഥാപനങ്ങൾക്ക് ജലസംരക്ഷണ മേഖലയിൽ കൃത്യമായ ആസൂത്രണവും നിർവ്വഹണവും നടത്താനാകും. കൂടാതെ തങ്ങളുടെ പ്രദേശത്തെ തോടുകളുടെ സ്ഥിരതയുള്ളതും കൃത്യതയുള്ളതുമായ ഡിജിറ്റൽ ഡോക്യുമെന്റേഷനും സാധ്യമാകുന്നു.

കബനിക്കായ് വയനാട് ക്യാമ്പയിനിന്റെ ഭാഗമായി 16/03/2025 ന് ഹരിതകേരളം മിഷൻ, വൈത്തിരി ഗ്രാമപഞ്ചായത്ത്, കോളേജ് ഓഫ് വെറ്ററിനറി & ആനിമൽ സയൻസസ് പൂക്കോട് എൻ എസ് എസ് യൂണിറ്റ്, എന്നിവർ സംയുക്തമായി വൈത്തിരി പുഴയിൽ ആവാസവ്യവസ്ഥാ പഠനം ആരംഭിച്ചു . പുഴയുടെ ഇരുവശങ്ങളിലുമുള്ള തവള, ചിത്രശലഭം, തുമ്പി, ഷഡ്പദങ്ങൾ എന്നിവയെക്കുറിച്ചുള്ള സർവ്വേ ആണ് നടത്തിയത്. ആകെ 6 കി. മീ. ദൂരമുള്ള വൈത്തിരി പുഴയുടെ 2 കി. മീ ദൂരം സർവ്വേ ചെയ്തപ്പോഴേക്കും 47 ഇനം പൂമ്പാറ്റകളേയും തുമ്പികളേയും കണ്ടെത്തി.

# മിഷൻ നേട്ടങ്ങളുടെ പ്രവർത്തന വഴികൾ

കാലാവസ്ഥ വ്യതിയാനം സൃഷ്ടിക്കുന്ന പരിസ്ഥിതി ആഘാതങ്ങൾ പ്രവചനാതീതമാണ്. പ്രകൃതിയോടുള്ള അമിത ചൂഷണവും പ്രകൃതി വിഭവങ്ങളുടെ അമിത ഉപയോഗവും ഒരു പരിധി വരെ തടയുകയും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ഹരിത സമൃദ്ധി വീണ്ടെടുക്കുക എന്ന ലക്ഷ്യത്തോടെയുമാണ് സംസ്ഥാന സർക്കാർ 2018-ൽ ഹരിതകേരളം മിഷൻ വിഭാവനം ചെയ്തിരിക്കുന്നത്. 3 ഉപമിഷനുകളിലൂടെ തദ്ദേശ സ്വയംഭരണ സ്ഥാപങ്ങളിലൂടെ പാരിസ്ഥിതിക പ്രശ്നങ്ങൾ പരിഹരിച്ച് സുസ്ഥിര വികസനം കൈവരിക്കുക എന്നതാണ് മിഷന്റെ പ്രാഥമിക ലക്ഷ്യം. ശുചിത്വ മാലിന്യ സംസ്കരണം, ജലസംരക്ഷണം, കൃഷി വികസനം എന്നീ മേഖലകളിൽ പ്രവർത്തിക്കുന്ന ഉപമിഷനുകളുമുണ്ട്.

## മാലിന്യസംസ്കരണം

### മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം

ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ 2017-ൽ ആരംഭിച്ച 'മാലിന്യത്തിൽ നിന്ന് സ്വാതന്ത്ര്യം' ക്യാമ്പയിൻ ജില്ലയിലെ മാലിന്യ സംസ്കരണ രംഗത്ത് വലിയ മാറ്റങ്ങൾക്കാണ് തുടക്കം കുറിച്ചത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ മാലിന്യം കുറയ്ക്കുക, ഉറവിട മാലിന്യ സംസ്കരണം പ്രോത്സാഹിപ്പിക്കുക, ഹരിത പെരുമാറ്റച്ചട്ടം നടപ്പിലാക്കുക എന്നിവയായിരുന്നു ഇതിന്റെ പ്രഥമ ലക്ഷ്യങ്ങൾ. ഇതിന്റെ ഭാഗമായി ജില്ലയിലെ 26 തദ്ദേശസ്ഥാപനങ്ങളിലും ഹരിതകർമ്മ സേന രൂപീകരിക്കുകയും യൂസർ ഫീ ഈടാക്കി വാർഡുതലത്തിൽ അജൈവ മാലിന്യങ്ങളുടെ വാതിൽപ്പടി ശേഖരണം വിജയകരമായി നടപ്പിലാക്കുകയും ചെയ്തു. പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഹരിത നിയമ ബോധവൽക്കരണത്തിനും ശുചിത്വ മേഖലയിലെ മികച്ച മാതൃകകൾ പ്രചരിപ്പിക്കുന്നതിനുമായി 'ശുചിത്വ മികവ്' ജില്ലാ സംഗമം സംഘടിപ്പിച്ചു. തെരുവോരങ്ങളിലെ മാലിന്യക്കൂമ്പാരങ്ങൾ നീക്കം ചെയ്യാനും മലിനമായ ഭൂപ്രദേശങ്ങളെ വീണ്ടെടുക്കാനും ജനപങ്കാളിത്തത്തോടെയുള്ള ഈ ക്യാമ്പയിനിലൂടെ സാധിച്ചു. ശുചിത്വ മേഖലയിൽ മികച്ച പ്രവർത്തനം കാഴ്ചവെച്ച

മീനങ്ങാടി, എടവക, പൊഴുതന, മൂപ്പൈനാട് ഗ്രാമപഞ്ചായത്തുകളെയും കൽപ്പറ്റ നഗരസഭയെയും കൽപ്പറ്റ ജി.എസ്.ടി. ഓഫീസിനെയും പദ്ധതിയുടെ മാതൃകകളായി തിരഞ്ഞെടുക്കുകയും ചെയ്തു.

## ഹരിത നിയമാവലി

ഹരിതകേരളം മിഷന്റെ ഭാഗമായി മാലിന്യം കുറയ്ക്കുന്നതിനും പരിസ്ഥിതി സൗഹൃദ ശീലങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുമായി നടപ്പിലാക്കിവരുന്ന ഒരു കർമപദ്ധതിയാണ് ഗ്രീൻ പ്രോട്ടോക്കോൾ. ഒറ്റത്തവണ ഉപയോഗിക്കുന്ന വസ്തുക്കൾ ഒഴിവാക്കുക, ജൈവ- അജൈവമാലിന്യങ്ങൾ ഉറവിടത്തിൽ വേർതിരിച്ച് സംസ്കരിക്കുക, തുണി സഞ്ചികൾ പ്രോത്സാഹിപ്പിക്കുക, പുനരുപയോഗം സാധ്യമാക്കുക തുടങ്ങിയ കാര്യങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ച് ഇത് സർക്കാർ ഓഫീസുകളിലും വിദ്യാലയങ്ങളിലും പൊതുപരിപാടികളിലും വീടുകളിലും നടപ്പിലാക്കുകയാണ് ക്യാമ്പയിനിന്റെ ലക്ഷ്യം . മാലിന്യ ഉൽപ്പാദനം കുറയ്ക്കുന്നതിന്റെ ഭാഗമായി ഒറ്റത്തവണ ഉപയോഗിക്കുന്ന വസ്തുക്കളുടെ ഉപയോഗം ഒഴിവാക്കി പുനരുപയോഗ വസ്തുക്കൾ തിരഞ്ഞെടുക്കുക, അഴുകുന്ന മാലിന്യങ്ങൾ കമ്പോസ്റ്റ് വളമായോ ബയോഗ്യാസ് ആക്കി മാറ്റുകയോ ചെയ്യുക, അഴുകാത്ത ഖരമാലിന്യങ്ങൾ കത്തിക്കുന്നതും പൊതുസ്ഥലങ്ങളിൽ വലിച്ചെറിയുന്നത് കുറയ്ക്കുന്നതിനും ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കുന്നതിലൂടെ സാധ്യമായിട്ടുണ്ട്. ഉത്സവങ്ങൾ, മീറ്റിങ്ങുകൾ, പൊതുസമ്മേളനങ്ങൾ, വിവാഹ ചടങ്ങുകൾ എന്നിങ്ങനെ ആളുകൾ കൂടുതലായി ഒത്തുകൂടുന്ന സ്ഥലങ്ങളിൽ ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കിയത് മാലിന്യത്തിന്റെ അളവ് വലിയ തോതിൽ കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്.

ജില്ലയിൽ പൊതു പരിപാടികളിലും ഗ്രീൻ പ്രോട്ടോക്കോൾ പാലിച്ചു നടപ്പിലാക്കാൻ കഴിഞ്ഞു. മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിനിന്റെ രണ്ടാംഘട്ടത്തിൽ എത്തിനിൽക്കുമ്പോൾ ജില്ലയിലെ സർക്കാർ ഓഫീസുകളിലും, വിദ്യാലയങ്ങളിലും, കോളേജുകളിലും, അംഗൻവാടികളിലും, ഗ്രന്ഥശാലകളിലുമെല്ലാം ഗ്രീൻപ്രോട്ടോക്കോൾ പാലിച്ചുകൊണ്ട് പ്രവർത്തിക്കുന്ന തലത്തിലേക്ക് എത്തിക്കാൻ ഹരിതകേരളം മിഷന് സാധിച്ചിട്ടുണ്ട്

## പെൻബൂത്ത്

ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കുന്നതിന്റെ ഭാഗമായി സർക്കാർ ഓഫീസുകളിലെയും സ്കൂൾ, കോളേജുകളിലെയും ഉപയോഗശൂന്യമായ പ്ലാസ്റ്റിക് പേനകൾ പുനഃചംക്രമണത്തിന് കൈമാറുക എന്ന ലക്ഷ്യത്തോടെ ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നടപ്പിലാക്കിയ ക്യാമ്പയിനാണ് പെൻബൂത്ത്. 60 സ്കൂളുകളിലും 10 കോളേജുകളിലും 40 സർക്കാർ സ്ഥാപങ്ങളിലുമാണ് പെൻബൂത്തുകൾ സ്ഥാപിച്ചത്. സ്ക്രാപ്പ് മർച്ചന്റ്സ് പ്രാദേശിക ഘടകത്തിന്റെ സഹായത്തോടെയാണ് ബോക്സുകൾ സ്ഥാപിച്ചത്. അതാത് സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഉപയോഗശൂന്യമായ പേന ശേഖരിക്കുകയും ബോക്സ് നിറയുന്ന മുറയ്ക്ക് പുനഃചംക്രമണത്തിന് കൈമാറുകയും ചെയ്തുവരുന്നു. പൊതുവിദ്യാഭ്യാസ വകുപ്പ്, ഹരിതകേരളം മിഷൻ, ശുചിത്വ മിഷൻ, കേരള സ്ക്രാപ്പ് മർച്ചന്റ്സ് അസ്സോസിയേഷൻ എന്നിവരുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പിലാക്കിയത്. 2019 സെപ്റ്റംബർ മാസത്തിൽ ആരംഭിച്ച ക്യാമ്പയിൻ ഇപ്പോഴും വിജയകരമായി നടക്കുന്നു. 2020 ജൂലൈ മാസത്തിൽ ക്യാമ്പയിനിന്റെ ഭാഗമായി കളക്ടറേറ്റ് കോംമ്പൗണ്ടിലെ ഓഫീസുകളിൽ സ്ഥാപിച്ച പെൻബൂത്തിൽ നിന്ന് 10.5 കിലോ പെൻ ശേഖരിച്ച് സ്ക്രാപ്പ് മർച്ചന്റ്സ് അസ്സോസിയേഷനു കൈമാറി. ക്യാമ്പയിനിന്റെ തുടക്കകാലത്ത് പെൻബൂത്തിൽ നിറയുന്ന പേനകൾ നീക്കം



ചെയ്തിരുന്നത് സ്ലാപ്പ് മർച്ചന്റ്സ് അസ്സോസിയേഷൻ ആയിരുന്നെങ്കിലും നിലവിൽ ക്ലീൻ കേരള കമ്പനിയുടെ നേതൃത്വത്തിൽ പേനകൾ നീക്കം ചെയ്തുപോരുന്നു.

## ഹരിതോത്സവം

വയനാട് ജില്ലയിലെ പൊതുവിദ്യാലയങ്ങളെ ഹരിത വിദ്യാലയങ്ങളായി മാറ്റാൻ 2018 ജൂണിൽ ഹരിതകേരളം മിഷനും മാതൃഭൂമി സീഡും സംയുക്തമായി സംഘടിപ്പിച്ച ക്യാമ്പയിനാണ് ഹരിതോത്സവം. 10 ഉത്സവങ്ങളായാണ് വിവിധ ഘട്ടങ്ങളിലായി ക്യാമ്പയിനിലൂടെ നടത്തിയത്. ഹരിത സൗഹൃദ വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കുക, പ്രകൃതിയെ അടുത്തറിയുക, കാർഷിക സംസ്കാരം പുതുതലമുറയിലേക്ക് എത്തിക്കുക, ലഹരി വസ്തുക്കളുടെ ഉപയോഗം പുതുതലമുറയിൽ നിന്നും ഒഴിവാക്കാനാവശ്യമായ ഇടപെടൽ നടത്തുക, പ്ലാസ്റ്റിക് മുക്ത,കീടനാശിനി മുക്ത ക്യാമ്പസ് സൃഷ്ടിക്കുക എന്നിവയാണ് ഹരിതോത്സവത്തിന്റെ പ്രാഥമിക ലക്ഷ്യങ്ങൾ.

ഹരിതോത്സവത്തിന്റെ ഭാഗമായി 2018 ജൂൺ 17ന് ബീനാച്ചി ഗവൺമെന്റ് ഹൈസ്കൂളിൽ വച്ച് മരുവൽക്കരണ വിരുദ്ധ ദിനത്തോടനുബന്ധിച്ച് തരിശു നിലങ്ങളിൽ വൃക്ഷത്തൈകൾ വെച്ചുപിടിപ്പിച്ചു കൂടുതൽ തൈകൾ ഉത്പാദിപ്പിക്കുന്നതിനായി വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ ശേഖരിച്ച വിത്തുകൾ ചിരട്ടയിൽ പാകി തൈകൾ ഉത്പാദിപ്പിച്ച് സ്കൂളിലെ തരിശു നിലങ്ങളിൽ നടുകയും ചെയ്തു. മരുവൽക്കരണ ദിനത്തോടനുബന്ധിച്ച് വിദ്യാർത്ഥികൾ മുള കഷ്ണങ്ങളിൽ തയ്യാറാക്കിയ തൈകൾ പരസ്പരം കൈമാറി. ഡോക്ടേഴ്സ് ഡേയോട് അനുബന്ധിച്ച് കൽപ്പറ്റ എൻ എസ് എസ് ഹയർ സെക്കൻഡറി സ്കൂളിൽ വച്ച് ആദ്യകാല ഡോക്ടറും കോഴിക്കോട് മെഡിക്കൽ കോളേജിൽ പഠിച്ചിറങ്ങിയ വയനാട്ടുകാരനായ ഡോക്ടറെ ആദരിച്ചു. തുടർന്ന് പുനരുപയോഗ ദിനം ഗാന്ധിജയന്തി ദിനങ്ങളോട് അനുബന്ധിച്ച് സ്കൂളുകളിൽ പ്ലാസ്റ്റിക് ബോട്ടിലുകളുടെ പുനരുപയോഗ മാർഗങ്ങളുടെ പ്രദർശനവും മാലിന്യം തരംതിരിച്ച് ശേഖരിക്കുന്നതിന്റെ ആവശ്യകത സംബന്ധിച്ച് ബോധവൽക്കരണ പരിപാടികളും സംഘടിപ്പിച്ചു.ലോക ഭക്ഷ്യ ദിനത്തോടനുബന്ധിച്ച് പൂമല മെക്ലോഡ്സ് ഹൈസ്കൂളിൽ പ്രാദേശിക രുചിക്കൂട്ടുകൾ ഉൾപ്പെടുത്തിയുള്ള ഭക്ഷ്യമേള സംഘടിപ്പിച്ചു. ഹരിതോത്സവത്തിലൂടെ ഒരു പരിധി വരെ കുട്ടികളിൽ പരിസ്ഥിതി അവബോധം, മാലിന്യ സംസ്കരണം, ലഹരിവസ്തുക്കളോടെതിരെയുള്ള ബോധവൽക്കരണം എന്നിവ നൽകുന്നതിന് സാധിച്ചിട്ടുണ്ട്.

## പ്ലാസ്റ്റിക്ക് നിരോധനം - ബദൽ ഉത്പന്നങ്ങൾ

ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക്ക് ഉത്പന്നങ്ങൾ നിരോധിച്ചതിന്റെ ഭാഗമായി ജില്ലയിൽ 2019 മുതൽ മുഴുവൻ സ്ഥാപനങ്ങളിലും സ്കൂളുകളിലും പ്രകൃതി സൗഹൃദ ഉത്പന്നങ്ങൾക്ക് കൂടുതൽ പ്രാധാന്യം ലഭിച്ചു. പ്ലാസ്റ്റിക്ക് ഉത്പന്നങ്ങളുടെ നിർമ്മാണം, സംഭരണം, വിതരണം, കടത്തിക്കൊണ്ടുപോകൽ എന്നിവയ്ക്കെതിരെ നടപടി സ്വീകരിക്കുകയും ഈ ക്യാമ്പയിനിന്റെ ഭാഗമായി നടന്നു. ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക്ക് ഉത്പന്നങ്ങളുടെ നിരോധനം എർപ്പെടുത്തിയതുമുതൽ നടത്തിയ പ്രാഥമിക പരിശോധനയിൽ കച്ചവടസ്ഥാപനങ്ങൾക്ക് മുന്നറിയിപ്പ് നൽകുകയും ചെയ്തു. തുടർ പരിശോധനയിൽ നിയമം ലംഘിക്കുന്നതിനെതിരെ പിഴ ചുമത്തുകയും കർശന നടപടിയെടുക്കുകയും ചെയ്തു. ബോധവൽകരണ പ്രവർത്തനങ്ങളുടെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ കച്ചവടക്കാരുടെയും വ്യാപാരി-വ്യവസായി സംഘടനാ പ്രതിനിധികളുടെ യോഗം ചേരുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

പ്ലാസ്റ്റിക് സഞ്ചികൾ, ഷീറ്റ്, ഡിസ്പോസിബിൾ പ്ലേറ്റ്, കപ്പ്, പ്ലാസ്റ്റിക്ക് സ്പൂൺ, സ്ട്രോ, തെർമോക്കോൾ, പ്ലാസ്റ്റിക്ക് ക്യാരി ബാഗ്, ബാനർ, പ്ലാസ്റ്റിക്ക് പതാക, അലങ്കാര വസ്തുക്കൾ, 500 മില്ലി ലിറ്ററിന് താഴെയുള്ള കുടിവെള്ള കുപ്പികൾ, മാലിന്യം ശേഖരിക്കുന്ന പ്ലാസ്റ്റിക്ക് സഞ്ചികൾ, ഫ്ലക്സ്, ബാനർ, ബ്രാൻഡ് ചെയ്യാത്ത പ്ലാസ്റ്റിക്ക് ജ്യൂസ് പാക്കറ്റുകൾ തുടങ്ങിയ 11 ഇനങ്ങളാണ് നിരോധിത പട്ടികയിലുൾപ്പെട്ടിരുന്നത്.

ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ പ്ലാസ്റ്റിക്ക് ബദൽ ഉത്പന്നങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി ജില്ലയിലുടനീളം വിവിധ ക്യാമ്പയിനുകൾ ആവിഷ്ക്കരിച്ചു. പരിസ്ഥിതി സൗഹാർദ്ദ സഞ്ചികളൊരുക്കി പിണങ്ങോട് ഡബ്ല്യു.ഒ.എച്ച്.എസ് സ്കൂൾ വിദ്യാർഥികൾ മാതൃകയായി. ഒറ്റത്തവണ ഉപയോഗമുള്ള പ്ലാസ്റ്റിക്ക് ഉത്പന്നങ്ങളുടെ നിരോധനത്തോടെ ബദൽ സംവിധാനം ഒരുക്കുന്നതിനായി സ്കൂളിലെ നാഷണൽ സർവീസ് സ്കീം നിർമ്മിക്കുന്ന തുണി സഞ്ചികൾ വിതരണം ചെയ്തു. എൻ.എസ്.എസ് -ന്റെ ദത്ത് ഗ്രാമത്തിലെ മുഴുവൻ വീടുകളിലും തുണി സഞ്ചികൾ വിതരണം ചെയ്തു. ഹരിതകേരളം മിഷൻ, ശുചിത്വ മിഷൻ എന്നിവരുടെ സഹായത്തോടെയാണ് ഇത്തരത്തിലൊരു പദ്ധതി നടപ്പിലാക്കിയത്. ആദ്യഘട്ടത്തിൽ 400 കുടുംബങ്ങളിലേക്കാണ് തുണി സഞ്ചി നിർമ്മിച്ച് വിതരണം ചെയ്തത്.

ജില്ലയിലെ മുഴുവൻ സർക്കാർ സ്ഥാപനങ്ങളിലും വിദ്യാലയങ്ങളിലും ഒറ്റത്തവണ ഉപയോഗ പ്ലാസ്റ്റിക്ക് വസ്തുക്കൾ നിരോധിച്ചതിന്റെ ഭാഗമായി പ്രതിജ്ഞ ചൊല്ലി.

വൈത്തിരി ഗ്രാമപഞ്ചായത്തിലെ മുഴുവൻ വ്യാപാര വ്യവസായ സ്ഥാപനങ്ങളിലും, സ്റ്റേഷനറി ഫാൻസി കടകളിലും പ്ലാസ്റ്റിക് കവർ ലഭ്യമല്ലായെന്നും കടയിൽ സാധനം വാങ്ങാൻ വരുന്നവർ തുണി സഞ്ചിയുമായി വരണമെന്നും എഴുതി ഒട്ടിച്ചു. പിന്നീട് ജില്ലയിലെ മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഇത്തരം മാതൃക ഏറ്റെടുത്തു.

'സാരി തരൂ സഞ്ചി തരാം' എന്ന ക്യാമ്പയിനുമായി എടവക ഗ്രാമപഞ്ചായത്തിലെ ഹരിതകർമ്മസേന അംഗങ്ങളും ക്യാമ്പയിനിന്റെ ഭാഗമായി. വീടുകളിൽ നിന്നും ശേഖരിക്കുന്ന സാരികൾ ഹരിതകർമ്മസേനയുടെ സംരഭക യൂണിറ്റായ തയ്യലിലൂടെ സഞ്ചികളാക്കി വീടുകളിലെത്തിക്കുന്നു. തയ്യാറാക്കുന്നതിൽ ഒരു ഭാഗം സഞ്ചികൾ സാരി നൽകിയ വീടുകളിലേക്കും ബാക്കി വരുന്നവ വിപണിയിലെത്തിച്ചും അധികവരുമാനം കണ്ടെത്താനും ഹരിതകർമ്മസേനയ്ക്ക് സാധിച്ചു.

പുൽപ്പള്ളിഗ്രാമപഞ്ചായത്തിലെ ഹരിതകർമ്മസേനയും തുണി സഞ്ചികൾ നിർമ്മിച്ച് വിപണിയിലും വീടുകളിലുമെത്തിച്ചു അധികവരുമാനമുണ്ടാക്കി .

### പ്രളയമാലിന്യം

2018 ലെ പ്രളയത്തെ തുടർന്ന് ജലജന്യ രോഗങ്ങൾ പടരാനുള്ള സാധ്യത വർദ്ധിച്ചതിനാൽ അത് ആരോഗ്യ പ്രതിസന്ധിയിലേയ്ക്ക് കൂടി വഴി തെളിച്ചു. ഇതിന്റെ ഭാഗമായി ക്ലോറിനേഷൻ ചെയ്ത കിണറുകളിലെ ജലഗുണനിലവാരം പരിശോധിക്കുന്നതിനായി മിഷന്റെ നേതൃത്വത്തിൽ കോളേജ് വിഭാഗം എൻ എസ് എസ് വിദ്യാർഥികൾ, മലിനീകരണ നിയന്ത്രണ ബോർഡ്, വാട്ടർ അതോറിറ്റി, തദ്ദേശ സ്ഥാപനങ്ങൾ എന്നിവരുടെ സഹായത്തോടെ പരിശോധന പ്രവൃത്തികൾ നടത്തി. പ്രളയം കൂടുതൽ ബാധിച്ച 19 ഗ്രാമപഞ്ചായത്തുകളിലായി 757 കിണറുകളിലും കൽപ്പറ്റ മുനിസിപ്പാലിറ്റിയിലെ 825 കിണറുകളിലും ജലഗുണനിലവാര പരിശോധന നടത്തി. ഇത്തരത്തിൽ ജലജന്യ രോഗങ്ങൾ പടരുന്നതിനെതിരെയുള്ള ശക്തമായ ബോധവൽകരണ പ്രവർത്തനങ്ങളിൽ പൊതുജനങ്ങളെകൂടി പങ്കാളികളാക്കി.

പുഴകളിലും തോടുകളിലും വലിയ രീതിയിലുള്ള പ്ലാസ്റ്റിക് മാലിന്യങ്ങൾ നിറഞ്ഞിരുന്നു. ഇവയെല്ലാം മിഷൻ ക്ലീൻ വയനാട് ക്യാമ്പയിനിലൂടെ ശുചീകരിക്കാൻ സാധിച്ചു. പലയിടത്തും കിടക്കകളും തുണികളും വന്നടിഞ്ഞ് വെള്ളത്തിന്റെ ഗതിമാറി ഒഴുകുന്ന സാഹചര്യവും ഉണ്ടായി. ഇതെല്ലാം മാസ് ക്ലീനിംഗിലൂടെ പരിഹരിക്കാൻ സാധിച്ചു. ജില്ലയിൽ 656 ടൺ അജൈവ മാലിന്യങ്ങൾ ക്ലീൻ കേരള കമ്പനിയുമായി സഹകരിച്ച് നീക്കം ചെയ്തിട്ടുണ്ട്.

2019 -ലെ പ്രളയത്തിലും 2018-ലെ പോലെ സമാന മേഖലകളിൽ പ്രതിസന്ധി ഉണ്ടായി. ജലാശയങ്ങൾ, പൊതുനിരത്തുകൾ, വീടുകൾ, സ്ഥാപനങ്ങൾ, സ്കൂളുകൾ എന്നിവയെല്ലാം കേന്ദ്രീകരിച്ച് സന്നദ്ധ സേവനത്തിലൂടെ ശുചീകരണ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചു. ശുചിത്വമിഷന്റെ സഹകരണത്തോടെ ക്ലീനിങ് ഉപകരണങ്ങൾ ഓരോ തദ്ദേശ സ്ഥാപന അടിസ്ഥാനത്തിൽ വിതരണം ചെയ്യുകയും വെള്ളം കയറി വീടുകളിൽ പ്രത്യേക ശുചീകരണം നടത്തുകയും ചെയ്തു. ദുരിതാശ്വാസ ക്യാമ്പുകളിലെ

ശുചീകരണ പ്രവർത്തനങ്ങളും ഇത്തരത്തിൽ നടപ്പിലാക്കി. ആരോഗ്യവകുപ്പ് നടത്തിയ ശുചിത്വ ബോധവൽകരണ പരിപാടിയിൽ ജില്ലയിലെ മുഴുവൻ ഹരിതകർമ്മസേനയും പങ്കാളികളാകുകയും ഇതുവഴി വാർഡ് തലങ്ങളിൽ ബോധവൽക്കരണം നടത്തുകയും ചെയ്തു.

## പെൻസിൽ ക്യാമ്പ്

ശുചിത്വ ബോധവൽകരണ മാലിന്യ സംസ്കരണ പ്രക്രിയകളിൽ കുട്ടികളെ പങ്കാളികളാക്കി ഹരിതകേരളം മിഷൻ നടപ്പിലാക്കുന്ന പെൻസിൽ ക്യാമ്പ് ജില്ലയിൽ നടന്നു. ഹരിതകേരളം മിഷൻ, കില, കുടുംബശ്രീ, ആരോഗ്യ വകുപ്പ്, ശുചിത്വ മിഷൻ എന്നിവർ സംയുക്തമായി നടപ്പിലാക്കുന്ന ക്യാമ്പിൽ 7, 8, 9 ക്ലാസ്സിലെ കുട്ടികളെയാണ് പങ്കെടുപ്പിച്ചത്. പരിസര ശുചിത്വത്തിന് പ്രാധാന്യം നൽകി മഴക്കാല പകർച്ചാ വ്യാധി പ്രതിരോധ പ്രവർത്തനങ്ങൾക്കും വിദ്യാർഥികളെ സജ്ജമാക്കുക എന്നതാണ് ക്യാമ്പിലൂടെ ലക്ഷ്യമിട്ടത്. രണ്ടു ദിവസത്തെ ക്യാമ്പിൽ പാഴ്വസ്തുക്കളിൽ നിന്നു ഉപയോഗപ്രദമായ മറ്റ് വസ്തുക്കൾ ഉണ്ടാക്കൽ, മാലിന്യ സംസ്കരണ ഉപാധികൾ പരിചയപ്പെടൽ , ഹരിത നിയമങ്ങൾ മനസ്സിലാക്കൽ, ഫീൽഡ് വിസിറ്റ്, ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ വീഡിയോ പ്രദർശനം, അജൈവ മാലിന്യത്തിന്റെ അളവ് കുറയ്ക്കാനും പുനരുപയോഗിക്കാനും പുനഃചംക്രമണത്തിനായി മാലിന്യങ്ങൾ വേർതിരിച്ചു സൂക്ഷിക്കുന്നതിനുള്ള പരിശീലനം തുടങ്ങിയവ ഉൾപ്പെടുത്തിയിരുന്നു, ക്യാമ്പിൽ പങ്കെടുത്ത വിദ്യാർഥികളെ വാർഡുകളുടെ ശുചിത്വ അംബാസിഡർമാരായി മാലിന്യ സംസ്കരണ മേഖലയിൽ തുടർപ്രവർത്തനങ്ങളിൽ പങ്കാളികളാക്കി.

## ഹരിത നിയമ ചർച്ചാവേദി

ഹരിത നിയമ ബോധവൽകരണ ക്യാമ്പയിനിന്റെ ഭാഗമായി ശുചിത്വ- മാലിന്യ സംസ്കരണവും സുസ്ഥിര വികസനവും ലക്ഷ്യമിട്ടുകൊണ്ട് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, വിദ്യാലയങ്ങളുമായി ചേർന്ന് ഹരിത പ്രോട്ടോക്കോൾ പാലിക്കുന്നതിനും മാലിന്യം കുറയ്ക്കുന്നതിനും പുനരുപയോഗം പ്രോത്സാഹിപ്പിക്കുന്നതിനും ചർച്ചകളും തീരുമാനങ്ങളും എടുക്കുക എന്ന ലക്ഷ്യത്തോടെയാണ് ഹരിതകേരളം മിഷൻ ഹരിത നിയമ ചർച്ചാവേദി സംഘടിപ്പിച്ചത്. 2019 ഒക്ടോബർ 2 ഹരിത നിയമ പ്രഖ്യാപനവുമായി ബന്ധപ്പെട്ട് ജില്ലയിലെ എല്ലാ പ്രാദേശിക ചാനലുകളിലും പൊല്യൂഷൻ കൺട്രോൾ ബോർഡ് ജില്ലാ ഓഫീസർ, ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട്, ഡി.വൈ.എസ്. പി കൽപ്പറ്റ എന്നിവരുടെ സന്ദേശ വീഡിയോകൾ സംപ്രേഷണം ചെയ്തുകൊണ്ടാണ് ക്യാമ്പയിനിന് ജില്ലയിൽ തുടക്കം കുറിച്ചത്. കൂടാതെ പൊതുവിദ്യാഭ്യാസ സംരക്ഷണ വകുപ്പുമായി ചേർന്ന് ഒക്ടോബർ 1 നു എല്ലാ സ്കൂളുകളിലും അസംബ്ലിയിൽ ഹരിത നിയമ പ്രതിജ്ഞ ചൊല്ലി. മൂന്നു വിദ്യാഭ്യാസ ഉപജില്ലകളിൽ നിന്നും തിരഞ്ഞെടുത്ത 16 സ്കൂളുകളിലെ വിദ്യാർഥികളെ ഉൾപ്പെടുത്തി നിയമ ചർച്ചാ വേദി സംഘടിപ്പിച്ചു. ഹരിതകേരളം മിഷൻ റിസോഴ്സ് പേഴ്സൺമാരുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച ക്ലാസ്സുകളിൽ 1175 വിദ്യാർഥികൾ പങ്കെടുത്തു.

## ജാഗ്രതോത്സവം

പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ്, ആരോഗ്യ വകുപ്പ്, കുടുംബശ്രീ, ശുചിത്വ മിഷൻ എന്നിവരുടെ സഹകരണത്തോടെ കുട്ടികൾക്കായി ജാഗ്രതോത്സവം ബോധവൽകരണ ക്യാമ്പയിൻ നടത്തി. നാടിനെ ശുചിത്വ ശീലത്തിലേക്ക് നയിച്ച് പകർച്ചവ്യാധികളിൽ നിന്നും മാറാരോഗങ്ങളിൽ നിന്നും രക്ഷിക്കാനുതകുന്ന തരത്തിലുള്ള ശുചിത്വ സന്ദേശങ്ങൾ കുട്ടികളിലൂടെ ഓരോ വീടുകളിലേയ്ക്കും എത്തിക്കുക എന്നതായിരുന്നു ജാഗ്രതോത്സവത്തിന്റെ ലക്ഷ്യം. ജില്ലാ, ബ്ലോക്ക്, വാർഡ് തലത്തിലെ പ്രവർത്തനങ്ങൾ ഹരിതകേരളം മിഷൻ ഏകോപിപ്പിച്ചു. നഗര-ഗ്രാമ തലങ്ങളിൽ ഹരിതകേരളം മിഷൻ ലക്ഷ്യമിട്ടതുപോലെ മികച്ച രീതിയിലുള്ള പകർച്ചവ്യാധി നിയന്ത്രണം സാധ്യമാക്കാനും ബോധവൽകരണ പ്രവർത്തനങ്ങൾ എത്തിക്കാനും ജാഗ്രതോത്സവത്തിലൂടെ സാധിച്ചിട്ടുണ്ട്.

## ആരോഗ്യമുള്ള നാടിന് വൃത്തിയുള്ള വീട് ചലഞ്ച്

2020 -ലെ ലോക്ഡൌൺ സമയത്ത് പകർച്ചവ്യാധികൾ തടയാൻ ലക്ഷ്യമിട്ട് ആരംഭിച്ച ഒരു ജനകീയ ക്യാമ്പയിനായിരുന്നു 'ആരോഗ്യമുള്ള നാടിന് വൃത്തിയുള്ള വീട് ചലഞ്ച്'. വീടുകളിൽ ഉണ്ടാകുന്ന മാലിന്യങ്ങൾ തരംതിരിയ്ക്കാനും അത് ശാസ്ത്രീയമായി സംസ്കരിയ്ക്കാനുമുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിനും വീട്ടുകാർ തന്നെ മുന്നിട്ടിറങ്ങി. സോഷ്യൽ മീഡിയ വഴി ഫോട്ടോകൾ പങ്കുവെച്ചു. കൂടാതെ മഴക്കാല പൂർവ്വ പ്രതിരോധ പ്രവർത്തനങ്ങളും ചലഞ്ചിലൂടെ ലക്ഷ്യമിട്ടു. ജില്ലയിൽ സോഷ്യൽ മീഡിയ വഴി മികച്ച പ്രതികരണം ഉണ്ടാക്കാൻ ഈ ചലഞ്ചിലൂടെ സാധിച്ചിട്ടുണ്ട്.

പുൽപ്പള്ളി ഗ്രാമപഞ്ചായത്തിലെ ഹരിതകർമ്മസേനയുടെ നേതൃത്വത്തിൽ പകർച്ചവ്യാധി പ്രതിരോധത്തിന്റെ ഭാഗമായി പ്രത്യേക സോങ് വീഡിയോ മിഷൻ റിസോഴ്സ് പേഴ്സൺമാരുടെ നേതൃത്വത്തിൽ ചിത്രീകരിച്ചിരുന്നു. കൂടാതെ ഹരിതകർമ്മസേന വഴി എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും ഓരോ വാർഡ്തലത്തിലും വാട്ട്സ്ആപ്പ് ഗ്രൂപ്പുകൾ വഴി ചലഞ്ചിനെകുറിച്ചുള്ള വിവരണങ്ങൾ അറിയിച്ചു. മിഷൻ റിസോഴ്സ് പേഴ്സൺമാർ തങ്ങളുടെ സുഹൃത്തുക്കൾ, കുടുംബാംഗങ്ങൾ എന്നിവരെ ചലഞ്ച് ചെയ്തു പരിപാടിയിൽ പങ്കാളികളാക്കി. ഇത്തരത്തിൽ പോസ്റ്ററുകൾ പ്രചരിപ്പിച്ചും സോഷ്യൽ മീഡിയ വഴി പ്രചാരം നൽകിയും ഈ ചലഞ്ച് പരിപാടിയിൽ ജില്ലാ മിഷൻ ഇടപെടലുകൾ നടത്തി.

## ആരോഗ്യ സുരക്ഷയ്ക്ക് മാലിന്യമുക്ത പരിസരം.

മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി ആരോഗ്യ സുരക്ഷയ്ക്ക് മാലിന്യ മുക്ത പരിസരം എന്ന ക്യാമ്പയിൻ ജില്ലയിൽ തദ്ദേശ സ്ഥാപനങ്ങൾ, ആരോഗ്യവകുപ്പ്, ശുചിത്വ മിഷൻ മറ്റ് വകുപ്പുകൾ എന്നിവരുടെ സഹകരണത്തോടെയാണ് ജില്ലയിൽ നടപ്പിലാക്കിയത്. ഇതിന്റെ ഭാഗമായി ജില്ലാ ഭരണകൂടം, ശുചിത്വ മിഷൻ, ഹരിതകേരളം മിഷൻ എന്നിവരുടെ നേതൃത്വത്തിൽ ജില്ലാതല ശിൽപ്പശാല സംഘടിപ്പിക്കുകയും തുടർ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും ചെയ്തു.

ഗാർഹികതലം, സ്ഥാപനതലം, പൊതുസ്ഥലം എന്നിങ്ങനെ മൂന്നു വിഭാഗങ്ങളിലായി മാലിന്യ സംസ്കരണ ശുചീകരണ പ്രവർത്തനങ്ങൾ , കൊതുക് നിവാരണം , ജലസ്രോതസ്സുകളുടെ ശുചീകരണം എന്നിങ്ങനെ പ്രവർത്തന മേഖലകളാക്കി തിരിച്ചാണ് ക്യാമ്പയിൻ സംഘടിപ്പിച്ചത്. വാർഡ് തലത്തിൽ ആരോഗ്യ സമിതിയുടെയും വളണ്ടിയർമാരുടെയും നേതൃത്വത്തിൽ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചു.

ഗാർഹിക തലത്തിൽ കുടുംബശ്രീ മുഖേന പ്രവർത്തനങ്ങൾ ഏറ്റെടുത്തു. കൂടാതെ ഹരിതകർമ്മസേനയും വാർഡ്തല പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.

## തദ്ദേശ സ്ഥാപനങ്ങൾക്ക് ശുചിത്വ പദവി നിർണയം

ഹരിതകേരളം മിഷൻ, ശുചിത്വ മിഷൻ, തദ്ദേശ സ്വയംഭരണ വകുപ്പ് എന്നിവരുടെ സംയുക്താഭിമുഖ്യത്തിൽ ജില്ലയിലെ 26 തദ്ദേശ സ്ഥാപനങ്ങളിലും ശുചിത്വ പദവി നിർണ്ണയത്തിന്റെ ഭാഗമായുള്ള പ്രവർത്തനങ്ങൾ നടത്തി. വിവിധ വകുപ്പുകൾ, സാമൂഹിക സാംസ്കാരിക സന്നദ്ധ സംഘടനകൾ , സ്ഥാപനങ്ങൾ, വ്യാപാരി-വ്യവസായ സംഘടനകൾ തുടങ്ങി സമൂഹത്തിലെ വിവിധ മേഖലകളിൽ ഉൾപ്പെടുന്ന പൊതുജനങ്ങളെയും ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തി മാലിന്യമുക്തം നവകേരളം എന്ന ലക്ഷ്യത്തിലേക്ക് എത്തുന്നതിനായി വിപുലമായ കർമ്മ പരിപാടികൾ ആവിഷ്ക്കരിച്ചു. മാലിന്യ സംസ്കരണം, ജലസംരക്ഷണം, പരിസ്ഥിതി സംരക്ഷണം, ഊർജ്ജ സംരക്ഷണം എന്നീ ഉപമേഖലകളിലെ പ്രവർത്തനങ്ങളാണ് ശുചിത്വ പദവി നിർണ്ണയത്തിന്റെ മാനദണ്ഡങ്ങൾ.

## തെളിനീരൊഴുകും നവകേരളം

നവകേരളം കർമ്മ പദ്ധതിയുടെ ഭാഗമായി ശുചിത്വ മിഷൻ, ഹരിതകേരളം മിഷൻ എന്നിവയുടെ നേതൃത്വത്തിൽ തദ്ദേശ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ജലസ്രോതസ്സുകൾ മാലിന്യമുക്തമാക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച ക്യാമ്പയിനായിരുന്നു തെളിനീരൊഴുകും നവകേരളം. ഖര, ദ്രവ



മാലിന്യ സംസ്കരണത്തിനും ജല സംരക്ഷണത്തിനും ഒരുപോലെ പ്രാധാന്യം നൽകിയായിരുന്നു ക്യാമ്പയിൻ നടപ്പിലാക്കിയത്.

ജലസ്രോതസ്സുകളിലെ മാലിന്യം നീക്കം ചെയ്യുക, ജല ശുചിത്വം ഉറപ്പ് വരുത്തുക വീടുകളിലും സ്ഥാപനങ്ങളിലും ഖര-ദ്രവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ സ്ഥാപിക്കുക , വാർഡ് തലത്തിൽ മാലിന്യ ശേഖരണം കാര്യക്ഷമമാക്കുക, ജലസ്രോതസ്സുകളെ മലിനമാക്കുന്നവർക്കെതിരെ നടപടിയെടുക്കുക എന്നിവയെല്ലാം ക്യാമ്പയിൻ ലക്ഷ്യങ്ങളായിരുന്നു. ഇനി ഞാൻ ഒഴുകട്ടെ ക്യാമ്പയിനിന്റെ തുടർച്ചയായാണ് തെളിനീരൊഴുകും നവകേരളം ക്യാമ്പയിൻ സംഘടിപ്പിച്ചത്.

2022 മാർച്ച് 22 മുതൽ ഏപ്രിൽ 22 വരെ നീണ്ടു നിന്ന ഈ ക്യാമ്പയിൻ വൻ ബഹുജന പങ്കാളിത്തത്തോടെയാണ് ജില്ലയിൽ നടപ്പിലാക്കിയത്. ജില്ലാതലം മുതൽ വാർഡ് തലം വരെ പ്രത്യേക യോഗങ്ങൾ ചേർന്നാണ് ഓരോ തദ്ദേശ സ്ഥാപനങ്ങളിലും ക്യാമ്പയിൻ പ്രവർത്തനങ്ങൾ ആവിഷ്ക്കരിച്ചത്. ഓരോ തദ്ദേശ സ്ഥാപനങ്ങളുടെയും പരിധിയിലെ ജലസ്രോതസ്സുകളിലെ മലിനീകരിക്കപ്പെട്ട ഇടങ്ങൾ കണ്ടെത്തലും മലിനമാക്കപ്പെടുന്നതിന്റെ ഉറവിടങ്ങൾ കണ്ടെത്തി രേഖപ്പെടുത്തലും ക്യാമ്പയിൻ പ്രവർത്തനത്തിന്റെ ഭാഗമായി നടന്നു. സമ്പൂർണ്ണ ജല ശുചീകരണ യജ്ഞം എന്ന ആശയവുമായി തദ്ദേശ സ്ഥാപനങ്ങൾ മുന്നിട്ടിറങ്ങിയതോടെ പൊതുജന പങ്കാളിത്തം സൃഷ്ടിക്കുവാൻ ഈ ക്യാമ്പയിനിലൂടെ സാധിച്ചു. തെളിനീരൊഴുകും നവകേരളം ക്യാമ്പയിനിലൂടെ ജലാശയങ്ങളിലേക്ക് തുറന്നുവിട്ടിരിക്കുന്ന മലിനീകരണ സ്രോതസ്സുകളുടെ ഉറവിടങ്ങൾ കണ്ടെത്തുകയും തദ്ദേശ സ്ഥാപനങ്ങൾ വഴി കർശനമായ നിയമ നടപടി സ്വീകരിക്കുന്നതിനും സാധിച്ചിട്ടുണ്ട്.

തെളിനീരൊഴുകും നവകേരളം ക്യാമ്പയിൻ ഏറ്റവും ജനകീയമായാണ് ജില്ലയിൽ മുഴുവൻ തദ്ദേശ സ്ഥാപനങ്ങളിലും നടപ്പിലാക്കിയിട്ടുള്ളത്. ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, സന്നദ്ധ സാംസ്കാരിക സാമൂഹിക സംഘടനകൾ, അസോസിയേഷനുകൾ, വിദ്യാർഥികൾ, കുടുംബശ്രീ പ്രവർത്തകർ തുടങ്ങിയവർ ക്യാമ്പയിനിൽ നേരിട്ട് പങ്കാളികളായി ശുചീകരണ പ്രവർത്തനങ്ങൾ ഏറ്റെടുത്തു. ഈ ക്യാമ്പയിനിലൂടെ ശുചീകരിച്ച ജലസ്രോതസ്സുകളിലെ ജലം അതാത് തദ്ദേശ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ജലഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കിയിരുന്നു.

ഓരോ തദ്ദേശ സ്ഥാപനത്തിലും തിരഞ്ഞെടുത്ത ജലാശയങ്ങൾ കേന്ദ്രീകരിച്ച് പൊതുജന പങ്കാളിത്തത്തോടെ ജലനടത്തം സംഘടിപ്പിക്കുകയുണ്ടായി. ജലനടത്തത്തിന് ശേഷം കണ്ടെത്തിയ മാലിന്യ സ്രോതസ്സുകളുടെ അവസ്ഥ പഠന റിപ്പോർട്ട് പ്രത്യേക ജലസഭ കൂടി അവതരിപ്പിച്ചു. ഈ

വിശകലനത്തിന്റെ കൂടി അടിസ്ഥാനത്തിലാണ് ജനകീയ ശുചീകരണ യജ്ഞം സംഘടിപ്പിക്കപ്പെട്ടത്. പുഴകൾ, തോടുകൾ, കുളങ്ങൾ , കനാലുകൾ തുടങ്ങിയ എല്ലാ ജലസ്രോതസ്സുകളിലും ക്യാമ്പയിൻ പ്രവർത്തനങ്ങൾ നടന്നു.

## 'മഴക്കാല പൂർവ്വ ശുചീകരണം', 'വലിച്ചെറിയൽ മുക്ത കേരളം'

2023 -ൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ഹരിതകേരളം മിഷന്റെയും നേതൃത്വത്തിൽ 'മഴക്കാല പൂർവ്വ ശുചീകരണം', 'വലിച്ചെറിയൽമുക്ത കേരളം' ക്യാമ്പയിനുകൾ നടത്തി. സർക്കാരിന്റെ നൂറുദിന കർമ്മ പരിപാടിയിലുൾപ്പെടുത്തി ജില്ലയിലെ 26 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും പൊതു ഇടങ്ങൾ മാലിന്യ രഹിതമാക്കുകയും സൗന്ദര്യവൽക്കരണം നടത്തുകയും ലക്ഷ്യം വെച്ചാണ് ക്യാമ്പയിൻ നടത്തിയത്. ശുചീകരണത്തിന് ശേഷം ശേഖരിക്കപ്പെട്ട മാലിന്യങ്ങൾ തരംതിരിച്ച് ക്ലീൻ കേരള കമ്പനിക്ക് കൈമാറി. ഇത്തരത്തിൽ 3049 കിലോഗ്രാം മാലിന്യം ക്യാമ്പയിനിന്റെ ഭാഗമായി ജില്ലയിൽ നിന്നും നീക്കം ചെയ്തു. ജില്ലയിലെ മുഴുവൻ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെയും സ്കൂളുകൾ, അംഗൺവാടികൾ, വായനശാലകൾ, പൊതു നിരത്തുകൾ മറ്റ് സർക്കാർ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ശുചീകരണ പ്രവർത്തനം നടന്നു. സ്കൂൾ വിദ്യാർഥികൾ, എൻ എസ് എസ്, എസ് പി സി, എൻ സി സി, സ്കൗട്ട് & ഗൈഡ്സ്, ഹരിതകർമ്മസേന, കുടുംബശ്രീ, തൊഴിലുറപ്പ് തൊഴിലാളികൾ, ഡ്രൈവേഴ്സ് യൂണിയൻ, വ്യാപാരി ഏകോപന സമിതി, പൊതുജനങ്ങൾ, ജനപ്രതിനിധികൾ ഉദ്യോഗസ്ഥർ, യുവജന സംഘടനകൾ തുടങ്ങിയവർ ക്യാമ്പയിനിന്റെ ഭാഗമായി.

## മഴക്കാലപൂർവ്വ ശുചീകരണം

മഴക്കാലത്ത് ഉണ്ടാകാനിടയുള്ള പകർച്ചവ്യാധികൾ തടയുന്നതിനായി വീടുകളും പൊതുസ്ഥലങ്ങളും സ്ഥാപനങ്ങളും ജനകീയമായി ശുചീകരിക്കുക എന്നതാണ് മഴക്കാലപൂർവ്വ ശുചീകരണത്തിലൂടെ ലക്ഷ്യമിടുന്നത്. ഹരിതകർമ്മസേനയും ശുചിത്വ മിഷനും തദ്ദേശസ്ഥാപനങ്ങളും ചേർന്ന് മാലിന്യം നീക്കം ചെയ്ത് കൊതുക് വളരുന്ന സാഹചര്യം ഇല്ലാതാക്കുക, ഉറവിട മാലിന്യ സംസ്കരണം പ്രോത്സാഹിപ്പിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ ക്യാമ്പയിനിലൂടെ ചെയ്തുവരുന്നു. മഴക്കാലപൂർവ്വ ശുചീകരണത്തിന്റെ ഭാഗമായി നടപ്പിലാക്കുന്ന 'നാലുനാൾ നാലുപുറം നന്നാക്കാം' ശുചീകരണ ക്യാമ്പയിനിന്റെ ഭാഗമായി ജില്ലയിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും നേതൃത്വത്തിൽ വിവിധ മേഖലകളെ കേന്ദ്രീകരിച്ച്



ശുചീകരണ പ്രവൃത്തികൾ ചെയ്തു. ജില്ലയിലെ വിവിധ ഭാഗങ്ങളിൽ ജനകീയ പങ്കാളിത്തത്തോടെയാണ് ശുചീകരണ പ്രവൃത്തികൾ നടത്തിയത്. കളക്ടറേറ്റ് പരിസരം ജീവനക്കാർ ചേർന്ന് ശുചീകരിച്ചു. മാനന്തവാടി ബ്ലോക്ക് പഞ്ചായത്തിന്റെ നേതൃത്വത്തിൽ നല്ലൂർനാട് ക്യാൻസർ സെന്റർ പരിസരവും സുൽത്താൻ ബത്തേരി മിനി സിവിൽ സ്റ്റേഷൻ പരിസരവുമാണ് ശുചീകരിച്ചത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സന്നദ്ധ പ്രവർത്തകരുടെയും അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും പങ്കാളിത്തത്തോടെ ജില്ലയിലെ വിദ്യാലയങ്ങളിലും മഴക്കാലപൂർവ്വ ശുചീകരണത്തിന്റെ ഭാഗമായി ശുചീകരണ പ്രവൃത്തികൾ നടന്നു. കൂടാതെ മാലിന്യ സംസ്കരണത്തെക്കുറിച്ചും സാംക്രമിക രോഗങ്ങളെക്കുറിച്ചുമുള്ള ബോധവൽക്കരണ ക്ലാസുകളും നൽകി. വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഓഫീസ് പരിസരവും ടൗണുകളിലെയും പുഴകളിലെയും തോടുകളിലേയും മറ്റ് പ്ലാസ്റ്റിക് മാലിന്യവും നീക്കം ചെയ്യുന്ന പ്രവൃത്തികളും മഴക്കാലപൂർവ്വ ശുചീകരണത്തിന്റെ ഭാഗമായി ചെയ്തു. ജനകീയ പങ്കാളിത്തത്തോടെ ചെയ്ത ശുചീകരണ യജ്ഞത്തിൽ വാർഡ് തല മോണിറ്ററിംഗ് സമിതി, ശുചിത്വ ആരോഗ്യ സമിതി, രാഷ്ട്രീയ യുവജന തൊഴിലാളി സംഘടനകൾ, സന്നദ്ധ പ്രവർത്തകർ, കുടുംബശ്രീ പ്രവർത്തകർ, തൊഴിലുറപ്പ് തൊഴിലാളികൾ, ആശാപ്രവർത്തകർ, ആരോഗ്യപ്രവർത്തകർ, വ്യാപാരി വ്യവസായി സംഘടനകൾ, ക്ലബ്ബുകൾ, റെസിഡൻസ് അസോസിയേഷൻ എന്നിവർ പങ്കെടുത്തു.

### 'എന്റെ മാലിന്യം എന്റെ ഉത്തരവാദിത്വം'

2017 -ൽ മിഷന്റെ ശുചിത്വ മാലിന്യ സംസ്കരണ ഉപമിഷന്റെ ഭാഗമായി എന്റെ മാലിന്യം എന്റെ ഉത്തരവാദിത്വം എന്ന ക്യാമ്പയിൻ ആരംഭിച്ചു. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെയും പരിധിയിൽ വരുന്ന ഭൂപ്രദേശങ്ങൾ മാലിന്യമുക്തമാക്കുകയും ഉറവിട മാലിന്യ സംസ്കരണങ്ങൾ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്നതാണ് ക്യാമ്പയിനിന്റെ ലക്ഷ്യം. ജില്ലയിലെ മുഴുവൻ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും ക്യാമ്പയിനിലൂടെ മാലിന്യ സംസ്കരണ സംവിധാനങ്ങളെക്കുറിച്ചുള്ള അവബോധവും ഹരിത നിയമ സാക്ഷരതയും ജനങ്ങളിലേക്കെത്തിച്ചു . ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ വിവിധ ഘട്ടങ്ങളിലായി നിരവധി ക്യാമ്പയിനുകൾ ശാസ്ത്രീയ മാലിന്യ സംസ്കരണ രീതികൾ അവലംബിക്കുന്നതിന് വേണ്ടി നടത്തിയിട്ടുണ്ട്.

### മാലിന്യമുക്തം നവകേരളം

ബ്രഹ്മപുരത്തെ മാലിന്യക്കൂമ്പാരത്തിലുണ്ടായ അഗ്നിബാധയെ തുടർന്ന് കേരളത്തെ മാലിന്യമുക്തമാക്കുന്ന ശ്രമങ്ങളുടെ ഭാഗമായി എല്ലാ വകുപ്പുകളെയും ഉൾക്കൊള്ളിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലാണ് മാലിന്യമുക്തം നവകേരളം ക്യാമ്പയിന് തുടക്കം കുറിച്ചത്. ജില്ലയിലെ ഹരിതകർമ്മസേന അംഗങ്ങളുടെ എണ്ണത്തിലുള്ള വിടവുകൾ നികത്താനും അജൈവ മാലിന്യങ്ങളുടെ വാതിൽപ്പടി ശേഖരണം ഉയർത്താനും ക്യാമ്പയിനിലൂടെ കഴിഞ്ഞു. മാലിന്യ സംസ്കരണ മേഖലയിൽ ഉണ്ടായിരുന്ന വിടവുകൾ കണ്ടെത്തി പരിഹരിക്കുന്നതിനും ക്യാമ്പയിനിലൂടെ ഒരു പരിധിവരെ സാധിച്ചു. വിദ്യാർത്ഥികളിൽ ശാസ്ത്രീയ മാലിന്യ സംസ്കരണത്തെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കുന്നതിനു വേണ്ടി എല്ലാ വിദ്യാലയങ്ങളിലും കുട്ടികളുടെ ഹരിത സഭ നടത്തുകയും ചെയ്തു.

### ക്ലീൻ കൂടോത്തുമ്മൽ

ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ കണിയാമ്പറ്റ ഗ്രാമപഞ്ചായത്ത്, ദർശന ലൈബ്രറി എന്നിവരുമായി സഹകരിച്ച് നടത്തിവരുന്ന ക്യാമ്പയിനാണ് ക്ലീൻ കൂടോത്തുമ്മൽ. കൃത്യമായ ഇടവേളകളിൽ ടൗണും പരിസരവും ശുചീകരിച്ച് മാലിന്യം ഹരിതകർമ്മസേനയ്ക്ക് കൈമാറുന്നു. ദർശന ലൈബ്രറി ഭാരവാഹികൾ, ഓട്ടോ തൊഴിലാളികൾ, വ്യാപാരികൾ, കുടുംബശ്രീ പ്രവർത്തകർ, പ്രദേശവാസികൾ തുടങ്ങിയവർ ഇതിന്റെ ഭാഗമാവുന്നു. ടൗണിലെ കടകളിൽ അജൈവ മാലിന്യ ശേഖരണത്തിന് ബിന്നുകൾ സ്ഥാപിക്കുകയും കൃത്യമായ ഇടവേളകളിൽ ഹരിതകർമ്മസേന മാലിന്യങ്ങൾ നീക്കം ചെയ്യുകയും ചെയ്യുന്നു.




### ശുചിത്വ വിദ്യാലയം ഹരിത വിദ്യാലയം

വിദ്യാലയങ്ങളെ പരിസ്ഥിതി സൗഹൃദമാക്കാനും മാലിന്യ നിർമ്മാർജ്ജനത്തിനും ഊർജ്ജ സംരക്ഷണത്തിനും പ്രാധാന്യം നൽകി കുട്ടികളിൽ ശുചിത്വ ശീലങ്ങൾ വളർത്താൻ ലക്ഷ്യമിട്ടുള്ള ക്യാമ്പയിനായിരുന്നു ഹരിത വിദ്യലയം ശുചിത്വ വിദ്യാലയം ക്യാമ്പയിൻ. മാലിന്യ നിർമ്മാർജ്ജനം , ജലസംരക്ഷണം , ഊർജ്ജ സംരക്ഷണം, ഹരിത ഇടങ്ങൾ തുടങ്ങിയ പ്രവർത്തനങ്ങൾ നടപ്പിലാക്കി വിദ്യാലയത്തെ വലിച്ചെറിയൽ മുക്ത ക്യാമ്പസാക്കി മാറ്റുന്ന പരിപാടിയാണ് ക്യാമ്പയിനിലൂടെ ആവിഷ്ക്കരിച്ചത്. ജൈവ അജൈവ മാലിന്യങ്ങൾ തരംതിരിച്ച് സംസ്കരിക്കുക, മഴ വെള്ള സംഭരണം നടത്തുക, ജലത്തിന്റെ കാര്യക്ഷമമായ ഉപയോഗിക്കുക, സൗരോർജ്ജം പോലുള്ള പുനരുപയോഗ ഊർജ്ജ സ്രോതസ്സുകൾ പ്രോത്സാഹിപ്പിക്കുക, വൃത്തിയുള്ള ശുചിമുറി സംവിധാനങ്ങൾ ഒരുക്കുക അവ പരിപാലിക്കുക തുടങ്ങിയവയാണ് വിദ്യാലയങ്ങളിൽ നടപ്പിലാക്കിയത്. ജൈവവൈവിധ്യ സംരക്ഷണത്തിന്റെ ഭാഗമായി ഹരിത ഇടങ്ങൾ സൃഷ്ടിക്കുക, മാലിന്യങ്ങൾ വലിച്ചെറിയാതിരിക്കുക എന്നിവയെല്ലാം ഈ ക്യാമ്പയിനിൽ ഉൾപ്പെടുത്തി .

വിദ്യാർഥികളിൽ ശുചിത്വ ശീലവൽക്കരണം ഉണ്ടാക്കിയെടുക്കുന്നതിനും പരിസ്ഥിതി അവബോധം സൃഷ്ടിക്കുന്നതിനും ലക്ഷ്യമിട്ട ഈ ക്യാമ്പയിൻ പ്രവർത്തനങ്ങൾ വിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടെയാണ് നടപ്പിലാക്കിയത്. വിദ്യാലയങ്ങളിൽ ഉത്പാദിപ്പിക്കപ്പെടുന്ന മാലിന്യത്തിന്റെ അളവ് കുറച്ചു അവ ശാസ്ത്രീയമായി സംസ്കരിക്കുന്നതിനുള്ള ഉപാധികൾ സൃഷ്ടിച്ചു. വിദ്യാലയ പരിസരങ്ങളിൽ അലക്ഷ്യമായി വലിച്ചെറിയുന്ന എല്ലാത്തരം ജൈവ-അജൈവ മാലിന്യങ്ങളെയും കേന്ദ്രീകൃതമായി ശേഖരിക്കാനും കൈമാറാനും കുട്ടികളെ ശീലിപ്പിക്കുകയും ചെയ്തു.

### എന്റെ വാർഡ് 100 -ൽ 100

നൂറു ശതമാനം യൂസർഫീ ശേഖരണവും നൂറു ശതമാനം വാതിൽപ്പടി സേവനവും ലക്ഷ്യമിട്ട് ഹരിതകർമ്മസേനയുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുക എന്ന ആശയവുമായി ഹരിതകേരളം മിഷൻ ജില്ലയിൽ ആരംഭിച്ച ക്യാമ്പയിനാണ് എന്റെ വാർഡ് 100 ഇൽ 100 ക്യാമ്പയിൻ.

ഒരു തദ്ദേശ സ്ഥാപനത്തിലെ മുഴുവൻ വാർഡുകളിലും നൂറു ശതമാനം യൂസർ ഫീ ശേഖരണവും വാതിൽപ്പടി സേവനവും ഹരിതകർമ്മസേന ഉറപ്പ് വരുത്തുന്നു. ഹരിതകേരളം മിഷൻ ആർ പിമാരുടെ നേതൃത്വത്തിലാണ് ക്യാമ്പയിനിന്റെ ഏകോപനം സാധ്യമായത്. ജില്ലാ കോർഡിനേറ്ററുടെ അധ്യക്ഷതയിൽ തദ്ദേശ സ്ഥാപന തലത്തിൽ ഉദ്യോഗസ്ഥരുടെയും ഹരിതകർമ്മസേനയുടെയും യോഗങ്ങൾ ചേരുകയും പ്രവർത്തന മാനദണ്ഡങ്ങൾ പരിചയപ്പെടുത്തുകയും ചിട്ടപ്പെടുത്തി നൽകുകയും ചെയ്തു. മാസത്തിലെ ആദ്യ രണ്ടാഴ്ചകളിൽ ഹരിതകർമ്മസേനാംഗങ്ങളെ ഒരു വാർഡിലെ മുഴുവൻ വീടുകളിലും സ്ഥാപനങ്ങളിലും പോയി യൂസർഫീ കളക്ഷനും, അജൈവ മാലിന്യ ശേഖരണവും നടത്തുന്നു. ഈ പ്രവർത്തനം തദ്ദേശ സ്ഥാപനത്തിലെ മുഴുവൻ വാർഡുകളിലും ഒരേ സമയം നടത്തുന്നു. ഇതിൽ യൂസർഫീ നൽകേണ്ടാത്തവരെ (അതിദരിദ്രർ, കിടപ്പ് രോഗികൾ ) ഒഴിവാക്കി മറ്റുള്ളവരുടെ വിവരങ്ങൾ ഹരിതകേരളം മിഷൻ തയ്യാറാക്കിയ നിശ്ചിത ഫോർമാറ്റിൽ രേഖപ്പെടുത്തുകയും വിശകലനം ചെയ്യുകയും ചെയ്യുന്നു.

ഈ ഘട്ടത്തിൽ യൂസർഫീ ലഭിക്കാത്ത വീടുകളിലും സ്ഥാപനങ്ങളിലും വാർഡ് മെമ്പർ, ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ, ഹെൽത്ത് ഇൻസ്പെക്ടർ, സെക്രട്ടറി, പ്രസിഡണ്ട് എന്നിവരുടെ സഹായത്തോടെ പ്രത്യേക ഇടപെടലുകൾ നടത്തി, സഹകരിക്കാത്ത പൊതു ജനങ്ങളെക്കൂടി ക്യാമ്പയിനിന്റെ ഭാഗമാക്കി.

ഇത്തരത്തിൽ ഹരിതകർമ്മസേനാംഗങ്ങളുടെയും തദ്ദേശ സ്ഥാപന ഭരണസമിതിയുടെയും ഇടപെടലിനെ തുടർന്ന് ഓരോ വാർഡിലും 100% യൂസർഫീ, 100% വാതിൽപ്പടി സേവനം കൈവരിച്ചു. ഈ അംഗീകാരത്തിന് ഹരിതകേരളം മിഷൻ തദ്ദേശ സ്ഥാപന തലത്തിൽ വലിയ ജനപങ്കാളിത്തത്തോടെ അനുമോദന പരിപാടി സംഘടിപ്പിച്ചു. അനുമോദന പത്രം ഹരിതകർമ്മസേനാംഗങ്ങൾക്കും വാർഡ്/ ഡിവിഷൻ മെമ്പർമാർക്കും കൈമാറി.



കണിയാമ്പറ്റ ഗ്രാമപഞ്ചായത്തിലെ നാലു വാർഡുകളിലായി ആരംഭിച്ച ക്യാമ്പയിൻ പുൽപ്പള്ളി, മീനങ്ങാടി, വൈത്തിരി, തരിയോട്, മുള്ളൻകൊല്ലി എന്നീ അഞ്ച് തദ്ദേശ സ്ഥാപനങ്ങളിലെ മുഴുവൻ വാർഡുകളിലും ക്യാമ്പയിൻ 100% പൂർത്തീകരിക്കാൻ കഴിഞ്ഞു.

സുൽത്താൻ ബത്തേരി മുനിസിപ്പാലിറ്റി, തൊണ്ടർനാട്, കോട്ടത്തറ എന്നീ തദ്ദേശ സ്ഥാപനങ്ങളിലെ ചില വാർഡുകളിലും ക്യാമ്പയിൻ നടപ്പിലാക്കി.

## ഹരിതം ആരോഗ്യം

നവകേരളം കർമപദ്ധതിയിൽ ആർദ്രം മിഷന്റെ നേതൃത്വത്തിൽ വിദ്യാകിരണത്തിന്റെയും ഹരിതകേരളം മിഷന്റെയും സഹകരണത്തോടെ വിദ്യാർഥികൾക്കായ് ആരോഗ്യ പരിശോധന നടത്തി.

ആരോഗ്യകരമായ ജീവിതശൈലി രൂപീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങളും അതിനനുസൃതമായി ജീവിത ശൈലി മാറ്റിയെടുക്കുകയുമാണ് ക്യാമ്പയിനിലൂടെ ലക്ഷ്യമിടുന്നത്. ആരോഗ്യകരമായ ഭക്ഷണ ശീലങ്ങൾ, വിവിധ വ്യായാമമുറകൾ, മദ്യം, മയക്കുമരുന്ന്, പുകയില ഉത്പന്നങ്ങൾ എന്നിവക്കെതിരെയുള്ള ബോധവൽകരണം ക്യാമ്പയിനിന്റെ ലക്ഷ്യങ്ങളാണ്. സ്കൂൾ വിദ്യാർഥികളിലെ ജീവിതശൈലി രോഗങ്ങൾ കണ്ടെത്തുകയും ആരോഗ്യ ബോധവൽകരണം നൽകുക വഴി ശാരീരികവും മാനസികവുമായ പഠനാന്തരീക്ഷം മെച്ചപ്പെടുത്താനും ഇതിലൂടെ സാധിച്ചു. ക്യാമ്പയിനിന്റെ ഭാഗമായി തിരഞ്ഞെടുക്കപ്പെട്ട പടിഞ്ഞാറത്തറ ജി. എച്ച്. എസ്. സ്കൂളിലെ 100 കുട്ടികൾക്ക് പരിശോധന ക്യാമ്പും ജീവിത ശൈലി രോഗനിർണ്ണയ സ്ക്രീനിങ്ങും നടത്തി. പടിഞ്ഞാറത്തറ കുടുംബാരോഗ്യകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഏകദേശം 23 ആരോഗ്യ പ്രവർത്തകരാണ് ക്യാമ്പയിനിന് നേതൃത്വം നൽകി യത്. കുട്ടികളുടെ ഉയരം, തൂക്കം, ബി എം ഐ , ബി പി, ആർ ബി എസ്, എച്ച് ബി എന്നിവ പരിശോധിച്ചു. ലഭ്യമായ വിവരങ്ങൾ ശലഭം പോർട്ടലിൽ അപ്ഡേറ്റ് ചെയ്യുകയും ചെയ്തു.





ഈ ക്യാമ്പയിനിന്റെ രണ്ടാം ഘട്ടത്തിന്റെ ഭാഗമായി തദ്ദേശ സ്ഥാപനതലത്തിൽ ഹരിതകർമ്മസേന അംഗങ്ങൾക്കും ജീവിതശൈലി രോഗ നിർണ്ണയ പരിശോധന നടത്തുകയും ചെയ്തിരുന്നു. കോട്ടത്തറ, കണിയാമ്പറ്റ, ഗ്രാമപഞ്ചായത്തുകളിൽ ആദ്യഘട്ടത്തിൽ പരിശോധന നടത്തുകയും അയേൺ മരുന്നുകൾ വിതരണം ചെയ്യുകയും ചെയ്തു. ബ്ലഡ് ഷുഗർ, ബി പി എന്നിവ പരിശോധിക്കുകയും ആവശ്യമുള്ളവരെ ആശുപത്രിയിലേക്ക് റഫർ ചെയ്യുകയും ചെയ്തു. ഇത്തരത്തിൽ മാലിന്യസംസ്കരണ രംഗത്തെ അംബാസിഡർമാർക്ക് ആരോഗ്യ പരിരക്ഷ നൽകുന്നതിന് ഹരിതകേരളം മിഷനും ആർദ്രം മിഷനും സാധിച്ചു. ജില്ലയിലെ മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും ഹരിതകർമ്മസേന അംഗങ്ങൾക്ക് കൃത്യമായ ഇടവേളകളിൽ ആരോഗ്യ പരിശോധന നടത്തിവരുന്നു






### മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിൻ

ശുചിത്വ കേരളം സുസ്ഥിര കേരളം എന്ന ലക്ഷ്യത്തോടെ മാലിന്യമുക്തം നവകേരളം യാഥാർത്ഥ്യമാക്കുന്നതിനുള്ള വിപുലമായ ജനകീയ ക്യാമ്പയിൻ ആണ് മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിൻ. 2024 ഒക്ടോബർ 2 ഗാന്ധിജയന്തി ദിനത്തിൽ തുടക്കം കുറിച്ച് അന്താരാഷ്ട്ര സീറോ വേസ്റ്റ് ദിനമായ 2025 മാർച്ച് 30 വരെ നീണ്ടുനിന്നതാണ് ക്യാമ്പയിൻ. 2017 -ൽ ആരംഭിച്ച മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം ക്യാമ്പയിനിന്റെ തുടർച്ചയായി വ്യത്യസ്തങ്ങളായ ക്യാമ്പയിനുകളാണ് മിഷൻ ഏറ്റെടുത്തിട്ടുള്ളത്.

ഒക്ടോബർ 2 ഗാന്ധിജയന്തി ദിനത്തിൽ ആരംഭിച്ച ക്യാമ്പയിൻ നവംബർ 1, ഡിസംബർ 31, ജനുവരി 26, മാർച്ച് 30 എന്നിങ്ങനെ 5 ഘട്ടങ്ങളായാണ് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിയത്. ഹരിതകേരളം മിഷൻ, ശുചിത്വമിഷൻ, തദ്ദേശസ്വയംഭരണ സ്ഥാപനം, ജില്ലാ പഞ്ചായത്ത് തുടങ്ങി വ്യത്യസ്ത വകുപ്പുകളുടെ ഏകോപനത്തിലൂടെയാണ് ജില്ലയിൽ ക്യാമ്പയിൻ പൂർണ്ണ വിജയത്തിലേക്ക് എത്തിയത്. ആരംഭകാലത്ത് 2024 സെപ്റ്റംബർ മാസത്തിൽ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഭരണസമിതി അംഗങ്ങൾക്കും ഉദ്യോഗസ്ഥർക്കും വിപുലമായ പരിശീലനം നൽകി. മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിൻ ലോഗോ പ്രകാശനവും പരിശീലനത്തിൽ വച്ച് നടത്തി. തുടർന്ന് ഒക്ടോബർ മാസം രണ്ടാം തീയതി ജില്ലയിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും വിപുലമായ ഉദ്ഘാടനങ്ങൾ നടത്തി. മീനങ്ങാടി ഗ്രാമപഞ്ചായത്തിൽക്കൂടി കടന്നുപോകുന്ന എൻഎച്ച് 766 കോഴിക്കോട് കൊല്ലഗൽ ദേശീയപാതയുടെ കാക്കവയൽ മുതൽ കൊളഗപ്പാറ വരെയുള്ള പാതയോരം ജനകീയമായി ശുചീകരിച്ച് സൗന്ദര്യവൽക്കരണ പ്രവർത്തനങ്ങൾ ചെയ്തുകൊണ്ടാണ് ക്യാമ്പയിനിന്റെ ജില്ലാതല ഉദ്ഘാടനം നടന്നത്. കാക്കവയൽ മുതൽ കൊളഗപ്പാറ വരെയുള്ള ഭാഗങ്ങൾ വിവിധ സംഘടനകൾ ഏറ്റെടുത്താണ് ശുചീകരണം നടത്തിയത്. മീനങ്ങാടി മുസ്ലിം ലീഗ് യൂണിറ്റ്, വൈറ്റ് ഗാർഡ്, ഡിവൈഎഫ്ഐ പ്രവർത്തകർ, പഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ, ഹരിതകർമ്മസേന അംഗങ്ങൾ, യൂത്ത് കോൺഗ്രസ് പ്രവർത്തകർ, തൊഴിലുറപ്പ് തൊഴിലാളികൾ, അംഗൻവാടി വർക്കേഴ്സ്, പോളിടെക്നിക് കോളേജ് എൻഎസ്എസ് വിദ്യാർത്ഥികൾ, മീനങ്ങാടി ഹയർ സെക്കൻഡറി സ്കൂൾ എൻഎസ്എസ് വിദ്യാർത്ഥികൾ, ഡ്രൈവേഴ്സ് യൂണിയൻ, വ്യാപാരി-വ്യവസായി ഏകോപന സമിതി തുടങ്ങി 600 പേർ പങ്കാളികളായി സെപ്തംബർ 28 മുതൽ ഒക്ടോബർ 1 വരെ നീണ്ടുനിന്ന മെഗാ ശുചീകരണത്തിന് ശേഷം ഒക്ടോബർ 2ന് ചെടികൾ നട്ടുകൊണ്ട് ഉദ്ഘാടനം ചെയ്തു. അമ്പലവയൽ ആർ. എ. ആർ. എസിൽ നിന്നുമാണ് തൈകൾ ലഭ്യമാക്കിയത്. എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ക്യാമ്പയിനിനോടനുബന്ധിച്ച് മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് വ്യത്യസ്തങ്ങളായ പദ്ധതികൾ ആരംഭിക്കുകയും മെഗാ ശുചീകരണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു.

അമ്പലവയൽ ഗ്രാമപഞ്ചായത്തിലെ ആറാം വാർഡിൽ പഞ്ചായത്തിന്റെ എം സി എഫ് കെട്ടിടവും ജൈവ മാലിന്യ സംസ്കരണത്തിനുള്ള കമ്മ്യൂണിറ്റിതല കമ്പോസ്റ്റിംഗ് യൂണിറ്റിന്റെ പ്രവർത്തനോദ്ഘാടനവും നടത്തി. വാർഡുകളിൽ മിനി എം. സി. എഫുകൾ സ്ഥാപിച്ചു. നൂൽപ്പുഴ ഗ്രാമപഞ്ചായത്തും പനമരം ഗ്രാമപഞ്ചായത്തും കോട്ടത്തറ ഗ്രാമപഞ്ചായത്തും മാലിന്യ സംസ്കരണ മേഖലയിൽ മാതൃകയായി. വൈത്തിരി താലൂക്ക് ആശുപത്രിയിലും പൂതാടി തൂത്തിലേരി ഉന്നതിയിലും ഗ്രേ വാട്ടർ മാനേജ്മെന്റ് സിസ്റ്റം സ്ഥാപിക്കുകയും ചെയ്തു. വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലായി തിരഞ്ഞെടുക്കപ്പെട്ട ഹരിത വിദ്യാലയങ്ങൾ, ഹരിത ക്യാമ്പസ്, ഹരിത ഓഫീസ് എന്നിവ പ്രഖ്യാപിച്ചു. വൈത്തിരി, പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്തുകളിൽ എം സി എഫുകളിൽ ബെയിലിംങ് മെഷീൻ സ്ഥാപിച്ചു. മുട്ടിൽ ഗ്രാമപഞ്ചായത്തിൽ 20 ബോട്ടിൽ ബൂത്തുകൾ വിവിധ വാർഡുകളിലായി സ്ഥാപിച്ചു. വിവിധ തദ്ദേശ സ്ഥാപനങ്ങളിലെ പ്രധാന ടൗൺ ജനകീയ പങ്കാളിത്തത്തോടെ ശുചീകരിക്കുകയും സൗന്ദര്യവൽക്കരണം നടത്തുകയും ചെയ്തു. വെങ്ങപ്പള്ളി ഗ്രാമപഞ്ചായത്തിലെ മുത്താച്ചികുണ്ട് തോട് ജനകീയമായി പുനരുജ്ജീവിപ്പിച്ചു. തുടർന്ന് ജില്ലയിലെ വിവിധ മേഖലകളെ ഹരിത പദവിയിലേക്ക് എത്തിക്കുന്നതിന്റെ ഭാഗമായുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു. ജില്ലയിലെ മുഴുവൻ



സർക്കാർ സ്ഥാപനങ്ങളിലും ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ഹരിത സ്ഥാപന ഓഡിറ്റ് നടത്തുകയും ചെയ്തു. സർക്കാർ ഉത്തരവ് പ്രകാരം ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കുന്നതിന് നോഡൽ ഓഫീസറെ നിയമിക്കണം, സ്ഥാപനതലത്തിൽ നടക്കുന്ന പരിപാടികളിൽ ജൈവ-അജൈവ പാഴ് വസ്തുക്കൾ തരംതിരിച്ചു ശാസ്ത്രീയമായ സംസ്കരണം നടത്തുക, ഡിസ്പോസിബിൾ, തെർമോക്കോൾ, നിരോധിത പ്ലാസ്റ്റിക്ക് ഉത്പന്നങ്ങളുടെ ഉപയോഗം പൂർണമായി നിരോധിക്കുക, ജൈവ മാലിന്യ സംസ്കരണത്തിന് കമ്പോസ്റ്റ്, ബയോഗ്യാസ് പോലുള്ള ഉപാധികൾ സ്ഥാപിക്കുക, ഇ-മാലിന്യം, ഉപയോഗ ശൂന്യമായ ഫർണിച്ചറുകൾ കൃത്യമായ ഇടവേളകളിൽ നീക്കം ചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക തുടങ്ങിയ മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കിയാണ് ഹരിത പരിശോധന നടത്തിയത്. പച്ചത്തുരുത്ത് പോലുള്ള ജൈവസംരക്ഷണ പ്രവർത്തനങ്ങൾ, മഴവെള്ള സംഭരണി, ജലപുനരുപയോഗ പ്രവർത്തനങ്ങൾ, ഊർജ്ജകാര്യക്ഷമത കൂടിയ വൈദ്യുത ഉപകരണങ്ങളുടെ ഉപയോഗം, ജൈവ പച്ചക്കറിത്തോട്ടം, പൂന്തോട്ടം, ഹരിത നിർദ്ദേശക ബോർഡുകൾ തുടങ്ങിയവയും ഹരിത വിലയിരുത്തലിന്റെ



മാനദണ്ഡത്തിൽ ഉൾപ്പെടുന്നു. വിവിധ ഘട്ടങ്ങളിലായി നടത്തിയ പരിശോധനയിൽ ഹരിത സ്ഥാപന പദവിയിലേക്കെത്താത്തവർക്ക് കൃത്യമായ നിർദ്ദേശം മിഷന്റെ ഭാഗത്ത് നിന്നും നൽകിയിരുന്നു. ഇത്തരത്തിൽ പിന്നോക്ക അവസ്ഥയിലേക്ക് പോയിരുന്ന സ്ഥാപനങ്ങൾക്ക് തദ്ദേശ സ്വയം ഭരണ സ്ഥാപനതലത്തിലും മേൽ വകുപ്പിന്റെ നേതൃത്വത്തിലും കർശനമായ നിർദ്ദേശങ്ങളും നൽകിയിരുന്നു. തുടർ പരിശോധനകൾ കൃത്യമായി നടത്തിയതിന്റെ ഭാഗമായി 1025 ഹരിത സ്ഥാപനങ്ങൾ ഉണ്ടായി. ഇതേ മാതൃകയിൽ വിദ്യാലയങ്ങളിലും കലാലയങ്ങളിലും ഹരിത പരിശോധന നടത്തുകയും ഈ മാനദണ്ഡത്തിന്റെ കീഴിൽ കൊണ്ടുവരുകയും ചെയ്തു. ജില്ലയിൽ 360 ഹരിത വിദ്യാലയങ്ങളും 50 ഹരിത കലാലയങ്ങളും ഉണ്ട്.

മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിനിലൂടെ ഹരിതസ്ഥാപന വിലയിരുത്തലിന്റെ ഭാഗമായി നൂൽപ്പുഴ ഗ്രാമപഞ്ചായത്തിലെ ഫാമിലി ഹെൽത്ത് സെന്റർ, സുൽത്താൻ ബത്തേരി താലൂക്ക് ആശുപത്രി, വാഴവറ്റ ഫാമിലി ഹെൽത്ത് സെന്റർ, കല്പറ്റ ഫയർ & റെസ്ക്യൂ ഓഫീസ്, സീതാമൌണ്ട് ആയുർവേദ ഡിസ്പെൻസറി, ഡി.ടി.പി.സി ഓഫീസ്, ജില്ലാ വ്യവസായ കേന്ദ്രം, പടിഞ്ഞാറത്തറ പോലീസ് സ്റ്റേഷൻ തുടങ്ങിയ സ്ഥാപനങ്ങൾ മിഷന്റെ കൃത്യമായ ഇടപെടലുകളിലൂടെ ജില്ലയിലെ മികച്ച ഹരിത സ്ഥാപന മാതൃകകളാക്കാൻ സാധിച്ചു.

കമ്പളക്കാട് ജി യു പി സ്കൂൾ, മൊതക്കര ജി എൽ പി സ്കൂൾ, എൻ എ എ യു പി സ്കൂൾ മാനികാവ്, ജി എച്ച് എസ് എസ് വടുവഞ്ചാൽ , ഡീപോൾ പബ്ലിക് സ്കൂൾ കല്പറ്റ, എച്ച് ഐ എം യു പി സ്കൂൾ വൈത്തിരി, ജി എൽ പി സ്കൂൾ അമ്പുകുത്തി തുടങ്ങി ഒട്ടനവധി ഹരിത വിദ്യാലയ മാതൃകകൾ സൃഷ്ടിക്കാൻ മാലിന്യ മുക്തം നവകേരളം ജനകീയ ക്യാമ്പയിനിലൂടെ ജില്ല മിഷന് സാധിച്ചിട്ടുണ്ട്.

വിനോദ സഞ്ചാര മേഖലയ്ക്ക് ഏറെ പ്രാധാന്യമുള്ള വയനാട് ജില്ലയിൽ ധാരാളം ടൂറിസം കേന്ദ്രങ്ങളുണ്ട്. വിനോദ സഞ്ചാരികൾ കൂടുതലായി എത്തുന്നതുകൊണ്ടുതന്നെ ശുചിത്വ മാലിന്യ സംസ്കരണത്തിൽ ഏറെ വെല്ലുവിളി നേരിട്ടിരുന്നു. ഹരിതകേരളം മിഷന്റെ മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിനിലൂടെ ആശാവഹമായ മാറ്റങ്ങൾ സൃഷ്ടിക്കാൻ സാധിച്ചിട്ടുണ്ട്. വിനോദ സഞ്ചാര കേന്ദ്രങ്ങളേറെയുള്ളതിനാൽ സഞ്ചാരികൾക്ക് കാഴ്ചയിലിമ്പമുണ്ടാക്കുന്ന വിധം സഞ്ചാരകേന്ദ്രങ്ങളെ

പരിവർത്തനപ്പെടുത്തുക എന്ന ലക്ഷ്യത്തിന്റെ ഫലമാണ് ഹരിത ടൂറിസം കേന്ദ്രം എന്ന ആശയം . ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ , ടൂറിസം വകുപ്പ്, നോർത്ത് ഫോറസ്റ്റ് ഡിവിഷൻ, സൗത്ത് ഫോറസ്റ്റ് ഡിവിഷൻ, കെ.എസ്.ഇ.ബി, ഇറിഗേഷൻ വകുപ്പ് എന്നിവരെ ഉൾപ്പെടുത്തിക്കൊണ്ട് സംയുക്ത യോഗങ്ങൾ ചേർന്ന് ഹരിത ടൂറിസം ക്യാമ്പയിനിന്റെ മാനദണ്ഡങ്ങൾ ടൂറിസം കേന്ദ്രങ്ങളിലേക്ക് എത്തിക്കുകയും അവ പൂർത്തിയാക്കുന്ന മുറയ്ക്ക് ഹരിതകേരളം മിഷൻ, ശുചിത്വ മിഷൻ, കെ എസ് ഡബ്ല്യു എം പി , പി സി ബി, തദ്ദേശ സ്വയംഭരണ വകുപ്പ് എന്നിവർ ചേർന്ന് സംയുക്ത പരിശോധന നടത്തുകയും വിലയിരുത്തുകയും ചെയ്തു. കണ്ടെത്തിയ വിടവുകൾ അതാത് ടൂറിസം കേന്ദ്രങ്ങളെ അറിയിക്കുകയും അവ പരിഹരിച്ചതിനുശേഷം തുടർ പരിശോധന നടത്തുകയും ചെയ്തു. ഇത്തരത്തിൽ ജൈവ അജൈവ മാലിന്യങ്ങൾ തരംതിരിച്ച് ശാസ്ത്രീയമായി സംസ്കരിക്കുകയും ടൂറിസം കേന്ദ്രങ്ങളിലെ സ്ഥാപനങ്ങളിലും പരിപാടികളിലും ഹരിത പെരുമാറ്റച്ചട്ടം പാലിക്കുകയും ദ്രവ മാലിന്യ സംസ്കരണത്തിനും സാനിട്ടറി മാലിന്യ സംസ്കരണത്തിനും ഉപാധികൾ സൃഷ്ടിക്കുകയും ഹരിത നിർദ്ദേശക ബോർഡുകൾ സ്ഥാപിക്കുകയും ചെയ്ത് ശുചിത്വ മാലിന്യ സംസ്കരണ രംഗത്ത് മാതൃകാപരമായ കേന്ദ്രങ്ങളായി മാറി. ഹരിതകേരളം മിഷൻ, തദ്ദേശ സ്വയം ഭരണ സ്ഥാപനം, അതാത് ടൂറിസം കേന്ദ്രങ്ങളുടെ വകുപ്പ്, ശുചിത്വ മിഷൻ, കെ എസ് ഡബ്ല്യു എം പി , പി സി ബി, ജനപ്രതിനിധികൾ , ടൂറിസം കേന്ദ്രം ജീവനക്കാർ, പ്രദേശവാസികൾ, ഹരിതകർമ്മസേന അംഗങ്ങൾ എന്നിവരുടെ സാന്നിധ്യത്തിൽ വിപുലമായ ഹരിത ടൂറിസം പ്രഖ്യാപനങ്ങളും സാക്ഷ്യപത്ര വിതരണവും സംഘടിപ്പിച്ചു.

വായനായിടങ്ങൾ ആകർഷകമാക്കുകയും കൃത്യമായ മാലിന്യസംസ്കരണ രീതി അവലംബിക്കുന്നതിനുമായി ജില്ലയിലെ 33 ഗ്രന്ഥശാലകൾ ആദ്യഘട്ടത്തിൽ ഹരിത ഗ്രന്ഥശാലകളാക്കുന്നതിന് തിരഞ്ഞെടുത്തു. ജില്ലാ ലൈബ്രറി കൗൺസിലിന്റെ നേതൃത്വത്തിൽ തിരഞ്ഞെടുക്കപ്പെട്ട ഗ്രന്ഥശാലകൾക്ക് ക്യാമ്പയിനിനെക്കുറിച്ചുള്ള ശിൽപ്പശാല സംഘടിപ്പിക്കുകയും ഓരോ ഗ്രന്ഥ ശാലകളും ചെയ്യേണ്ട പ്രവർത്തനങ്ങളെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നൽകുകയും ചെയ്തു. മാനദണ്ഡങ്ങൾ പാലിക്കുന്ന മുറയ്ക്ക് ഹരിതകേരളം മിഷൻ ടീം ഗ്രന്ഥശാലകളിൽ നേരിട്ട് പരിശോധന നടത്തുകയും വിലയിരുത്തുകയും ചെയ്തു. ഇത്തരത്തിൽ ഹരിത ഗ്രന്ഥശാലാ പദവിയിലെത്തിയ ഗ്രന്ഥശാലകൾ ജില്ലാ ലൈബ്രറി കൗൺസിലിന്റെ നേതൃത്വത്തിൽ നടത്തിയ വിപുലമായ പരിപാടിയിൽ വെച്ച് ഹരിതകേരളം മിഷന്റെ സാക്ഷ്യപത്രം കൈമാറി. തുടർന്ന് വൈത്തിരി, മാനന്തവാടി, സുൽത്താൻ ബത്തേരി താലൂക്കുകളിലെ ഗ്രന്ഥശാലകൾക്ക് ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ലൈബ്രറി കൗൺസിൽ ഭാരവാഹികൾക്ക് പ്രത്യേകം പരിശീലനം നൽകുകയും ജില്ലയിലെ മറ്റ് ഗ്രന്ഥശാലകളിലേക്ക് ഹരിത ഗ്രന്ഥശാല ക്യാമ്പയിൻ വ്യാപിപ്പിക്കുകയും ചെയ്തു. മാനന്തവാടി താലൂക്കിലെ മുഴുവൻ ഗ്രന്ഥശാലകളും ഹരിത ഗ്രന്ഥശാല പദവി നേടുകയും ചെയ്തു. ആദ്യഘട്ടത്തിൽ ഹരിത ഗ്രന്ഥശാലയായി തിരഞ്ഞെടുത്ത പൊഴുതന ഗ്രാമപഞ്ചായത്തിലെ ഭാവചിത്ര ഗ്രന്ഥശാലയും കണിയാമ്പറ്റ ഗ്രാമപഞ്ചായത്തിലെ ദർശന ലൈബ്രറിയും ജില്ലയിലെ മികച്ച മാതൃകകളാണ്.

ദേശീയ തലത്തിൽ തന്നെ ശ്രദ്ധിക്കപ്പെട്ട സുൽത്താൻ ബത്തേരി ടൗൺ മാതൃകയിൽ ജില്ലയിലെ പ്രധാനപ്പെട്ട ടൗണുകളെ ഉയർത്തിക്കൊണ്ട് വരികയെന്ന ലക്ഷ്യത്തിന് ഊന്നൽ നൽകിയ ക്യാമ്പയിനാണ് ഹരിത ടൗൺ ക്യാമ്പയിൻ. ടൗണുകളിലെ മാലിന്യം കൃത്യമായ രീതിയിൽ സംസ്കരിച്ച് കൂടുതൽ ഹരിതസുന്ദര ടൗണുകൾ സൃഷ്ടിക്കാൻ ക്യാമ്പയിനിലൂടെ സാധിച്ചു. കൂടിക്കിടന്ന മാലിന്യക്കൂനകൾ നീക്കം ചെയ്ത് സൗന്ദര്യവൽക്കരണവും ചുമർച്ചിത്രങ്ങളും വരച്ച് ആളുകളുടെ ശ്രദ്ധ പിടിച്ചുപറ്റി. ജില്ലയിലെ പ്രധാന ടൗണുകളായ കല്പറ്റയും മാനന്തവാടിയും മീനങ്ങാടിയും വൃത്തിയുടെ സുൽത്താനായ സുൽത്താൻ ബത്തേരിയോട് കിടപിടിക്കും വിധത്തിലേയ്ക്ക് മാറി. റീൽസുകളിലും സോഷ്യൽ മീഡിയയിലും തരംഗമായി മാറിയ യവനാർ കുളം, വെണ്മണി, കുളത്താട , ആലാറ്റിൽ ടൗണുകൾ മാലിന്യ സംസ്കരണ രംഗത്തെയും വൃത്തിയുള്ള ഹരിത ടൗണുകളുടെയും തവിഞ്ഞാൽ ഗ്രാമപഞ്ചായത്ത് വിഭാവനം ചെയ്ത മാതൃകകളാണ്. ഇത്തരത്തിൽ ജില്ലയിലെ 26 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ജനകീയ ഇടപെടലിലൂടെ നിരവധി മാലിന്യരഹിത ഹരിതസുന്ദര ടൗണുകൾ സൃഷ്ടിക്കാൻ സാധിച്ചിട്ടുണ്ട്.

മാലിന്യ സംസ്കരണത്തെക്കുറിച്ചുള്ള അവബോധം ഓരോരുത്തരിലേക്കും എത്തിക്കുന്നതിനുള്ള അയൽക്കൂട്ടങ്ങളുടെ പങ്ക് വലുതാണ്. അതുകൊണ്ടുതന്നെ മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിനിന്റെ പ്രധാന സാധ്യതയാണ് ഹരിത അയൽക്കൂട്ടം. സമൂഹത്തിന്റെ നാനാതുറകളിലുള്ളവർ ഒന്നിച്ചുകൂടുമ്പോൾ ഒരു സമൂഹത്തെ മാലിന്യത്തിൽ നിന്നു സ്വാതന്ത്ര്യത്തിലേയ്ക്കെത്തിക്കാൻ ഏറെ സഹായകരമാണ്. ഹരിത അയൽകൂട്ടം ക്യാമ്പയിനിലൂടെ ഓരോ വീട്ടിലും ജൈവ അജൈവ മാലിന്യങ്ങളുടെ ശാസ്ത്രീയ സംസ്കരണവും ദ്രവമാലിന്യസംസ്കരണവും ഉറപ്പുവരുത്താനും ജൈവ കൃഷി പ്രോത്സാഹിപ്പിക്കാനും സാധിച്ചു.

സഞ്ചാരികൾ പോകാൻ മടിച്ചിരുന്ന ജില്ലയിലെ 3 കെ എസ് ആർ ടി സി ഡിപ്പോകളും ഇന്ന് ഹരിത ഡിപ്പോ ക്യാമ്പയിനിലൂടെ എല്ലാവരെയും ആകർഷിക്കുംവിധം മാറിയിരിക്കുന്നു. ശാസ്ത്രീയ മാലിന്യസംസ്കരണത്തിനോടൊപ്പം സൗന്ദര്യവൽക്കരണ പ്രവർത്തനങ്ങളിലൂടെയും ചുമർച്ചിത്രങ്ങളിലൂടെയും കാഴ്ച വിരുന്നൊരുക്കുകയാണ്.

## ജലം

വയനാടിന്റെ ജല സമ്പന്നതയിൽ പാരിസ്ഥിതികമായ ഒട്ടേറെ മാറ്റങ്ങൾ ഇന്ന് സംഭവിച്ചുകൊണ്ടിരിക്കുകയാണ്. ജലസുരക്ഷ കൈവരിക്കുന്നതിന് വേണ്ടി സ്വാഭാവിക ജലസ്രോതസ്സുകളുടെ സംരക്ഷണത്തിനും പുനരുജ്ജീവനത്തിനും ജനകീയ പങ്കാളിത്തത്തോടെ പദ്ധതികൾ കഴിഞ്ഞ 10 വർഷങ്ങൾക്കിടയിൽ നടപ്പിലാക്കാൻ മിഷന് സാധിച്ചിട്ടുണ്ട്. തദ്ദേശസ്ഥാപന അടിസ്ഥാനത്തിൽ വിവിധ വകുപ്പുകളുടെ സഹകരണത്തോടെ ജല സംരക്ഷണ മേഖലയിൽ ഹരിതകേരളം മിഷൻ ഇടപെടലുകൾ നടത്തിവരുന്നു.

## ജലമാണ് ജീവൻ ക്യാമ്പയിൻ

ജല മിതോപയോഗം പുനരുപയോഗം ജലസംരക്ഷണം എന്നിവ ലക്ഷ്യമിട്ട് 2017 ൽ നടത്തിയ ക്യാമ്പയിനാണ് ജലമാണ് ജീവൻ.

ഓരോ വീടുകളിലും ജലത്തിന്റെ മിതോപയോഗം ശീലമാക്കുന്നതിനായി പ്രചരണങ്ങൾ വാർഡ് തലത്തിൽ ഗ്രാമസഭകൾ, യോഗങ്ങൾ എന്നിവയിലൂടെ അറിയിച്ചു. തുടർന്ന് ജില്ലയിലെ തിരഞ്ഞെടുത്ത അപ്പർ പ്രൈമറി സ്കൂളുകളിലെ വിദ്യാർത്ഥികൾക്കായി ജലത്തിന്റെ നീതിപൂർവ്വമായ വിനിയോഗം പ്രചരിപ്പിക്കാനും വീടുകളിൽ ജലസംരക്ഷണം ഉറപ്പുവരുത്താനും ലക്ഷ്യമിട്ട് പൊതു വിദ്യാഭ്യാസ വകുപ്പും ഹരിതകേരളം മിഷനും സംയുക്തമായി 2019 മാർച്ച് 11 മുതൽ 22 വരെ 'ജലമാണ് ജീവൻ' ക്യാമ്പയിൻ സംഘടിപ്പിച്ചു. മിഷൻ ആർപി മാരുടെ നേതൃത്വത്തിലാണ് കുട്ടികൾക്ക് ബോധവൽക്കരണ ക്ലാസുകൾ നൽകിയത്. ജലസംരക്ഷണവുമായി ബന്ധപ്പെട്ട് മിഷൻ തയ്യാറാക്കിയ കൈ പുസ്തകങ്ങളും കുട്ടികൾക്ക് വിതരണം ചെയ്തു.

## പ്രളയ ശേഷമുള്ള ജല പരിശോധന

2018-ലെ പ്രളയം വയനാടിന്റെ ചെറുതും വലുതുമായ എല്ലാ ജലസ്രോതസ്സുകളെയും സാരമായി ബാധിച്ചു. കിണറുകളിലെ വെള്ളം ഉപയോഗശൂന്യമായ വിധം മലിനീകരണപ്പെട്ടു. പല സ്രോതസ്സുകളിലും ഈ.കോളി ബാക്ടീരിയയുടെ സാന്നിധ്യം വളരെ കൂടുതലായിരുന്നു

പ്രളയാനന്തര ശുചീകരണത്തിന്റ ഭാഗമായി ക്ലോറിനേഷൻ ചെയ്ത് കിണറുകളിലെ ജലഗുണ നിലവാരം പരിശോധിച്ച് ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിനായി ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ വിവിധ കോളേജുകളിലെ എൻ എസ് എസ് വളണ്ടിയർമാരുടെയും മലിനീകരണ നിയന്ത്രണ ബോർഡിന്റെയും സഹായത്തോടെ ജലഗുണ നിലവാര പരിശോധന നടന്നു.19 ഗ്രാമപഞ്ചായത്തുകളിലായി 757 കിണറുകളും കല്പറ്റ മുൻസിപ്പാലിറ്റി പരിധിയിൽ 68 കിണറുകളും പരിശോധന നടത്തി. . മലിനീകരണ നിയന്ത്രണ ബോർഡ്,ഭക്ഷ്യസുരക്ഷ വകുപ്പ്,വാട്ടർ അതോറിറ്റി വിവിധ കോളേജുകളിലെ NSS യൂണിറ്റുകൾ തദ്ദേശ സ്വയം ഭരണ വകുപ്പ്,ആരോഗ്യ വകുപ്പ്,ഹരിതകേരളം മിഷൻ എന്നിവർ സംയുക്തമായാണ് ക്യാമ്പയിൻ നടപ്പാക്കിയത്.

## പുഴ പുനരുജ്ജീവനം - കബനി

വയനാട് ജില്ലയിലെ ജല സമ്പത്തിന്റെ പ്രധാന ഉറവിടമാണ് കബനി നദി. കബനി നദിയുടെ കൈവഴികളിൽ പലതിലും പുനരുജ്ജീവന പ്രവർത്തനങ്ങൾ നടന്നിരുന്നില്ല. കാട് മൂടിക്കിടന്നതുകൊണ്ടും, മാലിന്യങ്ങൾ നിറഞ്ഞതുകൊണ്ടും കബനിയിലേക്ക് എത്തുന്ന ജലവിതാനത്തിൽ തടസ്സങ്ങൾ സൃഷ്ടിച്ചിരുന്നു. ഈ പ്രശ്നങ്ങൾ മുൻനിർത്തിയാണ് ഹരിതകേരളം മിഷന്റെ പുഴ പുനരുജ്ജീവന പ്രവർത്തനങ്ങളിൽ കബനിയെ തിരഞ്ഞെടുത്തത്.

## മാതൃകാ പുഴ പഠനം

ഹരിതകേരളം മിഷന്റെ രണ്ടാം വാർഷികത്തോടനുബന്ധിച്ച് സംസ്ഥാനമൊട്ടാകെ നടത്തിയ എല്ലാവരും ജലാശയങ്ങളിലേക്ക് എന്ന പരിപാടിയുടെ ഭാഗമായി കബനിയുടെ കൈവഴികളായ 17 തോടുകളാണ് വയനാട് ജില്ലയിൽ പുനരുജ്ജീവന ശുചീകരണ പ്രവർത്തനങ്ങൾക്കായി തിരഞ്ഞെടുത്തത്. മുന്നൊരുക്ക പ്രവർത്തനങ്ങളുടെ ഭാഗമായി 2018 ഡിസംബർ 3 നു ജില്ലാപഞ്ചായത്ത് കോൺഫറൻസ് ഹാളിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ കബനി പുനരുജ്ജീവനം സാങ്കേതിക സമിതിയുടെ പ്രഥമ യോഗം ചേർന്നു. തുടർന്ന് ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ നടന്ന "മിഷൻ ക്ലീൻ വയനാട്" യോഗത്തിലും കബനി പുനരുജ്ജീവനം ചർച്ച ചെയ്തു. 2018 നവംബർ 21 ആം തീയതി സുൽത്താൻ ബത്തേരി മൈനർ ഇറിഗേഷൻ കോൺഫറൻസ് ഹാളിൽ ചേർന്ന കബനി പുനരുജ്ജീവനം യോഗത്തിൽ ഡിസംബർ 8 നു നിർവഹണം നടത്തേണ്ട പ്രവർത്തനങ്ങളുടെ അന്തിമരൂപം തയാറാക്കി.

കബനി നദി പുനരുജ്ജീവന പരിപാടിയുടെ ഭാഗമായി ഡിസംബർ നാലാം തീയതി വൈത്തിരി ഗ്രാമപഞ്ചായത്തിലെ 12-ആം വാർഡിലൂടെ ഒഴുകുന്ന കബനിയുടെ കൈവഴിയായ പഴയ വൈത്തിരി തോട്ടിൽ മാതൃകാ പഠന യാത്ര സംഘടിപ്പിച്ചു. തോടിന്റെ ഉത്ഭവസ്ഥാനമായ നെലോളിയൻ പാറ മുതൽ വൈത്തിരി പുഴ വരെയുള്ള ഭാഗങ്ങളിൽ പുഴ പഠനയാത്രയും സർവ്വേയും നടത്തി. സർവ്വേയിൽ കണ്ടെത്തിയ കാര്യങ്ങൾ തുടർന്ന് നടന്ന ചർച്ചയിൽ അവതരിപ്പിച്ചു. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും കാലാവസ്ഥ വ്യതിയാന വർക്കിംഗ് ഗ്രൂപ്പിൽപ്പെട്ട രണ്ടു അംഗങ്ങൾ വീതം പരിശീലന പരിപാടിയിൽ പങ്കെടുത്തു. പരിശീലനം ലഭിച്ച റിസോഴ്സ് പേഴ്സൺമാർ അതതു ഗ്രാമപഞ്ചായത്തുകളിൽ ശുചീകരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി .

ജില്ലയിൽ 53.6 കിലോമീറ്റർ നീളത്തിൽ പുഴ ശുചീകരണ പുനരുജ്ജീവന പ്രവർത്തനങ്ങൾ നടത്തി. മുള്ളൻകൊല്ലി, പൂതാടി, പനമരം, വൈത്തിരി എന്നീ ഗ്രാമപഞ്ചായത്തുകളിൽ പുഴ നടത്തവും സംഘടിപ്പിച്ചു. പുൽപ്പള്ളി മുദ്ദള്ളി തോട്ടിൽ നടന്ന പ്രവർത്തനങ്ങളിൽ സ്കൂൾ, കോളേജ് വിദ്യാർഥികളടക്കം പങ്കെടുത്തത് ശ്രദ്ധേയമായി. സമീപ പ്രദേശത്തെ കൃഷിക്ക് സഹായകരമാകുന്ന രീതിയിലാണ് കോട്ടത്തറ ഗ്രാമപഞ്ചായത്തിലെ കുഴിവയൽ തോട്ടിലും , പുൽപ്പള്ളി ഗ്രാമപഞ്ചായത്തിലെ മുദ്ദള്ളി തോട്ടിലും ജൈവ തടയണകൾ നിർമ്മിക്കപ്പെട്ടത്. വെള്ളമുണ്ട ഗ്രാമപഞ്ചായത്തിലെ വെട്ടുതോട് 7 കി. മീ. ദൂരം തോടിന്റെ ഇരുവശങ്ങളും വൃത്തിയാക്കുകയും നീരൊഴുക്ക് സുഗമമാക്കുകയും ചെയ്തു.

## എല്ലാവരും ജലാശയങ്ങളിലേക്ക്

2018 ഡിസംബർ 8 നു ഹരിതകേരളം മിഷന്റെ രണ്ടാം വാർഷികത്തോടനുബന്ധിച്ച് സംസ്ഥാനമൊട്ടാകെയുള്ള ജലസംരക്ഷണ പുനഃരുജ്ജീവന പ്രവർത്തനങ്ങളാണ് മിഷന്റെ നേതൃത്വത്തിൽ ഏറ്റെടുത്തത്. കാർഷിക വയനാടിനെ സമ്പുഷ്ടമാക്കിയിരുന്ന കബനിയിലും കൈവഴികളിലും പ്രളയശേഷം ജലനിരപ്പിൽ ഗണ്യമായ കുറവുണ്ടായിട്ടുണ്ട്. ഇതേ തുടർന്ന് ജില്ലയിലെ പ്രധാന ജലസ്രോതസ്സായ കബനി നദിയിലേയും കൈവഴികളുടെയും പുനഃരുജ്ജീവന സംരക്ഷണ പ്രവർത്തനങ്ങൾ ജില്ലയിൽ വിവിധ തദ്ദേശ സ്ഥാപങ്ങളിലായി നടത്തിയിരുന്നു.

ക്യാമ്പയിനിന്റെ ഭാഗമായി പൊഴുതന ഗ്രാമപഞ്ചായത്തിലെ അമ്മാറ തോട്ടിൽ പുനരുജ്ജീവന സംരക്ഷണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു . തുടർന്ന് വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ 17



തോടുകളിലായി 4058 പേരുടെ പങ്കാളിത്തത്തോടെ 49.6 കി. മീ. ശുചീകരണം നടത്താനും ജൈവ തടയണകൾ നിർമ്മിക്കാനും എല്ലാവരും ജലാശയങ്ങളിലേക്ക് എന്ന ക്യാമ്പയിനിലൂടെ സാധിച്ചു.

എം ജി എൻ ആർ ഇ ജി എ, റവന്യൂ, ഫിഷറീസ്, ആരോഗ്യം, ഗ്രാമവികസന വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, കുടുംബശ്രീ, ശുചിത്വ മിഷൻ, ചെറുകിട ജലസേചനം തുടങ്ങിയ സർക്കാർ വകുപ്പുകളും, കുടുംബശ്രീ പ്രവർത്തകർ, തൊഴിലുറപ്പ് പ്രവർത്തകർ, എൻ എസ് എസ് വിദ്യാർഥികൾ, കോളേജ് വിദ്യാർഥികൾ, രാഷ്ട്രീയ സാമൂഹിക സാംസ്കാരിക പ്രതിനിധികൾ തുടങ്ങിയവരും ഈ ക്യാമ്പയിനിൽ പങ്കാളികളായി.

## നീർത്തട മാസ്റ്റർപ്ലാൻ

ഒരു പ്രദേശത്തിന്റെ സമഗ്രമായ വികസനം നീർത്തടാധിഷ്ഠിതമായ വികസന കാഴ്ചപ്പാടിലൂടെയാണ് സാധ്യമാകുക എന്നതിനാൽ വയനാട് ജില്ലയിലെ എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലും 2018 മുതൽ 2023 വരെ 5 വർഷക്കാലത്തേക്ക് നീർത്തട വികസന മാസ്റ്റർപ്ലാൻ തയ്യാറാക്കി. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ നീർത്തടങ്ങളിൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലും ത്രിതല പഞ്ചായത്തുകളുടെ മറ്റ് പദ്ധതികളിലും ഉൾപ്പെടുത്തി തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിനും ഭൂമിയുടെ ഫലഭൂയിഷ്ഠത വർദ്ധിപ്പിച്ച് ഓരോ നീർത്തടത്തിലേയും മണ്ണും,ജലവും,ജൈവ സമ്പത്തും സംരക്ഷിക്കുന്നതിനും പൊതു ആസ്തികൾ സൃഷ്ടിക്കുന്നതിനും പശ്ചാത്തല വികസനം സാധ്യമാക്കുന്നതിനും ജീവിത നിലവാരം ഉയർത്തുന്നതിനും ആവിശ്യമായ പദ്ധതികളാണ് നീർത്തട വികസന മാസ്റ്റർ പ്ലാനിൽ തയ്യാറാക്കിയിരിക്കുന്നത്. അനിയന്ത്രിതമായ പ്രകൃതി വിഭവ ചൂഷണം മണ്ണ്,ജലം,ജൈവ സമ്പത്ത് എന്നിവയുടെ പരസ്പര ബന്ധിതമായ ചലനാത്മകതയെ തടസപ്പെടുത്തുന്നു. പ്രകൃതിയിൽ മണ്ണും, വെള്ളവും ചലിക്കുന്നത് ക്ലിപ്തമായൊരു അതിർത്തിക്കുള്ളിലാണ്. മണ്ണ്,ജലം,ജൈവ സമ്പത്ത് എന്നിവ പരസ്പര ബന്ധിതവും പൂരകവുമായി നിലകൊള്ളുന്ന പ്രകൃതിയുടെ അടിസ്ഥാന യൂണിറ്റാണ് നീർത്തടം. വയനാട് ജില്ലയിലെ പ്രദേശങ്ങളിൽ മണ്ണ്, ജല സംരക്ഷണ മേഖലയിലെ പ്രശ്നങ്ങൾ നിരവധിയാണ്. കുറഞ്ഞ ദിവസങ്ങളിലായി കൂടുതൽ മഴ ലഭിക്കുന്നു. ഇതിൽ നല്ലൊരു ശതമാനവും സംരക്ഷിക്കപ്പെടാതെ മണ്ണുമായി ചേർന്ന് കുത്തിയൊലിച്ച് പോകുന്നു. ഭൂമിയുടെ ചരിവും മണ്ണിന്റെ ഘടനയും കാരണം നല്ലൊരു ശതമാനം വെള്ളവും ഉപരിതല നീരൊഴുക്കിലൂടെ അതിവേഗത്തിൽ ഒഴുകിപ്പോകുന്നു. പ്രകൃതിദത്ത ജലസംരക്ഷണ സംവിധാനങ്ങളായ വയലുകൾ, തണ്ണീർത്തടങ്ങൾ എന്നിവയിലുണ്ടായ കുറവും നാശവും സ്വഭാവിക ജലസംരക്ഷണത്തെ ബാധിച്ചു. ജില്ലയിലെ മിക്ക ഇടങ്ങളിലെയും ഭൂജലം ക്രമാതീതമായി താഴ്ന്നിട്ടുണ്ട്., നെൽകൃഷിയിലുണ്ടായ കുറവ് കാരണം മഴക്കാലത്ത് വെള്ളപ്പൊക്കം ഉൾക്കൊള്ളാനുള്ള നെൽപ്പാടങ്ങളുടെ കഴിവും,മഴവെള്ളം ഭൂമിയിലേക്ക് കിനിഞ്ഞിറങ്ങാനുള്ള കഴിവുംനഷ്ടപ്പെട്ടു. ഇത്തരത്തിൽ പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്ന സാഹചര്യത്തിൽ ജലസംരക്ഷണ മേഖലയിൽ വിവിധ പദ്ധതികൾ തയ്യാറാക്കുന്നതിലും നിർവ്വഹണം നടത്തുന്നതിലും നീർത്തട മാസ്റ്റർ പ്ലാൻ ഏറെ സഹായമായിട്ടുണ്ട്.

### പച്ചപ്പ് പുഴ സംരക്ഷണം

പുഴകളെ മാലിന്യമുക്തമാക്കി സംരക്ഷിക്കുവാനും അവയുടെ ഒഴുക്ക് വീണ്ടെടുക്കുവാനും നാട് ഒന്നിച്ചതോടെ പല പുഴകളും വീണ്ടും ഒഴുകി തുടങ്ങി. പുഴകളുടെ സംരക്ഷണം നാടിന്റെ സംരക്ഷണമാണെന്ന സന്ദേശം നാട്ടുകാർ അക്ഷരാർത്ഥത്തിൽ ഏറ്റെടുക്കുകയായിരുന്നു. പച്ചപ്പ് പദ്ധതിയുമായി സഹകരിച്ചാണ് ഹരിതകേരളം മിഷൻ പുഴ ശുചീകരണ പ്രവർത്തനങ്ങളിൽ പങ്കാളികളായത്. ഇതിന്റെ ഭാഗമായി പ്രധാനപ്പെട്ട പുഴകളായ വെണ്ണിയോട് പുഴ, ചെറുപുഴ, മുട്ടിൽ പുഴ എന്നിവയുടെ ഉത്ഭവ സ്ഥാനം മുതൽ അവസാനം വരെ അതത് ഗ്രാമപഞ്ചായത്തുകളുടെ നേതൃത്വത്തിൽ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചു. പദ്ധതിയുടെ ഒന്നാം ഘട്ടം 2019 മെയ് 21 ആം തീയതി 'നാടിന്റെ ദാഹമകറ്റാൻ നാടൊന്നിച്ച് നാലു മണിക്കൂർ' എന്ന പേരിൽ കല്പറ്റ പഴയ ബസ്സ്റ്റാന്റ് പരിസരത്ത് പുഴ ശുചീകരണത്തിന്റെ ഉദ്ഘാടനം നടന്നു. വെങ്ങപ്പള്ളി, കോട്ടത്തറ, മുട്ടിൽ, വൈത്തിരി, പൊഴുതന, പടിഞ്ഞാറത്തറ, കൽപ്പറ്റ നഗരസഭ, തരിയോട്, മേപ്പാടി, കണിയാമ്പറ്റ എന്നീ 10 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ തോടുകളാണ് ശുചീകരിച്ചത്. 4744 പേരുടെ പങ്കാളിത്തത്തോടെ 90 കി. മീ. ദൂരത്തിലാണ് ശുചീകരണ പ്രവർത്തനങ്ങൾ നടത്തിയത്.

### അയൽക്കൂട്ട ജലസഭ

2019 മാർച്ച് 22 ജലദിനത്തോടനുബന്ധിച്ച് ജില്ലയിലെ മുഴുവൻ തദ്ദേശ സ്ഥാപനങ്ങളിലെയും കുടുംബശ്രീ അയൽകൂട്ടങ്ങളുടെ നേതൃത്വത്തിൽ ജലമാണ് ജീവൻ എന്ന പേരിൽ അയൽക്കൂട്ട ജലസഭകൾ സംഘടിപ്പിച്ചിരുന്നു.ജലസംരക്ഷണം,ജലസ്രോതസ്സുകൾ ശുചീകരിക്കൽ,കിണറുകൾ കുളങ്ങൾ എന്നിവ വൃത്തിയാക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ കുടുംബശ്രീ പ്രവർത്തകരുടെ നേതൃത്വത്തിൽ ഓരോ വാർഡുകളിലും നടപ്പിലാക്കി. ജലസംരക്ഷണ മേഖലയിൽ മിഷൻ നടപ്പിലാക്കിയ ക്യാമ്പയിനുകളിൽ വൻ ജനകീയ പങ്കാളിത്തം ലഭിച്ച പ്രവർത്തനമായിരുന്നു അയൽക്കൂട്ട ജലസഭ. 2019 മാർച്ച് 22 ലോക ജലദിനത്തിൽ കൽപ്പറ്റ മുനിസിപ്പാലിറ്റിയിലെ നെടുങ്ങോട് പള്ളികുളത്തിൽ ജില്ലാതല ഉദ്ഘാടനം നടത്തി.26 തദ്ദേശസ്ഥാപനങ്ങളിലായി 1,00,059 പേർ ഈ ജനകീയ ക്യാമ്പയിനിൽ നേരിട്ട് പങ്കാളികളായി.പത്ര ദൃശ്യമാധ്യമങ്ങൾ വഴിയും സോഷ്യൽ മീഡിയ വഴിയും ക്യാമ്പയിൻ പ്രചരണം നൽകി.

### നീർത്തട ഗ്രാമ സഭ

ഹരിതകേരളം മിഷന്റെ ജലസംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി 2017 -ൽ വയനാട് ജില്ലയിൽ ഏറ്റെടുത്ത ആദ്യ പ്രവർത്തനമാണ് നീർത്തട ജല സഭ. ഇതിന്റെ ഭാഗമായി വൈത്തിരി ഗ്രാമപഞ്ചായത്തിലെ ചാരിറ്റി നീർത്തടത്തിൽ ആദ്യ നീർത്തട ഗ്രാമ സഭ നടത്തുകയും പ്രദേശത്തെ ജല വിനിയോഗം, ജല സംരക്ഷണം എന്നിവ സംബന്ധിച്ച പ്രശ്നങ്ങൾ, ആവശ്യങ്ങൾ എന്നിവ ചർച്ച ചെയ്യുകയും ചെയ്തു. ഇതിന്റെ ഭാഗമായി പൊതു ജനങ്ങളുടെ സഹകരണത്തോടെ തോടിന്റെ ഉത്ഭവം മുതൽ പുഴയുമായി കൂടിച്ചേരുന്ന ഭാഗം വരെ നീർത്തട നടത്തം നടത്തി.

2018-ലെ പ്രളയാനന്തരം ഗതിമാറി ഒഴുകിയ വൈത്തിരി ഗ്രാമപഞ്ചായത്തിലെ വട്ടപ്പാറ തോട് മിഷന്റെ നേതൃത്വത്തിൽ തൊഴിലുറപ്പ് പദ്ധതിയുടെ സഹകരണത്തോടെ സ്വാഭാവിക നീരൊഴുക്ക് പുനഃസ്ഥാപിച്ചു.

### പുഴ നടത്തം

ജില്ലയിലെ 14 ഗ്രാമപഞ്ചായത്തുകളിലും 3 നഗര സഭകളിലുമായി കുടുംബശ്രീ പ്രവർത്തകർ,തൊഴിലുറപ്പ് പദ്ധതി പ്രവർത്തകർ,എൻ എസ്സ് എസ്സ് വിദ്യാർഥികൾ,കോളേജ് വിദ്യാർഥികൾ,രാഷ്ട്രീയ സാമൂഹിക സാംസ്കാരിക പ്രതിനിധികൾ തുടങ്ങിയവർ ശുചീകരണ പ്രവർത്തനങ്ങളിൽ പങ്കാളികളായി. മുള്ളൻകൊല്ലി, പൂതാടി, പനമരം, വൈത്തിരി എന്നീ ഗ്രാമപഞ്ചായത്തുകളിൽ പുഴ നടത്തം സംഘടിപ്പിച്ചു. പുൽപ്പള്ളി മുദ്ദള്ളി തോടിലും കോട്ടത്തറ പഞ്ചായത്തിലെ കുഴിവയൽ തോടിലും ജൈവ തടയണകൾ നിർമ്മിക്കപ്പെട്ടു.

## ഇനി ഞാൻ ഒഴുകട്ടെ

ഹരിതകേരളം മിഷന്റെ ജലസംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള മികച്ച ജനകീയ മുന്നേറ്റങ്ങളിൽ ഒന്നാണ് ഇനി ഞാൻ ഒഴുകട്ടെ. മൂന്ന് ഘട്ടങ്ങളാണ് ക്യാമ്പയിനിന്റെ ഭാഗമായി ജില്ലയിൽ നടപ്പിലാക്കിയത്.കൽപ്പറ്റ മുനിസിപ്പാലിറ്റിയിലെ അറക്കൽ തോടിൽ ഇനി ഞാനൊഴുകട്ടെ ഒന്നാംഘട്ട ക്യാമ്പയിനിന്റെ ജില്ലാതല ഉദ്ഘാടനം നടത്തി. പ്രളയ ശേഷം മാലിന്യങ്ങൾ അടിഞ്ഞു കൂടിയും ചെളി നിറഞ്ഞും, കാട് മൂടിയും തോടിന്റെ സ്വാഭാവികത നഷ്ടപ്പെട്ടിരുന്നു. ശുചീകരണത്തിന്റെ ഭാഗമായി അടിഞ്ഞുകൂടിയ ചെളിയും മാലിന്യങ്ങളും തൊഴിലാളികൾ നീക്കം ചെയ്യുകയും പാർശ്വവശങ്ങൾ വൃത്തിയാക്കുകയും ചെയ്തു. ഹരിതകർമ്മസേനകൾ അജൈവമാലിന്യങ്ങൾ ചാക്കുകളിൽ ശേഖരിച്ചു. തോടിൽ അടിഞ്ഞു കൂടിയ വലിയ മൺകൂനകൾ മൂലം ഉണ്ടായ തടസ്സങ്ങൾ യന്ത്ര സഹായത്തോടെ നീക്കം ചെയ്ത് ഒഴുക്ക് സുഗമമാക്കി രണ്ട് കിലോമീറ്റർ ദൂരം വീണ്ടെടുത്തു. തൊഴിലുറപ്പ് പദ്ധതിയിൽ തോടിന്റെ തുടർ പ്രവർത്തനങ്ങൾ നടപ്പിലാക്കാനും തീരുമാനിച്ചിരുന്നു. ജില്ലാതല ഉദ്ഘാടനത്തിനു മുന്നോടിയായി ജില്ലാതല സംഘാടകസമിതി രൂപീകരിച്ചാണ് പരിപാടി ആസൂത്രണം ചെയ്തത്. ഒന്നാം ഘട്ടത്തിൽ 54.15 കിലോമീറ്റർ ദൂരം വിവിധ തദ്ദേശ സ്ഥാപനങ്ങളിലായി പുനരുജ്ജീവിപ്പിച്ചു. തോടിലെ ജലം ഗുണനിലവാര പരിശോധനയ്ക്കായി വിധേയമാക്കുകയും ചെയ്തു.

രണ്ടാംഘട്ട ക്യാമ്പയിനിന്റെ ഭാഗമായി 26 തദ്ദേശസ്ഥാപനങ്ങളിലും തിരഞ്ഞെടുക്കപ്പെട്ട പ്രധാന തോടുകളുടെ ശുചീകരണ പുനരുജ്ജീവന പ്രവർത്തനങ്ങൾ നടത്തി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ജനകീയ പങ്കാളിത്തത്തോടെയാണ് ക്യാമ്പയിൻ നടത്തിയത്. കാടുവെട്ടി തെളിക്കൽ, പാർശ്വവശങ്ങൾ വീതി കൂട്ടൽ, തടയണ നിർമ്മാണം, കയർഭൂവസ്ത്രം വിരിയ്ക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ ക്യാമ്പയിനോടനുബന്ധിച്ച് ചെയ്തു. 248 നീർച്ചാലുകളിലായി 356.67 കിലോമീറ്റർ ദൂരം ശുചീകരണ പുനരുജ്ജീവന പ്രവർത്തികൾ രണ്ടാംഘട്ടത്തിൽ നടത്തി. മാലിന്യമുക്ത നവകേരളം ജനകീയ ക്യാമ്പയിനിന്റെ ഭാഗമായി ഇനി ഞാൻ ഒഴുകട്ടെ മൂന്നാം ഘട്ടം, കബനിക്കായ് വയനാട് ക്യാമ്പയിനുകളുടെ ഭാഗമായുള്ള നീർച്ചാലുകളുടെ വീണ്ടെടുപ്പിന്റെ ജില്ലാതല ഉദ്ഘാടനം വൈത്തിരി ഗ്രാമപഞ്ചായത്തിലെ കുന്നത്ത് തോട്ടം നീർച്ചാലിൽ പുനരുജ്ജീവന പ്രവൃത്തികൾ നടത്തി തുടക്കം കുറിച്ചു. പരിപാടിക്ക് മുന്നോടിയായി തദ്ദേശസ്ഥാപന തലത്തിൽ ബഹുജനങ്ങളുടെയും ഉദ്യോഗസ്ഥരുടെയും ആലോചന യോഗം നടത്തി പരിപാടി ആസൂത്രണം ചെയ്തു.

## നീരുറവ്

നീർത്തടാധിഷ്ഠിത സമഗ്ര വികസന പദ്ധതിയായ നീരുറവ് പദ്ധതി ഹരിതകേരളം മിഷന്റെയും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെയും ഏകോപനത്തിൽ ജില്ലയിലെ മുഴുവൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും നടപ്പിലാക്കി. ജനകീയ പങ്കാളിത്തത്തോടെ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെയും നീർച്ചാൽ ശൃംഖലകൾ കണ്ടെത്തി നീർച്ചാലുകളിലും അവയുടെ വൃഷ്ടിപ്രദേശങ്ങളിലും അനുയോജ്യമായ പരിപാലനപ്രവൃത്തികൾ ഉൾപ്പെടുത്തി പദ്ധതിരേഖ തയ്യാറാക്കുകയാണ് നീരുറവയിലൂടെ ലക്ഷ്യം വയ്ക്കുന്നത്. ഈ തയ്യാറാക്കിയ രേഖയുടെ അടിസ്ഥാനത്തിൽ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നീർച്ചാൽ സംരക്ഷണ പ്രവർത്തനങ്ങൾ നടത്തി. ജില്ലയിലെ തനത് ക്യാമ്പയിനായ കബനിക്കായി വയനാട്, സുരക്ഷിതമാക്കാം പശ്ചിമഘട്ടം, നീരുറവ് ക്യാമ്പയിനുകൾ ഏകോപിപ്പിച്ചാണ് പദ്ധതി ആരംഭിച്ചത്.

കോട്ടത്തറ ഗ്രാമപഞ്ചായത്തിലെ ചെറുകണക്കുന്ന് തോട്ടിൽ മൂന്ന് കിലോമീറ്റർ നീളവും രണ്ടുമീറ്റർ വീതിയുമുള്ള തോട് ക്യാമ്പയിനിന്റെ ഭാഗമായി പുനരുജ്ജീവിപ്പിച്ചു. തുടർന്ന് ജില്ലയിലെ വൈത്തിരി പഞ്ചായത്തിലെ ചേലോട് അമ്മാറത്തോട്, കുന്നത്തിടവക കൈത്തോട്, എടവക പഞ്ചായത്തിലെ ചെറുവയൽ തോട്, മീനങ്ങാടി പഞ്ചായത്തിലെ മൈലംമ്പാടി തോട്, കണിയാമ്പറ്റ പഞ്ചായത്തിലെ കൊല്ലിവയൽ തോട് തുടങ്ങി മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും തോടുകൾ ക്യാമ്പയിനിന്റെ ഭാഗമായി പുനരുജീവിപ്പിച്ചു. നീരുറവ് പദ്ധതിയുടെ ഭാഗമായി വൈത്തിരി

ഗ്രാമപഞ്ചായത്തിലെ വൈത്തിരിപ്പുഴ ശുചീകരണം നടത്തുകയും 70 മീറ്റർ ഭാഗത്ത് കയർ ഭൂവസ്ത്രം വിരിക്കുകയും രാമച്ച തൈകൾ നടുകയും ചെയ്തു. പനമരം, മുള്ളൻകൊല്ലി, പുൽപ്പള്ളി, നൂൽപ്പുഴ, എടവക തൊണ്ടർനാട് തുടങ്ങിയ ഗ്രാമപഞ്ചായത്തുകളിലും കൽപ്പറ്റ നഗരസഭയിലും വിവിധ നീർച്ചാലുകളിലായി കയർഭൂവസ്ത്രം വിരിച്ചു.

ജില്ലയിൽ നടന്ന വരുന്ന ജലസംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന വിവിധ വകുപ്പുകളെയും ഏജൻസികളെയും ഏകോപിപ്പിച്ച് വരൾച്ചയെ നേരിടാൻ സമഗ്രവും ശാസ്ത്രീയവുമായ മുന്നൊരുക്കങ്ങൾ നടത്താൻ പദ്ധതിയിലൂടെ സാധിച്ചു.എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും പദ്ധതിയുടെ ഭാഗമായി നീർത്തട നടത്തവും ജലസംഗമവും നടത്തുകയും ചെയ്തു.

## സുരക്ഷിതമാക്കാം പശ്ചിമഘട്ടം

പശ്ചിമഘട്ട പ്രദേശങ്ങളിലെ നീർച്ചാലുകളുടെ ശാസ്ത്രീയ നിർണയവും വീണ്ടെടുപ്പും ലക്ഷ്യമിട്ടുള്ള ഹരിതകേരളം മിഷന്റെ സുരക്ഷിതമാക്കാം പശ്ചിമഘട്ടം ക്യാമ്പയിനിൽ ജില്ലയിലെ 26 തദ്ദേശ സ്ഥാപനങ്ങളും ഉൾപ്പെട്ടിട്ടുണ്ട്. നീർച്ചാൽ ശൃംഖലകൾ കണ്ടെത്തി,മാപ്പിങ് നടത്തി അവയെ വീണ്ടെടുത്ത് നീരൊഴുക്ക് സുഗമമാക്കുകയാണ് ക്യാമ്പയിനിലൂടെ ലക്ഷ്യമിടുന്നത്. വയനാടിന്റെ തനത് ക്യാമ്പയിനായ കബനിക്കായി വയനാടിയിലൂടെ കബനിയും കൈവഴികളും ഒഴുകുന്ന 15 തദ്ദേശസ്ഥാപനങ്ങളിൽ മാപ്പിങ് പ്രവർത്തികൾ ആരംഭിച്ചു. സുരക്ഷിതമാക്കാം പശ്ചിമഘട്ടം ക്യാമ്പയിനിന്റെ ഭാഗമായി മറ്റു തദ്ദേശസ്ഥാപനങ്ങളിലേക്ക് കൂടി വ്യാപിപ്പിക്കുകയുണ്ടായി.

സുരക്ഷിതമാക്കാം പശ്ചിമഘട്ടം ക്യാമ്പയിനിന് മുന്നോടിയായി 26 തദ്ദേശസ്ഥാപനങ്ങളിലും തിരഞ്ഞെടുക്കപ്പെട്ട നീർച്ചാലുകളിൽ ബഹുജന പങ്കാളിത്തത്തോടെ ജലനടത്തം സംഘടിപ്പിച്ചു. പ്രാഥമിക യോഗങ്ങൾ ചേർന്ന് ഓരോ തദ്ദേശസ്ഥാപനത്തിലും പ്രചരണ പ്രവർത്തനങ്ങൾ വാർഡ് തലത്തിൽ ആവിഷ്കരിച്ചു. റീബിൽഡ് കേരള ഇനിഷ്യേറ്റീവ്, സംസ്ഥാന ഐ ടി മിഷൻ എന്നിവയുടെ സഹായത്തോടെ ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ജില്ലയിലെ മുഴുവൻ നീർച്ചാലുകളും ഓപ്പൺ സ്ട്രീറ്റ് മാപ്പ് സോഫ്റ്റ്വെയറിൽ അടയാളപ്പെടുത്തി. തുടർന്ന് അതതു തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പുനരുജ്ജീവന പ്രവർത്തനങ്ങൾ നടത്തിവരുന്നു. 200 ഓളം ആളുകളുടെ പങ്കാളിത്തത്തോടെയാണ് ജില്ലയിൽ മാപ്പത്തോൺ പ്രവർത്തനം പൂർത്തീകരിച്ചത്.





 

ഹരിതകേരളം മിഷൻ ആർ പി മാരുടെ നേതൃത്വത്തിലാണ് മാപ്പത്തോൺ പ്രവർത്തനം പൂർത്തിയാക്കിയത്. മാനന്തവാടി ഗവൺമെന്റ് എൻജിനിയറിങ് കോളേജിലെ 40 എൻ.എസ്.എസ് വിദ്യാർഥികൾ, മീനങ്ങാടി ഗവൺമെന്റ് പോളി ടെക്നിക് കോളേജിലെ 21 എൻ എസ് എസ് വിദ്യാർഥികൾ, സുൽത്താൻ ബത്തേരി കോ ഓപ്പറേറ്റീവ് കോളേജിലെ 16 വിദ്യാർഥികൾ, മാപ്പത്തോൺ ഇന്റേൺസ് എന്നിവർ ചേർന്നാണ് മാപ്പത്തോൺ പ്രവർത്തനങ്ങൾ നടത്തിയത്. മാപ്പത്തോൺ ഫീൽഡ് തല പ്രവർത്തനങ്ങൾക്ക് തൊഴിലുറപ്പ് മേറ്റുമാർ, നാട്ടുകാർ, എ ഡി എസ് ഭാരവാഹികൾ, മെമ്പർമാർ തുടങ്ങിയവർ സഹകരിച്ചിട്ടുണ്ട്.

വയനാട്ടിലെ ജലചംക്രമണ വ്യവസ്ഥയിലും പ്രകടമായ വ്യതിയാനങ്ങൾ അനുഭവപ്പെട്ടു തുടങ്ങിയിട്ടുണ്ട്. മണ്ണ് സംരക്ഷണ വകുപ്പിന്റെ പഠനത്തിൽ പറയുന്നത് 30 ശതമാനത്തോളം ഒന്നും രണ്ടും നിര നീർച്ചാലുകളും, ചെറിയ അരുവികളും അപ്രത്യക്ഷമായി എന്നാണ്. പകുതിയോളം സ്ഥലങ്ങളിൽ മഴക്കാലത്ത് മാത്രമാണ് ജലം ഒഴുകുന്നത്. മണ്ണിലെ ജലാംശവും മണ്ണിലുള്ള ജൈവാംശവും കുറഞ്ഞത് മണ്ണിന്റെ ചൂട് വീണ്ടും കൂടാൻ ഇടയാക്കിയിട്ടുണ്ട്. എന്നാൽ ചെറിയ നീരുറവകളുടെ എണ്ണം വയനാട്ടിൽ കൂടുതലാണ് എന്ന പ്രത്യേകത ഉണ്ട്.

ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെയും, അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെയും, തദ്ദേശ സ്വയംഭരണ സ്ഥാപങ്ങളുടെയും, കുടുംബശ്രീ അംഗങ്ങളുടെയും, പാരിസ്ഥിതിക പ്രവർത്തകരുടെയും, എൻ.എസ്.എസ് വിദ്യാർഥികളുടെയും, സന്നദ്ധ സംഘടനകളുടെയും മികച്ച പങ്കാളിത്തത്തോടെ ജില്ലയിലെ നിരവധി നീർച്ചാലുകൾ വീണ്ടെടുക്കാൻ 'ഇനി ഞാൻ ഒഴുകട്ടെ' ക്യാമ്പയിനിന്റെ രണ്ടു ഘട്ടങ്ങളിലൂടെ സാധിച്ചു.

കബനി നദിയും കൈവഴികളും പുനരുജ്ജീവിപ്പിക്കുക എന്ന ലക്ഷ്യത്തിൽ വയനാട് ജില്ലയിൽ ആരംഭിച്ച തനത് ക്യാമ്പയിനാണ് കബനിക്കായ് വയനാട്. ക്യാമ്പയിനിൽ ഉൾപ്പെടുന്ന 15 തദ്ദേശ സ്ഥാപനങ്ങൾ, ഇറിഗേഷൻ വകുപ്പ്, തൊഴിലുറപ്പ് പദ്ധതി, ഹരിതകേരളം മിഷൻ എന്നിവരുടെ നേതൃത്വത്തിൽ ആദ്യഘട്ട പ്രവർത്തനങ്ങൾ നടന്നു. ഹരിതകേരളം മിഷന്റെയും പൂക്കോട് കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസ് യൂണിവേഴ്സിറ്റിയിലെ വിദ്യാർഥികളുടെയും നേതൃത്വത്തിൽ കബനി നദിയുടെ ഭാഗമായ വൈത്തിരി പുഴയുടെ ഇരുവശത്തുമുള്ള 3 മീറ്റർ വീതിയിൽ 2 കിലോമീറ്ററോളം ദൂരത്തിലെ ആവാസ വ്യവസ്ഥാ പഠനം നടത്തി റിപ്പോർട്ട് തയ്യാറാക്കി. ഈ പ്രവർത്തനങ്ങൾ ഇപ്പോഴും തുടർന്നുവരുന്നു.

### നീർച്ചാൽ വീണ്ടെടുപ്പ്

വയനാട് ജില്ലയിൽ 1271 നീർച്ചാലുകളുണ്ടെന്നാണ് മാപ്പത്തോൺ ക്യാമ്പയിനിലൂടെ ഹരിതകേരളം മിഷൻ

കണ്ടെത്തിയിട്ടുള്ളത്. 1271 നീർച്ചാലുകളിൽ ഭൂരിഭാഗം നീർച്ചാലുകളിലും ഒഴുക്ക് നിലച്ചതും അതുമായി ഉണ്ടാകുന്ന സ്വാഭാവിക മലിനീകരണ പ്രശ്നങ്ങളും, വെള്ളക്കെട്ടും, വെള്ളപ്പൊക്കവും ബാധിച്ചിട്ടുണ്ട്. സ്വഭാവികമായിത്തന്നെ കൂടിയ മഴ ലഭിക്കാറുള്ള വയനാട്ടില് കുറച്ചു വർഷങ്ങളിലായി ഇരട്ടി മഴയാണ് ലഭിക്കുന്നത്. പ്രധാന പുഴകളായ മാനന്തവാടി ബാവലി, പനമരം പുഴകൾ കരകവിഞ്ഞൊഴുകി വലിയ തോതിലുള്ള ആഘാതങ്ങൾ പുഴത്തടങ്ങളിൽ ഉണ്ടായി. പൂർണ്ണമായും കൃഷിയെ ആശ്രയിച്ചു ജീവിക്കുന്ന വയനാട്ടുകാരുടെ കൃഷി വ്യാപകമായി നശിക്കപ്പെട്ടു. ഒരുകാലത്ത് സുഗമമായി ഒഴുകികൊണ്ടിരുന്ന പുഴകളും നീർച്ചാലുകളും മാലിന്യം നിറഞ്ഞു കെട്ടിക്കിടക്കുന്നതായിരുന്നു ഇത്തരം പ്രശ്നങ്ങളുടെ പ്രധാന കാരണം. പുഴകളും,തോടുകളും, നീർച്ചാലുകളും വൃത്തിയാക്കി എടുക്കുന്നതിന്റെ ഭാഗമായി ഹരിതകേരളം മിഷൻ 2018-ൽ ഏറ്റെടുത്തിട്ടുള്ള ജലസംരക്ഷണ പുനരുജ്ജീവന പ്രവർത്തനമാണ് എല്ലാവരും ജലാശയങ്ങളിലേക്ക് എന്ന ക്യാമ്പയിൻ. ആദ്യഘട്ടമായി ജില്ലയിലെ പ്രധാന ജലസ്രോതസ്സായ കബനി നദിയും കൈവഴികളുടേയും പുനരുജ്ജീവന സംരക്ഷണ പ്രവർത്തനങ്ങൾക്കാണ് തുടക്കം കുറിച്ചത്. ജില്ലയിൽ ആകെ 17 തോടുകൾ 4058 പേരുടെ പങ്കാളിത്തത്തോടെ 49.6 കി. മീ. ശുചീകരണം ഈ ക്യാമ്പയിനിലൂടെ നടത്താനായി.

ജില്ലയിലെ എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും തൊഴിലുറപ്പ് പദ്ധതിയുടെ സഹായത്തോടെ നീർച്ചാൽ പുനരുജ്ജീവനം, പുഴ പുനരുജ്ജീവനം, കുളം, കിണർ, തടയണ നിർമ്മാണം പുനരുജ്ജീവന പ്രവൃത്തികൾ നടന്നുവന്നിട്ടുണ്ട്. ഇതിന്റെ ഭാഗമായി ജില്ലയിൽ 2334.32 കി. മീ. നീളം നീർച്ചാലുകൾ ഇതുവരെ പുനരുജജീവിപ്പിക്കാൻ കഴിഞ്ഞു. ഇതോടൊപ്പം 836 കുളങ്ങൾ നിർമ്മിക്കാനും 88 കുളങ്ങളുടെ പുനരുജ്ജീവനം നടത്തുന്നതിനും 147 കിണറുകളുടെ റീചാർജിങ്ങ് നടത്തുന്നതിനും 399 പുതിയ കിണറുകളുടെ നിർമ്മാണവും നടത്താനായി. 2765 താത്കാലിക തടയണകളും 95 സ്ഥിരം തടയണകളും ക്യാമ്പയിനുകളുടെ ഭാഗമായി ജില്ലയിൽ മിഷന് നടത്താൻ കഴിഞ്ഞിട്ടുണ്ട്.

### സമ്പൂർണ്ണ ജലബജറ്റ്

26 തദ്ദേശ സ്ഥാപനങ്ങളിലും 4 ബ്ലോക്കുകളിലും ജലബജറ്റ് പൂർത്തീകരിച്ച് എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും ജലബജറ്റ് പൂർത്തീകരിച്ച ജില്ലയായി മാറി വയനാട്. ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഒരു പ്രദേശത്തെ ജലത്തിന്റെ ലഭ്യതയും വിനിയോഗവും കണക്കാക്കി ജലം മിച്ചമാണോ കമ്മിയാണോ എന്ന് കണ്ടെത്തുന്ന ഒരു പ്രക്രിയയാണ് ജലബജറ്റ്. കോഴിക്കോട് കേന്ദ്രമായി പ്രവർത്തിക്കുന്ന ജലവിഭവ വികസന വിനിയോഗ കേന്ദ്രത്തിന്റെ സാങ്കേതിക സഹായമാണ് ജലബജറ്റ് തയ്യാറാക്കാൻ ഉപയോഗിച്ചിട്ടുള്ളത്. ഇപ്രകാരം ജില്ലയിലെ 26 തദ്ദേശ സ്ഥാപനങ്ങളിലും 4 ബ്ലോക്കുകളിലും ജലബജറ്റ് പൂർത്തിയായി. ജലബജറ്റിലെ കണ്ടെത്തൽ പ്രകാരം ജില്ലയിലെ 26 തദ്ദേശ സ്ഥാപനങ്ങളിലും ജലബജറ്റ് പൂർത്തീകരിച്ചപ്പോൾ എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും ജലംമിച്ചമാണ്. സംസ്ഥാന തലത്തിൽ ജലബജറ്റ് പൈലറ്റായി നടപ്പിലാക്കുന്നതിനായി വയനാട് ജില്ലയിലെ മുട്ടിൽ ഗ്രാമപഞ്ചായത്തിനെയാണ് തിരഞ്ഞെടുത്തിരുന്നത്. സംസ്ഥാനത്ത് ജലബജറ്റ് പൂർത്തീകരിച്ച ആദ്യ ഗ്രാമ പഞ്ചായത്തും മുട്ടിൽ ആണ്. തുടർന്ന് മറ്റ് തദ്ദേശ സ്ഥാപനങ്ങളിലും പ്രവർത്തനങ്ങൾ ആരംഭിച്ചു.

ഹരിതകേരളം മിഷന്റെ റിസോഴ്സ് പേഴ്സൺമാരും തദ്ദേശ സ്ഥാപനതല വളണ്ടിയർമാരും, വിവിധ വകുപ്പുകളിൽ നിന്നും മറ്റ് ഫീൽഡ് പ്രവർത്തനങ്ങളിലൂടെയും ഓരോ തദ്ദേശ സ്ഥാപനത്തിലെയും ജല ലഭ്യതയും ജല വിനിയോഗവും സംബന്ധിച്ച വിവര ശേഖരണവും നടത്തിയാണ് ജലബജറ്റ് പ്രവർത്തനങ്ങൾ പൂർത്തീകരിച്ചത്. സി.ഡബ്ല്യു.ആർ.ഡി.എം -ന്റെ സഹായത്തോടെ സംസ്ഥാന ഹരിതകേരളം മിഷൻ തയ്യാറാക്കിയ മാതൃക അടിസ്ഥാനത്തിലാണ് ജലബജറ്റ് പൂർത്തീകരിച്ചത്. ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ്, ടൂറിസം ഡിപ്പാർട്ട്മെന്റ്, ജില്ലാ മൃഗസംരക്ഷണ വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനം, സോയിൽ കൺസർവേഷൻ വകുപ്പ്, കൃഷി വകുപ്പ്, റിസോർട്ടുകൾ, ജില്ലാ വ്യവസായ കേന്ദ്രം, വാണിജ്യ സ്ഥാപനങ്ങൾ തുടങ്ങിയവയിൽ നിന്നുമാണ് വിവരശേഖരണം നടത്തിയത്.

ഓരോ പ്രദേശത്തും ലഭ്യമായ ജലത്തിന്റെ അളവും വിവിധ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന

ജലത്തിന്റെ അളവും കണ്ടെത്തുകയാണ് ആദ്യം ചെയ്തത്. ഗ്രാമപഞ്ചായത്തിന്റെ അടിസ്ഥാന വിവരങ്ങൾ, ഭൂവിനിയോഗം, വനം, ജനവാസ മേഖല എന്നിവയുടെ വിവരങ്ങൾ കൃഷി, വ്യവസായം, വാണിജ്യം, ഗാർഹികം, മൃഗസംരക്ഷണം, വിനോദസഞ്ചാരം തുടങ്ങിയ മേഖലകളിലുള്ള ജല ആവശ്യം, പഞ്ചായത്തിന് അകത്തേയ്ക്കും പുറത്തേക്കുമുള്ള ജലവിതരണം തുടങ്ങിയവയൊക്കെയാണ് വിവരശേഖരണത്തിൽ ഉൾപ്പെടുന്നത്. കൃഷി, മൃഗസംരക്ഷണം, ഗാർഹികം, വ്യവസായികം, വിനോദസഞ്ചാരം തുടങ്ങിയ വിവിധ മേഖലകൾക്ക് ജലം ആവശ്യമാണ്. ഈ ആവശ്യങ്ങൾ നിറവേറ്റുന്നതിന് വേണ്ടത്ര ജല ലഭ്യത ഉറപ്പാക്കാൻ ജല മേഖലയിൽ വിവിധ ഇടപെടലുകൾ ആവശ്യമായി വരും. ഇതിന് സഹായകമായ അടിസ്ഥാന രേഖയായാണ് ജലബജറ്റ്. കൂടാതെ ഒരു പ്രദേശത്തിന്റെ ജല സ്രോതസ്സുകളുടെ പരിപാലനം ഉറപ്പാക്കി വിവിധ ആവശ്യങ്ങൾക്ക് സുസ്ഥിരമായ ജല വിതരണം സാധ്യമാക്കാനും ജലബജറ്റ് വഴി സാധിക്കും.

ജലബജറ്റ് തുടർപ്രവർത്തനങ്ങൾക്കു വേണ്ടി ഇറിഗേഷൻ ഡിപ്പാർട്ടുമെന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ ജില്ലാതല യോഗം ചേരുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഓരോ തദ്ദേശ സ്ഥാപനങ്ങളിലും ചുമതലയുള്ള ഇറിഗേഷൻ അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ നേതൃത്വത്തിൽ യോഗം വിളിച്ചുചേർക്കുകയും ചെയ്തു. ജലബജറ്റിൽ നിന്നും ജലസുരക്ഷയിലേക്ക് ക്യാമ്പയിനിന്റെ ഭാഗമായി മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, ഇറിഗേഷൻ വകുപ്പ്, കൃഷി വകുപ്പ്, മണ്ണ് സംരക്ഷണ വകുപ്പ് തുടങ്ങിയ വകുപ്പുകൾക്ക് ചെയ്യാൻ സാധിക്കുന്ന പ്രവർത്തനങ്ങളും യോഗത്തിൽ ചർച്ച ചെയ്തു.

ജില്ലയിലെ എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും ജലത്തിന്റെ ലഭ്യത കൂടുതലായതിനാൽ ഇവയുടെ സംഭരണം, വിനിയോഗം എന്നിവയ്ക്കായി ഓരോ തദ്ദേശ സ്ഥാപനതലത്തിലും തുടർ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കിവരുന്നുണ്ട്. പൊതു ജലസ്രോതസ്സുകൾ പുനരുജ്ജീവിപ്പിച്ച് സംരക്ഷണ സംവിധാനങ്ങൾ ഒരുക്കി ജല സംഭരണം ഉറപ്പാക്കുകയും ഇതിനായി തൊഴിലുറപ്പ് പദ്ധതിയുടേയും മറ്റ് നിർവഹണ വകുപ്പുകളുടെയും സഹകരണം പരമാവധി പ്രയോജനപ്പെടുത്തുകയും ചെയ്തു. ഹരിതകേരളം മിഷന്റെ മാപ്പത്തോൺ പദ്ധതിയിലൂടെ മാപ്പിങ് പൂർത്തീകരിച്ച് നീർച്ചാലുകളുടെ സംരക്ഷണ പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടപ്പിലാക്കിവരുന്നു. കാർഷിക മേഖലയിലുള്ള വിളകളുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിന് ജലബജറ്റ് സഹായകരമാണ്. തരിശ് ഇടങ്ങളെ കൃഷി യോഗ്യമാക്കുന്നതിന് പദ്ധതികളും പരിപാടികളും ആസൂത്രണം ചെയ്യുന്നുണ്ട്. സുൽത്താൻ ബത്തേരി ബ്ലോക്കിൽ ജലബജറ്റിന്റെ ഭാഗമായി പ്രത്യേക ജലനയം രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

### ജലമാണ് ജീവൻ - അമീബിക് മസ്തിഷ്ക ജ്വര പ്രതിരോധ ക്യാമ്പയിൻ

സുരക്ഷിത ജലലഭ്യതയും ജലജന്യ രോഗപ്രതിരോധവും ലക്ഷ്യമിട്ട് ഹരിതകേരളം മിഷൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് വിവിധ വകുപ്പുകളുടെ സഹകരണത്തോടെ ജില്ലയിൽ ജലമാണ് ജീവൻ എന്ന പേരിൽ ജനകീയ തീവ്ര കർമ്മ പരിപാടിക്ക് രൂപം നൽകി. അമീബിക് മസ്തിഷ്ക ജ്വരം പോലുള്ള മാരക രോഗങ്ങൾ വ്യാപകമായ സാഹചര്യത്തിലാണ് ക്യാമ്പയിൻ തുടക്കം കുറിച്ചത്. 2025 ഓഗസ്റ്റ് 30 31 തീയതികളിൽ ജില്ലയിലെ എല്ലാ കിണറുകളിലും ക്ലോറിനേഷൻ നടത്താൻ തീരുമാനിച്ചതിന്റെ ഭാഗമായി ആകെയുള്ള 103962 സ്വകാര്യ കിണറുകളിൽ 81490 കിണറുകൾ ക്യാമ്പയിനിന്റെ ഭാഗമായി ക്ലോറിനേഷൻ ചെയ്തു. ജില്ലയിലെ 1306 പൊതുസ്ഥാപന കിണറുകളിൽ 939 സ്ഥാപനങ്ങളിലെ കിണറുകളിലും 1072 പൊതു കിണറുകളിൽ 1040 പൊതു കിണറുകളും ക്ലോറിനേറ്റ് ചെയ്തു. 26 തദ്ദേശ സ്ഥാപനങ്ങളിലും ക്ലോറിനേഷൻ പ്രവർത്തനങ്ങളും ശുചീകരണ പ്രവർത്തനങ്ങളും നടന്നു.

അമീബിക് മസ്തിഷ്ക ജ്വരം പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ജലമാണ് ജീവൻ ക്യാമ്പയിനിലൂടെ ജല പരിശോധനയും ബോധവൽക്കരണ പ്രവർത്തനങ്ങളും തദ്ദേശ സ്ഥാപനാടിസ്ഥാനത്തിൽ സംഘടിപ്പിച്ചു. ആരോഗ്യ വകുപ്പിന്റെ സഹകരണത്തോടെയാണ് ഈ ക്യാമ്പയിൻ ജില്ലയിൽ

നടപ്പിലാക്കിയത്. വിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടെ സ്കൂളുകളിൽ പ്രത്യേക ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചു. ആദ്യഘട്ടത്തിൽ 26 തദ്ദേശ സ്ഥാപനങ്ങളിലും എല്ലാ വിദ്യാലയങ്ങളിലെയും അധ്യാപക പ്രതിനിധികളുടെ യോഗം വിളിക്കുകയും ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർ പ്രതിരോധ പ്രവർത്തനങ്ങളെക്കുറിച്ചും മുൻകരുതലുകളെക്കുറിച്ചും പരിശീലനം നൽകുകയും ചെയ്തു. തുടർന്ന് ഓരോ വിദ്യാലയങ്ങളിലും പരിശീലനം ലഭിച്ച അധ്യാപകരും, ഹെൽത്ത് ഇൻസ്പെക്ടർമാരും ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരും കുട്ടികൾക്ക് ബോധവൽക്കരണ ക്ലാസ്സുകൾ നൽകി . പ്രചാരണ പ്രവർത്തനങ്ങളുടെ ഭാഗമായി ഓരോ തദ്ദേശ സ്ഥാപനത്തിലും നോട്ടീസ്, പോസ്റ്ററുകൾ, മൈക്ക് അനൌൺസ്മെന്റ്, ബ്രോഷറുകൾ, പത്ര ദൃശ്യ മാധ്യമ പ്രചരണം തുടങ്ങിയവയെല്ലാം നൽകി.

## കൃഷി/പരിസ്ഥിതി പുന:സ്ഥാപനം

### തരിശുരഹിത ഗ്രാമം

വർഷങ്ങളായി തരിശായി കിടക്കുന്ന കരഭൂമിയും വയലുകളും തരിശുരഹിത ഗ്രാമം പദ്ധതിയുടെ ഭാഗമായി ഹരിതകേരളം മിഷന്റെയും കൃഷിവകുപ്പിന്റെയും സഹകരണത്തോടെ കൃഷി യോഗ്യമാക്കിവരുന്നു. തരിശുപാടങ്ങളിലും കരഭൂമികളിലും കൃഷി ചെയ്ത് പൂർണ്ണ തരിശുരഹിത ഗ്രാമപഞ്ചായത്തുകളെ സൃഷ്ടിക്കുകയെന്നതാണ് തരിശുരഹിത ഗ്രാമം പദ്ധതിയിലൂടെ നടപ്പിലാക്കുന്നത്. തരിശ് പാടങ്ങൾ തളിരണിയിക്കുക എന്ന ലക്ഷ്യത്തോടെ ഹരിതകേരളം മിഷൻ തുടക്കം കുറിച്ച തരിശ് രഹിത ഗ്രാമം പദ്ധതിയുടെ ഭാഗമായി ജില്ലയിലെ നാല് ബ്ലോക്കുകളിലായി എടവക, വെങ്ങപ്പള്ളി, പൂതാടി, മീനങ്ങാടി, കോട്ടത്തറ ഗ്രാമ പഞ്ചായത്തുകളിൽ തരിശ് പാടത്ത് നെൽ കൃഷി ചെയ്തും എടവക ഗ്രാമപഞ്ചായത്തിൽ തരിശായിക്കിടന്ന കരഭൂമിയിൽ കിഴങ്ങ് വർഗങ്ങളും വാഴയും കൃഷി ചെയ്തും തരിശ് രഹിത ഗ്രാമമായി പ്രഖ്യാപിച്ചു.

### ഹരിത സമൃദ്ധി വാർഡ്

ഹരിത സമൃദ്ധി വാർഡ് ക്യാമ്പയിനിന്റെ ഭാഗമായി കൃഷിവകുപ്പിന്റെയും തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെയും അതതു കൃഷിഭവനുകളുടെയും ഏകോപനത്തിൽ ജില്ലയിൽ എല്ലാ വർഷവും തിരഞ്ഞെടുക്കപ്പെടുന്ന വാർഡുകളിൽ പച്ചക്കറി തൈ വിതരണം നടത്തുന്നു. പാടശേഖര സമിതികൾ, കുടുംബശ്രീ പ്രവർത്തകർ, കാർഷിക കർമസേന, ഗ്രാമപഞ്ചായത്ത്, കൃഷി വകുപ്പ് ഉദ്യോഗസ്ഥർ എന്നിവരുടെ സഹകരണത്തോടെയാണ് ക്യാമ്പയിൻ നടത്തുന്നത്. നിലവിൽ ഈ ക്യാമ്പയിൻ ജില്ലയിലെ മുഴുവൻ തദ്ദേശ സ്ഥാപനതല വാർഡുകളിലേക്കും വ്യാപിപ്പിച്ചിട്ടുണ്ട്.

### പച്ചത്തുരുത്ത്

കേരളത്തിലെ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ഹരിത സമൃദ്ധി വീണ്ടെടുക്കുന്നതിനായി ഹരിതകേരളം മിഷൻ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, തദ്ദേശ സ്വയംഭരണ സ്ഥാപനം, വിവിധ സ്ഥാപനങ്ങൾ എന്നിവരുടെ ശ്രമഫലമായി ജില്ലയിൽ 26.9 ഏക്കർ ഭൂമിയിൽ പച്ചത്തുരുത്തുകൾ സ്ഥാപിച്ച് പരിപാലിക്കപ്പെടുന്നു. ചോലപ്പുറം പച്ചത്തുരുത്ത്, ശാന്തിവനം പച്ചത്തുരുത്ത്, തുടങ്ങിയ ജില്ലയിലെ മികച്ച പച്ചത്തുരുത്തുകളുടെ പരിപാലനം അതതു പ്രദേശവാസികൾ ഏറ്റെടുത്ത് നടത്തുന്നു. സ്കൂളുകളിലെ പച്ചത്തുരുത്തുകൾ വിദ്യാർഥികളുടെയും പി ടി എ ഭാരവാഹികളുടെയും അദ്ധ്യാപകരുടെയും സഹകരണത്തോടെ പരിപാലിക്കുന്നു. പബ്ലിക് ഹെൽത്ത് സെന്ററുകൾ , ഹോസ്റ്റലുകൾ മുതലായ സ്ഥാപനതല പച്ചത്തുരുത്തുകൾ ഉദ്യോഗസ്ഥരുടെയും നേതൃത്വത്തിൽ സംരക്ഷിക്കുന്നുണ്ട്.

### മൈക്രോ ഗ്രീൻ

കോവിഡ് കാലത്ത് സംസ്ഥാനത്താകെ പ്രചരിപ്പിച്ചിരുന്ന കൃഷി രീതിയാണ് മൈക്രോഗ്രീൻസ്. പേരുപോലെതന്നെ പൂർണ്ണ വളർച്ചയെത്താത്ത ഇലകളാണ് പാചകത്തിനായി ഉപയോഗിക്കുന്നത്. മൈക്രോ

ഗ്രീനിൽ സാധാരണ ഇലക്കറികളിൽ ഉള്ളതിലും 9 മടങ്ങ് അധികം പോഷകങ്ങൾ അടങ്ങിയിട്ടുണ്ട്. പയർ, കടല, ഉലുവ, കടുക് തുടങ്ങി ഗോതമ്പും ബാർലിയും ഓട്സും വരെ ഇങ്ങനെ മുളപ്പിച്ച് ചെറു ഇലയാകുമ്പോൾ ഉപയോഗിക്കാം. കൂടാതെ പച്ചക്കറി വിത്തുകളും മുളപ്പിച്ച് കുഞ്ഞൻ ഇല വരുമ്പോൾ മുറിച്ചെടുത്ത് ഉപയോഗിക്കാം. കോവിഡ് കാലത്ത് മിഷന്റെ നേതൃത്വത്തിൽ റിസോഴ്സ് പേഴ്സൺമാർ മൈക്രോഗ്രീൻ കൃഷി രീതി വീടുകളിൽ അവലംബിച്ചിട്ടുണ്ട്.

## നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ

നവകേരളം കർമ്മ പദ്ധതിയുടെ ഭാഗമായി കേരളത്തെ കാർബൺ ന്യൂട്രൽ ആക്കുക എന്ന ലക്ഷ്യത്തോടെ ജനകീയ പങ്കാളിത്തത്തിൽ നടപ്പിലാക്കിയ ഒരു ബൃഹത് പദ്ധതിയാണ് നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ. കാർബൺ ബഹിർഗമനത്തിന്റെയും കാർബൺ സംഭരണത്തിന്റെയും അളവുകൾ കണ്ടുപിടിച്ച് കാർബൺ തുലിതാവസ്ഥ കൈവരിക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് ഈ ക്യാമ്പയിനിന്റെ ഭാഗമായി നടന്ന് വരുന്നത്. ഊർജ്ജം, മാലിന്യ നിർമാർജനം, കൃഷി തുടങ്ങിയ മേഖലകളിൽ വിവിധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.. ഹരിതഗൃഹവാതക ബഹിർഗമനം കുറയ്ക്കുന്നതിനായി ഊർജ്ജക്ഷമതയുള്ള അടുപ്പുകൾ നൽകുക, സോളാർ പാനലുകൾ സ്ഥാപിക്കുക, കാർബൺ കുറക്കുന്നതിനുള്ള പരിശീലനങ്ങൾ നൽകുക, പച്ചത്തുരുത്തുകൾ നിർമ്മിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ ക്യാമ്പയിനിന്റെ ഭാഗമായി നടക്കുന്നു. ജില്ലയിൽ 5 ഗ്രാമപഞ്ചായത്തുകളെയാണ് ഈ ക്യാമ്പയിന്റെ ഭാഗമായി തിരഞ്ഞെടുത്തത്. 36 സ്ഥാപനങ്ങളിൽ സർവ്വേ നടത്തിയതിൽ മീനങ്ങാടി ഗ്രാമപഞ്ചായത്തിലെ എൻ എ എ യു പി സ്കൂൾ മാനികാവ്, തിരുനെല്ലി ഗ്രാമപഞ്ചായത്തിലെ മോഡൽ ഫോറസ്റ്റ് സ്റ്റേഷൻ എന്നിവ കാർബൺ നെഗറ്റീവ് പദവി നേടുകയും ചെയ്തു.

## തെങ്ങിന് തടം മണ്ണിന് ജലം ക്യാമ്പയിൻ

ജലസംരക്ഷണത്തിന്റെ പഴയ മാതൃക വീണ്ടെടുത്തു തെങ്ങിൻ തടങ്ങളെ ജല സംഭരണികളാക്കി മാറ്റുന്നതിനായി ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ആരംഭിച്ച ക്യാമ്പയിനാണ് 'തെങ്ങിന് തടം മണ്ണിന് ജലം' ക്യാമ്പയിൻ. മഴ വെള്ളം ഒഴുകി പോകാതെ പരമാവധി സംഭരിക്കുക വഴി ഭൂജല നിരപ്പ് ഉയർത്തുകയാണ് ക്യാമ്പയിനിന്റെ പ്രധാന ലക്ഷ്യം. മൺസൂൺ കാലത്തെ മഴ തെങ്ങിൻതടങ്ങളിൽ പരമാവധി സംഭരിച്ച് ഭൂഗർഭ ജലനിരപ്പ് ഉയർത്തുകയാണ് പ്രധാന ലക്ഷ്യം. ജില്ലയിൽ തെങ്ങിന്







തടം മണ്ണിനു ജലം ക്യാമ്പയിൻ നടപ്പാക്കുന്നതിന് ആദ്യഘട്ടത്തിൽ തിരഞ്ഞെടുത്തത് പനമരം ബ്ലോക്കിലെ വരൾച്ച ബാധിത മേഖലയായ പുൽപ്പള്ളി ഗ്രാമപഞ്ചായത്ത് ആണ്. 19 ആം വാർഡായ പാക്കം ആണ് ക്യാമ്പയിൻ നടത്താൻ തിരഞ്ഞെടുത്ത വാർഡ്. കൂടുതൽ തെങ്ങ് കൃഷിയുള്ള ഒരു പ്രദേശം കൂടിയാണ് പാക്കം. കർഷകർ, സന്നദ്ധ സംഘടനകൾ, തൊഴിലുറപ്പ് തൊഴിലാളികൾ, എൻഎസ്എസ് വിദ്യാർത്ഥികൾ, പ്രദേശവാസികൾ, ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ തുടങ്ങിയവരെ ഉൾപ്പെടുത്തിയാണ് ഈ ക്യാമ്പയിൻ വിജയിപ്പിച്ചത്.

### ഒരുതൈ നടാം

നവകേരളത്തിലേക്കുള്ള യാത്രയിൽ ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ സംസ്ഥാനത്ത് സംഘടിപ്പിക്കുന്ന ഒരുതൈ നടാം വൃക്ഷവൽക്കരണ ക്യാമ്പയിനിന്റെ ഭാഗമായി ജില്ലയിലെ സ്കൂളുകൾ, കുടുംബശ്രീ യൂണിറ്റുകൾ, പാടശേഖരസമിതികൾ, ഗ്രന്ഥശാലകൾ കോളേജുകൾ, സ്ഥാപനങ്ങൾ, തൊഴിലുറപ്പ് തൊഴിലാളികൾ, ഹരിതകർമ്മസേന, യുവജന സംഘടനകൾ, ഡ്രൈവേഴ്സ് യൂണിയൻ ,വ്യാപാര സംഘടനകൾ എൻഎസ്എസ്, എസ് പി സി യൂണിറ്റ് വിവിധ ക്ലബ്ബുകൾ എൻജിഒ യൂണിയൻ വിവിധ ബോർഡുകൾ തുടങ്ങിയവർ തൈകൾ നട്ടു. ഗ്രാമപഞ്ചായത്ത് തലത്തിലും വിദ്യാലയങ്ങളിലും മറ്റും ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ക്യാമ്പയിൻ വിശദീകരിച്ചുകൊണ്ടുള്ള യോഗങ്ങൾ ചേർന്ന് വിവിധ മേഖലകളിലുള്ളവർ ക്യാമ്പയിൻ പങ്കാളികളായി.

ജില്ലയിലെ പനമരം, മാനന്തവാടി, സുൽത്താൻ ബത്തേരി, കൽപ്പറ്റ എന്നീ നാല് ബ്ലോക്കുകളിലുമായി 270 വിദ്യാലയങ്ങളിൽ ഒരു തൈ നടാം ജനകീയ ക്യാമ്പയിൻ വളരെ വിജയകരമായി സംഘടിപ്പിച്ചു. ആർ പി മാരുടെ നേതൃത്വത്തിൽ സ്കൂൾ മേലധികാരികളുമായി യോഗങ്ങൾ ചേരുകയും ക്യാമ്പയിൻ വിശദീകരിക്കുകയും ചെയ്തു. എല്ലാ വിദ്യാലയങ്ങളിലും വിദ്യാർത്ഥികൾ പ്രാദേശികമായി സംഘടിപ്പിച്ച തൈകൾ പരസ്പരം കൈമാറി നട്ട് പരിപാലിച്ചു. ഹരിതഗ്രന്ഥശാല പ്രവർത്തനങ്ങളുടെ ഭാഗമായി ജില്ലയിൽ ഗ്രന്ഥശാല പ്രവർത്തകരും തൈകൾ പരസ്പരം കൈമാറി. കുടുംബശ്രീ പ്രവർത്തകരും ക്യാമ്പയിനിൽ സജീവമായി പങ്കെടുത്തു. ജനകീയ പങ്കാളിത്തത്തോടെ ഒരു തൈ നടാം ജനകീയ ക്യാമ്പയിനിലൂടെ ജില്ലയിൽ 1,74,000 തൈകൾ നട്ടു. മാനന്തവാടി ഗവൺമെന്റ് എൻജിനീയറിങ് കോളേജിലെ എൻഎസ്എസ് യൂണിറ്റിന്റെ നേതൃത്വത്തിൽ പൊതുസ്ഥലങ്ങളിൽ നട്ട 10% തൈകൾ ടീ ടാഗ് ചെയ്യുകയും ചെയ്തു. ജില്ലയിൽ രണ്ടായിരം തൈകളുടെ ടീ ടാഗിംങ് പൂർത്തീകരിച്ചു. പ്രാദേശികമായി സംഘടിപ്പിച്ചത് കൂടാതെ സോഷ്യൽ ഫോറസ്ട്രി, എം എസ് സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷൻ, പ്രൈവറ്റ് നഴ്സറികൾ, കശുവണ്ടി വികസന സമിതി തുടങ്ങിയവർ തൈകൾ സംഭാവന



ചെയ്തു.

ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ കഴിഞ്ഞ പത്തുവർഷക്കാലം പാരിസ്ഥിതിക മേഖലയിൽ നിരവധിയായ പ്രവർത്തനങ്ങളും ക്യാമ്പയിനുകളും ജില്ലയിൽ നടത്തിയിട്ടുണ്ട്. എന്നാൽ ചില ക്യാമ്പയിനുകൾ മിഷൻ ഉദ്ദേശിച്ച രീതിയിലേക്ക് വിജയിപ്പിക്കാൻ കഴിഞ്ഞിട്ടില്ല. അത്തരം ക്യാമ്പയിനുകളുടെ വിവരങ്ങൾ താഴെക്കൊടുക്കുന്നു.

## ജലഗുണനിലവാര പരിശോധന ലാബ്

പൊതു ജനങ്ങൾക്ക് ജലഗുണനിലവാര പരിശോധന സുഗമമാക്കുക എന്ന ലക്ഷ്യത്തോടെ ഹരിതകേരളം മിഷൻ ആരംഭിച്ച പദ്ധതിയാണ് ജലഗുണനിലവാര പരിശോധനാ ലാബ്. വിദ്യാഭ്യാസ ഉപഡയറക്ടർ നിർവ്വഹണ ഉദ്യോഗസ്ഥനായി, ഹയർ സെക്കണ്ടറി സ്കൂളിലെ വിദ്യാർഥികളുടെ സഹായത്തോടെ സാധാരണ ജനങ്ങൾക്ക് പ്രയോജനകരമാകുന്ന രീതിയിൽ ജലഗുണനിലവാര പരിശോധന നടത്തുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

ആദ്യ ഘട്ടത്തിൽ ജില്ലയിലെ മൂന്ന് നിയോജക മണ്ഡലങ്ങളിലെയും എം.എൽ.എ -മാരെ ഹരിതകേരളം മിഷൻ ജില്ലാ കോർഡിനേറ്ററുടെ നേതൃത്വത്തിൽ നേരിട്ട് കണ്ട് പദ്ധതി വിശദീകരിച്ചു. കല്പറ്റ നിയോജക മണ്ഡലം മുൻ എം എൽ എ യുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും 13.75 ലക്ഷം രൂപ വകയിരുത്തി. കൽപ്പറ്റ ബ്ലോക്കിലെ 11 ഹയർ സെക്കണ്ടറി സ്കൂളിൽ ലാബ് തുടങ്ങുവാൻ തീരുമാനിക്കുകയും നിർമ്മാണ ചുമതല കെ.ഐ.ഐ.ഡി.സി-ക്കു നൽകുകയും ചെയ്തു. മാനന്തവാടി നിയോജകമണ്ഡലത്തിൽ 7 സ്കൂളുകളിൽ പദ്ധതി നടത്തിപ്പിനായി തുക വകയിരുത്തിയിരുന്നെങ്കിലും കെ.ഐ.ഐ.ഡി.സി സമയ ബന്ധിതമായി പദ്ധതി ആരംഭിക്കാത്തതിനാൽ തുക വകമാറ്റിയ സാഹചര്യങ്ങളാണ് നിലവിലുള്ളത്.

ലാബ് നിർമ്മാണത്തിന്റെ പ്രാഥമിക സ്ഥല പരിശോധനയും ഹരിതകേരളം മിഷന്റെ പേരും

ശിലാഫലകവും സ്ഥാപിച്ചുവെങ്കിലും ജോലി പൂർത്തിയാക്കുന്നതിൽ കെ.ഐ.ഐ.ഡി.സി-യുടെ ഭാഗത്ത് നിന്നും കാലതാമസം വന്നതുകൊണ്ടു ലാബ് നിർമ്മാണം ഇതുവരെ പൂർത്തീകരിക്കുന്നതിന് സാധിച്ചിട്ടില്ല.

### ടീൻ ഫോർ ഗ്രീൻ - ഹരിത വീട്, ശുചിത്വ വീട് ക്യാമ്പയിൻ

ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ രണ്ടായിരത്തോളം എൻ.എസ്.എസ് വോളണ്ടിയേഴ്സിനെ ഉൾപ്പെടുത്തി ജില്ലാ മിഷൻ തുടക്കം കുറിച്ച ക്യാമ്പയിനാണ് ടീൻ ഫോർ ഗ്രീൻ ക്യാമ്പയിൻ. അജൈവ മാലിന്യങ്ങൾ വീടുകളിൽ നിന്ന് തരംതിരിച്ച് ഹരിതകർമ്മസേനക്ക് കൈമാറുക എന്നതാണ് ക്യാമ്പയിനിന്റെ ലക്ഷ്യം. ഹരിതകേരളം മിഷൻ, ശുചിത്വ മിഷൻ, നാഷണൽ സർവീസ് സ്കീം, ക്ലീൻ കേരള എന്നിവരുടെ സഹകരണത്തോടെ നടപ്പിലാക്കിയ ക്യാമ്പയിനാണിത്.




അജൈവ മാലിന്യം വളരെ ലളിതമായി മൂന്ന് രീതിയിൽ എങ്ങനെ തരം തിരിക്കാം എന്ന് ആദ്യഘട്ടത്തിൽ വളണ്ടിയർമാർക്ക് പരിശീലനം കൊടുക്കുകയും തുടർന്ന് എല്ലാ വിദ്യാർഥികളും തങ്ങളുടെ വീടുകളിൽ മാലിന്യങ്ങൾ തരം തിരിച്ചുവെച്ച് കൃത്യമായ ഇടവേളകളിൽ ഹരിതകർമ്മസേനക്ക് കൈമാറുകയും ചെയ്യും, അതിലൂടെ ഉറവിടത്തിൽ നിന്നുതന്നെ അജൈവ മാലിന്യം തരംതിരിച്ചു വയ്ക്കാനും കൈമാറാനും ഉള്ള സാഹചര്യം ഉണ്ടാകുന്നു. എന്നാൽ നിലവിൽ എൻ.എസ്.എസ്-ന്റെ നിസ്സഹകരണത്താൽ ഈ ക്യാമ്പയിനിന്റെ തുടർപ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകാൻ സാധിച്ചിട്ടില്ല.

അദ്ധ്യായം 6

# ഹരിതകേരളം മിഷനിലൂടെ സാധ്യമായ തദ്ദേശ സ്വയംഭരണ സ്ഥാപന ശാക്തീകരണം

കേരളത്തിന്റെ വികസന ചരിത്രത്തിൽ അധികാരവികേന്ദ്രീകരണത്തിലൂടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കൈവരിച്ച നേട്ടങ്ങൾ നിസ്തുലമാണ്. പ്രാദേശിക ആസൂത്രണത്തിലൂടെ ജനങ്ങളുടെ അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റുന്നതിൽ ഗ്രാമപഞ്ചായത്തുകളും നഗരസഭകളും വിജയിച്ചുവെങ്കിലും, മാറിവരുന്ന കാലഘട്ടത്തിൽ പരിസ്ഥിതി സംരക്ഷണം, മാലിന്യ സംസ്കരണം, ജലസുരക്ഷ തുടങ്ങിയ മേഖലകളിൽ നേരിട്ട വെല്ലുവിളികൾക്ക് ശാസ്ത്രീയമായ പരിഹാരം കാണുന്നതിൽ പരിമിതികൾ ഉണ്ടായിരുന്നു. ഈ വിടവ് നികത്താനും, തദ്ദേശ സ്ഥാപനങ്ങളെ പുതിയ കാലത്തെ വെല്ലുവിളികൾ ഏറ്റെടുക്കാൻ പ്രാപ്തരാക്കാനുമാണ് 2016-ൽ നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായി ഹരിതകേരളം മിഷൻ രൂപീകൃതമാകുന്നത്.

വയനാട് എന്ന പാരിസ്ഥിതിക പ്രാധാന്യമുള്ള ജില്ലയെ സംബന്ധിച്ചിടത്തോളം ഈ ദൗത്യം നിർണ്ണായകമായിരുന്നു. കൃഷി, ജലസംരക്ഷണം, മാലിന്യ സംസ്കരണം എന്നീ മേഖലകളിൽ തദ്ദേശ സ്ഥാപനങ്ങൾക്ക് കൃത്യമായ ദിശാബോധം നൽകാനും, സാങ്കേതികവും മനുഷ്യവിഭവശേഷിപരവുമായ പിന്തുണ നൽകി അവരെ സ്വയംപര്യാപ്തതയിലേക്ക് നയിക്കാനും കഴിഞ്ഞ ഒൻപത് വർഷത്തെ പ്രവർത്തനങ്ങളിലൂടെ മിഷന് സാധിച്ചു. ഹരിതകേരളം മിഷൻ നൽകിയ കൈത്താങ്ങിലൂടെ ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എങ്ങനെയാണ് സുസ്ഥിര വികസനത്തിന്റെ പുതിയ മാതൃകകൾ സൃഷ്ടിച്ചതെന്നും, ഭരണനിർവ്വഹണത്തിൽ എങ്ങനെ ശാക്തീകരിക്കപ്പെട്ടു എന്നതിന്റേയും സമഗ്രമായ അവലോകനമാണ് ഈ അധ്യായത്തിൽ.

## മാലിന്യമുക്ത വയനാട്: തദ്ദേശ സ്ഥാപനങ്ങളുടെ ശാക്തീകരണവും മുന്നേറ്റവും

മാലിന്യസംസ്കരണം എന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അനിവാര്യമായ ഒരു ചുമതലയായി നിർവചിക്കപ്പെട്ടിരുന്നെങ്കിലും നഗരപ്രദേശങ്ങളിൽ മാത്രം ഒതുങ്ങിനിൽക്കേണ്ട ഒന്നാണ് മാലിന്യസംസ്കരണം എന്ന ധാരണയായിരുന്നു മിക്ക ഗ്രാമപഞ്ചായത്തുകളും 2015 വരെയുള്ള

കാലയളവുവരെ വെച്ചുപുലർത്തിയിരുന്നത്. എന്നാൽ ഹരിതകേരളം മിഷന്റെ വരവോടുകൂടി പുറത്തിറങ്ങിയ മാർഗരേഖകളും ഉത്തരവുകളും ഈ ധാരണ തിരുത്തിക്കുറിക്കുന്നതിനും, ശാസ്ത്രീയമായ മാലിന്യസംസ്കരണത്തിന്റെ ആവശ്യകത തദ്ദേശസ്ഥാപനങ്ങളെ ബോധ്യപ്പെടുത്തുന്നതിനും കാരണമായി.

ദിശാബോധവും സാങ്കേതിക പിന്തുണയും ഏകദേശം പത്ത് വർഷം മുൻപുവരെ വയനാട് ജില്ലയിലെ മാലിന്യസംസ്കരണ സംവിധാനങ്ങൾക്ക് ഏകീകൃതമായ ഒരു സ്വഭാവം ഉണ്ടായിരുന്നില്ല. ജൈവ-അജൈവ-ദ്രവ മാലിന്യങ്ങൾ എങ്ങനെ ശാസ്ത്രീയമായി സംസ്കരിക്കണമെന്നോ, അത് എപ്രകാരം നടപ്പിലാക്കണമെന്നോ ഉള്ള സാങ്കേതികമായ അറിവില്ലായ്മ തദ്ദേശ സ്ഥാപനങ്ങൾക്ക് വലിയ വെല്ലുവിളിയായിരുന്നു. 2011-ലെ സെൻസസ് പ്രകാരം എട്ട് ലക്ഷത്തോളം ജനസംഖ്യയുണ്ടായിരുന്ന വയനാട് ജില്ലയിൽ, 2017-ൽ അജൈവ മാലിന്യം ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയിരുന്നത് കേവലം 3875 പേർ മാത്രമായിരുന്നു എന്നത് തദ്ദേശ സ്ഥാപനങ്ങൾ നേരിട്ടിരുന്ന പ്രതിസന്ധിയുടെ ആഴം വ്യക്തമാക്കുന്നു. 2017 മുതൽ ഹരിതകേരളം മിഷൻ നൽകിയ കൃത്യമായ മാർഗ്ഗനിർദ്ദേശങ്ങളും വികേന്ദ്രീകൃത മാലിന്യസംസ്കരണ രീതികളും തദ്ദേശ സ്ഥാപനങ്ങൾക്ക് ഈ രംഗത്ത് ദിശാബോധം നൽകുകയും അവരെ കർമ്മനിരതരാക്കുകയും ചെയ്തു.

**ഹരിതകർമ്മസേന:** മാറ്റത്തിന്റെ പടയാളികൾ അജൈവ മാലിന്യസംസ്കരണ മേഖലയിലെ ഏറ്റവും വലിയ ചുവടുവെപ്പായിരുന്നു 2017-ലെ ഹരിതകർമ്മസേനയുടെ രൂപീകരണം. 2018 മുതലാണ് ജില്ലയിൽ ഇവരുടെ പ്രവർത്തനം തദ്ദേശസ്ഥാപന തലത്തിൽ ശക്തമായത്. തുടക്കത്തിൽ സേനയുടെ പ്രവർത്തനം സമൂഹത്തിൽ നിന്ന് കനത്ത എതിർപ്പുകൾ നേരിട്ടിരുന്നു. നിശ്ചിത തുക യൂസർഫീ നൽകുന്നതിനും, മാലിന്യങ്ങൾ കൈമാറുന്നതിനും പലരും വിമുഖത കാണിച്ചു. എന്നാൽ "എന്റെ മാലിന്യം എന്റെ ഉത്തരവാദിത്വം" എന്ന മുദ്രാവാക്യവുമായി ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ, തദ്ദേശ സ്ഥാപനങ്ങളുടെയും വിവിധ വകുപ്പുകളുടെയും സഹകരണത്തോടെ സമൂഹത്തിലേക്ക് ഇറങ്ങി പ്രവർത്തിച്ചതിന്റെ ഫലമായി ഇന്ന് ജില്ലയിലെ 26 തദ്ദേശസ്ഥാപനങ്ങളിലും മാലിന്യ സംസ്കരണ മേഖലയിൽ മികച്ച മാതൃകകൾ സൃഷ്ടിക്കപ്പെട്ടു. ഇന്ന് വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും മാലിന്യങ്ങൾ ശേഖരിക്കുകയും കൈമാറുകയും ചെയ്യുന്ന ഹരിതകർമ്മസേന, മാലിന്യ സംസ്കരണ രംഗത്തെ അവിഭാജ്യ ഘടകമായി മാറിയിരിക്കുന്നു.

**ഹരിതമിത്രം ആപ്പും സാങ്കേതിക ശാക്തീകരണവും:** ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങളെ ശാക്തീകരിക്കുന്നതിൽ ഹരിത സഹായ സ്ഥാപനങ്ങളും 'ഹരിതമിത്രം' ആപ്പും വലിയ പങ്കുവഹിച്ചു. യൂസർഫീ മോണിറ്ററിംഗ് ചെയ്യുന്നതിനും, കളക്ഷനിൽ വർധനവ് ഉണ്ടാക്കുന്നതിനും ഈ മൊബൈൽ ആപ്പ് സഹായകമായി. ഓരോ തദ്ദേശസ്വയംഭരണ സ്ഥാപന അടിസ്ഥാനത്തിലും വിവിധങ്ങളായ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങളിൽ ഒന്നായി യൂസർഫീ രസീത് നിർബന്ധമാക്കിയത്, എല്ലാ മാസവും കൃത്യമായി ഫീ നൽകുന്നതിനുള്ള അവബോധം ജനങ്ങളിൽ സൃഷ്ടിക്കാൻ സഹായിച്ചു.

**സുരക്ഷയും സാമ്പത്തിക ഭദ്രതയും:** ഹരിതകർമ്മസേനയ്ക്ക് കൃത്യമായ യൂണിഫോം സംവിധാനം ഏർപ്പെടുത്തുകയും, അവരുടെ പ്രവർത്തനങ്ങൾക്കാവശ്യമായ സുരക്ഷാ ഉൽപ്പന്നങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. സേനയുടെ തുടക്കകാലത്തും, കോവിഡ് പ്രതിസന്ധി ഘട്ടത്തിലും അവരുടെ സാമ്പത്തിക സുരക്ഷ ഉറപ്പുവരുത്തുന്നതിനായി 'വയബിലിറ്റി ഗ്യാപ്പ് ഫണ്ട്' (VGF) വഴി നിശ്ചിത വരുമാനം ഉറപ്പാക്കാൻ തദ്ദേശ സ്ഥാപനങ്ങൾക്ക് സാധിച്ചു. കൂടാതെ ഹരിത സഹായ സ്ഥാപനങ്ങളെ നിയോഗിച്ചത് തദ്ദേശ സ്ഥാപനങ്ങളെ സഹായിക്കുന്നതിനും ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾക്ക് കൂടുതൽ ദിശാബോധം നൽകുന്നതിനും സാധിച്ചു.

**സംരംഭകത്വത്തിലേക്കുള്ള വളർച്ച:** യൂസർഫീക്ക് പുറമേ അധിക വരുമാനം കണ്ടെത്തുന്നതിനായി പല തദ്ദേശസ്ഥാപനങ്ങളിലും ഹരിതകർമ്മസേനകൾ കഫറ്റീരിയ, തുണിസഞ്ചി നിർമ്മാണം, തയ്യൽ യൂണിറ്റുകൾ, ജനകീയ ഹോട്ടലുകൾ, സ്റ്റീൽ പാത്രങ്ങളും ഗ്ലാസുകളും വാടകയ്ക്ക് കൊടുക്കൽ, സ്വാപ്പ് ഷോപ്പ്, ജൈവവള നിർമ്മാണ യൂണിറ്റ് തുടങ്ങിയ സംരംഭങ്ങൾ നടത്തിവരുന്നു. ഹരിതകർമ്മസേന ഒരു സംരംഭമായി ജില്ലയിൽ വളരാൻ ഇത്തരം പ്രവർത്തനങ്ങൾ സഹായിച്ചു.

അടിസ്ഥാന സൗകര്യ വികസനം മാലിന്യ ശേഖരണത്തിന് ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിൽ മിഷൻ തദ്ദേശ സ്ഥാപനങ്ങളെ സ്വയംപര്യാപ്തമാക്കി. ഇതിന്റെ ഭാഗമായി ജില്ലയിൽ വിപുലമായ സംവിധാനങ്ങൾ നിലവിൽ വന്നു:

- എം.സി.എഫ് (MCF): ജില്ലയിൽ ആകെ 26 എം.സി.എഫുകൾ (20 സ്ഥിരം, 6 താൽക്കാലികം) സ്ഥാപിച്ചു.
- മിനി എം.സി.എഫ്: വാർഡ് തലത്തിൽ മാലിന്യശേഖരണത്തിനായി 782 മിനി എം.സി. എഫുകൾ സജ്ജീകരിച്ചു.
- ബോട്ടിൽ ബൂത്തുകൾ: പൊതുയിടങ്ങളിൽ വലിച്ചെറിയപ്പെടുന്ന കുപ്പികൾ ശേഖരിക്കാൻ ബോട്ടിൽ ബൂത്തുകൾ സ്ഥാപിച്ചു.
- ജില്ലാ ഗോഡൗൺ: ജില്ലയിൽ ആർ.ആർ.എഫ് (RRF) ഇല്ലാത്ത സാഹചര്യം മറികടക്കാൻ ക്ലീൻ കേരള കമ്പനിയുടെ സഹകരണത്തോടെ വരദൂരിൽ ജില്ലാ ഗോഡൗൺ സ്ഥാപിച്ച് മാലിന്യ നീക്കം സുഗമമാക്കി.

ഇവയ്ക്ക് പുറമെ, 23 ഗ്രാമപഞ്ചായത്തുകളിലും 3 നഗരസഭകളിലും ശുചിത്വമിഷൻ, കുടുംബശ്രീ, ക്ലീൻ കേരള കമ്പനി എന്നിവരുമായി ചേർന്ന് മാലിന്യം തരംതിരിക്കുന്നതിന് ആവശ്യമായ ശാസ്ത്രീയ പരിശീലനം നൽകി തദ്ദേശ സ്ഥാപനങ്ങളുടെ ശേഷി വർധിപ്പിച്ചു.

## ദ്രവമാലിന്യ സംസ്കരണവും ജനകീയ ക്യാമ്പയിനുകളും

ഹരിതകേരളം മിഷന്റെ ഇടപെടലിലൂടെ ദ്രവമാലിന്യ സംസ്കരണ രംഗത്ത് ഗാർഹിക, സ്ഥാപന, കമ്മ്യൂണിറ്റി തലങ്ങളിൽ കൃത്യമായ സംവിധാനങ്ങൾ രൂപപ്പെടുത്താൻ തദ്ദേശ സ്ഥാപനങ്ങൾക്ക് സാധിച്ചു. 'വലിച്ചെറിയൽ മുക്ത കേരളം' ക്യാമ്പയിനിലൂടെ രൂപപ്പെടുത്തിയ ജനകീയ പങ്കാളിത്തം, 'മാലിന്യമുക്തം നവകേരളം' ജനകീയ ക്യാമ്പയിനിൽ എത്തിനിൽക്കുമ്പോൾ, മുൻപ് വെല്ലുവിളി നേരിട്ടിരുന്ന മേഖലകളിലെല്ലാം കൃത്യമായ നിർവഹണ സംവിധാനങ്ങൾ ഉണ്ടാക്കാൻ തദ്ദേശ സ്ഥാപനങ്ങളെ പ്രാപ്തരാക്കിയിട്ടുണ്ട്.

## നിയമ ബോധവൽക്കരണവും വകുപ്പുതല ഏകോപനവും

'മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം' എന്ന ക്യാമ്പയിനിലൂടെ ആരംഭിച്ച ഹരിത നിയമ ബോധവൽക്കരണ പ്രവർത്തനങ്ങൾ ഘട്ടം ഘട്ടമായി ജനങ്ങളിലേക്ക് എത്തിക്കാൻ കഴിഞ്ഞത് തദ്ദേശ സ്ഥാപനങ്ങളുടെ വലിയൊരു നേട്ടമാണ്. ഇത് മാലിന്യങ്ങൾ വലിച്ചെറിയുന്നതും കത്തിക്കുന്നതും ഒരു പരിധിവരെ കുറയ്ക്കുന്നതിന് സഹായിച്ചു. പ്രത്യേക സർക്കാർ ഉത്തരവുകളിലൂടെ തദ്ദേശസ്ഥാപനങ്ങൾ, ജില്ലാ ഭരണകൂടം, മറ്റു വകുപ്പുകൾ എന്നിവരെയെല്ലാം ഏകോപിപ്പിക്കാൻ സാധിച്ചത് ജില്ലയിലെ മാലിന്യ സംസ്കരണ മേഖലയിൽ പ്രകടമായ മാറ്റങ്ങൾ ഉണ്ടാക്കുന്നതിന് തദ്ദേശ സ്ഥാപനങ്ങൾക്ക് കരുത്തേകി.

## ശാസ്ത്രീയമായ ഉറവിട മാലിന്യ സംസ്കരണം

ഉറവിട മാലിന്യ സംസ്കരണ ഉപാധികൾ വിതരണം ചെയ്യുന്നതിന് തദ്ദേശസ്ഥാപനങ്ങൾ പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചത് ഗാർഹിക തലത്തിൽ മാലിന്യ സംസ്കരണം പ്രോത്സാഹിപ്പിക്കുന്നതിന് കാരണമായി. തദ്ദേശ സ്ഥാപനങ്ങൾ വഴി വിതരണം ചെയ്ത ബയോ കമ്പോസ്റ്റ് ബിന്നുകൾ, വെർമി കമ്പോസ്റ്റിങ് യൂണിറ്റുകൾ, പിറ്റ് കമ്പോസ്റ്റുകൾ, പോട്ട് കമ്പോസ്റ്റ് എന്നിവയും, കമ്മ്യൂണിറ്റി തലത്തിൽ സ്ഥാപിച്ച ബയോഗ്യാസ് പ്ലാന്റുകൾ, തുമ്പൂർമുഴികൾ എന്നിവയും ശാസ്ത്രീയമായ ഉറവിട മാലിന്യ സംസ്കരണത്തിന് അടിത്തറയിട്ടു.

## എൻഫോഴ്സ്മെന്റ്: നിയമപാലനത്തിലെ ജാഗ്രത

അശാസ്ത്രീയമായ മാലിന്യ സംസ്കരണത്തിനെതിരെ കർശനമായ നടപടികൾ സ്വീകരിക്കാൻ തദ്ദേശസ്ഥാപനങ്ങളെ മിഷൻ സജ്ജമാക്കി. ജില്ലാ സ്ക്വാഡുകളുടെയും തദ്ദേശസ്ഥാപന അടിസ്ഥാനത്തിലുള്ള

എൻഫോഴ്സ്മെന്റ് ടീമിന്റെയും നേതൃത്വത്തിൽ വ്യാപാര കേന്ദ്രങ്ങളിൽ പരിശോധനകൾ കർശനമാക്കി. ഒറ്റത്തവണ ഉപയോഗമുള്ള പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള നിരോധിത ഉൽപ്പന്നങ്ങൾ വിൽക്കുന്നവരിൽ നിന്നും പിഴ ഈടാക്കുന്നത് തുടങ്ങിയ പ്രവർത്തനങ്ങൾ ജില്ലയിലെ മാലിന്യങ്ങളുടെ അളവ് കുറയ്ക്കുവാൻ തദ്ദേശ സ്ഥാപനങ്ങളെ സഹായിച്ചു.

ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ കുടുംബശ്രീ അയൽക്കൂട്ടങ്ങൾ, കോളേജുകൾ, സ്കൂളുകൾ തുടങ്ങിയ മേഖലകളിൽ നടത്തിയ പ്രത്യേക നിയമ അവബോധ ക്ലാസുകളും, എൻഫോഴ്സ്മെന്റ് സ്ക്വാഡുകളുടെ നിരന്തര മോണിറ്ററിംഗും ജില്ലയിൽ വലിയ മാറ്റങ്ങൾ ഉണ്ടാക്കിയിട്ടുണ്ട് എന്നത് ഒരു വസ്തുതയാണ്.

## ഹരിതചട്ടത്തിലൂടെ മനോഭാവ മാറ്റത്തിലേക്ക്

ഹരിതകേരളം മിഷൻ ആവിഷ്കരിച്ച ജനകീയ ക്യാമ്പയിനുകൾ ജനങ്ങളുടെ മനോഭാവത്തെ സ്വാധീനിക്കുന്ന വലിയൊരു സാമൂഹിക മുന്നേറ്റമായി മാറി. ഹരിതകേരളം മിഷന്റെ ഹരിത നിയമ ബോധവൽക്കരണ പ്രവർത്തനങ്ങൾ ജനങ്ങളിലേക്ക് ആഴത്തിൽ ഇറങ്ങിച്ചെന്നത് നിയമം ഭയന്നല്ല, മറിച്ച് അതൊരു ഉത്തരവാദിത്തമായി ഏറ്റെടുക്കുന്ന മനോഭാവമാറ്റത്തിലേക്കാണ് നയിച്ചത്. ഇതിന്റെ ഏറ്റവും വലിയ ഉദാഹരണമാണ് 'ഹരിതചട്ടം' (Green Protocol) ജനങ്ങൾ സ്വയമേ പാലിച്ചുതുടങ്ങിയത്.

വിവാഹങ്ങൾ, ഉത്സവങ്ങൾ, ആഘോഷങ്ങൾ തുടങ്ങിയവയിൽ ഗ്രീൻ പ്രോട്ടോക്കോൾ എന്ന ആശയം പ്രാവർത്തികമാക്കാൻ തദ്ദേശ സ്ഥാപനങ്ങൾ നടത്തിയ ഇടപെടലുകൾ വിജയം കണ്ടു. 2017-ൽ നിന്നും 2026-ലേക്ക് എത്തുമ്പോൾ പൊതുതലത്തിൽ അടിച്ചേൽപ്പിക്കപ്പെട്ട ഒന്നിൽ നിന്നും, വ്യക്തിതലത്തിൽ ശീലമാക്കിയ ഒന്നായി ഗ്രീൻ പ്രോട്ടോക്കോൾ മാറിയിരിക്കുന്നു. സർക്കാർ ഓഫീസുകൾ, വിദ്യാലയങ്ങൾ, കോളേജുകൾ, ആശുപത്രികൾ എന്നിവിടങ്ങളിൽ ജീവനക്കാരും വിദ്യാർത്ഥികളും പ്ലാസ്റ്റിക് ബദൽ ഉൽപ്പന്നങ്ങൾ തങ്ങളുടെ നിത്യജീവിതത്തിന്റെ ഭാഗമാക്കി മാറ്റിയത്, മിഷൻ ക്യാമ്പയിനുകൾ സൃഷ്ടിച്ച അവബോധത്തിന്റെ പ്രതിഫലനമാണ്.

## ജനകീയ ക്യാമ്പയിനുകൾ: പങ്കാളിത്തത്തിലൂടെയുള്ള മുന്നേറ്റം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്ക് ജനങ്ങളുടെ ഇടയിൽ സ്വീകാര്യതയും പങ്കാളിത്തവും ഉറപ്പാക്കുന്നതിൽ ഹരിതകേരളം മിഷൻ ആവിഷ്കരിച്ച ജനകീയ ക്യാമ്പയിനുകൾ നിർണ്ണായക പങ്കുവഹിച്ചു. ഉദ്യോഗസ്ഥരിലും ജനപ്രതിനിധികളിലും മാത്രം ഒതുങ്ങിനിന്നിരുന്ന പല പദ്ധതികളെയും ജനങ്ങളുടെ ആഘോഷമാക്കി മാറ്റാൻ ഈ ക്യാമ്പയിനുകളിലൂടെ സാധിച്ചു.

മാലിന്യത്തിനെതിരെ ജനകീയ പ്രതിരോധം 'വലിച്ചെറിയൽ മുക്ത കേരളം', 'മാലിന്യമുക്തം നവകേരളം' തുടങ്ങിയ ക്യാമ്പയിനുകൾ തദ്ദേശ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഒരു ജനകീയ മുന്നേറ്റമായി മാറി. പൊതുയിടങ്ങളിൽ മാലിന്യം വലിച്ചെറിയുന്ന ശീലത്തിനെതിരെ ജനങ്ങളെ അണിനിരത്താൻ തദ്ദേശ സ്ഥാപനങ്ങൾക്ക് കഴിഞ്ഞു. ശുചീകരണ പ്രവർത്തനങ്ങളിൽ രാഷ്ട്രീയ-സാമൂഹിക-സാംസ്കാരിക സംഘടനകളുടെയും പൊതുജനങ്ങളുടെയും വൻ പങ്കാളിത്തം ഉറപ്പാക്കിയതോടെ, മാലിന്യ സംസ്കരണം എന്നത് തദ്ദേശ സ്ഥാപനത്തിന്റെ മാത്രം ഉത്തരവാദിത്തമല്ല, മറിച്ച് സമൂഹത്തിന്റെ കൂട്ടുത്തരവാദിത്തമാണെന്ന ബോധം സൃഷ്ടിക്കപ്പെട്ടു. വെല്ലുവിളി നേരിട്ടിരുന്ന മേഖലകളിൽ പോലും കൃത്യമായ നിർവഹണ സംവിധാനങ്ങൾ ഉണ്ടാക്കാൻ ഈ ജനപിന്തുണ തദ്ദേശ സ്ഥാപനങ്ങൾക്ക് കരുത്തേകി.

മലിനമായിക്കിടന്ന ജലസ്രോതസ്സുകളെ വീണ്ടെടുക്കുന്നതിനായി ആവിഷ്കരിച്ച 'ഇനി ഞാൻ ഒഴുകട്ടെ' ക്യാമ്പയിൻ വൻ വിജയമായിരുന്നു. വർഷങ്ങളായി ഒഴുക്ക് നിലച്ചും മാലിന്യം നിറഞ്ഞും കിടന്നിരുന്ന തോടുകളും പുഴകളും ജനപങ്കാളിത്തത്തോടെ ശുചീകരിച്ച് നീരൊഴുക്ക് സുഗമമാക്കി. വയനാടിന്റെ പാരിസ്ഥിതിക പ്രാധാന്യം കണക്കിലെടുത്ത് നടപ്പിലാക്കിയ 'സുരക്ഷിതമാക്കാം പശ്ചിമഘട്ടം' പോലുള്ള ക്യാമ്പയിനുകൾ ജലസ്രോതസ്സുകളിലെ മാലിന്യ നിക്ഷേപം കുറയ്ക്കുന്നതിനും, ജലസുരക്ഷ

ഉറപ്പാക്കുന്നതിനും തദ്ദേശ സ്ഥാപനങ്ങളെ സഹായിച്ചു. മലിനജലം ജലാശയങ്ങളിലേക്ക് ഒഴുക്കിവിടുന്ന പ്രവണതക്കെതിരെ ജാഗ്രത പുലർത്താൻ ജനങ്ങളെ സജ്ജരാക്കിയതും ഈ ക്യാമ്പയിനുകളാണ്.

മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിനിലൂടെ ജില്ലയിലെ മാലിന്യസംസ്കരണ മേഖലയ്ക്ക് കൂടുതൽ ജനകീയത കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. ഹരിത വിദ്യാലയങ്ങൾ,ഹരിത കലാലയങ്ങൾ,ഹരിത ടൗണുകൾ,ഹരിത ഗ്രന്ഥാലയങ്ങൾ ,ഹരിത അയൽക്കൂട്ടങ്ങൾ,ഹരിത ടൂറിസം കേന്ദ്രങ്ങൾ തുടങ്ങിയ ക്യാമ്പയിനുകൾ ഓരോ മേഖലയിലും ശ്രദ്ധിക്കപ്പെടുന്ന മാറ്റങ്ങൾ സൃഷ്ടിച്ചു.

മാലിന്യസംസ്കരണം, ജലസംരക്ഷണം,പരിസ്ഥിതി സംരക്ഷണം ,ഗ്രീൻ പ്രോട്ടോക്കോൾ, ഊർജ സംരക്ഷണം തുടങ്ങിയ മേഖലകളിലെ ഇടപെടലുകൾ കൂടുതൽ പരിസ്ഥിതി സൗഹൃദവും കാര്യക്ഷമവും ആക്കുന്നതിന് സഹായകരമായി. ഹരിത ടൗണുകൾ പോലുള്ള ക്യാമ്പയിനുകൾ അതാത് പ്രദേശങ്ങളിലെ ജനങ്ങൾ ക്ലബ്ബുകൾ വ്യാപാരികൾ എന്നിവർ ഏറ്റെടുത്തു നടത്തിയതും ഇന്നും അത് അവരുടെ നേതൃത്വത്തിൽ തന്നെ പരിപാലിച്ചു വരുന്നതും ക്യാമ്പയിനിന്റെ വിജയമാണ്. ഹരിത ടൂറിസം കേന്ദ്രം ക്യാമ്പയിനിലൂടെ എല്ലാ ടൂറിസം കേന്ദ്രങ്ങളിലും ശാസ്ത്രീയ മാലിന്യ സംസ്കരണ ഉപാധികൾ സ്ഥാപിക്കുകയും ഗ്രീൻ ചെക്ക് പോസ്റ്റ് പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിതമാക്കുകയും ചെയ്തത് കൂടുതൽ വിനോദസഞ്ചാരികൾ സന്ദർശിക്കുവാൻ കാരണമായി.

കൃത്യമായ ആസൂത്രണത്തിലൂടെയും നിർവഹണത്തിലൂടെയും ഭൗതിക സാഹചര്യങ്ങൾ ഒരുക്കിയും, ഹരിതകർമ്മസേനയെ സജ്ജമാക്കിയും, നിയമപാലനം ഉറപ്പാക്കിയും വകുപ്പുകളുടെ ഏകോപനത്തോടെ ഹരിതകേരളം മിഷന് വയനാട് ജില്ലയിലെ തദ്ദേശ സ്ഥാപനങ്ങളെ മാലിന്യസംസ്കരണ രംഗത്ത് മുന്നോട്ട് നയിക്കാൻ കഴിഞ്ഞിട്ടുണ്ട്.

### ജലസുരക്ഷ: തദ്ദേശ സ്ഥാപനങ്ങളുടെ ശാക്തീകരണവും കരുതലും

ഹരിതകേരളം മിഷന്റെ ഭാഗമായി വയനാട് ജില്ലയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ജലസുരക്ഷയ്ക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള ബൃഹത്തായ ജലസംരക്ഷണ പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയത്. പൊതുജന പങ്കാളിത്തത്തോടെയുള്ള 'എല്ലാവരെയും ജലാശയങ്ങളിലേക്ക്' എന്ന ക്യാമ്പയിൻ മുതൽ ശാസ്ത്രീയമായ ജലബജറ്റ് തയ്യാറാക്കൽ വരെയുള്ള പ്രവർത്തനങ്ങൾ ഇതിൽ ഉൾപ്പെടുന്നു. ജലാശയങ്ങളെ മാലിന്യമുക്തമാക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുൻപ് പല പദ്ധതികളും നടപ്പിലാക്കിയിരുന്നെങ്കിലും അവയൊന്നും പൂർണ്ണമായി ലക്ഷ്യം കണ്ടിരുന്നില്ല. എന്നാൽ, ഹരിതകേരളം മിഷനിലൂടെ ബഹുജന പങ്കാളിത്തം ഉറപ്പാക്കിയും വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെയും നടപ്പിലാക്കിയ പദ്ധതികളും ക്യാമ്പയിനുകളും ജലസംരക്ഷണ മേഖലയിൽ സുസ്ഥിരമായ മാറ്റങ്ങൾ സൃഷ്ടിച്ചു.

നീർച്ചാലുകളുടെ ശാസ്ത്രീയ വീണ്ടെടുപ്പ് വരൾച്ച, പ്രളയം തുടങ്ങിയ കാലാവസ്ഥാ വ്യതിയാനങ്ങളെ നേരിടുന്നതിനും നദികൾ, നീർച്ചാലുകൾ, ഭൂഗർഭജലം എന്നിവയുടെ നിലനിൽപ്പ് ഉറപ്പാക്കുന്നതിനും ശാസ്ത്രീയമായ ഇടപെടലുകളാണ് മിഷൻ നടത്തിയത്. നീർച്ചാലുകൾ ശാസ്ത്രീയമായി കണ്ടെത്തി, വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് ഭൂപടങ്ങൾ തയ്യാറാക്കി തദ്ദേശ സ്ഥാപനങ്ങൾക്ക് കൈമാറിയാണ് ക്യാമ്പയിനുകൾ നടപ്പിലാക്കിയത്. ഇതിന് മുൻപ് തദ്ദേശ സ്ഥാപനങ്ങളിൽ നീർച്ചാലുകളുടെ ഭൂപടമോ അവയുടെ പേരുകളോ വ്യക്തമായി ഒരിടത്തും രേഖപ്പെടുത്തിയിരുന്നില്ല എന്നത് വലിയൊരു ന്യൂനതയായിരുന്നു. ഹരിതകേരളം മിഷന്റെ 'കബനിക്കായ് വയനാട്', 'സുരക്ഷിതമാക്കാം പശ്ചിമഘട്ടം' എന്നീ ക്യാമ്പയിനുകളിലൂടെ ഒരു തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലെ മുഴുവൻ നീർച്ചാലുകളുടേയും ആധികാരിക രേഖകൾ ഭൂപടം സഹിതം സൂക്ഷിക്കാൻ കഴിയുന്ന നേട്ടത്തിലേക്ക് എത്തിച്ചു. വരും വർഷങ്ങളിലും നീർച്ചാൽ നവീകരണത്തിനും ജലസംരക്ഷണ പ്രവർത്തനങ്ങൾക്കും ഈ രേഖകൾ വലിയ മുതൽക്കൂട്ടാകും.

വകുപ്പുതല ഏകോപനവും ജനകീയതയും: ഹരിതകേരളം മിഷൻ വഴി രൂപീകരിക്കപ്പെട്ട ജലസാങ്കേതിക സമിതികൾ വലിയ സാധ്യതയാണ് തദ്ദേശ സ്ഥാപനങ്ങൾക്ക് മുമ്പിലേക്ക് തുറന്നിട്ടത്. ജലസംരക്ഷണ

മേഖലയിൽ ഇടപെടുന്ന വിവിധ വകുപ്പുകളെ ഹരിതകേരളം മിഷൻ മുഖേന ഒരൊറ്റ പ്ലാറ്റ്ഫോമിൽ കൊണ്ടുവരാൻ സാധിക്കുകയും, തദ്ദേശ സ്ഥാപന തലത്തിൽ ഈ വകുപ്പുകളുടെ സഹായത്തോടെ പ്രവർത്തനങ്ങൾ ഏറ്റെടുക്കാനും ഇത് വഴി കഴിഞ്ഞു. ഈ സാങ്കേതിക സമിതികളുടെ നേതൃത്വത്തിൽ നീർത്തടാധിഷ്ഠിത മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കി. ഇത് തദ്ദേശ സ്ഥാപനങ്ങൾക്ക് ശാസ്ത്രീയമായ ഒരു രേഖ തയ്യാറാക്കാൻ സാധിച്ചു.

വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും ഏകോപനത്തോടെ കിണർ റീച്ചാർജിംഗ്, തടയണകൾ നിർമ്മിക്കൽ തുടങ്ങി വിവിധ ജലസംരക്ഷണ പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകാൻ സാധിച്ചു.

നീർച്ചാലുകളുടെ മാപ്പിംഗിന് തുടർച്ചയായി, കണ്ടെത്തിയ പ്രശ്നങ്ങൾ പരിഹരിക്കാൻ വിവിധ വകുപ്പുകളെയും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയെയും ഏകോപിപ്പിച്ചുകൊണ്ട് തുടർപ്രവർത്തനങ്ങൾ ജനകീയമായി മുന്നോട്ട് കൊണ്ടുപോകാൻ ഹരിതകേരളം മിഷൻ തദ്ദേശ സ്ഥാപനങ്ങളെ സഹായിച്ചു. ജനപങ്കാളിത്തം ഉറപ്പാക്കിയതോടെ പദ്ധതികൾക്ക് കൂടുതൽ സ്വീകാര്യതയും കാര്യക്ഷമതയും കൈവരിക്കാൻ സാധിച്ചു.

ജലബജറ്റ്: ജലവിനിയോഗത്തിന് കൃത്യമായ കണക്ക് മുൻകാലങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ ജലലഭ്യതയും ജലവിനിയോഗവും സംബന്ധിച്ച കൃത്യമായ രേഖകൾ ഉണ്ടായിരുന്നില്ല. അതിനാൽത്തന്നെ കടുത്ത വേനലിൽ ജലക്ഷാമവും, ജലലഭ്യതയുടെ കുറവു മൂലം കാർഷിക മേഖലയിലുണ്ടാകുന്ന കൃഷിനാശവും ജില്ലയിലെ പ്രധാന പ്രശ്നങ്ങളായിരുന്നു. ഈ പ്രതിസന്ധി മറികടക്കാൻ ഹരിതകേരളം മിഷൻ സി.ഡബ്ല്യു.ആർ.ഡി.എമ്മിന്റെ (CWRDM) സാങ്കേതിക സഹകരണത്തോടെ നടപ്പിലാക്കിയ 'ജലബജറ്റ്' വലിയ മാറ്റങ്ങൾക്ക് വഴിയൊരുക്കി.

### ജലബജറ്റിലൂടെ കൈവരിച്ച നേട്ടങ്ങൾ:

- കൃത്യമായ കണക്കെടുപ്പ്: ഓരോ ഗ്രാമപഞ്ചായത്തിലും ലഭ്യമായ ജലത്തിന്റെ അളവും ഉപയോഗവും കൃത്യമായി കണക്കാക്കാൻ സാധിച്ചു.
- ജലസുരക്ഷ: ജലം കമ്മിയാണോ മിച്ചമാണോ എന്ന് വിലയിരുത്തി ജലസംരക്ഷണം ഉറപ്പാക്കാനും ജലസുരക്ഷ കൈവരിക്കാനും കഴിഞ്ഞു.
- ബോധവൽക്കരണം: ജനങ്ങളിൽ ജലസാക്ഷരത വളർത്താനും, വേനൽക്കാലത്ത് ജലക്ഷാമം ഒഴിവാക്കി അനാവശ്യമായി ജലം പാഴാക്കാതിരിക്കാനുള്ള ബോധവൽക്കരണം നൽകാനും സാധിച്ചു.

ജില്ലയിലെ എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും ജലലഭ്യത കൂടുതലാണെന്ന് കണ്ടെത്തിയതിനാൽ, ഇവയുടെ സംഭരണത്തിനും വിനിയോഗത്തിനുമായി ഓരോ തദ്ദേശ സ്ഥാപന തലത്തിലും തുടർപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ ജലബജറ്റ് സഹായിച്ചു. ജലബജറ്റിൽ നിന്ന് ജലസുരക്ഷാ പ്ലാൻ തയ്യാറാക്കാനുള്ള വഴികാട്ടിയായി ഹരിതകേരളം മിഷൻ പ്രവർത്തിച്ചു വരുന്നു.

ക്വാറി റീചാർജ്ജ് പദ്ധതി പരിസ്ഥിതി ജലസംരക്ഷണത്തിന്റെ ഭാഗമായി ഹരിതകേരളം മിഷൻ മുന്നോട്ടുവെച്ച നൂതന ആശയമായിരുന്നു 'ക്വാറി റീചാർജ്ജ് പദ്ധതി'. ഉപേക്ഷിക്കപ്പെട്ട പാറക്വാറികളിലെ ജലം കൃഷിക്കും ജലസേചനത്തിനും ഉപയോഗപ്പെടുത്തുക എന്നതായിരുന്നു ഇതിന്റെ ലക്ഷ്യം. അമ്പലവയൽ ഗ്രാമപഞ്ചായത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനം, ജലസേചന വകുപ്പ്, തൊഴിലുറപ്പ് പദ്ധതി എന്നിവയുടെ സഹകരണത്തോടെ ക്വാറികളിൽ പരിശോധന നടത്തി ഈ പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചു. പാറക്വാറികളിലെ ജലം ഫലപ്രദമായി വിനിയോഗിക്കുന്നതിലൂടെ ഭൂഗർഭ ജലനിരപ്പ് ഉയർത്താനും വരൾച്ച തടയാനുമുള്ള പുതിയ സാധ്യതകളാണ് ഇതിലൂടെ തദ്ദേശ സ്ഥാപനങ്ങൾക്ക് മുന്നിൽ തുറന്നുകിട്ടിയത്.

## കാർഷിക മേഖലയും പരിസ്ഥിതി പുനഃസ്ഥാപനവും: തദ്ദേശ സ്ഥാപനങ്ങളുടെ പുതിയ ചുവടുവെപ്പുകൾ

ഹരിതകേരളം മിഷന്റെ കാർഷിക ഉപമിഷനിലൂടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ പരിസ്ഥിതി പുനഃസ്ഥാപനത്തിലൂന്നിയ നിരവധി പ്രവർത്തനങ്ങളിലേയ്ക്ക് നയിക്കാൻ സാധിച്ചിട്ടുണ്ട്. കേവലം കൃഷി എന്നതിലുപരി പ്രാദേശിക ജൈവവൈവിധ്യം സംരക്ഷിക്കുന്നതിനും ശാസ്ത്രീയമായ ഭൂമി ഉപയോഗത്തിനും തദ്ദേശ സ്ഥാപനങ്ങളെ പ്രാപ്തമാക്കുന്നതായിരുന്നു മിഷന്റെ ഇടപെടലുകൾ.

പച്ചത്തുരുത്ത്: ജൈവവൈവിധ്യ സംരക്ഷണത്തിന് ഒരു പുതിയ മാതൃക പരിസ്ഥിതി ദിനങ്ങളിൽ പേരിന് മാത്രം വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്ന രീതിയായിരുന്നു മുൻകാലങ്ങളിൽ ഉണ്ടായിരുന്നത്. പൊതുസ്ഥലങ്ങളിലും വഴിയോരങ്ങളിലും ഒറ്റപ്പെട്ട് നട്ടിരുന്ന ഇത്തരം തൈകൾക്ക് കൃത്യമായ സംരക്ഷണം ലഭിച്ചിരുന്നില്ല. പൂർണ്ണവളർച്ച എത്തുന്നതിന് മുൻപ് അവ നശിച്ചുപോവുകയോ, റോഡ് വികസനമടക്കമുള്ള നവീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി വെട്ടിമാറ്റപ്പെടുകയോ ചെയ്യുന്ന അവസ്ഥയായിരുന്നു നിലനിന്നിരുന്നത്.

എന്നാൽ ഈ രീതിയിൽ നിന്നും മാറി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെയും നേതൃത്വത്തിൽ ജില്ലയിൽ നടപ്പിലാക്കിയ 'പച്ചത്തുരുത്ത്' പദ്ധതി വൻ വിജയമായി മാറി. ജില്ലയിലെ മുഴുവൻ തദ്ദേശസ്ഥാപനങ്ങളിലും അര സെന്റിലോ അതിനു മുകളിലോ ഉള്ള തരിശ് സ്ഥലം കണ്ടെത്തി അവിടെ സ്വാഭാവിക വനങ്ങൾ സൃഷ്ടിച്ചെടുക്കാൻ ഇതിലൂടെ സാധിച്ചു. തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തി നിലമൊരുക്കുന്നത് മുതൽ മൂന്നു വർഷക്കാലം തുടർച്ചയായ പരിപാലനവും ഉറപ്പു വരുത്തുന്നു എന്നത് പച്ചത്തുരുത്തുകളുടെ അതിജീവനത്തിന് കാരണമായി. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വലിയ വെല്ലുവിളിയായിരുന്ന മാലിന്യ നിക്ഷേപകേന്ദ്രങ്ങളെ വീണ്ടെടുത്ത് അവിടെ പച്ചത്തുരുത്തുകൾ സ്ഥാപിക്കാനായെന്നത് എടുത്തു പറയേണ്ട നേട്ടമാണ്.

ഹരിതസമൃദ്ധി: സ്വയംപര്യാപ്തതയിലേക്കുള്ള പാത വിഷരഹിതമായ പച്ചക്കറികൾ ഓരോ വീടുകളിലും ശീലമാക്കുന്നതിന് തദ്ദേശ സ്ഥാപനങ്ങളെ സഹായിച്ചത് മിഷന്റെ 'ഹരിതസമൃദ്ധി' വാർഡ് ക്യാമ്പയിനാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ മുഴുവൻ വീടുകളിലും വിവിധ ഇനത്തിൽപ്പെട്ട പച്ചക്കറി തൈകൾ വിതരണം ചെയ്തത് കാർഷിക സംസ്കാരം തിരിച്ചുപിടിക്കുന്നതിനും ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും ഏറെ സഹായകരമായി.

തരിശുരഹിത ഗ്രാമങ്ങൾ കൃഷിയോഗ്യമായ തരിശിടങ്ങൾ കണ്ടെത്തി അവിടെ കൃഷി ചെയ്യാൻ തദ്ദേശ സ്ഥാപനങ്ങൾക്ക് മിഷൻ പ്രചോദനമായി. ഇതിന്റെ ഫലമായി ജില്ലയിലെ എട്ട് ഗ്രാമപഞ്ചായത്തുകളെ പൂർണ്ണമായും തരിശ് രഹിത പഞ്ചായത്തുകളായി പ്രഖ്യാപിക്കാനും ആ പദവി നിലനിർത്താനും സാധിച്ചത് മിഷന്റെയും തദ്ദേശ സ്ഥാപനങ്ങളുടെയും കൂട്ടായ പ്രവർത്തനത്തിന്റെ വിജയമാണ്.

ശാസ്ത്രീയമായ വൃക്ഷവൽക്കരണവും നിരീക്ഷണവും മിഷൻ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുൻപ് വിവിധ വൃക്ഷവൽക്കരണ പ്രവർത്തനങ്ങൾ നടന്നിരുന്നെങ്കിലും അവയ്ക്കൊന്നും ഒരു ഏകീകൃത സ്വഭാവം ഉണ്ടായിരുന്നില്ല. എന്നാൽ മിഷന്റെ വരവോടുകൂടി വൃക്ഷവൽക്കരണ പ്രവർത്തനങ്ങൾക്ക് ശാസ്ത്രീയമായ മുഖം കൈവന്നു. നട്ട തൈകൾ കൃത്യമായി ജിയോ ടാഗ് (Geo-tagging) ചെയ്യുന്ന രീതി നടപ്പിലാക്കിയത് തൈകളുടെ വളർച്ച നിരീക്ഷിക്കുന്നതിനും പദ്ധതിയുടെ സുസ്ഥിരത ഉറപ്പുവരുത്തുന്നതിനും തദ്ദേശ സ്ഥാപനങ്ങളെ സഹായിച്ചു.

## കാലാവസ്ഥാ പ്രതിരോധം:

### നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ

ഹരിതഗൃഹ വാതകങ്ങളുടെ പുറന്തള്ളൽ വർധിച്ചുവരുന്ന സാഹചര്യത്തിൽ കാർബൺ ബഹിർഗമനം കുറയ്ക്കുന്നതിനായി ഹരിതകേരളം മിഷൻ ആവിഷ്കരിച്ച 'നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ' എന്ന ക്യാമ്പയിൻ തദ്ദേശ സ്ഥാപനങ്ങൾക്ക് പുതിയൊരു പ്രവർത്തന മേഖല തുറന്നുനൽകി.

- സംഘടനാ സംവിധാനം: ക്യാമ്പയിന്റെ ഭാഗമായി ജില്ലാതലത്തിലും പഞ്ചായത്ത് തലത്തിലും രൂപീകരിച്ച കോർ ഗ്രൂപ്പുകൾ, മുന്നോട്ടുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ശക്തമായ ഒരു സംഘടനാ സംവിധാനം നൽകി. ഇവരുടെ നേതൃത്വത്തിൽ ശാസ്ത്രീയ അടിത്തറയോടെ തദ്ദേശ സ്ഥാപനങ്ങൾക്ക് പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ സാധിക്കുന്ന സ്ഥിതിയുണ്ടായി.
- സാമ്പത്തിക പിന്തുണയും സാങ്കേതിക പിന്തുണയും: എനർജി മാനേജ്മെന്റ് സെന്ററുമായി (EMC) ചേർന്ന് നെറ്റ് സീറോ പഞ്ചായത്തുകളിൽ നടപ്പിലാക്കിയ 'അംഗൻജ്യോതി' പദ്ധതിയിലൂടെ അംഗൻ വാടികളിൽ ഇൻഡക്ഷൻ സ്റ്റൗ ഉൾപ്പെടെ ഉപകരണങ്ങൾ നൽകി. അംഗൻവാടി വർക്കർമാർക്കും തദ്ദേശ സ്ഥാപന പ്രതിനിധികൾക്കും ഊർജ്ജസംരക്ഷണത്തിൽ വിദഗ്ധ പരിശീലനം നൽകി. ഹരിതകേരളം മിഷൻ മുഖേന EMC, ANERT പോലുള്ള സ്ഥാപനങ്ങളെ തദ്ദേശ സ്ഥാപനങ്ങളുമായി ബന്ധിപ്പിക്കാൻ സാധിച്ചു.
- സോളാർ വൽക്കരണം: WRI നടത്തിയ സോളാർ ഫീസിബിലിറ്റി പഠനത്തിലൂടെ തദ്ദേശ സ്ഥാപനങ്ങൾക്ക് കീഴിലുള്ള കെട്ടിടങ്ങളിൽ സോളാർ പ്ലാന്റുകൾ സ്ഥാപിക്കാനുള്ള സാങ്കേതിക സഹായം ലഭ്യമാക്കി. നേരത്തെ തദ്ദേശ സ്ഥാപനങ്ങൾക്ക് അപ്രാപ്യമായിരുന്ന ഇത്തരം ഗവേഷണ സ്ഥാപനങ്ങളെ അവരുമായി സഹകരിപ്പിക്കാൻ മിഷൻ ഒരു ചാലകശക്തിയായി പ്രവർത്തിച്ചു.
- വിവരശേഖരണത്തിന് ആപ്പ്: കാർബൺ ബഹിർഗമനം ശാസ്ത്രീയമായി മനസിലാക്കുന്നതിനായി ഹരിതകേരളം മിഷൻ വികസിപ്പിച്ച പ്രത്യേക മൊബൈൽ ആപ്ലിക്കേഷൻ, വിവരശേഖരണം (Data Collection) ലളിതവും കുറ്റമറ്റതുമാക്കാൻ തദ്ദേശ സ്ഥാപനങ്ങളെ സഹായിച്ചു. ഇത് വഴി ഏതൊരു സാധാരണക്കാരനും ചെയ്യാൻ കഴിയുന്ന രീതിയിൽ സങ്കീർണമായ ശാസ്ത്രീയ പ്രവർത്തനങ്ങളെ മാറ്റിയെടുത്തുകൊണ്ട് ജനകീയമായി നെറ്റ് സീറോ കാർബൺ സർവ്വേ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ കഴിഞ്ഞു.

### മിഷൻ യോഗങ്ങൾ: ഏകോപനത്തിന്റെ കരുത്ത്

ഹരിതകേരളം മിഷന്റെ മൂന്നു ഉപമിഷനുകളായ ശുചിത്വ മാലിന്യ സംസ്കരണം, കൃഷി, ജലസംരക്ഷണം എന്നിവയിലെ പ്രവർത്തനങ്ങൾ വിജയകരമായി നടപ്പിലാക്കാൻ ജില്ലാതല മിഷൻ യോഗങ്ങൾ വലിയൊരു വേദിയായി മാറി. ജില്ലാ ആസൂത്രണ സമിതി അധ്യക്ഷന്റെയും ജില്ലാ കളക്ടറുടെയും നേതൃത്വത്തിൽ വിവിധ വകുപ്പുകളെയും ഏജൻസികളെയും ഒരേ മേശയ്ക്ക് ചുറ്റും കൊണ്ടുവരാൻ ഈ യോഗങ്ങളിലൂടെ സാധിച്ചു. നീർച്ചാൽ പുനരുജ്ജീവനം, മാപ്പത്തോൺ, ജലബജറ്റ്, പച്ചത്തുരുത്ത് തുടങ്ങിയ ബൃഹത്തായ പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പാക്കുന്നതിൽ മിഷൻ യോഗങ്ങൾ നിർണ്ണായക പങ്കുവഹിച്ചു. തദ്ദേശ സ്വയംഭരണ വകുപ്പ്, ശുചിത്വ മിഷൻ തുടങ്ങിയവയുമായുള്ള സഹകരണം ഉറപ്പാക്കാനും, മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിൻ പോലുള്ള പദ്ധതികൾക്ക് കൃത്യമായ രൂപരേഖ തയ്യാറാക്കാനും ഈ യോഗങ്ങൾ കാരണമായി. പച്ചത്തുരുത്ത് നവീകരണം പോലെയുള്ള രണ്ടാംഘട്ട ഇടപെടലുകൾക്കും, നെറ്റ് സീറോ കാർബൺ ക്യാമ്പയിൻ പോലുള്ള സങ്കീർണ്ണമായ പദ്ധതികൾക്കും വേഗതയും വ്യക്തതയും നൽകാൻ മിഷൻ യോഗങ്ങളിലെ ചർച്ചകളിലൂടെ സാധിച്ചു. ആശയവിനിമയത്തിനും, തീരുമാനങ്ങൾ അറിയിക്കുന്നതിനും, പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നതിനും ഈ യോഗങ്ങൾ തദ്ദേശ സ്ഥാപനങ്ങൾക്ക് വലിയ പിന്തുണയാണ് നൽകിയത്.

### റിസോഴ്സ് പേഴ്സൺമാർ: കർമ്മപഥത്തിലെ വഴികാട്ടികൾ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഫീൽഡ് തലത്തിൽ നേരിട്ട് സഹായം നൽകുന്നതിനായി ഹരിതകേരളം മിഷൻ ആവിഷ്കരിച്ച റിസോഴ്സ് പേഴ്സൺ (RP) സംവിധാനം വികസന പ്രവർത്തനങ്ങളിൽ പുതിയൊരു മാതൃക സൃഷ്ടിച്ചു. പദ്ധതി നിർവ്വഹണത്തിനായി തദ്ദേശ സ്ഥാപനങ്ങളിൽ നേരിട്ടെത്തി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്ന രീതിയാണ് ആർ.പിമാർ സ്വീകരിച്ചത്. ഓരോ ബ്ലോക്ക്

അടിസ്ഥാനത്തിലും ചുമതലപ്പെടുത്തിയിട്ടുള്ള ആർ.പിമാർ, പദ്ധതിയുടെ തുടക്കം മുതൽ അവസാനം വരെ തദ്ദേശ സ്ഥാപനങ്ങൾക്ക് ആവശ്യമായ കൈത്താങ്ങ് നൽകി. മിഷന്റെ പ്രവർത്തനങ്ങളോട് വ്യത്യസ്ത മനോഭാവം പുലർത്തിയിരുന്നവരെപ്പോലും കൃത്യമായ അച്ചടക്കത്തോടെ ഏകോപിപ്പിച്ച് ഒരേ ലക്ഷ്യത്തിലേക്ക് നയിക്കാൻ ആർ.പി സംവിധാനത്തിന് കഴിഞ്ഞു.പച്ചത്തുരുത്ത്, മാപ്പത്തോൺ, 'ഇനി ഞാൻ ഒഴുകട്ടെ' തുടങ്ങിയ ക്യാമ്പയിനുകളിൽ സ്ഥലപരിശോധന മുതൽ സംഘാടനം വരെ ആർ.പിമാർ നിർവ്വഹിച്ചു. വാർഡ് തലത്തിൽ വരെ എത്തി നടത്തിയ ഈ ഇടപെടലുകൾ, പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ തദ്ദേശ സ്ഥാപനങ്ങളെ സഹായിച്ചു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ശാക്തീകരണത്തിലൂടെ ഒരു പ്രദേശം എങ്ങനെ മാറ്റത്തിന്റെ പാതയിൽ സഞ്ചരിക്കുന്നു എന്നതിന്റെ നേർസാക്ഷ്യമാണ് മുകളിൽ വിവരിച്ച ഹരിതകേരളം മിഷൻ പ്രവർത്തനങ്ങൾ. വ്യക്തമായ ദിശാബോധമില്ലാതെ നിന്നിരുന്ന ഒരു കാലഘട്ടത്തിൽ നിന്നും, ശാസ്ത്രീയമായ മാലിന്യ സംസ്കരണത്തിലേക്കും ജലസുരക്ഷയിലേക്കും ജൈവകാർഷിക സംസ്കാരത്തിലേക്കും വയനാട് ജില്ലയിലെ ഗ്രാമപഞ്ചായത്തുകളും നഗരസഭകളും നടന്നുകയറിയത് മിഷൻ നൽകിയ കൈത്താങ്ങിലൂടെയാണ്.

# സുസ്ഥിര പരിസ്ഥിതിക്കായുള്ള ഭാവി പ്രവർത്തനങ്ങൾ

ഹരിതകേരളം മിഷന്റെ ഭാഗമായി കൃഷി, മാലിന്യ സംസ്കരണം, ജലസംരക്ഷണം എന്നീ മൂന്ന് ഉപമിഷൻ പ്രവർത്തനങ്ങളിലൂടെ ജില്ലയിൽ പ്രകടമായ മാറ്റങ്ങൾ സൃഷ്ടിക്കുവാൻ സാധിച്ചിട്ടുണ്ട്. വയനാടിന്റെ പാരിസ്ഥിതിക സന്തുലിതാവസ്ഥ വീണ്ടെടുക്കുന്നതിനായി ഇനിയും പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. ഉരുൾപൊട്ടൽ സാധ്യത, വനനശീകരണം,, ജൈവവൈവിധ്യ ശോഷണം, കാലാവസ്ഥ വ്യതിയാനം സുസ്ഥിരവികസനത്തിന്റെ അഭാവം എന്നീ മേഖലകളിലെല്ലാം ഇടപെടലുകൾ ആവശ്യമാണ്. ഹരിതകേരളം മിഷന്റെ ആശയങ്ങളിലൂടെ വയനാടിന്റെ പുനർനിർമ്മിതിക്ക് വേണ്ടി ജനപങ്കാളിത്തത്തോടെ നാളിതുവരെ ഏറ്റെടുത്ത പ്രവർത്തനങ്ങളുടെ സ്വീകാര്യതയാണ് മുന്നോട്ടുള്ള പ്രവർത്തനങ്ങൾക്ക് മുതൽക്കൂട്ട് ആകുന്നത്.

ടൂറിസം മേഖലയായ വയനാട് ജില്ലയിൽ ഇതുമൂലം ഉണ്ടാകുന്ന മാലിന്യ പ്രശ്നങ്ങൾക്ക് ശാശ്വതമായ ഇടപെടലുകൾ നടത്തേണ്ടതുണ്ട്. ജില്ലയിലേക്ക് എത്തുന്ന വിനോദസഞ്ചാരികൾ പാതയോരങ്ങളിൽ ജൈവ അജൈവമാലിന്യങ്ങൾ വലിച്ചെറിയുന്നത് പരിഹരിക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപന അടിസ്ഥാനത്തിൽ പൊതുവിശ്രമ കേന്ദ്രങ്ങൾ സ്ഥാപിക്കണം. ഭക്ഷണം കഴിക്കുന്നതിനടക്കമുള്ള സൗകര്യങ്ങൾ ഇവിടെ ഏർപ്പെടുത്തണം. കൂടാതെ ടേക്ക് എ ബ്രേക്ക് പോലുള്ള പൊതു ശൗചാലയങ്ങളുടെ എണ്ണം വർധിപ്പിക്കണം. നിലവിലെ വാർഡ് വിഭജനത്തിന്റെ ഭാഗമായി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും വാർഡ് അടിസ്ഥാനത്തിൽ മിനി എംസിഎഫ്, ബോട്ടിൽ ബൂത്ത് തുടങ്ങിയവയുടെ എണ്ണം ആവശ്യത്തിനനുസരിച്ച് സ്ഥാപിക്കണം, നിലവിലെ എണ്ണം പരിമിതമാണ്.

ജില്ലയിലെ അജൈവമാലിന്യങ്ങളുടെ ശേഖരണത്തിനായി റിസോഴ്സ് റിക്കവറി ഫെസിലിറ്റി കേന്ദ്രം സ്ഥാപിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ഷ്രഡ്ഡിംഗ് സംവിധാനങ്ങൾ ജില്ലയിൽ പരിമിതമായതിനാൽ കേന്ദ്രീകൃതമായി ജില്ലാ അടിസ്ഥാനത്തിൽ ഒരു യൂണിറ്റ് സ്ഥാപിച്ച് പ്ലാസ്റ്റിക് പൊടിക്കുന്ന പ്രവർത്തികൾ നടത്തിയാൽ ജില്ലയിലെ റോഡ് ടാറിങ് പ്രവർത്തികളിൽ

അടക്കം അവ ഉപയോഗിക്കാൻ സാധിക്കും. ജില്ലയെ മാലിന്യമുക്തമായി പ്രഖ്യാപിച്ചു എങ്കിലും ശാസ്ത്രീയ മാലിന്യ സംസ്കരണ രീതികൾ ഇനിയും മെച്ചപ്പെടേണ്ടതുണ്ട്. ശീലവൽകരണ പ്രക്രിയയിൽ ഒരു പരിധി വരെ മാത്രമേ നമുക്ക് വിജയം നേടാൻ സാധിച്ചിട്ടുള്ളൂ.ഇനി മുന്നോട്ട് കൂടുതൽ ബഹുജന പങ്കാളിത്തം ഈ മേഖലയിൽ ആവശ്യമാണ്. അതിനായി ക്യാമ്പയിനുകൾ ആസൂത്രണം ചെയ്യണം. അത്തരം ക്യാമ്പയിനുകൾ വയനാട് ജില്ലയുടെ സ്ഥിതി വിശേഷങ്ങളെ മുൻനിർത്തിയുള്ളതാകണം.സാനിറ്ററി മാലിന്യങ്ങൾ, മുടി മാലിന്യങ്ങൾ, അറവു മാലിന്യങ്ങൾ എന്നിവ ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് ജില്ലയിൽ തന്നെ പ്രത്യേക പ്ലാന്റുകൾ സ്ഥാപിക്കപ്പെടണം. പുതിയ വീടുകൾക്ക് അനുമതി നൽകുന്ന സാഹചര്യങ്ങളിൽ വിവിധങ്ങളായ ഉറവിടമാലിന്യ സംസ്കരണ ഉപാധികൾ ഉറപ്പുവരുത്തുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്. പ്രധാന പാതയോരങ്ങളിൽ സി സി ടി വി സ്ഥാപിക്കുകയും അശാസ്ത്രീയ മാലിന്യ സംസ്കരണത്തിനെതിരെ എൻഫോഴ്സ്മെന്റ് നടപടികൾ കർശനമാക്കേണ്ടതും അനിവാര്യമാണ്.

വയനാട്ടിലെ കാർഷിക മേഖല നേരിടുന്ന പ്രധാന പരിസ്ഥിതി പ്രശ്നങ്ങളിൽ കാലാവസ്ഥ വ്യതിയാനം, വന്യജീവി മനുഷ്യസംഘർഷം, ലാഭകരമായ വിളകളിലേക്കുള്ള മാറ്റം എന്നിവ ഉൾപ്പെടുന്നു. ഭക്ഷ്യസുരക്ഷ ഉറപ്പാക്കൽ, ജൈവകൃഷി പ്രോത്സാഹനം, പരമ്പരാഗത വിത്തിനങ്ങളുടെ സംരക്ഷണം, മണ്ണ്, ജലം, ജൈവ സമ്പത്ത് എന്നിവയുടെ സംരക്ഷണം എന്നിവയിൽ ഊന്നിയ വികസനം കൂടുതൽ കാര്യക്ഷമമാക്കണം.

തരിശായി കിടക്കുന്ന നെൽവയലുകളിൽ നെൽകൃഷി പുനരാരംഭിക്കണം. എന്നാൽ വന്യജീവി സംഘർഷം നിലനിൽക്കുന്ന പ്രദേശങ്ങൾ ജില്ലയിൽ കൂടുതലായതിനാൽ അവ നേരിടുന്നതിന് ആവശ്യമായ ദീർഘകാല പദ്ധതികൾ സർക്കാർ തലത്തിൽ പ്രത്യേക പരിഗണന മുൻനിർത്തി ആവിഷ്കരിക്കേണ്ടതുണ്ട്. കാരണം മൃഗങ്ങളുടെ ആക്രമണങ്ങൾ കൃഷിനാശത്തിനും മനുഷ്യജീവിതത്തിനും ഭീഷണിയാകുന്നത് കർഷകരെ പ്രതിസന്ധിയിലാക്കുന്നു.

വയനാട് ഒരു കാർഷിക ജില്ലയായിട്ടുകൂടി ഇവിടെ പച്ചക്കറിയ്ക്കായി ആശ്രയിക്കുന്നത് അന്യ സംസ്ഥാനങ്ങളെയാണ്. ഭക്ഷ്യ സ്വയം പര്യാപ്തതയും ജൈവ പച്ചക്കറി കൃഷി ഉത്പാദനം ഉയർത്തുക എന്നതും വയനാടിന്റെ ഭക്ഷ്യസുരക്ഷയ്ക്ക് അത്യന്താപേക്ഷിതമാണ്.

കാർബൺ ന്യൂട്രൽ പ്രവർത്തനങ്ങൾ ജില്ലയിൽ ആരംഭിച്ചിട്ടുണ്ട്. എന്നാൽ വൃക്ഷവൽക്കരണ പ്രവർത്തനങ്ങൾ ഒഴികെ മറ്റു ഊർജ്ജം, ഗതാഗതം,മാലിന്യ സംസ്കരണം എന്നീ ഘടകങ്ങളിലുള്ള പ്രവർത്തനങ്ങൾ തദ്ദേശസ്ഥാപന അടിസ്ഥാനത്തിൽ പൊതുജനങ്ങളിലടക്കം പ്രചാരം നൽകുകയും പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്യണം. വിളകളിലേക്കുള്ള കർഷകരുടെ ചുവടുവെയ്പ്പ് മാറ്റത്തിനനുസൃതമായി പരമ്പരാഗത കൃഷി രീതികൾ പുനരാരംഭിക്കേണ്ടതുണ്ട്.ഇതിനായി സർക്കാർതലത്തിൽ മെച്ചപ്പെട്ട ആനുകൂല്യങ്ങൾ പ്രഖ്യാപിക്കണം.

ജലസമ്പന്നതയിൽ സമ്പുഷ്ടമായിരുന്ന വയനാട് ജില്ലയിൽ ഇന്ന് ജലസംരക്ഷണത്തിന് വലിയ പ്രാധാന്യമുണ്ട്. നീർച്ചാലുകളെ സംരക്ഷിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിനോടൊപ്പം ഉറവകൾ കൂടി സംരക്ഷിക്കപ്പെടുകയും വേണം. അത്തരം ഇടങ്ങളിലെ മനുഷ്യ ഇടപെടലുകൾ നിയന്ത്രിച്ച് പ്രദേശത്തിന്റെ സ്വാഭാവികത നിലനിർത്തണം. ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നടന്ന ഇനി ഞാനൊഴുകട്ടെ ജനകീയ നീർച്ചാൽ പുനരുജ്ജീവന ക്യാമ്പയിനുകൾ ഇനിയും തുടരേണ്ടതുണ്ട്. പൊതുജനങ്ങളുടെ പങ്കാളിത്തത്തോടെയുള്ള ഇത്തരം ജനകീയ മുന്നേറ്റങ്ങൾ പൊതുജനങ്ങളിൽ നീർച്ചാൽ സംരക്ഷിക്കേണ്ടതിനുള്ള ഒരു ബോധവൽക്കരണ ശ്രമം കൂടിയാണ്. പദ്ധതികൾ ഓരോ പ്രദേശത്തിനനുസരിച്ച് നടപ്പിലാക്കണം.

സമ്പൂർണ്ണ ജലബജറ്റ് ജില്ലയായി പ്രഖ്യാപിച്ച വയനാട് ജില്ലയിൽ ജലബജറ്റിന്റെ തുടർ പ്രവർത്തനങ്ങളുടെ ഭാഗമായി നാലു ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ ദീർഘകാല അടിസ്ഥാനത്തിൽ ജലസുരക്ഷാ പ്ലാൻ സാങ്കേതിക സമിതിയുടെ സഹായത്തോടെ തയ്യാറാക്കി നടപ്പിലാക്കണം.

ജല സംരക്ഷണം, കൃഷി-പരിസ്ഥിതി പുനഃസ്ഥാപനം, മാലിന്യ സംസ്കരണം എന്നീ മേഖലകളിലെ ഹരിതകേരളം മിഷന്റെ ഇടപെടലുകളും പ്രവർത്തന പരിപാടികളും വയനാട് ജില്ലയുടെ പാരിസ്ഥിതിക മേഖലയിൽ ആശാവാഹമായ ഉണർവ് ഉണ്ടാക്കിയിട്ടുണ്ടെന്ന കാര്യത്തിൽ സംശയമില്ല. വിവിധ സർക്കാർ സർക്കാർ ഇതര ഏജൻസികളുമായുള്ള നിരന്തര ഏകോപനം പദ്ധതി നിർമ്മാണത്തിലെ സംയോജന സാധ്യതകളെ പരമാവധി പ്രയോജനപ്പെടുത്താവുന്നതാണ്. ഭാവി വയനാടിന്റെ പാരിസ്ഥിക സന്തുലനത്തിനും ഇത്തരം ഏകോപനവും ഇടപെടലുകളും അത്യന്താപേക്ഷിതമാണ്. ഹരിതകേരളം മിഷൻ എന്ന അടിസ്ഥാന ആശയം തന്നെ ഇത്തരം മുന്നേറ്റങ്ങൾക്ക് സഹായകരമാകുന്ന തരത്തിലാണ്. പത്തുവർഷക്കാലത്തെ മിഷൻ ആശയങ്ങളും ക്യാമ്പയിനുകളും പുത്തൻ മുന്നേറ്റങ്ങൾക്ക് സഹായകരമായി. മാലിന്യ സംസ്കരണ രംഗത്ത് ഹരിതകർമ്മസേന രൂപീകരണം മുതൽ ഘട്ടം ഘട്ടമായി ഉണ്ടായ മാറ്റം അത്ഭുതാവഹമാണ്. ഓരോ വർഷവും ശേഖരിക്കപ്പെടുന്ന മാലിന്യത്തിന്റെ അളവ് തന്നെ ഉദാഹരണമാണ് ഹരിതകർമ്മസേന സംവിധാനം ഇപ്പോൾ കൂടുതൽ പ്രൊഫഷണൽ ആയി വരുന്നു എന്നതും ശ്രദ്ധേയമാണ്. രാജ്യത്ത് ആദ്യമായി കേരളത്തിൽ നടന്ന ജലബജറ്റ് വയനാട് ജില്ലയിലെ മുഴുവൻ തദ്ദേശസ്ഥാപനങ്ങളിലും നടപ്പാക്കി എന്നതും സുരക്ഷിതമാക്കാൻ പശ്ചിമഘട്ടം ക്യാമ്പുകളിലൂടെ ജില്ലയിലെ മുഴുവൻ തദ്ദേശസ്ഥാപനത്തിലും മാപ്പത്തോൺ പ്രവർത്തനം പൂർത്തിയാക്കാൻ സാധിച്ചു എന്നതും മിഷന്റെ ചരിത്രപരമായ നേട്ടമാണ്. വൃക്ഷ തൈകൾ നടുകയും പരിപാലനം ഇല്ലാതെ നശിച്ചുപോവുകയും ചെയ്യുന്ന പരമ്പരാഗത രീതിയ്ക്കുള്ള മറുപടിയാണ് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ കീഴിൽ മൂന്ന് വർഷം പരിപാലനം ഉറപ്പുവരുത്തുന്ന മിഷന്റെ പച്ചത്തുരുത്ത് ക്യാമ്പയിൻ. ജില്ലയിലെ കൂടുതൽ തരിശിടങ്ങൾ കണ്ടെത്തി പച്ചത്തുരുത്തുകൾ വ്യാപിപ്പിക്കേണ്ടതുണ്ട്. വയനാടിന്റെ പരിസ്ഥിതി പുനഃസ്ഥാപനത്തിൽ മിഷൻ തുടങ്ങിവച്ച സാധ്യതകളും ആശയങ്ങളും കൂടുതൽ കരുത്തോടെ മുന്നോട്ട് കൊണ്ടുപോകേണ്ടതുണ്ട്.